# വിശ്വാസസംരക്ഷകൻ

## പ. പൗലോസ് മോർ അത്താനാസിയോസ് വലിയതിരുമേനി



# മെത്രാഭിഷേകശതാബ്ദി

## സ്പെഷ്യൽസപ്ലിമെന്റ്

ആഗസ്റ്റ് 8


**ELIA PROJECTS & CONTRACTORS (P) LTD.**

37/2237, KATHRUKADAVU, KALOOR, COCHI - 682 017

**Cmdr. E.M. John** (Managing Director)


0484 - 2333264



H.G. Dr. Abraham Mar
Severios Metropolitan
H.G. Dr. Yuhanon Mar
Philexinos Metropolitan
H.G. Geevarghese Mar
Policarpose Metropolitan
H.G. Dr. Thomas Mar
Themotheos Metropolitan
H.G. Dr. Joseph Mar
Gregorios Metropolitan
H.G. Kuriakose Mar
Yulios Metropolitan
H.G. Dr. Mathews Mar
Ivenios Metropolitan
H.G. Geevarghese Mar
Dionysius Metropolitan
H.G. Yuhanon Mar
Militios Metropolitan
H.G. Kuriakose Mar
Diyascorous Metropolitan
H.G. Geevarghese Mar
Athanasius Metropolitan
H.G. Dr. Kuriakose Mar
Theophilose Metropolitan
H.G. Yeldho Mar
Theethos Metropolitan
H.G. Kuriakose Mar
Severios Metropolitan
H.G. Mathews Mar
Thevodosios Metropolitan
H.G. Mathews Mar
Aphrem Metropolitan
H.G. Pathrose Mar
Osthathious Metropolitan
H.G. Kuriakose Mar
Eusebius Metropolitan
H.G. Dr. Geevarghese Mar
Coorilose Metropolitan
H.G. Markose Mar
Chrisostomos Metropolitan
H.G. Alias Mar
Athanasius Metropolitan
H.G. Kuriakose Mar
Gregorios Metropolitan
H.G. Kuriakose Mar
Ivanios Metropolitan
H.G. Ayoob Mar
Silvanos Metropolitan
H.G. Dr. Kuriakose Mar
Clemis Metropolitan
H.G. Paulose Mar
Irenious Metropolitan
H.G. Yacob Mar
Anthonious Metropolitan
H.G. Issac Mar
Osthatheos Metropolitan
H.G. Zacharias Mar
Philaxenos Metropolitan
H.G. Geevarghese Mar
Barnabas Metropolitan
Kaniyamparambil Kurian
Cor Episcopa, Priest Trustee
George Mathew
Thekkethalakkal
(Layman Trustee)
Thambu George Thukalan
Sabha Secretary
His Holiness Moran Mor Ignatius Zakka I Iwas
The Patriarch of Antioch and all the East
H.B. Baselios Thomas I
Catholicose and Metropolitan Trustee
Steelbird®
BIEFFE
World's No.1 in Helmets







# ഈ തലമുറ കണ്ട മഹാ പരിശുദ്ധൻ



## ശ്രേഷ്ഠ കാതോലിക്കായും അങ്കമാലി ഭദ്രാസന മെത്രപ്പോലിത്തയുമായ ബസേലിയോസ് തോമസ് പ്രഥമൻ



ആകമാന സുറിയാനി സഭയുടെ പരമാദ്ധ്യക്ഷനായ പ. പാത്രിയർക്കീസ് ബാവ വിശുദ്ധ പദവിയിലേക്ക് ഉയർത്തിയ സത്യവിശ്വാസ സംരക്ഷകൻ പ. പൗലോസ് മോർ അത്താനാസിയോസ് വലിയ തിരുമേനിയുടെ മെത്രാഭിഷേക ശതാബ്ദി വർഷമാണല്ലോ 2010. പുണ്യശ്ലോകനായ വലിയ തിരുമേനി ജീവിച്ചിരുന്നപ്പോൾ ആലുവായിലെ മഹർഷി എന്ന നിലയിൽ ഇതര മതസ്ഥരുടെ ഇടയിൽ പോലും പ്രകീർത്തിതനായിരുന്നു. പരിശുദ്ധ മാനസനായ വലിയ തിരുമേനി ലളിത ജീവിതം, പ്രാർത്ഥന, നോമ്പ്, ഉപവാസം എന്നിവയിലുള്ള നിഷ്ഠ ആരേയും ആകർഷിക്കുന്ന സ്വഭാവ നൈർമ്മല്യം എന്നിവയാൽ ധന്യമായ ജീവിതം നയിച്ചിരുന്ന ശ്രേഷ്ഠ ഇടയനായിരുന്നു. അതിനാൽ ജീവിച്ചിരുന്നപ്പോൾ തന്നെ ഭക്തജനങ്ങളുടെ ഇടയിൽ വിശുദ്ധനായി അംഗീകരിക്കപ്പെട്ടിരുന്നു. പരിശുദ്ധ ചാത്തുരുത്തിൽ തിരുമേനിയുടെ ശിഷ്യനായിരുന്ന വലിയ തിരുമേനി ആ പിതാവിന്റെ കാലടികളെ പിന്തുടർന്ന് ജീവിച്ചു. പ. അന്ത്യോഖ്യ സിംഹാസനവുമായി ഈ ഗുരുവിനും ശിഷ്യനും പരിപൂർണ്ണ വിധേയത്വവും അനുസരണവും ഉണ്ടായിരുന്നു. രണ്ടുപേരും പ. അന്ത്യോഖ്യ സിംഹാസന ത്തിൻ കീഴിൽ സത്യവിശ്വാസം മരണപര്യന്തം കാത്തു സൂക്ഷിച്ചവരാണ്.

മലങ്കര യാക്കോബായ സുറിയാനി സഭയുടെ ഇന്നത്തെ തലമുറകണ്ടിട്ടുള്ളതിൽ വച്ച് ഏറ്റവും പരിശുദ്ധനായി അറിയപ്പെടുന്ന പിതാവാണ് ആലുവായിലെ പ. പൗലോസ് മോർ അത്താനാസ്യോസ് വലിയതിരുമേനി "സത്യവിശ്വാസസംരക്ഷകൻ" എന്ന അപരനാമത്താൽ അറിയപ്പെടുന്ന വന്ദ്യപിതാവിന്റെ മദ്ധ്യസ്ഥത സഭാമക്കൾക്ക് എന്നും അനുഗ്രഹവും കോട്ടയുമാണ്. പതിനാറു വർഷം പുരോഹിതനായിട്ടും, പിന്നീടു 28 വർഷം പ്രധാനാചാര്യനായിട്ടും, 8 വർഷം കാതോലിക്കാ ആയിട്ടും ശുശ്രൂഷ നിർവ്വഹിച്ചു വന്നകാലയളവിൽ അനേക ദൈവമക്കളിൽ നിന്നും പരി. വലിയ തിരുമേനിയുടെ മദ്ധ്യസ്ഥത മുഖാന്തിരം നടന്നിട്ടുള്ള അനുഭവങ്ങളെക്കുറിച്ചും,അനുഗ്രഹങ്ങളെക്കുറിച്ചും, അടയാളങ്ങളെക്കുറിച്ചും മറ്റും ഞാൻ കേട്ടിട്ടുള്ള അനുഭവസാക്ഷ്യങ്ങൾ ഒട്ടേറെയാണ്. അങ്കമാലി ഭദ്രാസനത്തിൽ നിന്നു മാത്രമല്ല, പരി. സഭയുടെ ഒരറ്റം മുതൽ മറ്റേ അറ്റം വരെയുള്ള ദൈവമക്കളിൽ നിന്നും പരി. പിതാവിനെകുറിച്ചുള്ള അനുഭവ സാക്ഷ്യങ്ങൽ കേൾക്കുവാൻ എനിക്കിടയായിട്ടുണ്ട്.

പരി. വലിയതിരുമേനിയുടെ കൈകൾകൊണ്ട് നട്ടിട്ടുള്ള പള്ളികളും ഇതരസ്ഥാപനങ്ങളും സ്മാരകങ്ങളും തഴച്ചു വളർന്ന് അവയുടെ നിഴലിൽ അനേകർ ആശ്വസിക്കുകയും ദൈവകൃപ പ്രാപിച്ചു വരികയും ചെയ്യുന്നു. ഹോശായ പ്രവചനം 14-5 മുതലുള്ള വാകൃങ്ങളിൽ ദീർഘദർശി പറയുന്നത് പരി. പിതാവിന്റെ മദ്ധ്യസ്ഥത മുഖാന്തിരം നിറവേറിക്കൊണ്ടിരിക്കുകയാണ്.

പരി.പത്രോസിന്റെ ശ്ലൈഹിക സിംഹാസനമായ പരി. അന്ത്യോഖ്യാ സിംഹാസനത്തോട് മലങ്കരയിലെ സുറിയാനി സഭയും ഭദ്രാസനങ്ങളും, ഇടവകകളും എപ്രകാരം ബന്ധപ്പെട്ടിരിക്കണമെന്നും, വിധേയപ്പെട്ടിരിക്കണമെന്നും, അനുസരിച്ച് പോകണമെന്നും, വരുന്ന തലമുറകൾക്ക് പഠിക്കുവാൻ തക്കവണ്ണം പരി. പിതാവിന്റെ കല്പനകളും പ്രസംഗങ്ങളും പ്രത്യേകിച്ച് പരി. പിതാവിന്റെ ജീവിതവും മറ്റെന്തിനേക്കാളും ഉപകരിച്ചിട്ടുള്ളത് ഓർത്തുപോകുന്നു. അങ്കമാലിഭദ്രാസനം ലോകത്തിൽ ഉള്ള സുറിയാനി സഭയിലെ ഏറ്റവും വലിയ ഭദ്രാസനമായി വളർത്തിയിട്ടുള്ളതിന്റെ പിന്നിൽ പരി. വലിയ തിരുമേനിയിൽക്കൂടി ദൈവം പ്രവർത്തിച്ച മഹാശക്തിയാണുള്ളത്, എന്നതിന് രണ്ടു പക്ഷമില്ല.

# ഒരു ചരിത്രമുഹൂർത്തം കൂടി

## ജോസഫ് മോർ ഗ്രിഗോറിയോസ് മെത്രാപ്പോലിത്ത



ജനഹൃദയങ്ങളിൽ ജീവിക്കുന്ന വിശുദ്ധനായ പ. പൗലോസ് മോർ അത്താനാസിയോസ് വലിയ തിരുമേനിയുടെ മഹാപൗരോഹിത്യ ശതാബ്ദി ആഘോഷങ്ങളുടെ സമാപനം ഓഗസ്റ്റ് 8ന് ആലുവായിൽ വച്ച് നടത്തപ്പെടുകയാണല്ലോ. മലങ്കര മെത്രാപ്പോലിത്തായായി സഭയുടെ പ്രതിസന്ധി ഘട്ടങ്ങളിൽ നേതൃത്വം നൽകിയ പുണ്യ പിതാവിന്റെ ഓർമ്മ വരും തലമുറകൾ ഓർമ്മിക്കുന്നതിന് ഈ മഹാസംഗമം പ്രചോദനമാകും. 1869 ജനുവരി 23ന് അകപ്പറമ്പ് ഇടവകയിൽ നായത്തോട് കരയിൽ പൈനാടത്ത് കുറ്റിക്കാട്ടിൽ മത്തായിയുടെയും കുഞ്ഞന്നത്തിന്റെയും മൂന്നാമത്തെ പുത്രനായി ജനിച്ച പുണ്യപിതാവിന് 10-ാം വയസ്സിൽ അങ്കമാലി ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലിത്ത അമ്പാട്ട് ഗീവറുഗീസ് മോർ കൂറിലോസ് തിരുമേനി കോറൂയോ പട്ടം നൽകി. തുടർന്ന് പ. പരുമല തിരുമേനിയുടെ വാത്സല്യ ശിഷ്യനായി തീർന്ന പുണ്യപിതാവിന് 1898-ൽ പ. പരുമല തിരുമേനി കശ്ശീശ പട്ടവും റമ്പാൻ സ്ഥാനവും നൽകി. അനേക വർഷം പരുമല സെമിനാരിയിൽ സേവനമ നുഷ്ഠിക്കുകയും പരുമല പള്ളിയുടെ പണി പൂർത്തീ കരിക്കുകയും ചെയ്തു. അവിടെവെച്ച് ശീലിച്ച പ്രാർ ത്ഥനയും നോമ്പും ഉപവാസവും പ. പരുമല തിരുമേനിയിൽ നിന്ന് ലഭിച്ച സൽഗുണങ്ങളായിരുന്നു. 1909 ചിങ്ങം 15ന് അങ്കമാലി ഭദ്രാസന പള്ളി പ്രതിപുരുഷയോഗം വന്ദ്യ പൗലോസ് റമ്പാച്ചനെ മെത്രാപ്പോലിത്ത സ്ഥാനത്തേക്ക് തിരഞ്ഞെടുത്തു. 1910 ജൂൺ 9ന് സ്വന്തം ഇടവകയായ അകപ്പറമ്പ് മോർ ശാബോർ അഫ്രോത്ത് യാക്കോബായ സുറിയാനി പള്ളിയിൽ വെച്ച് പ. അബ്ദുള്ള രണ്ടാമൻ പാത്രിയർക്കീസ് ബാവ മെത്രാപ്പോലിത്തയായി വാഴിച്ചു. 1918 ജനുവരി 31ന് മലങ്കര മെത്രാപ്പോലിത്തയായി തിരഞ്ഞെടുക്കപ്പെട്ടു.

മലങ്കര സഭയുടെ പൂർവ്വിക വിശ്വാസാചാരങ്ങൾ ചോദ്യം ചെയ്യപ്പെട്ട് പ്രതിസന്ധികൾ ഉണ്ടാകുമ്പോഴെല്ലാം സഭയെ നയിക്കുവാൻ ദൈവം ഓരോരുത്തരെ നിയോഗിച്ചിരുന്നതായി സഭാ ചരിത്രം പരിശോധിച്ചാൽ കാണാവുന്നതാണ്. പ. പൗലോസ് മോർ അത്താനാസിയോസ് വലിയ തിരുമേനി ഈ ശ്രേണിയിലെ ഒരു കണ്ണിയായിരുന്നു. മലങ്കര സഭയിൽ ജീവിച്ചിരുന്നപ്പോൾ തന്നെ അനുകരണീയമായ ജീവിത വിശുദ്ധി കൊണ്ട് ജനഹൃദയം കവരുവാൻ കഴിഞ്ഞ രണ്ട് മഹാസിദ്ധന്മാരാണ് പ. പരുമല തിരുമേനിയും പ. വലിയ തിരുമേനിയും. ഗുരുവും ശിഷ്യനുമായ ഇവരെ സഭാ ചരിത്രത്തിൽ ഗുരു കൊച്ചുതിരുമേനിയായും ശിഷ്യൻ വലിയ തിരുമേനിയുമായിട്ടാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

പരിശുദ്ധനായ വലിയ തിരുമേനിയുടെ ആഴമേറിയ വിശ്വാസം, നിറഞ്ഞ ഭക്തി, അളവില്ലാത്ത ആത്മീയ തീക്ഷ്ണത, പ്രാർത്ഥനാപൂർവ്വമായ ജീവിതം ഇതിലെല്ലാറ്റിലുമുപരി പ. അന്ത്യോഖ്യാ സിംഹാസനത്തോടുള്ള അചഞ്ചലമായ കൂറും വിധേയത്വവുമാണ് സഭാ മക്കളുടെ ഹൃദയങ്ങളിൽ പ. പൗലോസ് മോർ അത്താനാസിയോസ് വലിയ തിരുമേനിക്ക് സ്ഥിര പ്രതിഷ്ഠ ലഭിച്ചതിന് കാരണമാക്കിത്തീർത്തത്. പ. അന്ത്യോഖ്യാ സിംഹാസനമാണ് കൃപയുടെ ഉറവിടമെന്ന് തിരുമേനി പൂർണ്ണമായി വിശ്വസിച്ചിരുന്നു. കൃപയുടെ ഈ ഉറവിടം വറ്റിപ്പോകാനോ തടസ്സപ്പെടുത്തുവാനോ താൻ ഒരിക്കലും അനുവദിക്കുകയില്ല എന്നതായിരുന്നു തിരുമേനിയുടെ നിലപാട്. കറയില്ലാത്തതും കുറവില്ലാത്തതുമായ പൗരോഹിത്യം പ. അന്ത്യോഖ്യാ സിംഹാസനത്തിൽ നിന്നും മാത്രമേ ലഭിക്കുകയുള്ളൂ എന്ന സത്യം തിരുമേനി മുറുകെ പിടിച്ചിരുന്നു.

പരിശുദ്ധനായ വലിയ തിരുമേനി അന്ത്യോഖ്യ സന്ദർശിച്ചിട്ടില്ല. പ. അപ്രേം പ്രഥമൻ പാത്രിയർക്കീസ് ബാവ പ. വലിയ തിരുമേനിയെ നേരിൽ കണ്ടിട്ടുമില്ല. എന്നിരുന്നാലും പ. വലിയ തിരുമേനിയുടെ പ. സിംഹാസനത്തോ ടുള്ള കൂറും വിധേയത്വവുമെല്ലാം പ. പാത്രിയർക്കീസ് ബാവായ്ക്ക് നല്ല ബോദ്ധ്യമുണ്ടായിരുന്നു. അതിന്റെ പ്രത്യക്ഷ തെളിവാണ് പ. വലിയ തിരുമേനിയുടെ ത്യാഗോജ്ജ്വലമായ പ്രവർത്തനങ്ങളെ അംഗീകരിച്ചുകൊണ്ട് പ. സിംഹാസനത്തിൽ നിന്ന് "വിശ്വാസസംരക്ഷകൻ" എന്ന അത്യുന്നത ബഹുമതി നൽകി പ. അപ്രേം പാത്രിയർക്കീസ് ബാവ ആദരിച്ചത്. പ. അപ്രേം പാത്രിയർക്കീസ് ബാവായുടെ സ്വകാര്യ മുറിയിൽ മെത്രാപ്പോലിത്തായുടെതായിവച്ചിട്ടുള്ള ഏക ഫോട്ടോ പ. വലിയ തിരുമേനിയുടേതായിരുന്നു. മോർ അത്താനാസിയോസ് ഹോംസിലേക്ക് വന്നാൽ പ. സിംഹാസനത്തിന്റെ അധികാരത്തിൻ പകുതി അദ്ദേഹത്തിന് നൽകാമെന്നുവരെ പ. അപ്രേം പാത്രിയർക്കീസ് ബാവ കൽപ്പിച്ചിട്ടുണ്ട്. പ. വലിയ തിരുമേനിയുടെ സിംഹാസനഭക്തിയിൽ പ. പാത്രിയർക്കീസ് ബാവായ്ക്ക് അത്രയും ഉറപ്പും വിശ്വാസവുമായിരുന്നു.

സണ്ടേസ്കൂൾ പ്രസ്ഥാനം, വിദ്യാർത്ഥി പ്രസ്ഥാനം, മർത്തമറിയം സമാജം തുടങ്ങി അനേകം പ്രസ്ഥാനങ്ങൾക്ക് തുടക്കം കുറിച്ച പ. വലിയ തിരുമേനി 1935 ഓഗസ്റ്റ് 22ന് വീണ്ടും മലങ്കര മെത്രാപ്പോലിത്തയായി തിരഞ്ഞെടുക്കപ്പെട്ടു. ആലുവ തൃക്കുന്നത്ത് സെമിനാരിയിലെ പണികൾ പൂർത്തികരിക്കു കയും അനേകം ദൈവാലയങ്ങൾ സ്ഥാപിക്കുകയും ചെയ്തു. 1931-ൽ പ. ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് ബാവായുടെ മലങ്കരയിലെ ശ്ലൈഹീക സന്ദർശനത്തിന് നേതൃത്വം നൽകുകയും 1932-ൽ പ. പിതാവ് കാലം ചെയ്ത് മഞ്ഞനിക്കരയിൽ കബറടങ്ങിയപ്പോൾ മുഖ്യകാർമ്മികത്വം വഹിക്കുകയും ചെയ്തു. പുണ്യപിതാവിന് അനേക വർഷങ്ങൾ സഭയിലെ സത്യവിശ്വാസം നിലനിർത്തുന്നതിനായി കേസുകൾ നടത്തേണ്ടി വരികയും പല പ്രതിസന്ധി കളും പ്രതിബന്ധ ങ്ങളും നേരിടേണ്ടി വരികയും മറുഭാഗത്തിന്റെ പല പ്രലോഭനങ്ങളും അതിജീവിക്കേണ്ടതായും വന്നിട്ടുണ്ട്.

യാക്കോബായ സുറിയാനി സഭയെ 35 വർഷക്കാലം മേയിച്ചു ഭരിച്ച ഈ പ്രധാന ആചാര്യനെ വിസ്മരിച്ചു കൊണ്ടുള്ള ചരിത്രം നമ്മുടെ സഭയ്ക്കില്ല. 2004 ഓഗസ്റ്റ് 19ന് പ. ഇഗ്നാത്തിയോസ് സാഖാ പ്രഥമൻ പാത്രിയർക്കീസ് ബാവ E 218/04-ാം നമ്പർ കല്പന വഴിയായി പരിശുദ്ധനായി പ്രഖ്യാപിക്കുകയും 2009 സെപ്റ്റംബർ 18ന് E 152/09-ാം നമ്പർ കല്പന വഴിയായി പ. പൗലോസ് മോർ അത്താനാസിയോസ് വലിയ തിരുമേനിയുടെ നാമം 5-ാം തുബ്ദേനിൽ ചേർക്കുകയും ചെയ്തു. പരിശുദ്ധ പിതാവിന്റെ പ്രാർത്ഥനയും അനുഗ്രഹവും നമുക്ക് കാവലും കോട്ടയുമായിരിക്കട്ടെ.

## പുണ്യശ്ലോകനായ പൗലോസ് മോർ അത്താനാസിയോസ് തിരുമേനി

### എബ്രഹാം സേവേറിയോസ് മെത്രാപ്പോലിത്ത



നമുടെ സഭ ജീവിച്ചിരിക്കുമ്പോൾ തന്നെ പരിശുദ്ധനെന്ന് പരക്കെ വിശ്വസിച്ച് പോന്നിരുന്ന മഹാത്മാവാണ് പ. വലിയ തിരുമേനി. അതിന്റെ കാരണം പരിശുദ്ധന്റെ ജീവിത വിശുദ്ധി തന്നെയാണ്. സമയാസമയങ്ങളിലുള്ള യാമ പ്രാർത്ഥനകൾ, എന്തു തിരക്കിലായിരുന്നാലും പള്ളിയിൽ പോയി പ്രാർത്ഥിക്കണമെന്നുള്ള ആഗ്രഹം, ഉപവാസം, ദാനധർമ്മങ്ങൾ, വിശ്വാസികളെ 'മക്കളേ' എന്നുള്ള അഭിസംബോധന ഇതെല്ലാം തന്നെ ഒരു മഹർഷിക്ക് തുല്യനായി തീർന്നു. പ. പിതാവിനെ സഭാ മക്കൾ മാത്രമല്ല, ആലുവായിലുള്ള ഇസ്ലാം മത വിഭാഗവും, ഹൈന്ദവരും അത്യധികം ബഹുമാനി ക്കുകയും പ. പിതാവിന്റെ അനുഗ്രഹത്തിനായി ദർശിക്കു കയും ചെയ്യുമായിരുന്നു.

ഓർത്തഡോക്സ് സഭാ വിശ്വാസവാദങ്ങൾക്ക് പ. പിതാവ് എന്നും കരുതലോടെ യുദ്ധം ചെയ്ത സത്യവിശ്വാസ ധീരനായിരുന്നു. ആയതിനാൽ സഭ പ. പിതാവിനെ "സത്യവിശ്വാസ സംരക്ഷകൻ" എന്നു വിളിച്ചു പോരുന്നു. പരിശുദ്ധന്റെ അവസാനകാലം കണ്ണിന് കാഴ്ച മങ്ങി ഏകദേശം കണ്ണു കാണാതെ ആയിത്തീർന്നു. അന്ധനായിത്തീർന്നിട്ടും തന്റെ ദൈവിക സാമീപ്യം എടുത്തു കാണിക്കുന്ന ഭക്തി ജീവിതം തുടർന്നുകൊണ്ടേയിരുന്നു. പരിശുദ്ധന്റെ മദ്ധ്യസ്ഥത നമുക്ക് എന്നും അനുഗ്രഹമായിത്തീരട്ടെ.

# സ്ഥാനാഭിഷേക ശതാബ്ദി ആഘോഷിക്കുന്ന മലങ്കരയുടെ പരിശുദ്ധനായ മോർ അത്താനാസിയോസ് വലിയ തിരുമേനി

**ഷെവലിയർ തരിയൻ കെ. പൈനാടത്ത്**



സൂര്യചന്ദ്ര നക്ഷത്രങ്ങൾ ഉദിക്കുന്നു, പ്രകാശിക്കുന്നു, അസ്തമിക്കുന്നു. അത് പ്രകൃതി നിയമമാണ്. ഈ പ്രപഞ്ചത്തിൽ നമ്മൾ കാണുന്ന കാഴ്ചകളാണവ. സ്വയംപ്രകാശിക്കുകയും മറ്റുള്ളവയെ – മറ്റുള്ളവരെ പ്രകാശിപ്പിക്കുകയും ചെയ്യുന്ന പ്രക്രിയ സദാ നടന്നുകൊണ്ടേയിരുന്നെങ്കിൽ എന്നു ചിലർക്കെങ്കിലും ചിന്തിച്ചുതുടങ്ങാം.

തേജോഗോളങ്ങളിൽ കണ്ടുവരുന്ന മേൽപ്പറഞ്ഞ പ്രക്രിയ, സ്വയം പ്രകാശിക്കുവാനും മറ്റുള്ളവരെ പ്രകാശിപ്പിക്കുവാനുമുള്ള അസുലഭകഴിവ്, ദൈവസൃഷ്ടികളായ ചുരുക്കം ചില മാനവശ്രേഷ്ഠരിലും നമുക്ക് ഇടയ്ക്കൊക്കെ കാണാൻ കഴിയും. അത്ര സാധാരണമല്ലെന്നു മാത്രം! അസാധാരണമായ ആ സിദ്ധി ഒരു ദൈവാനുഗ്രഹമായി കരുതാം – അത് അനുഭവത്തിൽ പകർത്താൻ കഴിയുന്നവരത്രേ ഭാഗ്യവാന്മാർ.

കളങ്കപൂരിതമായ ഈയുലകിൽ കളങ്കലേശമേശാതെ ജീവിക്കുക, അതുവഴി നിഷ്കളങ്കത അന്യരിലേക്കു പകർത്തുക, പ്രകാശമാനമായ ആ നിഷ്കളങ്കപ്രഭ ജീവിത യാത്രയ്ക്ക് കൈവിളക്കായി മാറ്റുക, അങ്ങനെ ജീവിതസാഫല്യം കൈവരുത്തുക, ഇതിനെല്ലാം ഭാഗ്യം സിദ്ധിച്ചിട്ടുള്ളവർ എത്ര പേർ ഉണ്ടാകാം?

എ. ഡി. 1869 ജനുവരി 23-ാം തീയതി അകപ്പറമ്പ് ഇടവകയിൽ പൈനാടത്ത് തറവാട്ടിൽ (കുറ്റിക്കാട്ട്) ഭൂജാതം ചെയ്ത്, 83 വർഷം ജീവിതായോധനം നടത്തി വിജയിച്ച്, ജീവകിരീടമണിഞ്ഞ് 1953 ജനുവരി 25-ാം തീയതി കാലയവനികക്കുള്ളിൽ മറഞ്ഞ ജ്യോതിർഗോളമായിരുന്നു മലങ്കരയിലെ രണ്ടാമത്തെ പ്രഖ്യാപിത പരിശുദ്ധനായ ആലുവായിലെ വലിയ തിരുമേനി. സ്വയം പ്രകാശിക്കുകയും മറ്റുള്ളവരെ പ്രകാശിപ്പിക്കുകയും ചെയ്ത പുണ്യനാമം, അസ്തമിക്കാത്ത ഭാഗ്യനക്ഷത്രം, അദ്ദേഹം ജനിച്ചതും വളർന്നതും മലങ്കര സുറിയാനി ക്രിസ്ത്യാനികൾക്കുവേണ്ടിയായിരുന്നു. സത്യവിശ്വാസികളുടെ ഹൃദയമുകുരങ്ങളിൽ ആ പുണ്യാത്മാവ് ഇന്നും പ്രകാശിക്കുന്നു; എന്നെന്നും പ്രകാശിക്കുകയും ചെയ്യും, സംശയമില്ല. ശുദ്ധിമതിയായ തമ്പുരാനെപെറ്റ അമ്മയുടെയും, അനുഗ്രഹത്തിന്റെ നീരുറവകളായ മോർ ശാബോർ മോർ അഫ്രോത്ത് പിതാക്കന്മാരുടെയും 'അടിമയായിരുന്നു അവിടുന്നു. ഒരു ദിവസം നൂറുകണക്കിന് പ്രാവശ്യം അവിടുന്ന് ഉരിയാടുന്ന പുണ്യനാമങ്ങളായിരുന്നു അദ്ദേഹത്തിന്റെ രക്ഷാസങ്കേതങ്ങൾ. പുണ്യപദവിയിലേക്ക് ഉയരുവാൻ അദ്ദേഹത്തെ കൈപിടിച്ച് ഉയർത്തിയതും അതല്ലാതെ മറ്റൊന്നല്ല. സത്യവിശ്വാസികൾക്ക് അതൊരു സാധനപാഠമായിരിക്കട്ടെ.

ഇതോടനുബന്ധിച്ച് രണ്ടു ചോദ്യങ്ങളാണ് മനസ്സിൽ ഉയരുന്നത്; ആരായിരുന്നു മോർ അത്താനാസ്യോസ് പിതാവ്?; എന്തായിരുന്നു മോർ അത്താനാസ്യോസ് പിതാവ്?. ഈ രണ്ടു ചോദ്യങ്ങളുടെ ഉത്തരങ്ങളിലൂടെ ആ പുണ്യപുരുഷനെ നമുക്കൊന്നു പരിചയപ്പെടാൻ ശ്രമിക്കാം. മലങ്കര യാക്കോബായ സുറിയാനി സഭയിൽ അനാർഭാടമായി ഭൂമിയോളം താഴ്ന്ന് ജീവിച്ച് സ്നേഹത്തിന്റെ ചെങ്കോലേന്തി ഭദ്രാസനങ്ങളുടെയെന്നല്ല മലങ്കരയുടെതന്നെ ഭരണം കയ്യാളിയ ഒറു വലിയ ഭരണകർത്താവായിരുന്നു. പരി: പാത്രിയർക്കീസ് ബാവായുടെ കൽപ്പനപ്രകാരം അങ്കമാലിയുടെ മാത്രമല്ല, കണ്ടനാട്, കോട്ടയം, നിരണം, കൊല്ലം തുമ്പമൺ ഭദ്രാസനങ്ങളുടേയും ഭരണഭാരം അദ്ദേഹം ഏറ്റെടുത്തിരുന്നു. 1910ൽ രൂപംകൊണ്ട് ക്നാനായ ഭദ്രാസനവും അദ്ദേഹത്തിന്റെ കീഴിലമർന്നിരുന്നു. തുടർന്ന് പുതുതായി ഭരണഭാരമേറ്റെടുത്ത അഭിനവ മെത്രാപ്പോലീത്തന്മാരുടെ വരവോടെ ഭാരിച്ച ഭരണത്തിന് തെല്ലൊരു ആശ്വാസം വന്നു. കൊച്ചിഭദ്രാസനത്തിന് അഭി. സേവേറിയോസ് തിരുമേനിയും, തന്റെ ഭാരം കുറയ്ക്കാൻ സഹായിയായി സ്ഥാനമേറ്റ അഭി. ഗ്രീഗോറിയോസ് തിരുമേനിയും ഭരണരംഗത്തുവന്നതോടെ തന്റെ വാർദ്ധക്യത്തിന് തെല്ലൊരാശ്വാസം കണ്ടെത്താൻ, അദ്ദേഹത്തിനുകഴിഞ്ഞു. പരി: വലിയതിരുമേനി ആരായിരുന്നുവെന്ന ചോദ്യത്തിന് ഈയുത്തരം മതിയാകുമെന്ന് കരുതട്ടെ. താനൊഴുക്കിയ കണ്ണുനീരിന് വാർദ്ധക്യത്തിലെ ഈ ആശ്വാസം കുറെയേറെ സഹായിച്ചുവെന്ന് പറയാം.

അടുത്ത ചോദ്യമാണ് മോർ അത്താനാസ്യോസ് പിതാവ് എന്തായിരുന്നുവെന്നത്. അതിനുള്ള ഉത്തരം തേടുമ്പോഴാണ് ഓട്ടം തികച്ച് ജീവന്റെ കിരീടമണിഞ്ഞ പരിശുദ്ധപിതാവ് യഥാർത്ഥത്തിൽ എന്തായിരുന്നുവെന്ന് നാം അറിയുന്നത്. ആ പരിശുദ്ധന്റെ അനന്യസാധാരണമായ വ്യക്തിത്വവും, വ്യക്തിപ്രഭാവവും അപ്പോഴാണ് മറനീക്കി പുറത്തുവരുന്നതായിട്ടു നാം കാണുന്നത്. ആലുവാ തൃക്കുന്നത്ത് സെമിനാരിയിലെ മഹാസിദ്ധനായ ആ മഹാത്മാവിനെ മിത്രങ്ങൾ സ്നേഹിക്കുകയും ശത്രുക്കൾ ഭയപ്പെടുകയും ചെയ്തിരുന്നു. ആ പുണ്യാത്മാവിന്റെ തിരുവായിൽനിന്നും അനുഗ്രഹങ്ങളുടെ സ്രോതസ്സുകളാണ് ഒഴുകിവന്നിരുന്നത്. എന്നാൽ ഹൃദയശുദ്ധികൊണ്ടു താൻ അറിഞ്ഞോ, അറിയാതെയോ ചില "ശാപ"ങ്ങളും ഉതിർന്നുവീണിരുന്നുവെന്നത് ഒരു സത്യമാണ്.



എതിർവിഭാഗത്തിലെ ചില കർക്കശചിന്താഗതിക്കാർപോലും തിരുമേനിയെ നേരിട്ടുകാണുവാൻ ഭയന്നിരുന്നതായി കേട്ടിട്ടുണ്ട്. കാരണം, അദ്ദേഹത്തിൽനിന്നും പുറപ്പെടുമെന്ന് കരുതിയ ശാപവചനങ്ങൾതന്നെ!

വന്ദ്യപിതാവിന്റെ വ്യക്തിവിശേഷങ്ങളിൽ എടുത്തുപറയാവുന്ന ആദ്യ വൈശിഷ്ട്യം അദ്ദേഹത്തിന്റെ കരളലിയിക്കുന്ന പ്രാർത്ഥന-യാചന-ശീലമായിരുന്നു. ഇത്രയേറെ മനസ്സുരുകി പ്രാർത്ഥിച്ചിരുന്നവർ വേറെ അധികം ഉണ്ടെന്നു കരുതുന്നില്ല. ഉള്ളിന്റെ ഉള്ളിൽനിന്നും കണ്ണുനീരിന്റെ അകമ്പടിയോടെ ഇടറുന്ന തൊണ്ടയോടെ അവിടുന്ന് നടത്തിവന്നിരുന്ന "യാചനകൾ'' അതു കേൾക്കാനിടയായിട്ടുള്ളവരുടെ ഹൃദയങ്ങളിൽ ഇപ്പോഴും തളംകെട്ടി നിൽക്കുന്നുണ്ടാവും. അതത്രമാത്രം ഹൃദയസ്പർശിയായിരുന്നു. ഏതൊരു ശിലാഹൃദയത്തേയും മഞ്ഞുരുകുന്നതുപോലെ ഉരുക്കുവാൻ ആ അപേക്ഷകൾക്ക്, ആ നാദവിശേഷണത്തിന്, കഴിവുണ്ടായിരുന്നു. വി. മദ്ബഹായിൽ ബലിയർപ്പണവേളകളിൽ ''കർത്താവേ, എന്നോടുത്തരമരുളി ചെയ്യേണമേ''എന്നു മൂന്നുപ്രാവശ്യം നിലവിളിയോടെ അവിടുന്ന് യാചിക്കുന്നത് കേട്ടിട്ടുള്ളവർ ആ അപേക്ഷയുടെ ആകർഷണീയത ഇന്നും ആസ്വദിക്കുന്നുണ്ടാവാം. ''ദൈവമേ, മഹാപാപിയായ അടിയനോട് കരുണയുണ്ടാകേണമേ" എന്ന പ്രാർത്ഥനാമൊഴികളുടെ വശ്യതയും വർണ്ണനാതീതമാണ്. വി. ബലിയർപ്പണവേളയിൽ യഥാർത്ഥത്തിൽ അദ്ദേഹം അദ്ദേഹമല്ലാതായി മാറുമായിരുന്നു. വി. ഗബ്രിയേലിന്റേയോ, വി. മിഖായേലിന്റേയോ പ്രതിരൂപമായി അദ്ദേഹം തേജസ്സിൽ വിളങ്ങിയിരുന്നു. പരിശുദ്ധാത്മ നിറവിൽ അവിടുന്ന് ഒരു അഭൗമ തേജസുപോലെ വിരാജിക്കുമായിരുന്നു. അംശവസ്ത്രം അണിഞ്ഞ്, കാല് ചലിപ്പിച്ചുകൊണ്ടുള്ള ആ ബലിയർപ്പണം... അത് കാണേണ്ട കാഴ്ചതന്നെയായിരുന്നു. ഒരിക്കലെങ്കിലും ആ കാഴ്ച കണ്ടിട്ടുള്ളവർക്ക് അതു മറക്കാനാവുകയില്ല. വി. ബലിയർപ്പണവേളയിലായാലും, മറ്റു കൂദാശാനുഷ്ഠാനവേളകളിലായാലും, അവിടത്തെ ഹൃദയഭേദകമായ അപേക്ഷകളുടെ ഉള്ളലിയിക്കുന്ന വശ്യത ഒന്ന് വേറെ തന്നെയായിരുന്നു.

വി. സഭയിലെ പരിപാവനമായ ആചാരാനുഷ്ഠാനങ്ങളിൽ അവിടുന്ന് കാണിച്ചിരുന്ന നിഷ്ഠ, അണുവിട വ്യതിചലിക്കാത്ത നിർബന്ധസ്വഭാവം, ആര് എങ്ങനെ വ്യാഖ്യാനിച്ചാലും ആയുഷ്പര്യന്തം അദ്ദേഹം നിഷ്ഠയോടെ പരിപാലിച്ചുപോന്നിരുന്നു.

പരി. അന്ത്യോഖ്യാ സിംഹാസനത്തോട് അവിടുന്ന് പ്രകടിപ്പിച്ചിരുന്ന വിധേയത്വം അവിടുത്തെ അനുസരണശീലനത്തിന് ഉത്തമ മാതൃകയാണ്. സഭാഗാത്രത്തിന്റെ ശിരസ്സായ പരി. അന്ത്യോഖ്യാ സിംഹാസനത്തെ ഇത്രയേറെ സമാദരിച്ചിട്ടുള്ള ആത്മീയപിതാക്കൾ വേറെയധികമുണ്ടെന്ന് തോന്നുന്നില്ല. "മോർ അത്താനാസ്യോസ് ഹോംസിൽ വരുന്ന പക്ഷം നമ്മുടെ അവകാശത്തിൽ പകുതി നാം അദ്ദേഹത്തിന് ദാനം ചെയ്യു''മെന്ന് ലോകവിജ്ഞാനികളിൽ ഒരുവനായ പരി. അപ്രേം പ്രഥമൻ പാത്രിയർക്കീസ് ബാവാ കൽപ്പിക്കുവാനിടയായതിന്റെ രഹസ്യം മറ്റൊന്നല്ല. വി. സഭയിലെ ''സത്യവിശ്വാസസംരക്ഷകനായ പരി. തിരുമേനിയെ പരി. ബാവാ നിയോഗിക്കുവാനിടയായതും അതുകൊണ്ടുതന്നെയാണ്. ''അനുസരിപ്പിക്കുവാൻ കഴിയൂ." വന്ദ്യനായ മാർ അത്താനാസ്യോസ് പിതാവ് അനുസരിച്ചു. സത്യവിശ്വാസികളെ അനുസരിക്കുവാൻ പഠിപ്പിച്ചു – അതാണ് അദ്ദേഹത്തിന്റെ ആഴമേറിയ വശ്യത- എന്നുപറയാം. സ്നേഹസാമ്രാജ്യത്തിന്റെ വീഴ്ചയറിയാത്ത വാഴ്ച!!!

''നിന്റെ കല്ല്യാണവസ്ത്രം ഒരുക്കുന്നതിനോടൊപ്പം നിന്റെ ശവസംസ്കാരത്തിനുള്ള വസ്ത്രവും ഒരുക്കുക'' എന്ന സുറിയാനി ഗീതോപദേശം അദ്ദേഹം എടുത്തുപറയാറുണ്ടായിരുന്ന ഒരു സ്നേഹോപദേശമാണ്. മരണത്തിനായുള്ള ഒരുക്കം- അതിന് ജീവിതത്തിൽ കല്പിക്കേണ്ട പ്രാധാന്യം, അത് ആ തിരുമൊഴികളിൽ അന്തർലീനമായിരുന്നു. തന്റെ മരണശേഷം തനിക്ക് വേണ്ടി എന്തെല്ലാം ചെയ്യണമെന്ന് അവിടുന്ന് കല്പിച്ചരുളിയതിനെപ്പറ്റി കുറച്ചൊന്നുമല്ല പറയാനുള്ളത്. വിസ്തരഭയത്താൽ അതിനൊന്നും മുതിരുന്നില്ല.

വന്ദ്യപിതാവിന്റെ ആശ്രിതവാത്സല്യം ശ്രദ്ധേയമായിരുന്നു. തന്നെ ആശ്രയിച്ച് ജീവിച്ചിരുന്നവർ പലരും ആ മഹാമനസ്കതയെ ഇന്നും വാഴ്ത്തിപ്പാടാറുണ്ട്. ഉച്ചനീച ജാതിമത വർഗഭേദമെന്യേ മറ്റുള്ളവരെ ഏകോദര സഹോദരങ്ങളെപോലെ കാണുവാനും, കരുതുവാനും അവിടുന്ന് പ്രകടിപ്പിച്ചിരുന്ന അമിതമായ താത്പര്യം ശ്രദ്ധേയമെന്നല്ല, ഏവർക്കും അനുകരണാർഹവുമായിരുന്നു.

ഒരു സത്കാരപ്രിയനായിരുന്നു അവിടുന്ന്, എത്ര ഇല്ലായ്മ അനുഭവപ്പെട്ടാലും, മറ്റുള്ളവരെ മധുരമൊഴികൾകൊണ്ട് മാത്രമല്ല, അടുക്കളയിലെ കഞ്ഞികൊടുത്തും സംതൃപ്തരാക്കുമായിരുന്നു തിരുമേനി. മറ്റൊരുവന്റെ വിശപ്പിനെ തന്റെ വിശപ്പിനേക്കാൾ വലുതായി കാണുവാനും ശുശ്രൂഷകരെക്കൊണ്ട് അതിനുപരിഹാരമുണ്ടാക്കുവാനുമുള്ള അവിടുത്തെ ഔദാര്യവും സന്മനസ്സും അനുഭവിച്ചറിഞ്ഞവർക്കേ വർണ്ണിക്കുവാനാകൂ. ആശ്രിതരുടെ ബുദ്ധിയിലല്ല പ്രത്യുത, അവരുടെ ഹൃദയങ്ങളിലായിരുന്നു പ. പിതാവ് കുടികൊണ്ടിരുന്നത്. അത്തരത്തിലുള്ള ഒരു വാഴ്ചയ്ക്കേ നിലനിൽപ്പ് ഉണ്ടാകുകയുള്ളുവെന്ന് അനുഭവം തെളിയിക്കുന്നുണ്ടല്ലോ.

ഭക്ഷണകാര്യത്തിൽ ഇത്രമാത്രം മിതത്വവും കൃത്യനിഷ്ഠയും പരിപാലിച്ചുപോന്നിട്ടുള്ള പ്രധാനാചാര്യന്മാർ വേറെ അധികം കാണുമെന്ന് തോന്നുന്നില്ല. മിക്കവാറും നിലത്ത്, കുഷ്യനിട്ട് അതിൽ ചമ്രംപടിഞ്ഞിരുന്ന് വിശ്വസ്ത പരിചാരകനായ മാത്തുവിന്റെ കൈകളിലൂടെ ലഭിക്കുന്ന ഭക്ഷണവസ്തുക്കൾ ആഹരിച്ചുകൊണ്ടുള്ള ആ ഭക്ഷണക്രമം ഇത്ര നിഷ്ഠയോടെ പരിപാലിച്ചുപോന്നവർ ചുരുക്കമത്രെ. പരി: പിതാവിന്റെ ആയുർദൈർഘ്യത്തിന്റെ രഹസ്യവും മറ്റൊന്നല്ല എന്നുപറയാം.

സരസമായ സംസാരം – അതുപറയുന്നതും കേൾക്കുന്നതും അവിടുത്തേക്ക് ഏറെ പ്രിയപ്പെട്ടതായിരുന്നു. കളങ്കമേശാത്ത അവിടത്തെ പൊട്ടിച്ചിരി – അതും ഇടയ്ക്ക് അദ്ദേഹത്തിൽ പ്രത്യക്ഷപ്പെട്ടിരുന്നു. ആ കാഴ്ച കണ്ടിട്ടുള്ളവർ ഇന്നും ആ മധുരിമ ആസ്വദിക്കുന്നുണ്ടാകും.

അധികാര ഭ്രമമോ, ആഡംബരപ്രിയമോ അവിടുന്ന് ഒട്ടും ഇഷ്ടപ്പെട്ടിരുന്നില്ല. കറപുരളാത്ത ചിന്താഗതികളെന്നപോലെ ''കറകളില്ലാത്ത' വസ്ത്രമണിയുന്നതിലും അദ്ദേഹം സൂക്ഷ്മത പ്രദർശിപ്പിച്ചിരുന്നു. തന്നെ മാടിവിളിച്ച അധികാരസ്ഥാനങ്ങളോട് അദ്ദേഹം പ്രത്യേക മമതയൊന്നും പ്രകടിപ്പിച്ചിരുന്നില്ല. എളിമയുടെ ചെങ്കോൽകൊണ്ട് ആ ഭ്രമങ്ങളെല്ലാം അവിടുന്ന് അതിജീവിച്ചിരുന്നു.

സ്വയംതാഴ്ത്തി, താൻ ഒന്നുമല്ലാത്തവനെന്ന ഭാവേന, വിനയാവനമ്രനായിട്ടായിരുന്നു അവിടുന്ന് ജീവിച്ചുപോന്നത്. തന്നെത്താൻ താഴ്ത്തുവാൻ അവിടുന്ന് സദാ സന്നദ്ധനായിരുന്നു. ആ താഴ്ചയാണ് അദ്ദേഹത്തെ ഉയർച്ചയുടെ ഉന്നതപദവിയിലെത്തിച്ചതും എന്നതിന് സംശയമില്ല. വന്ദ്യപിതാവിന്റെ താഴ്മയിലൂടെയുള്ള മഹിമ-അതും ഏവരും കണ്ടുപഠിക്കേണ്ട, കേട്ടുപഠിക്കേണ്ട, ഒരു മാതൃക തന്നെയാണെന്നു പറയാം. തന്നെത്താൻ താഴ്ത്തുന്നവൻ തന്നെത്താൻ ഉയരാതിരിക്കുകയില്ലല്ലോ.

ആ പുണ്യാത്മാവിലുണ്ടായിരുന്ന വിശ്വാസതീക്ഷ്ണത ഏതൊരുവനേയും ഇരുത്തി ചിന്തിപ്പിക്കുന്നതായിരുന്നു. വി. സഭയിൽ അങ്ങുമിങ്ങും നടമാടിയിരുന്ന വിശ്വാസ വിപരീത നടപടികളെപ്പറ്റി അവിടുന്ന് ഒന്നല്ല രണ്ടുമൂന്ന് കൽപ്പനകൾവഴി ശാസിച്ചിട്ടുള്ളതായി കാണാം. 1932 ഒക്ടോബർ മാസത്തിലും കൽപ്പനകൾ വഴിയായി നടത്തിയ അദ്ദേഹത്തിന്റെ ശാസനകൾ ഭരണകർത്താക്കളുടെ കണ്ണും കാതും കരളും കവരുന്നവയായിരുന്നു. സത്യവിശ്വാസത്തിൽനിന്നും കടുകിട വ്യതിചലിക്കുവാൻ അദ്ദേഹം ആരേയും അനുവദിക്കുമായിരുന്നില്ല.

വി. സഭയെ നേർവഴിക്കു വളർത്തുക-അതായിരുന്നു അവിടുത്തെ മുഖ്യലക്ഷ്യം. അതിന്റെ സാക്ഷാത്കാരം അദ്ദേഹത്തിനുതന്നെ കണ്ടറിയുവാൻ കഴിഞ്ഞിട്ടുമുണ്ട്. അഭിനവ മെത്രാപ്പോലീത്താമാരുടേയും, കളങ്കരഹിതരായ വിശ്വാസിസമൂഹത്തിന്റേയും അളവറ്റ സഹായ സഹകരണങ്ങൾകൊണ്ടും ആത്മാർത്ഥമായ ഇടപെടൽകൊണ്ടും മറ്റും പരിശുദ്ധനായ മാർ അത്താനാസ്യോസ് പിതാവ് തന്റെ ജീവിതം ധന്യമാക്കിത്തീർത്ത്, ആ രംഗത്ത് അവിടുന്ന് സ്വയം വിരാജിച്ചു മറ്റുള്ളവർക്ക് വിജയത്തിലേക്കുള്ള പ്രകാശമാനമായ വഴികാട്ടിക്കൊടുക്കുകയും ചെയ്തു. ഇതിൽപ്പരം ധന്യത ആർക്ക് ലഭിക്കും? മലങ്കരയിലെ പ്രഖ്യാപിത പരിശുദ്ധരിൽ രണ്ടാമനായ അവിടുന്നു സത്യവിശ്വാസികളായ സഭാമക്കളുടെ ഹൃദയങ്ങളിൽ ഇന്നും പ്രകാശിക്കുന്നു; എന്നും പ്രകാശിച്ചുകൊണ്ടിരിക്കുകയും ചെയ്യും.

പരിശുദ്ധ മോർ അത്താനാസ്യോസ് പിതാവേ, ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കേണമേ.





# പ. അത്താനാസിയോസ് വലിയ തിരുമേനിയും വിദ്യാർത്ഥി പ്രസ്ഥാനവും

(ഡോ. കുര്യാക്കോസ് തെയോഫിലോസ് മെത്രാപ്പോലിത്ത,
മോർ ഗ്രിഗോറിയോസ് ജാക്കബൈറ്റ് സ്റ്റുഡന്റ്സ് മൂവ്മെന്റ് (എം.ജി.ജെ.എസ്.എം.) പ്രസിഡന്റ്)



വിശ്വാസ സംരക്ഷകൻ എന്നറിയപ്പെടുന്ന ആലുവായിലെ പ. വലിയ തിരുമേനിയുടെ മഹാ പൗരോഹിത്യ ശതാബ്ദി പ. സഭ ആഘോഷപൂർവ്വം ആചരിക്കുന്ന അനുഗൃഹിത സന്ദർഭമാണല്ലോ ഇത്. അചഞ്ചലമായ വിശ്വാസത്തിന്റെയും, ആഴമായ ദൈവഭക്തിയുടെയും വിശ്വാസ ജീവിതത്തിന്റെയും മാതൃകയായിരുന്നു പരിശുദ്ധ പിതാവ്. വലിയ ഒറു ദാർശീകനുമായിരുന്നു എന്നതിന്റെ ഉത്തമ ദൃഷ്ടാന്തമാണ് പ. സഭയിലെ വിദ്യാർഥി പ്രസ്ഥാനവും സണ്ടേസ്കൂൾ പ്രസ്ഥാനവും. കുഞ്ഞുങ്ങൾക്കും, യുവതലമുറയ്ക്കും വിശ്വാസവും മൂല്യങ്ങളും ആത്മീയ ദർശനവും നൽകിയില്ലെങ്കിൽ ഉണ്ടാകുന്ന വിപത്തും ജീർണ്ണതയും മുൻകൂട്ടി മനസ്സിലാക്കിയ ക്രാന്തദർശിയായിരുന്നു പ. വലിയ തിരുമേനി. ആ ദർശനമാണ് ഇന്ന് പരിശുദ്ധ സഭയിലെ ഏറ്റവും വലിയ ആത്മീയ പ്രസ്ഥാനമായ സണ്ടേസ്കൂൾ പ്രസ്ഥാനത്തിന്റെയും വളർന്നു വരുന്ന വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെയും അടിത്തറയായി നിൽക്കുന്നത്.

1907 കാലഘട്ടങ്ങളിൽത്തന്നെ സിറിയൻ സ്റ്റുഡന്റസ് മൂവ്മെന്റ് എന്ന പേരിൽ വിദ്യാർത്ഥി പ്രസ്ഥാനം സഭയിൽ രൂപപ്പെട്ടുവെങ്കിലും സഭയുടെ പിളർപ്പ് വിദ്യാർത്ഥി പ്രസ്ഥാനത്തേയും ബാധിച്ചു. 1922–ൽ പ. വലിയതിരുമേനി ചെറുതോട്ടുകുന്നേൽ പള്ളിയിൽ ഒരു യോഗം വിളിച്ചുകൂട്ടി തന്റെ ഗുരു ശ്രേഷ്ഠനായ പ. ചാത്തുരുത്തിൽ മോർ ഗ്രീഗോറിയോസ് തിരുമേനിയുടെ നാമധേയത്തിൽ മോർ ഗ്രീഗോറിയോസ് സിറിയൻ വിദ്യാർത്ഥി സംഘം എന്നപേരിൽ പ. സഭയുടെ വിദ്യാർത്ഥി പ്രസ്ഥാനത്തിന് തുടക്കമിട്ടു. ഇതിനിടയിൽ മെത്രാൻ കക്ഷികൾ ''സെന്റ് തോമസ് സിറിയൻ സ്റ്റുഡന്റസ് മൂവ്മെന്റ്'' എന്ന പേരിൽ ഒരു പ്രസ്ഥാനം ആരംഭിച്ചുവെങ്കിലും പിന്നീട് എം.ജി.ഒ.സി.എസ്.എം. എന്നപേരിൽ വിദ്യാർത്ഥി പ്രസ്ഥാനം പ്രവർത്തിക്കുകയാണുണ്ടായത്.

സഭാ തർക്കങ്ങളും, യോജിപ്പും, പിളർപ്പുമെല്ലാം എല്ലാ മേഖലകളിലുമെന്നപോലെ വിദ്യാർത്ഥി പ്രസ്ഥാനത്തെ ബാധിക്കുകയുണ്ടായി. ഇടക്കാലത്ത് പ്രവർത്തന രഹിതമായ വിദ്യാർത്ഥി പ്രസ്ഥാനം 1980 കാലയളവുകളിൽ മോർ ഗ്രീഗോറിയോസ് ജാക്കബൈറ്റ് സ്റ്റുഡന്റസ് അസോസിയേഷൻ എന്ന പേരിൽ പ്രവർത്തനം ആരംഭിക്കുകയുണ്ടായി. പിന്നീട് മാറിവന്ന സാഹചര്യങ്ങളിൽ Syrian Orthodox Christian Students Movement of India (SOCSMI), Jacobite Students Movement of India (JASMI) എന്നീ പേരുകളിലും വിവിധ കാലയളവുകളിൽ പ്രവർത്തിക്കുകയുണ്ടായി.

''2009–ൽ കൂടിയ പ. എപ്പിസ്കോപ്പൽ സുന്നഹദോസ്, വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ ആരംഭത്തിൽ തന്നെയുണ്ടായിരുന്ന നാമധേയത്തിൽ തന്നെ പ്രസ്ഥാനം പനസംഘടിപ്പിച്ച് പ്രവർത്തനങ്ങൾ സജീവമാക്കുവാൻ തീരുമാനമെടുക്കുകയും, ബലഹീനനായ നമ്മെ വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ പ്രസിഡന്റായി ചുമതലപ്പെടുത്തുകയും ചെയ്തു". ഇപ്പോൾ Mor Gregorious Jacobite Students Movement (MGJSM) എന്ന പേരിൽ പ്രസ്ഥാനം പ്രവർത്തിക്കുന്നു. ചുരുങ്ങിയ കാലംകൊണ്ട് അനേക കാലലയങ്ങളിലും, ഹയർ സെക്കൻഡറി, സീനിയർ സെക്കൻഡറി സ്കൂളുകളിലും യൂണിറ്റുകൾ തുടങ്ങി പ്രവർത്തനം ആരംഭിച്ചിരിക്കുന്നു. പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾക്കായി രണ്ട് വൈദികരെ മുഴുവൻ സമയ സേവനത്തിനായി ക്രമീകരിച്ചിരിക്കുന്നു. കേരളത്തിനകത്തും പുറത്തും വിവിധ മേഖലകളായി തിരിച്ച്, ഭാരവാഹികളെ നിയമിച്ച്, പ്രവർത്തനങ്ങൾ നടത്തുന്നു. മേഖലാ വിദ്യാർത്ഥി സംഗമവും, ക്യാമ്പുകളും പ്രവർത്തനത്തിന്റെ ഭാഗമായി നടത്തപ്പെടുന്നു. കാമ്പസുകളിലോ, സമീപത്തുള്ള നമ്മുടെ ദൈവാലയങ്ങളിലോ ആഴ്ചയിലൊരിക്കൽ വിദ്യാർത്ഥികളും അദ്ധ്യാപകരും ഒരുമിച്ച് ചേർന്ന് ധ്യാനം, പ്രാർത്ഥന, വേദപഠനം, ആനുകാലിക പ്രസക്ത വിഷയങ്ങൾ ചർച്ച ചെയ്യുക, സാമൂഹ്യ സേവന പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുക തുടങ്ങിയ കാര്യങ്ങളിൽ ശ്രദ്ധിക്കുന്നു. ഉപരിപഠനത്തിന് കേരളത്തിന് പുറത്തുപോകുന്ന കുട്ടികൾക്കായുള്ള ധ്യാനം, കൗൺസിലിംഗ്, കരിയർ ഗൈഡൻസ് എന്നിവ നടത്തി വരുന്നു. ഇന്ത്യയുടെ പലഭാഗത്തും സ്റ്റുഡന്റ്സ് സെന്ററു കളും, കൗൺസിലിംഗ് കേന്ദ്രങ്ങളും, വിദ്യാർത്ഥികൾക്കായി ആരംഭിക്കുവാനുള്ള ക്രമീകരണങ്ങൾ ചെയ്തുവരുന്നു. വർഷത്തിലൊരിക്കൽ മൂന്നു ദിവസത്തെ നേതൃത്വ പരിശീലന ക്യാമ്പും പ്രവർത്തനങ്ങളുടെ ഭാഗമായി ക്രമീകരിക്കുന്നു.

ബാല്യത്തോട് വിടപറഞ്ഞ്, കൗമാരത്തിലേക്കും, യൗവനത്തിലേക്കും കലാലയത്തിന്റെ വിശാലമായ സ്വാതന്ത്ര്യലോകത്തേക്കു പ്രവേശിക്കുന്ന കുഞ്ഞുങ്ങൾ പലപ്പോഴും ലക്ഷ്യബോധമില്ലാതെ മദ്യത്തിനും, മയക്കുമരു ന്നിനും അടിമപ്പെട്ടു പോകുന്ന അനു ഭവങ്ങൾ ഇന്ന് വിരളമല്ല. ആധുനികതയും, ശാസ്ത്രസാ ങ്കേതികതയുടെ അനന്തസാദ്ധ്യതകളും ദുരുപയോഗം ചെയ്യപ്പെടുന്ന സാഹചര്യങ്ങളും, പഠനരംഗങ്ങളിലെ മത്സരവും, കുട്ടികളിലുണ്ടാക്കുന്ന മാനസീക സമ്മർദ്ദങ്ങളും, ഭൗതീകതയുടെ അതിപ്രസരവും യുവമനസ്സുകളിൽ സൃഷ്ടിക്കുന്ന പ്രലോഭനങ്ങളുമെല്ലാം യുവമനസുകളെ അക്രമ സ്വഭാവ ത്തിലേക്കും, ആത്മഹത്യാ പ്രവണതയിലേക്കും, നിരാശാ ജീവിതത്തിലേക്കും നയിക്കുന്നു. ഒരു നൂറ്റാണ്ടുമുൻപ് ഇത്തരം സാഹചര്യങ്ങളെ മുന്നിൽക്കണ്ട് വിദ്യാർത്ഥി പ്രസ്ഥാനത്തിന് രൂപം നൽകിയ പ. പിതാവിന്റെ ഭാവി തലമുറയെക്കുറിച്ചുള്ള കരുതൽ എത്ര വലുതായിരുന്നു.

പഠനകാലത്ത് നമ്മുടെ കുട്ടികൾക്ക് ആത്മീയ ദർശനവും, ദൈവിക വിശ്വാസവും, മൂല്യ ബോധവും, പകർന്നുകൊടുത്ത്, ഏതു ജീവിത സാഹചര്യങ്ങളെയും അഭിമുഖീകരിക്കുവാൻ അവരെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ പ. പിതാവാരംഭിച്ച വിദ്യാർത്ഥി പ്രസ്ഥാനം ഇന്ന് വളർച്ചയുടെ പടവുകൾ താണ്ടുമ്പോൾ, ശ്രേഷ്ഠ ബാവാ തിരുമേനിയുടെ നിർല്ലോഭമായ കൈതാങ്ങലും, അനുഗ്രഹവും, അഭി. പിതാക്കന്മാരുടെ പ്രോത്സാഹനവും പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾക്ക് ശക്തി പകരുന്നു.

പ. സഭയിലെ എല്ലാ ബഹു. വൈദികരും, ബഹു. പള്ളികളും, വിദ്യാഭ്യാസ സ്ഥാപന ങ്ങളുടെ മാനേജ് മെന്റുകളും സഹകരിച്ചാൽ മാത്രമേ എല്ലാ സ്ഥലങ്ങളിലേ യ്ക്കും ഇതിന്റെ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുവാൻ സാധിക്കുകയുള്ളൂ. ആരുടെ നാമധേയത്തിൽ ഈ പ്രസ്ഥാനം ആയിരിക്കുന്നുവോ, മലങ്കരയുടെ പരിശുദ്ധനായ പ. പരുമല തിരുമേനിയുടെയും, സ്ഥാപക പിതാവായ വിശ്വാസ സംരക്ഷ കൻ പ. വലിയ തിരുമേനിയുടെ കാവലും മദ്ധ്യസ്ഥതയും മുഖാന്തിരമായി നമ്മുടെ വിദ്യാർത്ഥി പ്രസ്ഥാനം വളർന്ന് പ. സഭക്കഭിമാനവും, നമ്മുടെ കുഞ്ഞു ങ്ങൾക്ക് അനുഗ്രഹവും മാർഗ്ഗദർശകവുമായിത്തീരുവാൻ നമുക്ക് പ്രാർത്ഥിക്കുകയും ഇതിന്റെ പ്രവർത്തനങ്ങളിൽ പങ്കു ചേരുകയും ചെയ്യാം.

## പ. വലിയ തിരുമേനിയുടെ സ്മാരകമായി യാക്കോബായ സുറിയാനി സഭയ്ക്ക് പരിസ്ഥിതി കമ്മീഷൻ

ഡോ. ഗീവർഗീസ് കൂറിലോസ് മെത്രാപ്പോലീത്ത



"വെള്ളം തന്റെ സ്രഷ്ടാവി നെ കണ്ടപ്പോൾ രൂപാന്തരപ്പെട്ടു.'' കാനാവിലെ കല്യാണവിരുന്നിൽ കർത്താവ് വെള്ളത്തെ വീഞ്ഞാക്കിയ അത്ഭുതത്തെ സഭാപിതാക്കന്മാർ വ്യാഖ്യാനിക്കുന്നത് ഇപ്രകാരമാണ്. സ്രഷ്ടാവും സൃഷ്ടിയ്ക്കും (പ്രകൃതി) തമ്മിലുള്ള ഈ ജൈവബന്ധത്തിന്റെ തകർച്ചയാണ് ഇന്നത്തെ പരിസ്ഥിതി നാശത്തിന്റെ അടിസ്ഥാനഹേതു. അതുകൊണ്ട് തന്നെ പരിസ്ഥിതിപ്രശ്നം ഒരു ദൈവശാസ്ത്രപ്രശ്നമാണ്. ദൈവം മനുഷ്യനെ മെനഞ്ഞത് മണ്ണുകൊണ്ടാണ്. മണ്ണാണ് മനുജന്റെ ഉണ്മ. ഈ സത്യം മറന്ന് മനുഷ്യൻ മണ്ണിനെ (പ്രകൃതിയെ) കീഴടക്കുന്നതാണ് പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് അടിസ്ഥാനം. നീ മണ്ണാകുന്നു. മണ്ണിലേക്ക് തിരികെച്ചേരും....'' എന്നുള്ള പ്രാർത്ഥനയും പാരിസ്ഥിതിക ധ്വനിയുള്ളതാണ്. ഈ ദൈവശാസ്ത്രവെളിച്ചത്തിലാണ് കാലാവസ്ഥാവ്യതിയാനം ഉൾപ്പെടെയുള്ള രൂക്ഷമായ പാരിസ്ഥിതിക പ്രശ്നങ്ങളുടെ പശ്ചാത്തലത്തിൽ സഭാമക്കളുടെ ഇടയിൽ പാരിസ്ഥിതിക അവബോധം വർദ്ധിപ്പിക്കുവാനും, പ്രകൃതിക്കിണങ്ങിയ ജീവിതശൈലി ശീലിപ്പിക്കുവാനും, പാരിസ്ഥിതിക നീതിക്കുവേണ്ടി നിലകൊള്ളുവാൻ ഉദ്ബോധിപ്പിക്കുവാനും ലക്ഷ്യമാക്കി. പ. യാക്കോബായ സുറിയാനി സഭ പരിസ്ഥിതികമ്മീഷൻ സ്ഥാപിക്കുവാൻ തീരുമാനിച്ചത്. സത്യവിശ്വാസസംരക്ഷകനായ പരിശുദ്ധനായ പൗലോസ് മോർ അത്താനാസ്യോസ് വലിയ തിരുമേനിയുടെ മെത്രാഭിഷേക ശതാബ്ദി ആഘോഷത്തിന്റെ ഭാഗമായി ആഗസ്റ്റ് 8ന് ആലുവായിൽവച്ച് കമ്മീഷൻ ഉദ്ഘാടനം നടത്തുവാനുള്ള ക്രമീകരണങ്ങൾ ചെയ്തുവരുന്നു. പ. വലിയ തിരുമേനിയ്ക്ക് ഏറെ ശ്രദ്ധയുണ്ടായിരുന്ന മേഖലകളായിരുന്നു സണ്ടേസ്കൂൾ പ്രസ്ഥാനവും വിദ്യാർത്ഥിപ്രസ്ഥാനവും. പരിസ്ഥിതിപ്രശ്നങ്ങൾ ഏറ്റവും കൂടുതൽ ബാധിക്കുന്നതും ഇന്നത്തെ കുട്ടികളെയാണ്. അടുത്ത തലമുറയ്ക്ക് ഈ ഭൂമിയിൽ അധിവസിക്കുവാൻ സാധിക്കുമോ എന്ന സന്ദേഹം പ്രബലമായിവരുന്നു. അതിനാൽ ഏറെ ഗൗരവത്തോടെയാണ് പരിസ്ഥിതികമ്മീഷന്റെ പ്രവർത്തനങ്ങളെ നാം കാണേണ്ടത്. കുട്ടികളുടെ തലമുറയെ ഏറെ കരുതിയ പ. വലിയ തിരുമേനിയുടെ മെത്രാഭിഷേക ശതാബ്ദി ആഘോഷവേളയിൽ വലിയ തിരുമേനി കരുതിയ കുട്ടികളെ പ്രതി നമുക്ക് ഭൂമിയേയും പ്രകൃതിയേയും കരുതാം, സ്നേഹിക്കാം, പരിപാലിക്കാം.

## മലങ്കരയിലെ സൺഡേസ്കൂൾ പ്രസ്ഥാനവും വലിയ തിരുമേനിയും

A.D 1920 ധനു മാസത്തിൽ പിറവം സെമ്മിനാരിയിൽ വച്ചാണ് മലങ്കര സൺഡേസ്കൂൾ അസോസിയേഷൻ രൂപം പ്രാപിച്ചത്. അതിന്റെ ജനയിതാവ് അഭിവന്ദ്യനായ വലിയ തിരുമേനിയായിരുന്നു.

A.D 1940 മേടമാസത്തിൽ നടക്കേണ്ടിയിരുന്ന ഒരു വാർഷികം നടക്കാതെ വന്നപ്പോൾ അഭിവന്ദ്യതിരുമേനി തന്നെ മുൻകൈയെടുത്ത് A.D1940 ധനു 19–20 തിയതികളിൽ ആലുവ സെമ്മിനാരിയിൽ യോഗം വിളിച്ചു കൂട്ടുകയും പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുകയും ചെയ്തു.

പിറവം സെമിനാരിയിലെ താമസക്കാരായ വൈദികരുടെ ഉത്സാഹത്താൽ അവിടെയും, അടുത്ത പല സ്ഥലങ്ങളിലും സൺഡേസ്കൂളുകൾ സ്ഥാപിച്ചു നടത്തിക്കൊണ്ടിരുന്നു. ഈ സ്കൂളുകൾ യാതൊരു ഏകീരണവും പരസ്പര ബന്ധവുമില്ലാതെയത്രേ നടന്നുകൊണ്ടിരുന്നത്. ഇവ യോജിച്ചു നടത്തിയാൽ ഐകമത്യ പരിണാമം അനുസരിച്ച് പല ഗുണങ്ങളും ഉണ്ടാകുമെന്നുള്ള ആശയോടുകൂടി അതിനെ സംബന്ധിച്ച് വേണ്ട ആലോചനകൾ നടത്തുന്നതായി 1920 ധനു 12 നു പിറവം സെമ്മിനാരിയിൽ വച്ച് മലങ്കരയുടെ പൗലോസ് മോർ അത്താനാസ്യോസ് മെത്രപ്പൊലിത്താ തിരുമനസ്സിലെ മഹനീയാദ്ധ്യക്ഷതയിൽ ഒരു യോഗം കൂടി. ആ യോഗത്തിലെ നിശ്ചയമനുസരിച്ച് ഈ സൺഡേസ്കൂളുകൾ യോജിപ്പിച്ചു ''സൺഡേസ്കൂൾ അസോസിയേഷൻ'' എന്ന പേരോടുകൂടി ഒരു സ്ഥാപനമുണ്ടാക്കി. പ്രസ്തുത അസോസിയേഷന്റെ പ്രഥമ ഭാരവാഹികളാകാൻ (സെൻട്രൽ കമ്മിറ്റി) ഭാഗ്യമുണ്ടായവർ:– 1. ദിവ്യശ്രീ എം. കുരിയാക്കോസ് കത്തനാർ (പ്രസിഡന്റ്), 2. ദിവ്യശ്രീ പൂവ്വത്തുങ്കൽ തോമസ് കത്തനാർ, 3. ദിവ്യശ്രീ കെ.വി. ഗീവറുഗീസ് ശെമ്മാശ്ശൻ (ഖജാൻജി), 4. തുരുത്തിക്കാട്ടേൽ ഗീവറുഗീസ് ശെമ്മാശ്ശൻ (സെക്രട്ടറി), 5. നെടുംപാമ്പാക്കുട മാത്തു മക്കുദിശ. **പാഠ്യപുസ്തക പരിശോധകന്മാർ:–** 1. ബ. മലങ്കരയുടെ കോനാട്ട് മാത്തൻ മല്പാനച്ചൻ അവറകൾ, 2. ബ. മലങ്കരയുടെ കുഴിക്കാട്ടുകുന്നേൽ ഗീവറുഗീസ് റമ്പാൻ അവർകൾ.

പ്രഥമ വർഷത്തിൽ സണ്ടേസ്കൂൾ അസോസിയേഷനിൽ ആകെ 20 സ്കൂളുകളും 92 അദ്ധ്യാപകന്മാരും 1300–ൽപ്പരം വിദ്യാർത്ഥികളുമാണുണ്ടായിരുന്നത്.

തിരുമേനി നട്ടുവളർത്തിയ സണ്ടേസ്കൂൾ പ്രസ്ഥാനം അതിവേഗം വളർന്നു. പുത്തൻകുരിശിൽ എം.ജെ.എസ്.എസ്.എ. യ്ക്കു വേണ്ടി ആസ്ഥാന മന്ദിരം ഉയർന്നു. സ്വന്തമായി വാങ്ങിയ ഒരേക്കർ സ്ഥലത്ത് ഇരുനില ഓഫീസ് മന്ദിരവും, ഇരുനില കോൺഫറൻസ് ഹാളും, പ്രസ്സ് ഹാളും സ്ഥിതിചെയ്യുന്നു. സ്വന്തമായി പ്രിന്റിംഗ് പ്രസ്സ്, ഡി.റ്റി.പി. സെന്ററർ, ആത്മദീപം മാസിക, ഇംഗ്ലീഷ് മലയാളം പാഠപുസ്തകങ്ങൾ, ബുക്ക് ഡിപ്പോ, ജെ.എസ്.ബി.എസ് എന്നിവ ഇന്ന് അസോസിയേഷനുണ്ട്. 1 മുതൽ 12 വരെ ക്ലാസുകളും, സുറിയാനി ഭാഷാപഠനവും, കൗൺസിലിംഗ് കോഴ്സും അസോസിയേഷന്റെ ആഭിമുഖ്യത്തിൽ നടത്തിവരുന്നു. ഇന്ന് എം.ജെ.എസ്.എസ്.എ. യുടെ കീഴിൽ 74 ഡിസ്ട്രിക്റ്റുകളിലായി 660–ൽപരം സണ്ടേസ്കൂളുകൾ പ്രവർത്തിക്കുന്നു. 8000ത്തിൽ പരം അദ്ധ്യാപകർ നിസ്വാർത്ഥ സേവനം അനുഷ്ഠിക്കുന്ന ഈ മഹൽ പ്രസ്ഥാനത്തിന്റെ കീഴിൽ 70,000ത്തിൽ പരം കുട്ടികൾ പഠിക്കുന്നു. അഭി. കുറിയാക്കോസ് മോർ ദിയസ്ക്കോറോസ് മെത്രാപ്പോലിത്ത സണ്ടേസ്കൂൾ പ്രസ്ഥാനത്തിന്റെ ചുമതല വഹിക്കുന്നു.





# അദ്ധ്യാത്മികതയ്ക്ക് പുതിയ മാനം നല്കിയ പൗലോസ് മോർ അത്താനാസിയസ് വലിയ തിരുമേനി

പോൾ വി. മാത്യു



**വിശ്വാസസംരക്ഷകന്റെ ആഭിമുഖ്യത്തിൽ പ. വലിയ തിരുമേനിയുടെ മഹാ പൗരോഹിത്യ സ്ഥാനാരോഹണ ശതാബ്ദിയോടനുബന്ധിച്ച് നടത്തപ്പെട്ട ഉപന്യാസമത്സരത്തിൽ രണ്ടാം സ്ഥാനം ലഭിച്ചതാണ് ഈ ഉപന്യാസം.**

**പോൾ വി. മാത്യു പൂതൃക്ക സെന്റ് മേരീസ് ഇടവകയിൽ കോലഞ്ചേരി കിങ്ങിണിമറ്റം വാഴയിൽ മത്തായിയുടെയും അന്നമ്മയുടെയും മകനാണ്.**

"നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു ആകുന്നു'' എന്ന് ധൈര്യപൂർവ്വം ഏറ്റുപറഞ്ഞ ശ്ലീഹന്മാരിൽ തലവനായ മോർ പത്രോസിന്റെ വിശ്വാസമാകുന്ന പാറമേൽ പടുത്തുയർത്തപ്പെട്ട പ. സഭ, ആ പരിശുദ്ധ സിംഹാസനത്തോട് കൂറും വിധേയത്വവും ഐക്യദാർഢ്യവും ഉറക്കെ പ്രഖ്യാപിച്ച് മലങ്കര യാക്കോബായ സുറിയാനി സഭയ്ക്ക് നവചൈതന്യവും ഉന്മേഷവും പകർന്നു തന്ന മഹാ പരിശുദ്ധനായിരുന്നു ആലുവായിലെ പരിശുദ്ധനായ പൗലോസ് മോർ അത്താനാസിയോസ് വലിയ തിരുമേനി. നീണ്ട നാൽപതു വർഷത്തെ കഠിനാദ്ധ്വാനവും ഉപവാസവും സമർപ്പണവുമെല്ലാം ഇന്ന് കാണുന്ന ഈ ശ്രേഷ്ഠ സഭയ്ക്ക് ഊടും പാവും നെയ്യുന്നതിന് കാരണഭൂതമായിത്തീർന്നു.പരിശുദ്ധ അന്ത്യോഖ്യ സിംഹാസനത്തോടുള്ള വിധേയത്വത്തിന്റെ കാര്യത്തിൽ ഒരു വിട്ടുവീഴ്ചയ്ക്കും ആ മഹാപരിശുദ്ധൻ തയ്യാറല്ലായിരുന്നു. ഗാന്ധിജിയെക്കുറിച്ച് ആൽബർട്ട് ഐൻസ്റ്റീൻ പറഞ്ഞത് പരിശുദ്ധ വലിയ തിരുമേനിയുടെ കാര്യത്തിലും വളരെ ശരിയാണെന്ന് ചിന്തിച്ചു പോകുന്നു. "അസ്ഥിയും മാംസവുമുള്ള ഇപ്രകാരം ഒരു വ്യക്തി ഈ ഭൂമിയിൽ ജീവിച്ചിരുന്നു എന്ന് അടുത്ത തലമുറ വിശ്വസിക്കില്ല". അതുകൊണ്ടു തന്നെയാണ് വലിയ തിരുമേനി ജീവിച്ചിരുന്നപ്പോൾ തന്നെ ഒരു വിശുദ്ധനായി അറിയപ്പെട്ടത്.

അപ്പോസ്തോലനായ പൗലോസ് എബ്രായർക്കെഴുതിയ ലേഖനം 13: 17 ൽ ഇപ്രകാരം പറയുന്നു "നിങ്ങളോട് വചനം പറഞ്ഞ് നിങ്ങളെ നടത്തിയവരെ ഓർത്തുകൊൾവിൻ അവരുടെ വിശ്വാസം കണ്ട് അത് അനുസരിപ്പിൻ". അതു പിൻതുടരാൻ കൊള്ളാവുന്ന ഒരു മാതൃക നമുക്ക് മുന്നിൽ വരച്ചുകാട്ടിയ ആ മഹാപരിശുദ്ധൻ ഇന്നും നാമോരുരോരുത്തരുടേയും ഹൃദയങ്ങളിൽ വസിക്കുന്നു എന്നതാണ് യാഥാർത്ഥ്യം. പരിശുദ്ധ പിതാക്കന്മാർ പാടിയത് എത്രയോ അർത്ഥവത്താണ്.

''ലോകം താത സഹോദര ജാതിയതും തറവാടും
ആകെ ഉപേക്ഷിച്ചേശുവിനായ് മരണം സ്നേഹിച്ച-
സഹദേന്മാരെ സദാകാലം
സ്മരണം ചെയ്യ്വത് നന്നേറ്റം"

## സത്യവിശ്വാസ സംരക്ഷകൻ

സ്നേഹത്തിന്റേയും കരുണയുടേയും പ്രതീകമായിരുന്ന സമാധാനത്തിന്റെ മാലാഖ ആയിരുന്ന മദർ തെരേസയേപ്പോലെ ജീവിച്ചിരുന്നപ്പോൾ തന്നെ വിശുദ്ധനായി അറിയപ്പെട്ട മഹത് വ്യക്തി പ്രഭാവമായിരുന്നു വലിയ തിരുമേനി. അമ്പാട്ട് മോർ കുറിലോസ് തിരുമേനിയുടേയും മഹാപരിശുദ്ധനായ പരുമല കൊച്ചുതിരുമേനിയുടേയും ശിഷ്യത്വത്തിൽ പഠിച്ച വലിയ തിരുമേനി മഹാപരിശുദ്ധനായി എന്നതിൽ ഒട്ടും അതിശയോക്തിയില്ല. 'അന്ത്യോഖ്യയുടെ സിംഹം' എന്നറിയപ്പെടുന്ന പരിശുദ്ധ അപ്രേം പ്രഥമൻ പാത്രിയർക്കീസ് ബാവ അദ്ദേഹത്തിനു നല്കിയ അതിവിശിഷ്ട നാമമാണ് 'സ്നഗീറോ ദ് ഹൈമോനൂസോ' (വിശ്വാസ സംരക്ഷകൻ)മറ്റാർക്കും ലഭിക്കാത്ത ഈ മഹത് പദവിക്ക് അദ്ദേഹം തികച്ചും യോഗ്യനായിരുന്നു. പരിശുദ്ധ തിരുമേനി എപ്പോഴും പറയുന്ന ഒരു വാചകമുണ്ടായിരുന്നു. 'അന്ത്യോഖ്യാ വിശ്വാസത്തിൻ കീഴിൽ ഞാൻ ജനിച്ചു വളർന്നെങ്കിൽ അതിൽത്തന്നെ മരിക്കും' അതുകൊണ്ടു തന്നെയാണ് പരിശുദ്ധ പാത്രിയർക്കീസ് ബാവ പറഞ്ഞത് 'നമ്മുടെ സിംഹാസനത്തിന്റെ പാതിസ്വത്തായാൽ പോലും അത്താനാസിയോസിന് നല്കാൻ നാം മടിക്കില്ല.' ഹോംസിലെ പരിശുദ്ധ പാത്രിയർക്കീസ് ബാവായുടെ പ്രൈവറ്റ് റൂമിലെ ഏകമെത്രാപ്പോലീത്തായുടെ ചിത്രം 'വലിയ തിരുമേനി' ആണെന്നറിയുമ്പോൾ അതിന്റെ മഹത്വം ഊഹിക്കാവുന്നതേയുള്ളൂ.

''നീതിമാന്റെ ഓർമ്മ അനുഗ്രഹിക്കപ്പെട്ടത്"

## ജനനവും ബാല്യവും

സുപ്രസിദ്ധമായ അകപ്പറമ്പ് മാർ സാബോർ അഫ്രോത്ത് പള്ളിയിലെ പൈനാടത്ത് കുറ്റിക്കാട്ടിൽ മത്തായിയുടേയും കുഞ്ഞന്നത്തിന്റേയും മകനായി 1869 ജനുവരി 23 ന് പരിശുദ്ധ തിരുമേനി ഭൂജാതനായി. വളരെ ചെറുപ്പത്തിൽ തന്നെ എല്ലാവരുടേയും ഓമനയായി മാറിയിരുന്നു 'കുഞ്ഞിപൗലോ'. ലാളിത്വവും, ശബ്ദമാധുര്യവും, ആകാര സൗഷ്ഠവവും എല്ലാം തിരുമേനിയെ എല്ലാവർക്കും പ്രിയങ്കരനാക്കി തീർത്തു. അഭിവന്ദ്യ അമ്പാട്ട് കൂറിലോസ് തിരുമേനി അദ്ദേഹത്തെ വളരെ സ്നേഹിക്കുകയും ലാളിക്കുകയും ചെയ്തു. ബാലന്റെ അസാമാന്യ മികവിൽ തൃപ്തനായ കൂറിലോസ് തിരുമേനി പത്താം വയസ്സിൽ വലിയ തിരുമേനിക്ക് ശെമ്മാശ പട്ടം നല്കി. കൂറിലോസ് തിരുമേനിയുടെ കീഴിലുള്ള വിലപ്പെട്ട നാളുകൾ വലിയ തിരുമേനിക്ക് പുതിയ കാഴ്ചപ്പാടും ദിശാബോധവും നല്കി. എന്നാൽ, 1891 ൽ കൂറിലോസ് തിരുമേനി വേർപെട്ടത് വലിയ തിരുമേനിക്ക് അടക്കാനാവാത്ത ദുഃഖം ഉളവാക്കി.

## പഠനവും പട്ടത്വവും

ഹൈസ്കൂൾ പഠനവും, എം.ഡി സെമിനാരിയിൽ ഉന്നത പഠനവും അദ്ദേഹം നിർവ്വഹിച്ചു. പരിശുദ്ധപരുമല തിരുമേനിയുടെ അരുമ ശിഷ്യനായി ഈ സമയത്തിനുള്ളിൽ വലിയ തിരുമേനി മാറിയിരുന്നു. അദ്ധ്യാപകനായി സേവനം അനുഷ്ഠിക്കുമ്പോഴാണ് ഭീകരമായ ടൈഫോയ്ഡ് രോഗം അദ്ദേഹത്തെ ബാധിച്ചത്. അത്യാസന്നനായ വലിയ തിരുമേനിക്ക് തൈലാഭിഷേകം നടത്തി. അദ്ദേഹത്തെ ശുശ്രൂഷിച്ച പിതാവും സഹോദരിയും രോഗബാധയാൽ മരണമടഞ്ഞു. അത് ഒരു സമർപ്പണത്തിന്റെ തുടക്കമായിരുന്നു. തന്നെ വീണ്ടെടുത്ത നാഥനായി സമ്പൂർണ്ണമായി സമർപ്പിച്ചു കൊണ്ട് തുടർന്നുള്ള കാലം ജീവിക്കുമെന്ന് അദ്ദേഹം തീരുമാനിച്ചു.

1896 നവംബർ 25 ന് കശ്ശീശയായും നവംബർ 28 ന് റമ്പാനായും പ. പരുമല തിരുമേനിയാൽ അദ്ദേഹം ഉയർത്തപ്പെട്ടു. നവചൈതന്യമുള്ള ഒരു യോദ്ധാവായി അദ്ദേഹം സഭയിൽ ശ്രദ്ധപിടിച്ചുപറ്റി. എന്നാൽ, 1902 നവംബർ രണ്ടിന് തന്റെ വാത്സല്യഗുരു മഹാപരിശുദ്ധനായ പരുമല കൊച്ചുതിരുമേനി വേർപെട്ടത് അദ്ദേഹത്തിന് അടക്കാനായില്ല.

## മഹാപൗരോഹിത്യ പദവിയിലേക്ക്

ചുരുങ്ങിയ കാലയളവുകൊണ്ടുതന്നെ മികച്ച സേവനത്തിലൂടെ അദ്ദേഹം ശ്രദ്ധേയനായിരുന്നു. തിരുമേനിയുടെ വിനയവും ജ്ഞാനവും, അന്ത്യോഖ്യാ സിംഹാസനത്തോടുള്ള വിധേയത്വവും അദ്ദേഹത്തെ വേറിട്ട വ്യക്തിത്വമാക്കി മാറ്റി. അങ്ങനെ 1910 ജൂൺ 9 ന് പരിശുദ്ധ അബ്ദുള്ള പാത്രിയർക്കീസ് ബാവ പൗലോസ് മോർ അത്താനാസിയോസ് എന്ന പേരിൽ അദ്ദേഹത്തെ മെത്രാപ്പോലീത്തയായി വാഴിച്ചു. ഇതിനിടയിൽ പരുമല സെമിനാരിയുടേയും ആലുവ സെമിനാരിയുടേയും നിർമ്മാണ പ്രവർത്തനങ്ങൾക്ക് വലിയ തിരുമേനി നല്കിയ നേതൃത്വം വിവരണാതീതമാണ്.

പരിശുദ്ധ അബ്ദുള്ള പാത്രിയർക്കീസ് ബാവായോടൊപ്പം 1911 ആഗസ്റ്റിൽ വി. മൂറോൻ കൂദാശയക്കു വേണ്ട ക്രമീകരണങ്ങൾ ചെയ്തത് വലിയ തിരുമേനിയായിരുന്നു. പിന്നീടങ്ങോട്ട് ഒരു പടക്കുതിരയുടെ വേഗതയിലായിരുന്നു വലിയ തിരുമേനിയുടെ ജൈത്രയാത്ര. വിവിധങ്ങളായ കേസുകളാൽ വീണ്ടും എഴുന്നേറ്റും സഭയെ അത്യുന്നതങ്ങളിൽ എത്തിക്കാൻ വലിയ തിരുമേനി നടത്തിയ പ്രയത്നം അനുപമമാണ്. സമാധാന സന്ധികളും, വട്ടമേശ സമ്മേളനങ്ങളും, സമുദായക്കേസുകളും തുടങ്ങി സകല പ്രശ്നങ്ങളേയും അദ്ദേഹം സധൈര്യം നേരിട്ടു. മലങ്കരയാക്കോബായ സുറിയാനി സഭയെ സംബ ന്ധിച്ചിടത്തോളം ഒരിക്കലും തളരാത്ത പരിശുദ്ധനായിരുന്നു ആലുവായിലെ പരിശുദ്ധനായ പൗലോസ് മോർ അത്താനാസിയോസ് വലിയ തിരുമേനി.

## ആദ്ധ്യാത്മികതയ്ക്ക് പുതിയ മാനം

പ്രാർത്ഥനയെന്ന വാളാൽ പ്രതിസന്ധികളെ വെട്ടിയകറ്റിയും സഹിഷ്ണുത എന്ന ആയുധത്താൽ ശത്രുവിനെ ലജ്ജിതനാക്കിയും സമാധാന പ്രിയനായ പരിശുദ്ധ തിരുമേനി സഭയുടെ ഐശ്വര്യവും കെട്ടുറപ്പും നിലനിർത്താൻ അക്ഷീണം പരിശ്രമിച്ചു. വാത്സല്യവും, സനേഹവും, ലാളിത്യവും തുളുമ്പുന്ന സംഭാഷണത്താൽ ഈ ഭൂമിയിൽ ഒരു സ്വർഗ്ഗം സൃഷ്ടിച്ച പുണ്യവാൻ ആരോഗ്യവും, അദ്ധ്വാനവും എന്തിന് ജീവിതം തന്നെ അന്ത്യോഖ്യാ മലങ്കര ബന്ധവും സത്യവിശ്വാസവും സംരക്ഷിക്കാൻ ഉഴിഞ്ഞുവച്ച മഹാപരിശുദ്ധൻ! പ്രത്യാശയോടും ധൈര്യത്തോടും എല്ലാ പ്രതിസന്ധിയേയും നേരിട്ട് നിത്യനാടിനെ കാത്തിരുന്ന ക്രിസ്തുവിന്റെ പോരാളി!

## ആദ്ധ്യാത്മികതയ്ക്കൊരു നവോത്ഥാനം

അന്ത്യോഖ്യാ വിശ്വാസത്തിനെതിരായുള്ള സകല ദുഷ്ടശക്തിയേയും ഉപദേശങ്ങളേയും ചീന്തിയെറിയുവാൻ സദാഉത്സുകനായിരുന്നു വലിയ തിരുമേനി. വലിയ തിരുമേനി തുടങ്ങിവച്ച സഭയിലെ മഹത് പ്രസ്ഥാനങ്ങൾ ആദ്ധ്യാത്മികതയ്ക്ക് പുതിയ മാനം നല്കി.

## ആത്മീയ പ്രസ്ഥാനങ്ങൾ/ ഭക്ത സംഘടനകൾ

സണ്ടേസ്കൂൾ പ്രസ്ഥാനം, മർത്തമറിയം വനിതാസമാജം, വിദ്യാർത്ഥി പ്രസ്ഥാനം, വൈദിക സംഘം തുടങ്ങിയ വിവിധ ആത്മീയ പ്രസ്ഥാനങ്ങളിലൂടെ വലിയ തിരുമേനി നേടിയെടുത്ത വിജയം മഹത്വമെന്നു തന്നെ പറയാം. ചിതറിക്കിടന്ന വിശ്വാസികളെ വിശ്വാസത്തിൽ ഒന്നിക്കാൻ അദ്ദേഹം ചെയ്ത ഈ മഹാത്യാഗം ആത്മികരംഗത്തെ വലിയ മുന്നേറ്റമാണ്. 1920 കാലഘട്ടത്തിൽ ആരംഭിച്ച M J S S A യുടെ ഇന്നത്തെ വളർച്ചയും വ്യാപ്തിയും കാണുമ്പോൾ അഭിമാനിക്കാത്ത ഒറ്റ വ്യക്തിയും ഇല്ലന്നുപറയാം.

"Dream,Dream,Dream, Dream changes to thought, thought changes to actions"മിസൈലുകളുടെ പിതാവായ Dr.A.P.J.അബ്ദുൾ കലാം പറഞ്ഞത് വലിയ തിരുമേനിയെ സംബന്ധിച്ചിടത്തോളം എത്ര അർത്ഥവത്താണ്. ചിതറിക്കിടന്ന സഭയെ അന്ത്യോഖ്യാ വിശ്വാസത്തിൽ കെട്ടിയുറപ്പിക്കാനുള്ള പരിശുദ്ധ പിതാവിന്റെ ദീർഘവീഷണം ശ്ലാഘനീയം തന്നെ

"ബാലൻ നടക്കേണ്ടുന്ന വഴിയിൽ അവനെ അഭ്യസിപ്പിക്ക വൃദ്ധനായാലും അവനത് വിട്ടുമാറുകയില്ല.''

''യൗവനകാലത്ത് നിന്റെ സ്രഷ്ടാവിനെ ഓർത്തുകൊൾക"

വി. വേദപുസ്തകം അദ്ദേഹത്തിനു നല്കിയ പ്രചോദനം വിവരിക്കേണ്ടതില്ലല്ലോ.പരിശുദ്ധ സഭയാകുന്ന വൃക്ഷത്തിൻെറ ശിഖരങ്ങളാകുന്ന വിശ്വാസികളെ അന്ത്യോഖ്യാ വിശ്വാസത്തിൽ ഒന്നിപ്പിക്കുവാനുള്ള പരിശുദ്ധ തിരുമേനിയുടെ ദീർഘവീക്ഷണവും സമർപ്പണവും എത്ര വലുതാണ്.

## സമാധാനപരമായ മുന്നേറ്റം

നമ്മുടെ സഭ ഇന്നു പിൻതുടരുന്ന മാതൃകാപരമായ മുന്നേറ്റം പരിശുദ്ധ തിരുമേനിയിൽ നിന്നും ശ്രേഷ്ഠ കാതോലിക്ക ബാവായ്ക്ക് പകർന്ന് ലഭിച്ച ധൈര്യത്തിന്റെ പ്രതീകമായി തോന്നുന്നു. ശത്രുപക്ഷം തകർക്കാനായി സകല ഉപായങ്ങളും പ്രയോഗിക്കുമ്പോൾ തികച്ചും അക്ഷോഭ്യനായി പ്രാർത്ഥനയാലും ഉപവാസത്താലും സമാധാനത്തോടെ നേരിടുക അദ്ദേഹത്തിന്റെ സ്വഭാവവിശേഷമായിരുന്നു.

വലിയ തിരുമേനിയുടെ നല്ലൊരു കാലം സമാധാനശ്രമങ്ങൾക്കായി ചെലവഴിച്ചു എന്ന് പറയാതെവയ്യ.1911/1913 ലെ കക്ഷിവിഭജനവും വട്ടശ്ശേരിൽ തിരുമേനിയുടെ തന്ത്രങ്ങളും 1913 ലെ വട്ടിപ്പണക്കേസും സമുദായക്കേസുകളും തുടങ്ങി നിരവധി പ്രതിസന്ധികളിലൂടെ വലിയ തിരുമേനി കടന്നുപോയി. എന്നാൽ, സമാധാന ശ്രമങ്ങൾക്കായി അദ്ദേഹം നിരന്തരം അദ്ധ്വാനിച്ചു.

ക്നാനായ ഭദ്രാസനാധിപനായ ദിയസ്ക്കോറോസ് മലങ്കര റീത്തിലേക്ക് കൂറുമാറിയപ്പോഴും ഔഗേൻ മാർ തീമോത്തിയോസ് കാതോലിക്ക സ്ഥാനത്തേക്ക് എടുത്തു ചാടിയപ്പോഴും പരിശുദ്ധ തിരുമേനി ഹൃദയത്തകർച്ചയോടെ നിലവിളിച്ചു, എങ്കിലും, ക്ഷമയോടും സഹിഷ്ണുതയോടുംവട്ടമേശ സമ്മേളനങ്ങളും (ആലുവ, കോട്ടയം) സമാധാനസന്ധികളുമായി അദ്ദേഹം മാതൃകാപരമായി മുന്നേറി

## സമർപ്പണത്തിന്റെ ഇടയത്വം

പ്രശ്നസങ്കീർണ്ണമായ ചുറ്റുപാടുകളിലും, വേദനയും ദുഃഖവും അടിക്കടി ഏറിവന്നപ്പോഴും പരിശുദ്ധനായ വലിയ തിരുമേനിയുടെ സമർപ്പണത്തിന് ഒരു മാറ്റവും വന്നില്ല. അദ്ദേഹം ഒരിക്കൽ പറഞ്ഞത് ഇപ്രകാരമാണ്.

''ലോകം എനിക്കെതിരാണ്. എന്നാൽ, ഞാൻ ലോകത്തിനെതിരും"

വലിയ തിരുമേനി എപ്പോഴും പറയുമായിരുന്നു.

''മക്കളെ നാം ഒരിക്കലും ആർക്കും ഇടർച്ചയാകരുത്"

ക്രിസ്തുവിന്റെ സ്നേഹത്തിൽ നിന്നെന്നെ വേർപിരിക്കുന്നതാർ കഷ്ടതയോ, പട്ടിണിയോ, നഗ്നതയോ, ആപത്തോ, വാളോ? ഇവയൊന്നിനും ക്രിസ്തുവിന്റെ സ്നേഹത്തിൽ നിന്നെന്നെ വേർപിരിക്കാൻ സാദ്ധ്യമല്ല." അതായിരുന്നു ആ താപസശ്രേഷ്ഠൻ നമുക്ക് കാട്ടിത്തന്നത്.ആരേയും പകയ്ക്കാതെ സ്നേഹവും വാത്സല്യവും മാത്രം പകർന്നുതന്ന ആ ഋഷ്യവര്യൻ, ആ സൂര്യൻ ഒരിക്കലും അസ്തമിക്കില്ല. ആ ദിവ്യ പ്രകാശം എന്നും ജ്വലിക്കുക തന്നെചെയ്യും.

ലോകവും ദൈവവും, ആത്മീകതയും ഭൗതികതയും കൂട്ടിക്കുഴയ്ക്കാത്ത മഹാപരിശുദ്ധൻ.

വിശ്വാസ സംരക്ഷണത്തിന്റെ മാതൃക

വി. വചനം പറയുന്നു ''ആകയാൽ വിശ്വാസം കേൾവിയാലും കേൾവി ക്രിസ്തുവിന്റെ വചനത്താലും വരുന്നു.'' പരിശുദ്ധ പിതാക്കന്മാർ രക്തവും വിയർപ്പും ഒഴുക്കിസമ്പാദിച്ച ഈ സഭയെ അന്യശക്തികൾക്ക് വിട്ടുകൊടുക്കില്ല എന്ന ദൃഢനിശ്ചയം. അതെ, അതു തന്നെയാണ് തിരുമേനിയെ വേറിട്ട് നിർത്തുന്നത്. കാലാകാലങ്ങളിൽ അന്ത്യോഖ്യാ പ്രതിനിധിയുടെ കീഴിൽ അനുസരണമുള്ള മക്കളായി പ. അബ്ദുള്ള, പ. അപ്രേം തുടങ്ങിയ പാത്രിയർക്കീസന്മാരുടെ സ്നേഹഭാജനമായി മാറിയ തിരുമേനി നമുക്ക് കാട്ടിത്തന്നത് അതുമാത്രം

'അന്ത്യോഖ്യാ മലങ്കരബന്ധം നീണാൽ വാഴട്ടെ'

വയലിപ്പറമ്പിൽ ഗീവർഗീസ് മോർ ഗ്രിഗോറിയോസ്, പൗലോസ് മോർ സേവേറിയോസ്, പൗലോസ് മോർ പീലക്സീനോസ് തുടങ്ങിയ പിതാക്കന്മാർ വാഴിക്കപ്പെട്ടതോടെ സഭയുടെ കെട്ടുറപ്പു വർദ്ധിച്ചു അതെ അതായിരുന്നു പരിശുദ്ധനായ വലിയ തിരു മേനിയുടെ ആഴമായ സത്യവിശ്വാസം.

## ഉപസംഹാരം

''ഞാൻ നല്ല പേർ പൊരുതു വിശ്വാസം കാത്തു. ഇനി നീതിയുടെ കിരീടം എനിക്കായി വച്ചിരിക്കുന്നു" എന്ന പൗലോസ് അപ്പോസ്തോലൻ പറഞ്ഞതുപോലെ അന്ത്യോഖ്യാ വിശ്വാസത്തിൻ കീഴിൽ മലങ്കര സഭയെ അണിനിരത്താൻ അക്ഷീണം പരിശ്രമിച്ച് സമാധാനത്തിന്റെ കാവലാളായ ആ മഹാപരിശുദ്ധൻ 1953 ജനുവരി 25 ന് താൻ പ്രിയംവച്ച മഹാ ഇടയന്റെ സന്നിധിയിലേക്ക് കടന്നുപോയി. എന്നാൽ, ആ വിശ്വാസവും ചൈതന്യവും സമർപ്പണവും ഇന്നും തേജസോടെ വിളങ്ങി നില്ക്കുന്നു.

''പരിശുദ്ധ വലിയ തിരുമേനിയുടെ ഓർമ്മ അനുഗ്രഹിക്കപ്പെട്ടത്''

''മോർ അത്താനാസിയോസിനർത്ഥനയാൽ സഭയിൽ
നിന്നും നീക്കുക ക്രോധത്തെ
നല്കുക ശാന്തി സമാധാനം
നിൻ വത്സലനെ ഓർക്കുന്നോർക്കേകുക
ചേർക്കുക രക്ഷിതസഭയിൽ"



# സത്യവിശ്വാസ സംരക്ഷകനായ ആലുവായിലെ പരിശുദ്ധനായ വലിയ തിരുമേനി

## വിശുദ്ധിയുടെ വേദശാസ്ത്ര മാനങ്ങൾ



### മോർ മാത്യൂസ് അപ്രേം മെത്രാപ്പോലീത്ത

### ആമുഖം

ആകമാന സുറിയാനി സഭയുടെ പരമാദ്ധ്യക്ഷനായ പ. പാത്രിയർക്കീസ് ബാവാ ഋഷിതുല്യമായ ജീവിതം വഴിയായി വിശ്വാസികളുടെ മനസ്സിൽ ചിരപ്രതിഷ്ഠ നേടിയ ആളുകൾക്ക് നൽകുന്ന ഔദ്യോഗിക അംഗീകാരമാണ് വിശുദ്ധ പ്രഖ്യാപനം. ഇംഗ്ലീഷിൽ Beatification എന്ന പദമാണ് വിശുദ്ധ പ്രഖ്യാപന ത്തിന് ഉപയോഗിക്കുന്നത്. വാഴ്ത്തപ്പെടുക എന്നർത്ഥമുള്ള Beatus എന്ന ലാറ്റിൻ ഭാഷയിൽ നിന്നുത്ഭവിച്ചതാണ്. ഈ പദം സഭാ ചരിത്രത്തിൽ 4-ാം നൂറ്റാണ്ടിൽ കാർത്തേജിലുള്ള സഭയിലാണ് ഈ പദം ആദ്യമായി ഉപയോഗിച്ചത്.

### പൗലോസ് മാർ അത്തനാസിയോസ് വലിയ തിരുമേനി

1869 ജനുവരി 23ന് അകപ്പറമ്പ് ഇടവകയിൽ നായത്തോട് കരയിൽ തെക്കേക്കര എന്നുകൂടി പേരുള്ള പൈനാടത്ത് കുറ്റിക്കാട്ടിൽ മത്തായിയുടെയും കുഞ്ഞന്നത്തിന്റെയും പുത്രനായി ജനിച്ചു. അമ്പാട്ട് ഗീവർഗീസ് മാർ കൂറിലോസ് തിരുമേനി കോറൂയോ പട്ടവും, പ. പരുമല തിരുമേനി കശ്ശീശ പട്ടവും റമ്പാൻ സ്ഥാനവും നൽകി. 1910 ജൂൺ 9ന് പ. അബ്ദുള്ള പാത്രിയർക്കീസ് ബാവ മെത്രാപ്പോലിത്തയായി വാഴിച്ചു. ജീവിച്ചിരുന്നപ്പോൾ തന്നെ വിശുദ്ധനെന്ന് ലോകം അംഗീകരിച്ച പ്രധാനാചാര്യനായിരുന്നു.

### വിശുദ്ധിയുടെ വേദശാസ്ത്ര മാനങ്ങൾ

ദൈവിക സ്വാഭാവം: വിശുദ്ധി ദൈവത്തിന്റെ ഗുണ വൈശിഷ്ട്യമാണ്. (യെശ. 6:3, സങ്കീ. 92:12, പുറപ്പാ. 11:6). ദൈവത്തിന്റെ വിശുദ്ധിയിൽ പങ്കുകാരാകുക എന്നത് ദൈവജനത്തിന്റെ അടിസ്ഥാനധർമ്മമാണ്. ഇംഗ്ലീഷ് ഭാഷയിലെ Holiness എന്ന പദത്തിന് Wholness അഥവാ Completness എന്നീ അർത്ഥങ്ങളുണ്ട്. അതു കൊണ്ട് വിശുദ്ധി എന്നത് സമ്പൂർണ്ണതയുടെ ഒരവസ്ഥയാണ്. വിശ്വാസികളുടെ ആത്മീകമായ ഈ ലക്ഷ്യത്തിൽ വിശുദ്ധന്മാർ തങ്ങളുടെ നിർമ്മല ജീവിതം വഴി ഈ പൂർണ്ണത നേരത്തെ തന്നെ പ്രാപിക്കുന്നു.ആദിമസഭയിൽ ഈ പദം ക്രിസ്ത്യാനികൾക്കു പൊതുവായി ഉപയോഗിക്കപ്പെട്ടിരുന്നു. പിൽക്കാലത്ത് രക്തസാക്ഷികൾക്കും ക്രൈസ്തവ പീഡയേറ്റവർക്കും കൂടുതലായി ഉപയോഗിക്കപ്പെടുകയും അവരുടെ രക്തസാക്ഷി ദിനം ആചരിക്കുകയും ചെയ്തിരുന്നു.

### വ്യക്തിത്വത്തിന്റെ സമ്പൂർണ്ണ സമർപ്പണം

ഒരു വിശ്വാസി വിശുദ്ധിയിലേക്ക് വളരുന്നതിന്റെ പ്രാഥമികമായ ഘട്ടം ദൈവിക പദ്ധതിക്ക് സ്വയമായി സമർപ്പിക്കുക എന്നതാണ്. (റോമർ 6:22, എഫേ 6:4) സമർപ്പണം എന്ന ഈ ആശയം വിശുദ്ധിയെക്കുറിച്ച് എബ്രായ ഭാഷയിൽ രേഖപ്പെടുത്തിയിരിക്കുന്ന Kedushah എന്ന പദത്തിൽ തന്നെ അടങ്ങിയിരിക്കുന്നു. ഈ എബ്രായ പദത്തിന് വേർതിരിച്ചത് അഥവാ മാറ്റി നിർത്തിയത് എന്നീ അർത്ഥങ്ങളാണ്. ഒരു വ്യക്തിയുടെ ജീവിതം സമ്പൂർണ്ണമായി ദൈവത്തിനുവേണ്ടി മാറ്റി വയ്ക്കുമ്പോഴാണ് വിശുദ്ധി പ്രാപിക്കുന്നത്.

### സാമൂഹിക മാനം

ക്രൈസ്തവ പാരമ്പര്യങ്ങളിൽ വിശുദ്ധി പ്രാപിക്കുന്നതിന് വ്യക്തിപരമായ സമർപ്പണത്തോടൊപ്പം, സമൂഹത്തിന്റെ മൊത്തമായ പരിവർത്തനത്തിനുവേണ്ടിയുള്ള പ്രവർത്തനവും ആവശ്യമാണ്. അതുകൊണ്ട് ക്രിസ്തീയ വേദശാസ്ത്രത്തിൽ മനുഷ്യാസ്ഥിത്വത്തിന്റെ എല്ലാ മേഖലകളിലെയും ഭാവവത്കരണമാണ് വിശുദ്ധി എന്നത്. ഈ ഒരു കാഴ്ചപ്പാട് സമൂഹ നന്മയ്ക്കുവേണ്ടിയുള്ള ക്രിയാത്മകമായ ഇടപെടലിലേക്ക് ക്രൈസ്തവരെ നയിക്കുന്നു. സമൂഹത്തിലുള്ള ഘടനാപരമായ പാപം ഇല്ലാതാക്കുന്നതിനും ഒരു നവീന സമൂഹം പടുത്തുയർത്തുന്നതിനും സമൂഹത്തിന്റെ ഒന്നിച്ചുള്ള വിശുദ്ധീകരണവും ഇതുവഴി സാധ്യമാകുന്നു. ഇവിടെ വ്യക്തി പരവും സാമൂഹി കവുമായ വിശുദ്ധിക്ക് ക്രിസ്തീയ വേദശാസ്ത്രം പ്രാധാന്യം നൽകുന്നു.

### കർമോൻമുഖത

ക്രിസ്തീയ വിശുദ്ധിയെ പലപ്പോഴും സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്നുള്ള ഒരു പിൻമാറ്റമായി തെറ്റായി വ്യാഖ്യാനിക്കാറുണ്ട്. ഒരുവനെ വിശുദ്ധനാക്കി തീർക്കുന്നതിൽ കർമ്മങ്ങൾക്ക് വലിയ സ്വാധീനമുണ്ട്. ഈ കർമോൻമുഖത നിലനിർത്തുന്നത് ഒരു വിശ്വാസിയുടെ സമൂഹത്തിലുള്ള ശക്തമായ ഇടപെടൽ നിലനിർത്തുന്നത് ഒരു വിശ്വാസിയുടെ സമൂഹത്തിലുള്ള ശക്തമായ ഇടവെടലുകൾ വഴിയാണ്. സാധാരണക്കാരുടെ ജീവിത യാഥാർത്ഥ്യങ്ങളിലേക്ക് ഇറങ്ങിച്ചെല്ലുകയും അവരുടെ പ്രശ്നങ്ങളിൽ അവരെ സഹായിക്കുകയും ചെയ്യുന്നത് വിശുദ്ധിയുടെ നിദർശനങ്ങളാണ്. ക്രിസ്തീയ വേദശാസ്ത്രത്തിൽ വിശുദ്ധി എന്നാൽ യോഗാത്മകം കർമ്മോൻമുഖം എന്നീ തലങ്ങൾ സമ്മേളിക്കുന്നതാണ്.

### ധാർമ്മികമാനം

നീതിയിൽ അധിഷ്ഠിതമായ പ്രവർത്തനവും, നീതി നിർവ്വഹണവും വിശുദ്ധി പ്രാപിക്കുവാൻ ഒരു വിശ്വാസിക്ക് അത്യന്താപേക്ഷിതമായ ഘടകങ്ങളാണ്. സുറിയാനി ഭാഷയിൽ വിശുദ്ധർക്കായി ഉപയോഗിക്കുന്ന സാദീക്കോ എന്ന പദം നീതിമാൻ, വിശുദ്ധൻ എന്നിങ്ങനെ തർജ്ജമ ചെയ്യപ്പെട്ടിരിക്കുന്നു. ഇത് ധാർമ്മീകതയും, വിശുദ്ധിയും പരസ്പരം പൂരകങ്ങളാകുന്നു എന്നതിന് ഉത്തമ നിദർശനമാണ്. നീതി നിഷേധിക്കപ്പെട്ട സമൂഹത്തിൽ നീതി നിർവ്വഹണം മനുഷ്യനെ വിശുദ്ധിയിലേക്ക് നയിക്കുന്നു. ആഗോളവത്കരണത്തിലും, കമ്പോളസംസ്കാരത്തിലും, മാത്സര്യത്തിലും അടിസ്ഥാനപ്പെട്ടിരിക്കുന്ന പുതിയ സാമൂഹിക ക്രമത്തിൽ പലർക്കും നീതി നിഷേധിക്കപ്പെടുന്നുണ്ട്. ഭൂമിക്ക് വേണ്ടിയുള്ള ആദിവാസി സമൂഹത്തിന്റെ ചെറുത്തു നില്പും തിരസ്ക്കരികപ്പെട്ട ദളിത് സമൂഹത്തിന്റെ ഉയിർത്തെഴുന്നേല്പും നീതിക്കുവേണ്ടിയുള്ള സമരങ്ങളാണ്. ക്രിസ്തീയ വിശുദ്ധിയെക്കുറിച്ചുള്ള ഈ വേദശാസ്ത്രദർശനം നീതിയിൽ അധിഷ്ഠിതമായതും തുല്യത നിലനിൽ ക്കുന്നതുമായ ഒരു സമൂഹത്തെ കെട്ടിപ്പെടുത്താൻ നമ്മെ സഹായിക്കും.

### വളർച്ചയുടെ അനുഭവം

ഒരു വിശ്വാസി വിശുദ്ധത പ്രാപിക്കുന്നത് ക്രമീകൃതമായ ആത്മീയ പരിശീലനത്തിലൂടെയാണ്. ഇവിടെ വിശുദ്ധി ഒരു വളർച്ചയുടെ അനുഭവവും അതിലെ പൂർണത യുഗാന്ത്യത്തിൽ സംഭവിക്കുന്നതുമാണ്. പൗരസ്ത്യ വേദശാസ്ത്രത്തിൽ വിശുദ്ധിയെ മനസ്സിലാക്കുന്നത് ദൈവവത്കരണമായിട്ടാണ് മനുഷ്യനിലുള്ള വിശുദ്ധിയുടെ തീവ്രതയിൽ ഏറ്റക്കുറച്ചിലുകൾ ഈ അർത്ഥത്തിൽ കാണാ വുന്നതാണ്. വിശുദ്ധിയുടെ ഈ ചലനാത്മകത അവയെ വിശ്വാസികൾക്ക് അനുകരണീയമായ മാതൃകയാക്കി തീർക്കുന്നു.



## മോർ അത്താനാസിയോസ് ഏലിയാസ് മെത്രാപ്പോലീത്ത

അതിപുരാതനമായ അകപ്പറമ്പ് ശാബോർ അഫ്രോത്ത് യാക്കോബായ സുറിയാനി പള്ളി ഇടവകയിൽ പൈനാടത്ത് കുടുംബത്തിൽ മത്തായിയുടെയും, അന്നമ്മയുടെയും മകനായി 1869 ജനുവരി 23-ാം തീയതി ഭൂജാതനായി തിരുമേനി കൂഞ്ഞിപൗലോ എന്ന ഓമന പ്പേരിലാണ് അറിയപ്പെട്ടിരുന്നത്.

അങ്കമാലി ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്തയായിരുന്ന പുണ്യവാനായ അമ്പാട്ട് ഗീവർഗീസ് മാർ കൂറിലോസ് തിരുമേനിയിൽനിന്നും പുരാതന പ്രസിദ്ധമായ അങ്കമാലി സെന്റ് മേരീസ് പള്ളിയിൽവച്ച് 1879 ഏപ്രിൽ 21-ാം തീയതി പുതുഞ്ഞായറാഴ്ച കുഞ്ഞിപൗലോ കോറൂയോ സ്ഥാനം ഏറ്റു. അന്ന് പരി. പിതാവിന് പത്തുവയസ് മാത്രമാണ് പ്രായം. തുടർന്ന് അമ്പാട്ട് ഗീവറുഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്തായുടെ കീഴിൽ വൈദിക വിദ്യാഭ്യാസം പൂർത്തീകരിച്ചു.

എം.ഡി. സെമിനാരിയിൽ അദ്ധ്യാപകനായി ചേർന്നുവെങ്കിലും അത്യുഗ്രമായ പനി ബാധിച്ചതിനാൽ അധികകാലം തുടരുവാൻ സാധിച്ചില്ല. അവിടുത്തെ ചികിത്സകൊണ്ടു ഫലം കിട്ടാതെ വന്നപ്പോൾ വീട്ടുകാരുടെ നിർബന്ധത്തിന് വിധേയനായി സ്വഭവനത്തിലേക്ക് തിരിച്ചുപോന്നു. യാത്രയിൽ വള്ളത്തിൽവച്ച് രോഗം മൂർച്ചിക്കുകയും ശെമ്മാശന് തൈലാഭിഷേക കൂദാശ നൽകുകയും ചെയ്തു. വീട്ടിൽ എത്തിയ ശെമ്മാശൻ ദൈവത്തിന്റെ അളവറ്റ കരുണയാൽ സുഖം പ്രാപിച്ചു. ബഹു. ശെമ്മാശന്റെ രോഗാവസ്ഥയിൽ അദ്ദേഹത്തിന്റെ കൂടെ പോന്നത് സതീർത്ഥ്യനും ഉറ്റമിത്രവുമായ കല്ലാശ്ശേരി ഗീവറുഗീസ് ശെമ്മാശനായിരുന്നു. (പിന്നീട് ഗീവറുഗീസ് ദ്വിതീയൻ കാതോലിക്ക) ആത്മ മിത്രങ്ങളായിരുന്നു ഇവർ ഇരുവരും പിന്നീട് വിശ്വാസപരമായി ഇരുചേരികളിലാകുകയും പരസ്പരം പോരാടുകയും ചെയ്യേണ്ടിവന്നു എന്നുള്ളത് വലിയ തിരുമേനിയെ വേദനിപ്പിച്ചിരുന്നു.

രോഗവിമുക്തനായ ശെമ്മാശൻ പിന്നീട് 1898 വൃശ്ചികം 12-ാം തീയതി കോട്ടയം പഴയ സെമിനാരിയിൽവച്ച് കശ്ശീശാ സ്ഥാനം സ്വീകരിച്ചു.

തുടർന്ന് വൃശ്ചികം 15-ാം തീയതി പരി. ചാത്തുരുത്തിൽ ഗീവറുഗീസ് മാർ ഗ്രീഗോറിയോസ് തിരുമേനിയിൽനിന്നും കുഞ്ഞിപൗലോ കശ്ശീശയും ഗീവർഗ്ഗീസ് കശ്ശീശയും റമ്പാനുമായിത്തീർന്നു.

കൊച്ചുപൗലോസ് റമ്പാച്ചൻ ആലുവായിൽ താമസിച്ച് അവിടുത്തെ പള്ളി പണിയിൽ ബദ്ധശ്രദ്ധനായിരുന്ന അവസരത്തിൽ പരി. ചാത്തുരുത്തിൽ തിരുമേനിയുടെ കല്പന പ്രകാരം പരുമലയിലേക്ക് പോവുകയും പരുമല പള്ളിയുടെയും സെമിനാരിയുടെയും പണി പൂർത്തിയാക്കുകയും ചെയ്തു. ഈ കാലയളവിൽ താപസശ്രേഷ്ഠനായിരുന്ന പരുമല തിരുമേനിയിൽനിന്നും പ്രാർത്ഥന, ഉപവാസം, ജാഗരണം എന്നിവയും, പരി. അന്ത്യോഖ്യാ സിംഹാസനത്തോടുള്ള വിധേയത്വവും, ഭക്തിയും, കൂറും, കണ്ടും, കേട്ടും മനസ്സിലാക്കുകയും സ്വന്തം ജീവിതത്തിലേക്ക് പകർത്തുകയും ചെയ്തു. പരുമല സെമിനാരിയുടെ പണി പൂർത്തീകരിക്കപ്പെട്ടുകഴിഞ്ഞപ്പോൾ കൊച്ചുപൗലോസ് റമ്പാച്ചൻ ആലുവായിലേക്ക് താമസം മാറ്റുകയും ആലുവ സെമിനാരിയുടെ പണിയിൽ മുഴുവൻ സമയവും വ്യാപൃതനാവുകയും പണി പൂർത്തീകരിക്കുകയും ചെയ്തു.

തുടർന്ന് അങ്കമാലി ഭദ്രാസന പള്ളി പ്രതിപുരുഷയോഗത്തിന്റെ അപേക്ഷ പ്രകാരം പരി. അബ്ദുള്ള പാത്രിയർക്കീസ് ബാവാ മാതൃ ഇടവകയായ അകപ്പറമ്പ് മാർ ശാബോർ അഫ്രോത്ത് പള്ളിയിൽവച്ച് 1910 ജൂൺ 9ന് വ്യാഴാഴ്ച സ്വർഗ്ഗാരോഹണ പെരുന്നാൾ ദിവസം മാർ അത്താനാസിയോസ് എന്ന നാമത്തിൽ പരി. പിതാവിനെ മെത്രാപ്പോലീത്തയായി വാഴിച്ചു.

മെത്രാപ്പോലീത്ത എന്ന നിലയിൽ പരി. പിതാവിന്റെ കർത്തവ്യം ത്യാഗോജ്ജ്വലമായിരുന്നു. വട്ടശ്ശേരിൽ ഗീവറുഗീസ് മാർ ദീവന്നാസിയോസ് മെത്രാപ്പോലീത്ത പരി. അന്ത്യോഖ്യാ സിംഹാസനത്തോട് മറുതലിച്ച് സഭാ മക്കളെ പരി. സിംഹാസനത്തിന് എതിരാക്കാൻ ശ്രമിച്ചുകൊണ്ടിരുന്നപ്പോൾ പരി. പിതാവായ പൗലോസ് മാർ അത്താനാസിയോസ് വലിയ തിരുമേനി സഭാമക്കളെ പരി. സഭയുടെ പൂർവ്വിക വിശ്വാസത്തിൽ അന്ത്യോഖ്യാ സിംഹാസനത്തിൽ കീഴിൽ നിലനിർത്തുവാൻ അഹോരാത്രം പ്രവർത്തിച്ചുപോന്നു.

യാമനമസ്കാരത്തിൽ നിഷ്കർഷത പാലിച്ചുപോന്ന വലിയ തിരുമേനിയുടെ പ്രാർത്ഥനാ ജീവിതം അനുകരണീയമായിരുന്നു. എത്ര ഉന്നതരുമായുട്ടുള്ള സംഭാഷണവേളയിൽ ആയിരുന്നാലും യാമനമസ്കാരത്തിന്റെ സമയം ആകുമ്പോൾ സംസാരം നിർത്തി പരി. പിതാവ് പ്രാർത്ഥനയ്ക്ക് പോകുമായിരുന്നു. ഞാൻ ഈ ലേഖനം എഴുതുമ്പോൾ ഇതേ മാതൃക പിന്തുടരുന്ന ശ്രേഷ്ഠ കാതോലിക്കാ ബാവായുടെ മുറപ്രകാരമുള്ള യാമനമസ്കാരങ്ങൾ, കൂടെ നടന്ന് നേരിൽ അനുഭവിച്ചറിയുവാൻ കഴിഞ്ഞത് ഞാനോർക്കുന്നു. ഈ പ്രാർത്ഥനാ ബലമാണ് ഇന്ന് സഭയെ നയിക്കുന്ന രഹസ്യം.

പരി. വലിയ തിരുമേനിയുടെ ഇമ്പകരമായ സ്വർഗ്ഗീയ ആരാധന, കണ്ണുനീരിൽ കുതിർന്ന പ്രാർത്ഥന, ആരേയും അതിശയിപ്പിക്കുന്ന പരി. അന്ത്യോഖ്യാ സിംഹാസനത്തോടുള്ള തന്റെ ഭക്തിയും വിധേയത്വവും എന്നിത്യാദി കാര്യങ്ങളിലുള്ള വിട്ടുവീഴ്ചയില്ലാത്ത നിഷ്ഠകൾ പരി. സഭയുടെ പൈതൃക വിശ്വാസം നിലനിർത്തുന്നതിന് തിരുമേനിക്ക് ചവിട്ടുപടികളായി പരി. വലിയ തിരുമേനിയുടെ അതിഥിയായി പരി. ഏലിയാസ് ദൃതീയൻ ബാവാ ആലുവാ സെമിനാരിയിൽ എഴുന്നള്ളി താമസിച്ച കാലത്ത് പരി. ബാവ പലപ്പോഴും പറയാറുള്ളത് “ഇത് നമ്മുടെ ഭവനം” എന്നായിരുന്നു.

പരി. വലിയ തിരുമേനി അന്ത്യോഖ്യാ സന്ദർശിച്ചിട്ടില്ല. പരി. അപ്രേം പ്രഥമൻ പാത്രിയർക്കീസ് ബാവ വലിയ തിരുമേനിയെ നേരിൽ കണ്ടിട്ടുമില്ല. എങ്കിലും പരി. അപ്രേം പ്രഥമൻ ബാവ വലിയ തിരുമേനിയെ അന്ത്യോഖ്യായിലേക്ക് ക്ഷണിച്ചതും “തനിക്കുള്ളതിൽ പകുതി അങ്ങേയ്ക്ക് നല്കാമെന്ന് കല്പിച്ചതും വലിയ തിരുമേനിയ്ക്ക് “സത്യവിശ്വാസ സംരക്ഷകൻ” എന്ന അത്യുന്നത ബഹുമതി നല്കി ആദരിച്ചതും, വലിയ തിരുമേനിയുടെ പരി. അന്ത്യോഖ്യാ സിംഹാസനത്തോടുള്ള കൂറും, വിധേയത്വവും, പരി. സഭയെ പ്രതിയുള്ള ത്യാഗോജ്ജ്വലമായ പ്രവർത്തനങ്ങളും അംഗീകരിച്ചു കൊണ്ടായിരുന്നു.

പരി. പിതാവ് 43 വർഷത്തെ സമഗ്ര സഭാ സേവനത്തിന് ശേഷം തന്റെ 84 -ാം വയസിൽ 1953 ജനുവരി 25-ാം തീയതി കാലം ചെയ്തു. 26-ാം തീയതി ആലുവ തൃക്കുന്നത്ത് സെന്റ് മേരീസ് യാക്കോബായ സുറിയാനി പള്ളിയിൽ അടക്കപ്പെട്ടു. പ. പിതാവിന്റെ മദ്ധ്യസ്ഥത നമുക്ക് അനുഗ്രഹമാകട്ടെ.





# ദിവ്യ ഔഷധമായ മോർ അത്താനാസിയോസ്

## ഫാ. ജോർജ് വർഗീസ് വയലിപ്പറമ്പിൽ



"വീഥിയുടെ നടുവിൽ ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനത്തിൽനിന്നു പുറപ്പെടുന്നതായി പളുങ്കുപോലെ ശുഭ്രമായ ജീവജലനദിയും അവൻ എന്നെ കാണിച്ചു. നദിക്കു ഇക്കരെയും അക്കരെയും ജീവവൃക്ഷം ഉണ്ട്; അതു പന്ത്രണ്ടുവിധം ഫലം കായിച്ചു മാസംതോറും അതതു ഫലം കൊടുക്കുന്നു; വൃക്ഷത്തിന്റെ ഇല ജാതികളുടെ രോഗശാന്തിക്കു ഉതകുന്നു."Revelation 22:1-2

പരിശുദ്ധനായ വലിയ തിരുമേനിയെ കുറിച്ചു പറയുമ്പോൾ എനിക്കു നൽകുവാനുള്ള സാക്ഷ്യം ഇതാണു 'രോഗികളുടെ ഔഷധമാണു പരിശുദ്ധ പിതാവു. അനുഭവങ്ങളാണു മനുഷ്യനെ മുന്നോട്ടു നയിക്കുന്ന ശക്തി. മോർ അത്താനാസിയോസ് പിതാവിനെ കുറിച്ച് എന്റെ 3 വർഷം മുൻപു വരെയുള്ള കാഴ്ചപ്പാടും വിലയിരുത്തലും അല്ല ഇന്നുള്ളത്. സഭ പരിശുദ്ധൻ എന്നു വർഷങ്ങളായി സാക്ഷ്യപ്പെടുത്തി മദ്ധ്യസ്ഥത യാചിക്കുന്നു എങ്കിലും എന്റെ മനസ്സിൽ ഒരു ദിവ്യാത്മാവായി പരിശുദ്ധ പിതാവു സ്വീകരിക്കപ്പെടുന്നത് എന്റെ ജീവിതത്തിലെ 3 വർഷം മുൻപുള്ള ഒരു അനുഭവത്തിന്റെ പശ്ചാത്തലത്തിൽ മാത്രമാണു.

ഞാൻ ബാംഗ്ലൂർ ധർമാരാം വിദ്യാക്ഷേത്രത്തിൽ സ്പിരിറ്റ്വാലിറ്റി ആന്റ് കൗൺസലിങ്ങിൽ മാസ്റ്റേഴ്സ് ഡിഗ്രി ചെയ്യുന്ന രണ്ടാംവർഷം, എന്റെ വലതു കാലിന്റെ അടിയിൽ ആണിരോഗം ബാധിച്ചു. വലതുകാലിൽ 3 സ്ഥലത്തും ആണിരോഗം ബാധിച്ചു. ഏകദേശം 8 മാസക്കാലം ഞാൻ വളരെ വേദന സഹിച്ചു. ഈ വേദനയും ആയി ഞാൻ നടക്കുമ്പോൾ എന്റെ മനസ്സിൽ പരിശുദ്ധാത്മാവു എന്നോടു സംസാരിക്കുന്നതായി എനിക്കനുഭവപ്പെട്ടു, 'നിന്റെ നടപ്പുകൾ നേരെ ആക്കണം'. ഞാൻ ധർമാരാം വിദ്യാക്ഷേത്രത്തിൽ 313-ാം നമ്പർ മുറിയുടെ തറയിൽ പായയിൽ ഇരുന്നു കാലിലേയും കയ്യിലേയും നഖം വെട്ടുമ്പോൾ, അതിന്റെ കൂടെ ഈ കാലിലെ രോഗബാധിതമായ സ്ഥലത്തു വളർന്നിരിക്കുന്ന കട്ടിയുള്ള ദശ ചെത്തിക്കളയും, കുറച്ചുദിവസത്തേക്കു ഒരു ആശ്വാസം എനിക്കു ലഭിക്കും. ഒരു വൈദികനായി ശുശ്രൂഷ ചെയ്യുന്ന എനിക്കു 'നിന്റെ നടപ്പുകൾ നേരെ ആക്കണം' എന്ന് എന്റെ മനസ്സിൽ ആത്മാവു മന്ത്രിക്കുന്നതിന്റെ സാരാംശം തിരിച്ചറിയുവാൻ എന്റെ പരിശുദ്ധ പിതാവിന്റെ അടുക്കലോളം ചെല്ലേണ്ടിവന്നു. 2005 ഡിസംബർ 1-ാം തീയതി, ഞാൻ പൗരോഹിത്യം സ്വീകരിച്ചു കഴിഞ്ഞു ആദ്യവർഷം പെരുന്നാൾ ദിനത്തിന്റെ തലേദിവസം പ്രദക്ഷിണത്തിനു കാപ്പ ധരിച്ചു ബഹുമാനപ്പെട്ട എൽദോസ് അച്ചനോടൊപ്പം വിശുദ്ധ ശാബോർ അഫ്രോത്ത് പിതാക്കന്മാരുടെ സ്ഥാനത്തുനിന്നു പ്രദക്ഷിണം നയിക്കുവാൻ എന്നെ ബഹുമാനപ്പെട്ട വികാരിയും ട്രസ്റ്റിമാരും വിളിച്ചു പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ ഞാൻ പ്രദക്ഷിണത്തിനു സംബന്ധിച്ചു.

പ്രദക്ഷിണം പള്ളിയുടെ വടക്കുവശത്തു ശ്രീ പൈനാടത്തു പോൾ വർഗീസ് ദാനമായി പള്ളിക്കു സമർപ്പിച്ചിരിക്കുന്ന വലിയ തിരുമേനിയുടെ നാമത്തിൽ ഉള്ള കുരിശിൻതൊട്ടിയിൽ എത്തിയപ്പോഴേക്കും കാലിൽ ആണി രോഗം ഉള്ള ഭാഗത്തെ വേദന സഹിക്കാൻ വയ്യാതെ ഞാൻ ഏറെ വിഷമിച്ചു. ഞാൻ എന്റെ ജീവിതത്തിൽ മനസ്സറിഞ്ഞ് ഒരാവശ്യത്തിനായി പ്രാർത്ഥിക്കുന്നത് അന്നാണ്. ഞാൻ മറ്റുള്ളവർക്കുവേണ്ടി പ്രാർത്ഥിക്കും എങ്കിലും എന്റെ ആവശ്യങ്ങൾക്കായി പ്രാർത്ഥിക്കുന്നത് അന്നാണ്. ഞാൻ മറ്റുള്ളവർക്കു വേണ്ടി പ്രാർത്ഥിക്കും എങ്കിലും എന്റെ ആവശ്യങ്ങൾക്കായി പ്രാർത്ഥിക്കുമായിരുന്നില്ല. എന്നെ വിളിച്ചവനായ ദൈവം എന്നെ നടത്തിക്കോളും എന്ന ഒരു ചിന്തയാണു, സ്വന്തം ആവശ്യം ദൈവസന്നിധിയിൽ ചോദിച്ചു വാങ്ങുന്നതിൽ നിന്നും എന്നെ പിന്തിരിപ്പിച്ച സംഗതി. ഒരുപരിധിവരെ അത് എന്റെ അഹങ്കാരമോ എല്ലെങ്കിൽ സ്വയം നീതീകരണത്തിന്റെ പ്രതിഫലനമോ ആകാം. എന്തുമാകട്ടെ എന്റെ പിതാവിന്റെ കുരിശുംതൊട്ടിയിൽ ഞാൻ മുട്ടുകൾ മടക്കി പ്രാർത്ഥിച്ചു. എന്റെ ജീവിതത്തിൽ ഈ ദിവസം ഒരു വലിയ ചിന്ത പരിശുദ്ധാത്മാവു പകർന്നു തന്നു. ക്രിസ്തീയ ജീവിതം സമർപ്പണത്തിന്റെ ജീവിതമാണു. അവിടെ ഞാൻ എന്ന ചിന്തയ്ക്ക് പ്രസക്തിയില്ല. എല്ലാം ദൈവത്തിന്റെ കൃപ. ഞാൻ അന്നു രാത്രി 12.30 ആയപ്പോഴേക്കും എന്റെ വീട്ടിൽ എത്തി. പിറ്റെ ദിവസം രാവിലെ 6.00 മണിക്കു ദേവാലയത്തിലെ ആദ്യത്തെ കുർബ്ബാന അർപ്പിക്കുവാൻ എന്നെ പള്ളിയിൽ നിന്നും ചുമതലപ്പെടുത്തിയിരുന്നു. ഞാൻ വീണ്ടും വലിയ തിരുമേനിയുടെ മദ്ധ്യസ്ഥതയിൽ അഭയപ്പെട്ടുകൊണ്ടു കിടന്നു. ഞാൻ പിറ്റെ ദിവസം ബലിയർപ്പിച്ചു എന്റെ വീട്ടിലേക്കു മടങ്ങുമ്പോൾ ബഹുമാനപ്പെട്ട വികാരി പൗലോസ് അറയ്ക്കപ്പറമ്പിൽ അച്ചൻ എന്നോടു പറഞ്ഞു, "ജനുവരി 25ന് പരിശുദ്ധ വലിയ തിരുമേനിയുടെ കബറിങ്കലേക്കു തീർത്ഥയാത്ര പോകുന്ന ദിവസം അച്ചൻ കുർബ്ബാന ചൊല്ലണം. അച്ചനും പൈനാടൻ അല്ലേ കുടുംബക്കാരന്റെ ഉത്തരവാദിത്വം ആണു ഇത്''. ഞാൻ അച്ചന്റെ വാക്കുകൾ സമ്മതിച്ചിട്ടു തിരിച്ചു ബാംഗ്ലൂർക്കു പോയി. ഏകദേശം പത്തോ, പന്ത്രണ്ടോ ദിവസങ്ങൾക്കുശേഷം ഞാൻ എന്റെ റൂമിൽ ഇരുന്നു പതിവു പോലെ നഖം വെട്ടിയതിനുശേഷം ആണിരോഗം ഉണ്ടായിരുന്ന ഭാഗത്തു തൊലി ചെത്തിക്കളയാൻ നോക്കുമ്പോൾ അവിടെ ഒരുപാടുപോലും ഇല്ലാത്തവിധം സൗഖ്യം പ്രാപിച്ചിരിക്കുന്നതായി എനിക്കു ബോധ്യമായി.

ശേഷം 12-ാം പേജിൽ

## വലിയ തിരുമേനിയെ വിശുദ്ധ പദവിയിലേക്ക് ഉയർത്തിക്കൊണ്ടുള്ള പ. പാത്രിയർക്കീസ് ബാവായുടെ കല്പന

### SYRIAN ORTHODOX PATRIARCHATE OF ANTIOCH & ALL EAST

BAB TOUMA,
P.O. BOX - 22260
DAMASCUS, SYRIA
No.E 218/04

19th August, 2004

**ദൈവകൃപയാൽ**
**ആകമാന സുറിയാനി ഓർത്തഡോക്സ് സഭയുടെ പരമാദ്ധ്യക്ഷനായ അന്ത്യോഖ്യായുടെയും കിഴക്കൊക്കെയുടെയും ഇഗ്നാത്തിയോസ് സാഖാ പ്രഥമൻ ഇവാസ് പാത്രിയർക്കീസ്**
(മുദ്ര)



ഇന്ത്യയിലെ നമ്മുടെ പരിശുദ്ധ യാക്കോബായ സുറിയാനി ക്രിസ്ത്യാനി സഭയിലെ നമുക്ക് എത്രയും സ്നേഹിക്ക പ്പെട്ടിരിക്കുന്ന കർത്താവിൽ നമ്മുടെ സഹോദരൻ ബസ്സേലിയോസ് തോമസ് പ്രഥമൻ കാതോലിക്കായ്ക്കും അഭി. എല്ലാ മെത്രാപ്പോലിത്താമാർക്കും വാത്സല്യവാന്മാരായ വന്ദ്യ കോറെപ്പിസ്ക്കോപ്പമാർക്കും അർപ്പിതരായ റമ്പാച്ചന്മാർക്കും ദയറാക്കാർക്കും ബഹുമാന്യരായ വൈദികർക്കും പ്രിയ ശെമ്മാശന്മാർക്കും സമർപ്പിതരായ സന്യാസിനികൾക്കും ശേഷം ആത്മീയ മക്കൾക്കും കർത്താവിൽ വാഴ്വ്.

നിങ്ങളുടെ ക്ഷേമം അന്വേഷിച്ചുകൊണ്ട് ഹൃദയം നിറഞ്ഞ സന്തോഷത്തോടെ നാം നിങ്ങളെ അറിയിക്കുന്നത്, പരിശുദ്ധനായ പൗലോസ് അപ്പോസ്തോലൻ എബ്രായാ ലേഖനത്തിൽ ഇപ്രകാരം പറയുന്നു. "നിങ്ങളോട് ദൈവവചനം പ്രസംഗിച്ച് നിങ്ങളെ നടത്തിയവരെ ഓർത്തുകൊൾവിൻ. അവരുടെ നടപടികളുടെ അവസാനമോർത്ത് അവരുടെ വിശ്വാസം അനുകരിപ്പിൻ'' (എബ്രാ 13:7). കർത്താവിന്റെ യഥാർത്ഥ ദൂതന്മാരെ സ്വീകരിക്കുകയും ഓർക്കുകയും ചെയ്യുന്ന മഹത്തായ പാരമ്പര്യം പരിശുദ്ധ സുറിയാനി സഭയ്ക്കുണ്ടല്ലോ. പരിശുദ്ധന്മാർ തങ്ങൾ ജീവിക്കുകയും പ്രവർത്തി ക്കുകയും നിര്യാണം പ്രാപിക്കുകയും ചെയ്ത ദേശങ്ങളിൽ മുന്നമേ ആദരിക്കപ്പെടുകയും അംഗീകരിക്കപ്പെടുകയും ചെയ്യുകയും പിന്നീട് അവരുടെ വിശുദ്ധ ജീവിതവും പുണ്യപ്രവൃത്തികളും പ്രസിദ്ധമാവുകയും ദൂരെയും ചാരെയും ഉള്ള അനേകായിരങ്ങൾ ദൈവതിരുമുമ്പാകെ അവരുടെ മദ്ധ്യസ്ഥത യാചിക്കുകയും ചെയ്യുമ്പോൾ അവരുടെ പേരുകൾ പരിശുദ്ധ സഭയിലെ പ്രാർത്ഥനകളിലും വിശുദ്ധ ആരാധനയിലും വിശുദ്ധരുടെ ഗണത്തിലും ചേർക്കപ്പെടുന്നു.

വർഷങ്ങൾക്ക് മുമ്പുതന്നെ ഭാരതത്തിലെ നമ്മുടെ പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ്, "വലിയ തിരുമേനി'' എന്നറിയപ്പെടുന്ന മാർ അത്താനാസിയോസ് മെത്രാപ്പോലിത്തായുടെ ജീവിത വിശുദ്ധിയേയും പുണ്യപ്രവൃത്തികളേയും നമ്മുടെ ശ്രദ്ധയിൽപ്പെടുത്തുകയും, പുണ്യശ്ലോകനായ മോർ അത്താനാസിയോസ് മെത്രാപ്പോലിത്തായുടെ അൻപതാം അനുഗൃഹീത ശ്രാദ്ധപ്പെരുന്നാളിനോടനുബന്ധിച്ച് അദ്ദേഹത്തെ വിശുദ്ധനായി പ്രഖ്യാപിക്കുവാൻ നമ്മോട് അപേക്ഷിക്കുകയും ചെയ്തതാണല്ലോ. ഇക്കാര്യങ്ങൾ നാം ആഴമായി ചിന്തിക്കുകയും പഠിക്കുകയും, ഇത്രയും കാലം പ്രാർത്ഥനയോടെ നമ്മുടെ നാഥനും കർത്താവുമായവന്റെ ഹിതത്തിനായി കാത്തിരിക്കുകയുമായിരുന്നു.

1869 ജനുവരി 23-ാം തീയതി അയ്യമ്പിള്ളി തെക്കേക്കര കുടംബത്തിൽ അന്നമ്മ - മത്തായി ദമ്പതികളുടെ മകനായി ജനിച്ച് മാതൃഗൃഹമായ അകപ്പറമ്പ് പൈനാടത്ത് കുറ്റിക്കാട്ട് കുടുംബത്തിൽ തന്റെ ബാല്യം ചെലവഴിക്കുകയും ചെയ്ത മോർ അത്താനാസിയോസ്, നന്നേ ചെറുപ്പത്തിൽത്തന്നെ ഭക്തിനിർഭരവും സമർപ്പിതവുമായ ജീവിതമാരംഭിച്ച് തന്റെ ജീവിതം മുഴുവനും പരിശുദ്ധ സഭയ്ക്കു വേണ്ടി സമർപ്പിക്കുകയായിരുന്നു. തന്റെ പ്രാർത്ഥനയാലും ഭക്തിയാലും, നാഥനായ കർത്താവിന് വേണ്ടി അനേകം ആത്മാക്കളെ അദ്ദേഹം നേടി. അമ്പാട്ട് മോർ കൂറിലോസ് മെത്രാപ്പോലിത്തായിൽ നിന്നും ശെമ്മാശപ്പട്ടവും, ഭാരത സുറിയാനി സഭയുടെ പരിശുദ്ധനായ ചാത്തുരുത്തിൽ മോർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായിൽ നിന്ന് കശ്ശീശാ പട്ടവും, 1910-ൽ അന്ത്യോഖ്യായുടെയും കിഴക്കൊക്കെയുടെയും പരിശുദ്ധ പത്രോസിന്റെ ശ്ലൈഹീക സിംഹാസനാധിപനായിരുന്ന, മോറാൻ മോർ ഇഗ്നാത്തിയോസ് അബ്ദുള്ള പാത്രിയർക്കീസ് ബാവായുടെ ഭാരത സന്ദർശനവേളയിൽ പരിശുദ്ധ പിതാവിൽ നിന്ന് മേൽപ്പട്ട സ്ഥാനവും സ്വീകരിച്ചു. 1917ലും 1935ലും അദ്ദേഹം മലങ്കര മെത്രാപ്പോലിത്തയായി തെരഞ്ഞെടുക്കപ്പെട്ടത് പ്രത്യേകം ശ്രദ്ധേയമാണ്. 1911 മുതലേ പരിശുദ്ധ സിംഹാസനത്തിനെതിരെയായുള്ള വിഭാഗീയത ശക്തിപ്പെടുകയും, തെറ്റായ പഠിപ്പിക്കലുകൾ പ്രചിരിക്കുകയും ചെയ്തു. സഭയ്ക്ക് പുറമെ നിന്നുള്ള ചില വേദവിപരീത വിഭാഗങ്ങൾ സഭാമക്കളെ സത്യവിശ്വാസത്തിൽ നിന്നും പിന്തിരിപ്പിക്കുവാനുള്ള ശ്രമങ്ങളാരംഭിച്ചു. ഈ സാഹചര്യത്തിൽ അദ്ദേഹം ഒരു നിശ്ശബ്ദ കാഴ്ചക്കാരനെപ്പോലെ നോക്കിനിൽക്കാതെ പരിശുദ്ധ സഭയുടെ സത്യ ശ്ലൈഹീക വിശ്വാസത്തെ, ഒരു പടയാളിയെപ്പോലെ കാത്തു സംരക്ഷിക്കുകയും, സത്യവിശ്വാസ പാതയിൽ സഭാമക്കളെ നടത്തുകയും ചെയ്തത് നാം അനുസ്മരിക്കുന്നു. "പരിശുദ്ധ അന്ത്യോഖ്യാ സിംഹാസനവുമായി ബന്ധമില്ലാത്ത ഭാരത സുറിയാനിസഭ ശിരസ്സില്ലാത്ത ശരീരം പോലെയാണ്'' എന്ന് അദ്ദേഹം തന്റെ പ്രസംഗങ്ങളിൽ ഓർമ്മപ്പെടുത്തിയിരുന്നു. പരിശുദ്ധ അപ്രേം പ്രഥമൻ പാത്രിയർക്കീസ് ബാവ, ഹോംസിൽ വച്ച് പരിശുദ്ധ അന്ത്യോഖ്യാ സിംഹാസനത്തിന്റെ ഈ മുന്നണിപ്പോരാളിയെ "സത്യവിശ്വാസ സംരക്ഷകൻ'' എന്ന് ബഹുമാന ത്തോടെ സംബോധന ചെയ്തിട്ടുമുണ്ട്. തന്നോടൊപ്പമുണ്ടായിരുന്ന പല മേൽപ്പട്ടക്കാരും സത്യവിശ്വാസത്തേയും, സത്യസഭയെയും ഉപേക്ഷിച്ച് വിരുദ്ധ ചേരികളിലേയ്ക്ക് മാറിയപ്പോഴും അദ്ദേഹം പരിശുദ്ധ അന്ത്യോഖ്യാ സിംഹാസന ത്തോട് ചേർന്നുനിന്ന്, സത്യവിശ്വാസ സംരക്ഷണത്തിനായി പോരാടിയത് ഏവർക്കും മാതൃകയാകേണ്ട താണ്. അദ്ദേഹത്തിന്റെ വിശ്വാസ തീക്ഷ്ണതയും ഭക്തിയും വിശുദ്ധ ജീവിതവും, പ്രസിദ്ധമാവുകയും, ജീവിതകാലത്തുതന്നെ നാനാജാതി മതസ്ഥരായ അനേകർ അദ്ദേഹത്തിന്റെ മദ്ധ്യസ്ഥ പ്രാർത്ഥനയ്ക്കായി അപേക്ഷ സമർപ്പിക്കുകയും ചെയ്തിരുന്നു. അദ്ദേഹത്തിന്റെ പ്രാർത്ഥനയാൽ അനേക അത്ഭുതങ്ങൾ നടന്നിട്ടുള്ളത് നമ്മുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സർവ്വശക്തനായ ദൈവം തന്റെ ശുശ്രൂഷകനെ 1953 ജനുവരി 25-ാം തീയതി നിത്യവിശ്രമത്തിനായി വിളിക്കുകയും ചെയ്തു.

മോർ അത്താനാസിയോസിന്റെ ജീവിതത്തേയും പ്രവർത്തനങ്ങളേയും ആഴമായി പഠിക്കുകയും പരിശോധിക്കുകയും ചെയ്തതിൽ, അദ്ദേഹത്തിന്റെ പരിശുദ്ധിയെക്കുറിച്ച് ദൈവത്തിന്റെ പരിശുദ്ധാത്മവിനാൽ നമുക്ക് ബോധ്യം വന്നിരിക്കുന്നു. ഇന്നും അദ്ദേഹത്തിന്റെ മദ്ധ്യസ്ഥ പ്രാർത്ഥനയാൽ രോഗസൗഖ്യം ലഭിച്ചുകൊണ്ടിരിക്കുന്ന അനേകരുടെ സാക്ഷ്യം അത് സ്ഥിരീകരിക്കുന്നു. ആയതിനാൽ നമ്മിൽ നിക്ഷിപ്തമായിരിക്കുന്ന അപ്പസ്തോലിക അധികാരത്താൽ, 'വലിയ തിരുമേനി' എന്നറിയപ്പെടുന്ന പുണ്യശ്ലോകനായ പൗലൂസ് മോർ അത്താനാസിയോസ് മെത്രാപ്പോലീത്തായെ, വിശുദ്ധനായി നാം പ്രഖ്യാപിക്കുന്നു. അദ്ദേഹത്തെ ഓർക്കുവാനും, മദ്ധ്യസ്ഥതയിൽ അഭയപ്പെടുവാനും, വിശുദ്ധന്മാരുടെ കുക്കിലിയോനിൽ (സാദിക്കോ) അദ്ദേഹത്തിന്റെ നാമം ഓർക്കുവാനും നാം നിങ്ങളെ അനുവദിക്കുന്നു. ഈ അനുഗൃഹീത വേളയിൽ അദ്ദേഹത്തിന്റെ വിശ്വാസത്തെ അനുകരിപ്പാനും നിങ്ങളെത്തന്നെ ദൈവത്തിനായി പുനരർപ്പണം ചെയ്യുവാനും നാം ആഹ്വാനം ചെയ്യുന്നു. അദ്ദേഹത്തിന്റെ മദ്ധ്യസ്ഥത നിങ്ങൾക്കെല്ലാവർക്കും അനുഗ്രഹത്തിനായിത്തീരട്ടെ.

ശ്ലൈഹീക വാഴ്വുകൾ നിങ്ങൾക്കുണ്ടാകട്ടെ. സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹവും നിങ്ങളോടൊരുമിച്ച് ഉണ്ടാകുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടെയും ശ്ലീഹന്മാരുടെ തലവനായ പരിശുദ്ധ പത്രോസിന്റെയും, ഇന്ത്യയുടെ കാവൽപിതാവായ മോർ തോമാശ്ലീഹായുടെയും, പരിശുദ്ധനായ മോർ അത്താനാസിയോസിന്റെയും, സകല വിശുദ്ധന്മാരുടെയും, ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽത്തന്നെ ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവെ . . . . . . . . . .

No. 09/04

കർത്താവിൽ പ്രിയരെ,

പരിശുദ്ധ പാത്രിയർക്കീസ് ബാവ തിരുമനസ്സുകൊണ്ട് അയച്ചുതന്നിരിക്കുന്ന ആഗസ്റ്റ് 19-ാം തീയതിയിലെ E 218/04 നമ്പർ കല്പനയുടെ ശരിപകർപ്പ് നിങ്ങളുടെ അറിവിലേക്കായി അയച്ചു തരുന്നു. ദൈവം അനുഗ്രഹിക്കട്ടെ.

പുത്തൻകുരിശ്, പാർത്രിയാർക്കാ സെന്ററിൽ നിന്നും,
2004 ആഗസ്റ്റ് മാസം 20ന്

**ബസ്സേലിയോസ് തോമസ് പ്രഥമൻ കാതോലിക്ക.**





# മഹാത്മാവ്

**കണിയാംപറമ്പിൽ കുര്യൻ കോർ എപ്പിസ്കോപ്പ,** സഭാ വൈദീക ട്രസ്റ്റി



അദ്ധ്യാത്മികത്വത്തിന് മാറ്റുകുറഞ്ഞു ഭൗതികത്വത്തിനു മുൻകൈ വരുന്ന സന്ദർഭങ്ങളിലെല്ലാം സർവ്വജ്ഞനായ ദൈവം അദ്ധ്യാത്മിക ചൈതന്യം തുളുമ്പുന്ന ചുരുക്കം ചില വ്യക്തികളെയെങ്കിലും ഓരോ തലമുറയിലും എഴുന്നേല്പിക്കാറുണ്ട്. അങ്ങനെയല്ലായിരുന്നുവെങ്കിൽ ലോകം ഇതിനെല്ലാം വളരെ മുമ്പു തന്നെ നിരീശ്വരത്വത്തിലേക്കു ഒഴുകി വീണുപോകുമായിരുന്നു. ആധുനിക മലങ്കര സുറിയാനി സഭയിൽ ആദ്ധ്യാത്മികത്വത്തിനു നവമായ ശക്തിയും കൂടിയ അളവിൽ കൊടുത്തുകൊണ്ടിരുന്ന മഹാത്മാക്കളിൽ മുമ്പന്തിയിൽ നിന്നിരുന്ന രണ്ടുപേരാണ് ആ "കൊച്ചുതിരുമേനി' (പരുമല തിരുമേനി)യും ഈ "വലിയ തിരുമേനി"യും. അതുപോലെതന്നെ പരിശുദ്ധത പ്രസരിപ്പിച്ചുകൊണ്ടിരുന്ന രണ്ടു മഹാസിദ്ധന്മാരാണ് വി. ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് ബാവായും, മാർ ഒസ്താത്തിയോസ് ബാവായും. മഹാപരിശുദ്ധന്മാരായ ഈ നാലുപേരും, മിക്കവാറും ഒരേ സമയത്തു ജീവിച്ചിരുന്നത് മലങ്കരസഭയുടെ മഹാഭാഗധേയമായിരുന്നു. മലങ്കരയുടെ ചരിത്രത്തിൽ ഇത്ര ഒത്തിണങ്ങിയ ഒരവസരം ഈയുള്ളവൻ കണ്ടിട്ടില്ല. എന്നാൽ, ഒരു വസ്തുത അശ്രുപൂർണ്ണ നയനങ്ങളോടെ പ്രസ്താവിക്കേണ്ടതുണ്ട്. അതു മറ്റൊന്നുമല്ല; ഈ മഹത്തായ ഉറവകളിൽനിന്ന് സമുദായാംഗങ്ങൾ വേണ്ടുവോളം കോരി എടുത്തില്ല; കോരി എടുക്കുന്നുമില്ല എന്നുള്ളതാണ് ആ പരമാർത്ഥം.

**വലിയതിരുമേനി:** ബഹുമാനത്തോടെയല്ലാതെ ആ തിരുനാമം ആരും ഉച്ചരിച്ചിട്ടില്ല; ഉച്ചരിക്കയുമില്ല. അദ്ദേഹം മാത്യൂസ് അത്താനാസ്യോസിനെപ്പോലെ ഒരുഗ്രഭരണാധികാരിയല്ലായിരുന്നു, പുലിക്കോട്ടു തിരുമേനിയെപ്പോലെ ഒരു ഗംഭീര ഭരണതന്ത്രജ്ഞനല്ലായിരുന്നു, വട്ടശേരിൽ തിരുമേനിയെപ്പോലെ ഒരധികാരേച്ഛുവായ ഭരണാധിപനുമല്ലായിരുന്നു. അദ്ദേഹം വാത്സല്യമെന്ന ചെങ്കോലേന്തി ഭരണം നടത്തി. സഭാംഗങ്ങളുടെ ബുദ്ധിയിലല്ലായിരുന്നു അദ്ദേഹത്തിന്റെ സ്ഥാനം. അവരുടെ ഹൃദയമായിരുന്നു അദ്ദേഹത്തിന്റെ സാമ്രാജ്യം. അദ്ദേഹം ഹൃദയംകൊണ്ടാണ് ഭരിച്ചത്. ശിരസ്സുകൊണ്ടുള്ള ഭരണത്തേക്കാൾ നീണ്ടുനില്ക്കുന്നത് ഹൃദയംകൊണ്ടുള്ള ഭരണമത്രെ.

ഇത്ര മഹത്തായ ഒരു അന്തരീക്ഷത്തിൽ അവിടുന്ന് എത്തിച്ചേർന്നതു നൈസർഗ്ഗികമായി തന്നിലുള്ള ഭക്തിവിശേഷംകൊണ്ടും സ്ഥാനോചിതമായി മാതൃകാപരമായി ജീവിക്കണമെന്ന ആഗ്രഹംമൂലവുമായിരുന്നു. ആധുനിക തലമുറയിൽ പ്രാർത്ഥനയിൽ ഇത്രയേറെ പോരാടിയിട്ടുള്ള 'പ്രാർത്ഥനാപ്രിയന്മാർ' അധികം കാണുകയില്ല. തിരുമേനിയുടെ പ്രാർത്ഥനയിലുള്ള നിഷ്കർഷയും രീതിയും ഭക്തിയുംകണ്ട് പ്രാർത്ഥനാസ്വഭാവമുള്ളവരായിത്തീർന്ന അനേകരുണ്ട്. നിശ്ചിതസമയങ്ങളിലെ പ്രാർത്ഥന തെറ്റിക്കുവാൻ ലോകത്തിലുള്ള ഒരു ശക്തിക്കും സാധിച്ചിരുന്നില്ല. അഞ്ചരമണിക്ക് ആലുവായിലെത്തുന്ന തീവണ്ടി ഒരു വിസിൽ നീട്ടിയൂതും-സെമ്മിനാരിയിലുള്ളവർ കറുത്തകുപ്പായം ധരിച്ചുകഴിയും. "നമസ്കാരവണ്ടി വന്നു" എന്നു ഞങ്ങളെല്ലാം തമാശിൽ പറയാറുണ്ടായിരുന്നു. ഒന്നുകിൽ പ്രിയപ്പെട്ട കോച്ചേരി കത്തനാരച്ചന്റേയോ, വാത്സല്യഭൃത്യൻ മാത്തുവിന്റേയോ, അല്ലെങ്കിൽ ആ ഇടത്തുകൈപിടിച്ചു, ഒരു വടി വലതുകയ്യിലും, പിടിച്ച് മന്ദം മന്ദം ആ മാമുനി പള്ളിയിലേക്കു നടക്കുകയായി. ആ പോക്കിലും കൊച്ചു കൊച്ചു 'വിനോദങ്ങൾ' അവിടുന്നു പറഞ്ഞുകൊണ്ടിരിക്കും! പള്ളിയിലെത്തിയാൽ തിരുമേനി കസേരയിൽ ഇരുന്നു പ്രാർത്ഥിക്കുന്നത് ഒരിരുപത്തഞ്ചുകൊല്ലത്തിനിടയ്ക്ക് ഈയുള്ളവൻ കണ്ടിട്ടില്ല. നിലത്തുവിരിച്ചിരിക്കുന്ന പുൽപായിന്മേലോ കുഷ്യന്മേലോ മുട്ടുമടക്കിയിരിക്കും. അതാണവിടത്തേക്ക് ഇഷ്ടം. ഒരൊറ്റ അക്ഷരം വിഴുങ്ങാതെയും സാവധാനത്തിലും ശ്രവണമധുരമായ സ്വരത്തിൽ പ്രാർത്ഥനാഗീതങ്ങൾ ചൊല്ലുന്നതു ഏവരേയും അലിയിക്കുന്നതുമായിരുന്നു. വി. കുർബ്ബാനസമയത്തു വി. യാക്കോബിന്റെ ക്രമത്തിൽ "ഞങ്ങളുടെ കടങ്ങൾക്കുതക്കതുപോലെ ഞങ്ങളോടു പ്രതികാരവും ചെയ്യരുതേ" എന്ന വാചകം പൊട്ടിക്കരഞ്ഞുകൊണ്ടല്ലാതെ അദ്ദേഹം ചൊല്ലുന്നതു കേട്ടിട്ടില്ല! ദിവ്യസംസർഗ്ഗത്തിൽ കഴിയുന്ന സന്ദർഭങ്ങൾ അദ്ദേഹം സ്വർഗ്ഗീയസുഖം അനുഭവിച്ചുകൊണ്ടിരുന്നു. തീരെക്കിടപ്പിലായ സന്ദർഭത്തിൽപ്പോലും അല്പമൊന്നു കാൽവെക്കുവാൻ സൗകര്യമുണ്ടായപ്പോൾ ഒരു പ്രഭാതം നാലരമണിക്കു നല്ല മഴയത്തു ആ വലിയ 'കുലീനമായ ഓലക്കുടയും ചൂടി പതിവുപോലെ പ്രാർത്ഥനയ്ക്കു പള്ളിയിലേക്കു നടന്ന കാഴ്ച ഹൃത്തടത്തിൽ ഇന്നും ഉദയം ചെയ്യുന്നു. യാമംതോറുമുള്ള പ്രാർത്ഥനകൾ നടത്തുവാൻ ബ. തുകലന്ററമ്പാച്ചനോ, ബ. കുര്യൻ റമ്പാച്ചനോ, ബ. പോൾ റമ്പാച്ചനോ, ബ. കോച്ചേരിലച്ചനോ സമയത്തു തിരുസന്നിധിയിൽ തയ്യാറുണ്ടായിരുന്നു. "ഈശോനുഹറാ" മുഴുവൻ കാണാപ്പാഠമറിയാമായിരുന്ന തിരുമേനി, ഈണത്തിൽ അത് അവരുടെ കൂടെ ചൊല്ലുമ്പോൾ കേൾക്കുന്നവരുടെ ഹൃദയവും അതിൽ അലിഞ്ഞുചേരുമായിരുന്നു.

ഭക്ഷണകാര്യത്തിൽ ഇത്രമിതത്വവും കൃത്യനിഷ്ഠയും പാശ്ചാത്യർക്കുപോലും ഇല്ലായിരുന്നു. തിരുമേനി മേശപ്പുറത്തു മേശകഴിച്ച് അധികമാരും കണ്ടിട്ടില്ല. നിലത്തു ചമ്രംപടിഞ്ഞിരുന്നുള്ള ആ മേശകഴിക്കൽ ഒന്നു വേറെ തന്നെയായിരുന്നു. പ്രഭാതചര്യകൾക്കുശേഷം ആ പൂമുഖത്ത് നിലത്തു കുഷ്യനിട്ട് അതിൽ മുട്ടുകുത്തി മുന്നോട്ട് കുനിഞ്ഞിരുന്നുകൊണ്ട് എൺപത്തഞ്ചായിട്ടും അധികമൊന്നും പോകാതിരുന്ന ആ കൊച്ചു കൊച്ചു പല്ലുകൾ, അടക്കാ (പാക്ക്) വറത്തുപൊടിച്ച് ഉപ്പും കുരുമുളകും ചേർത്തുള്ള ആ പൊടി കൊണ്ട് വളരെ നേരം തേച്ച്, ഏകദേശം ഒരുകുടം ചൂടുവെള്ളം ആ കൊച്ചു കരകത്തിൽ കൂടി ഇറ്റിറ്റായി മാത്തു ഒഴിക്കുന്നതു



*വയലിപ്പറമ്പിൽ ഗീവർഗീസ് മോർ ഗ്രിഗോറിയോസ് മെത്രാപ്പോലിത്ത, മിഖായേൽ മോർ ദീവന്നാസ്യോസ് മെത്രാപ്പോലിത്ത, പ. വലിയ തിരുമേനി, മോർ യൂലിയോസ് ബാവാ, പൗലോസ് മോർ സേവേറിയോസ് മെത്രാപ്പോലിത്ത*

കൊണ്ട് ഒരു പതിനായിരം വട്ടം കവിൾക്കൊണ്ട് മുഖവും കഴുകി എഴുന്നേറ്റാലുടനെ ആ തിരുമുഖം കാണേണ്ടതു തന്നെയായിരുന്നു. ഭക്ഷണത്തിന്റെ കാര്യത്തിൽ തിരുമേനിക്കുണ്ടായിരുന്ന മിതത്വവും, കൃത്യനിഷ്ഠയും വിശ്വസ്തമായി തന്നെ സേവിച്ചിരുന്ന കുഞ്ഞിപ്പൌലോയും, ഔസേപ്പും, മാത്തുവും അല്പവും തെറ്റിക്കാതെ പാലിച്ചുവന്നിരുന്നു. ദൈവാനുഗ്രഹത്താൽ ദീർഘായുസ്സോടിരുന്ന തിരുമേനിയുടെ ദീർഘായുസ്സിന്റെ ഒരു പ്രധാനകാരണം തിരുമനസ്സിലെ ഭക്ഷണമിതത്വവും പ്രാണനെപ്പോലെ തിരുമേനിയെ സ്നേഹിച്ചും സേവനമനുഷ്ഠിച്ചുമിരുന്ന മുൻപറഞ്ഞവരുടെ കളങ്കമറ്റ ശുശ്രൂഷയുമായിരുന്നു. ആശ്രിതവത്സലനായ തിരുമേനിയും അവരെ തന്റെ ജീവനെപ്പോലെ സ്നേഹിക്കുകയും കരുതുകയും ചെയ്തുമിരുന്നു.

അവിടത്തെ സ്നേഹത്തെക്കുറിച്ച് എത്ര പറഞ്ഞാലും അധികമാകയില്ലതന്നെ. ഒരിക്കൽ അദ്ദേഹത്തെ സ്നേഹിച്ചാൽ-അദ്ദേഹം സ്നേഹിച്ചാൽ-പിന്നെ പിണങ്ങുക എന്നതു സംഭവ്യമല്ലായിരുന്നു. ഏഷണിയും കർണ്ണേജപത്വവും അവിടത്തെ സന്നിധിയിൽ വിലപ്പോകയില്ലായിരുന്നു. തിരുമനസ്സിലെ എൺപതിൽപരം വയസ്സിന്നിടയ്ക്ക് എട്ടുപേരെങ്കിലും ശത്രുക്കളായിട്ട് ഇല്ലായിരുന്നു. അതായിരുന്നു അവിടത്തെ സ്നേഹം. തിരുസന്നിധിയിൽ ആർക്കും സഭ്യമായ ഏതു തമാശും പറയാം. അതുകേട്ടുകൊണ്ടുള്ള ആ കുടുകുടെയുള്ള ചിരി വർണ്ണിക്കാവതല്ലാത്തവണ്ണം സുന്ദരമായിരുന്നു. അഞ്ചു വയസ്സുള്ള ഒരു കുഞ്ഞിന്റെ ഹൃദയംപോലെ നിഷ്കളങ്കമായിരുന്ന ആ ഹൃദയത്തിൽ അസൂയയൊ, വിരോധമോ അശേഷമില്ലായിരുന്നു. തീരെ സഹിക്കാവതല്ലാത്ത ഘട്ടത്തിൽ മനുഷ്യസഹജമായ കോപം വല്ലപ്പോഴും വന്നുപോയാൽ അതിൽ കോപത്തേക്കാൾ സങ്കടത്തിന്റെയും കണ്ണുനീരിന്റെയും ശതമാനമാണ് മുന്തിനിന്നിരുന്നത്. തീരെ സഹിക്കാവതല്ലാത്തവണ്ണം മനോവേദനപ്പെടുത്തിയിട്ടുള്ള ഒന്നുരണ്ടുപേരോട് 'നിന്നെ എനിക്കിനി കാണേണ്ട' എന്നു രണ്ടു സന്ദർഭങ്ങളിൽ കല്പിച്ചിട്ടുള്ളതായും, ഏറിയാൽ ഒരു മാസത്തിനകം അവർ ഇരുവരും പിന്നെ ആർക്കും ഒരിക്കലും കാണുവാൻ കഴിയാത്തരീതിയിൽ ലോകം വിട്ടതായും കേൾക്കുവാനിടയായിട്ടുണ്ട്. അതായിരുന്നു മാർ അത്താനാസ്യോസ് തിരുമേനി.

കണിശവും കൃത്യനിഷ്ഠയും ഇത്ര കണിശമായി പാലിച്ചിരുന്നവർ തീരെ ചുരുക്കമാണ്. പണസംബന്ധമായ കാര്യത്തിലായാലും, വിശ്വാസസംബന്ധമായ കാര്യത്തിലായാലും, കണിശത്തിൽ നിന്നു കടുകിട മാറാൻ അദ്ദേഹത്തിനു സാധിക്കയില്ലായിരുന്നു. പൂർവ്വകാലത്തെ അലക്സ്ന്ത്ര്യൻ പാത്രിയർക്കീസായ വി. മാർ അത്താനാസ്യോസിനോട് ചിലർ ഒരിക്കൽ പറഞ്ഞു. ''ലോകം മുഴുവനും അത്താനാസ്യോസിന് എതിരാണ്'' എന്ന്. അതിന് അദ്ദേഹത്തിന്റെ മറുപടി ''അത്താനാസ്യോസ് ലോകത്തിന് എതിര്"! എന്നായിരുന്നു തന്റെ നിശ്ചയത്തിൽ നിന്നു അരയിഞ്ചു ആ നിഷ്ക്കളങ്കനെ തെറ്റിക്കുവാൻ ആർക്കും സാധ്യമായിരുന്നില്ല. പക്ഷെ, വല്ലവരും, വല്ലപ്പോഴും ആ നിഷ്ക്കളങ്കതയെ വഞ്ചനാപൂർവ്വം ചൂഷണം ചെയ്തു തിരുമേനിയെ സങ്കടപ്പെടുത്തിയിട്ടുണ്ടായിരിക്കാം. അതിനുള്ള ഫലം അവർ അനുഭവിച്ചിട്ടുമുണ്ടായിരിക്കാം.

ആശ്രിത വാത്സല്യം തിരുമേനിയിൽ സുസ്പഷ്ടമായി, കാണപ്പെട്ടിരുന്നു. തിരുമേനിയുമായി അടുത്ത് ഇടപ്പെട്ടിട്ടുള്ള എല്ലാവർക്കും ഇത് പ്രത്യക്ഷമായി പലപ്പോഴും അനുഭവിച്ചിട്ടിട്ടുണ്ട്. പാതിരായ്ക്കോ, പ്രഭാതത്തിലോ, കൂടെയുള്ള ശെമ്മാശനെയോ അച്ചനെയോ നൂറുവട്ടം വിളിച്ചാലും ഉറക്കത്തിൽ നിന്നെഴുന്നേൽക്കാതിരുന്നാലും, ''പാവം പിള്ളേരല്ലേ, ഉറങ്ങിക്കൊള്ളട്ടെ" എന്നു തന്നെത്താൻ പറയുമായിരുന്നു. പള്ളികളിലെ യാത്രാസന്ദർഭങ്ങളിൽ തന്നെക്കാൾ കൂടുതലായി തന്റെ കൂടെയുള്ളവരെ കരുതണമെന്നു തിരുമേനിക്ക് നിർബന്ധമുണ്ടായിരുന്നു. തിരുമേനിയുടെ അവസാന തെക്കൻ യാത്ര എ.ഡി. 1951 ൽ ആയിരുന്നു. മാർ ക്ലീമീസ് തിരുമേനിയുടെ സ്വീകരണ മഹായോഗത്തിൽ അദ്ധ്യക്ഷത വഹിച്ച് ചിങ്ങവനം സെമ്മിനാരിയിൽ അല്പദിവസം താമസിച്ചശേഷം കോട്ടയം സിംഹാസനപ്പള്ളിയിലേക്കാണു നീങ്ങിയത്. ശ്രീ. സി. ജെ. കുര്യന്റെ പൗത്രൻ, ശ്രീ. കൊച്ചുകുഞ്ഞിന്റെ, സിംഹാസനപ്പള്ളിക്കടുത്തുള്ള ബംഗ്ലാവ് ആയിടയ്ക്കു പണിതീർന്നിട്ടേയുണ്ടായിരുന്നുള്ളൂ. അവിടെയാണ് തിരുമേനിക്ക് താമസത്തിന് ഒരുക്കിയിരുന്നത്. കൂടെയുണ്ടായിരുന്ന ശെമ്മാശനെ ഒരത്യാവശ്യകാര്യത്തിനു തിരുമേനി വിളിച്ചു. ശെമ്മാശൻ അപ്പോൾ അവിടെ നിന്നു ഒന്നു വിശ്രമിക്കാൻ പുറത്തേക്കു പോയിരിക്കയായിരുന്നു. കാര്യം അത്യാവശ്യവും. ഒരുവിധക്കാരെ കോപം കീഴടക്കുമായിരുന്ന ആ സമയത്തു തിരുമേനി പറകയാണ് "പാവം, ഒന്നു വിശ്രമിക്കാൻ പോയതായിരിക്കാം. വിളിക്കണ്ട, ഒന്നു കാറ്റുകൊണ്ടുകൊള്ളട്ടെ" എന്ന്! ഇതായിരുന്നു അവിടത്തെ ആശ്രിതവാത്സല്യം! തിരുമേനിയെ ശുശ്രൂഷിക്കുവാൻ ഭാഗ്യം സിദ്ധിച്ച മുമ്പറഞ്ഞവർ ഇന്നും തിരുമേനിയുടെ പേരുപറയുമ്പോൾ കരഞ്ഞുപോകയാണ്. ഇതുപോലുള്ള ഒരു യജമാന-ഭൃത്യബന്ധം ലോകം തുച്ഛമായിട്ടേ കേട്ടിരിക്കയുള്ളു! ഏകദേശം 13 വയസ്സുള്ളപ്പോൾ മുതൽ പലപ്പോഴും തൃപ്പാദസേവ ചെയ്യുവാൻ ഭാഗ്യം സിദ്ധിച്ച ഇയ്യുള്ളവന്റെ കോറിസ്ഥാനലബ്ധിയിൽ അവിടുന്നു ഹൃദയപൂർവ്വം ആനന്ദിച്ചു. ഒരു വയലറ്റു 'ക്ലേറി' സമ്മാനിക്കയുണ്ടായി. അത്

*ശേഷം 10-ാം പേജിൽ*

## സത്യവിശ്വാസത്തിന്റെ കാവൽഭടൻ

**ബാർ ഈത്തോ കാശീറോ ജോർജ്ജ് മാത്യു, തെക്കേതലയ്ക്കൽ**

**സഭാ ട്രസ്റ്റി**



മലങ്കര മെത്രാപ്പോലിത്ത എന്ന നിലയിൽ മലങ്കര സഭയെ പ്രാർത്ഥനയിലൂടെയും കണ്ണുനീരോടെയും ദൈവികശക്തി നേടിയെടുത്ത് പ്രതിസന്ധികളെ അതിജീവിച്ച പുണ്യവാനാണ് പ. പൗലോസ് മോർ അത്താനാസിയോസ് വലിയ തിരുമേ നി. പ. അന്ത്യോഖ്യാ സിംഹാസനമാണ് കൃപയുടെ ഉറവി ടമെന്ന് പുണ്യപിതാവ് പൂർണ്ണമായി വിശ്വസി ച്ചിരുന്നു. പുണ്യപിതാവിന്റെ മെത്രാഭിഷേക ശതാബ്ദി കൊണ്ടാടുന്ന ഈ അവസരത്തിൽ ആ പുണ്യവാൻ പിൻതുടർന്ന വഴികളിൽ നടക്കുവാൻ നമുക്ക് പരിശ്രമിക്കാം. പ. പിതാവിന്റെ ജീവിത വിശുദ്ധി നോമ്പിലും സമയ നിഷ്ഠയോടു കൂടിയ പ്രാർത്ഥന വ്രതാനുഷ്ഠാനങ്ങൾ, ജീവിത ലാളിത്യം, ആതിഥ്യ മര്യാദ, വൈദികരെ കുറിച്ചുള്ള കരുതൽ, ഗുരുഭക്തി, സഭാസ്നേഹം എന്നിവ തലമുറകളോളം ഓർമ്മിക്കപ്പെടുന്നവയാണ്. ജീവിച്ചിരുന്നപ്പോൾ തന്നെ വിശുദ്ധി കൊണ്ട് ജനഹൃദയം കവർന്ന പ. പരുമല തിരുമേനിയുടെ ശിഷ്യനായ ഈ പുണ്യ പിതാവ് ഗുരുവിനെപ്പോലെ ജീവിത വിശുദ്ധികൊണ്ട് ജനഹൃദയങ്ങളിൽ എന്നും ഓർമ്മിക്കുന്ന പുണ്യവാനാണ്.

പ. അന്ത്യോഖ്യാ സിംഹാസനത്തിന് മുമ്പാകെ തിരുമേനി ചെയ്ത സത്യപ്രതിജ്ഞ തന്റെ അന്ത്യംവരെ കാത്തു സൂക്ഷിച്ചു. പ. അന്ത്യോഖ്യാ സിംഹാസനത്തോടുള്ള ഭക്തിയും കൂറും വിധേയത്വവും നിലനിർത്തുവാൻ പുണ്യപിതാവിന് പല പ്രതിസന്ധികളും നേരിടേണ്ടി വന്നിട്ടുണ്ട്. അതുപോലെ പല പ്രലോഭനങ്ങളെ അതിജീവിക്കേണ്ടതായും വന്നിട്ടുണ്ട്. മറുഭാഗത്തിന്റെ പണക്കൊഴുപ്പിൽ സഭയിലെ കേസ് നടത്തുകയെന്നത് വളരെ ദുഷ്കരമായിരുന്നു. എന്നിട്ടും പുണ്യപിതാവ് പതറിയില്ല.

ജീവിച്ചിരുന്നപ്പോഴും മരണാനന്തരവും അവിടുത്തെ മദ്ധ്യസ്ഥത വഴിയായി അനേകായിരങ്ങൾ അനുഗൃഹീതരായി തീർന്നു. സത്യവിശ്വാസസംരക്ഷകൻ എന്ന അത്യുന്നത നാമം പ. അപ്രേം പ്രഥമൻ പാത്രിയർക്കീസ് ബാവായിൽ നിന്ന് ലഭിച്ച പ. പൗലോസ് മോർ അത്താനാസിയോസ് വലിയ തിരുമേനിയുടെ മദ്ധ്യസ്ഥത നമുക്ക് കാവലും കോട്ടയും ആയിരിക്കട്ടെ.



# വലിയ തിരുമേനിയും ആലുവ സെമിനാരിയും

**പീറ്റർ വേലംപറമ്പിൽ കോർഎപ്പിസ്കോപ്പ**
(സഭാ വർക്കിംങ് കമ്മിറ്റിയംഗം)



ഫീലിപ്പോസിന്റെ കൂടെ നടന്നു വരുന്ന നഥാനിയേലിനെ നോക്കി കർത്താവു പറഞ്ഞു 'ഇതാ സാക്ഷാൽ ഇസ്രായേല്യൻ ഇവനിൽ കപടമില്ല'. നീ എന്നെ എവിടെ വച്ചാണറിയുന്നത് എന്നുളള ഫീലിപ്പോസിന്റെ ചോദ്യത്തിന് 'നിന്നെ ഫീലിപ്പോസ് വിളിക്കുന്നതിന് മുമ്പ് നീ അത്തിയുടെ കീഴിൽ ഇരിക്കുമ്പോൾ ഞാൻ നിന്നെ കണ്ടു' എന്നായിരുന്നു കർത്താവിന്റെ മറുപടി. 1869 ജനുവരി 23-ന് അകപ്പറമ്പ് ഇടവകയിൽ പൈനാടത്ത് കുറ്റിക്കാട്ടിൽ കുടുംബത്തിൽ ഭൂജാതനായ വലിയ തിരുമേനി മാതൃഗർഭത്തിൽ വച്ചു തന്നെ വിളിച്ചുവേർതിരിക്കപ്പെട്ടിരുന്നു. താപസന്മാരിൽ താപസനും ഭക്തന്മാരിൽ അദ്വിതീയനുമായിരുന്ന പരുമല മാർ ഗ്രീഗോറിയോസ് തിരുമേനിയിൽനിന്നും, പിന്നീട് മലങ്കര മെത്രാപ്പോലിത്തയായിത്തീർന്ന കൊച്ചുപറമ്പിൽ കൂറിലോസ് തിരുമേനിയോടൊപ്പം റമ്പാൻ സ്ഥാനം സ്വീകരിച്ചതോടെ വലിയ തിരുമേനി കൊച്ചുപൗലോസ് റമ്പാൻ എന്ന ശ്രവണമധുരമായ പേരിൽ വിളിക്കപ്പെട്ടുവന്നു.

കോട്ടയം പഴയ സമിനാരിയിൽനിന്നും അങ്കമാലി പള്ളിയിലേക്കുവന്ന് അവിടെ ചുരുങ്ങിയ ദിവസങ്ങൾ താമസിച്ചെങ്കിലും പിന്നീട് ആലുവ പള്ളിയിൽ വന്നു താമസമായി. വലിയ തിരുമേനിയുടെ ആലുവ പള്ളിയും സെമിനാരിയുമായുള്ള ബന്ധം അക്കാലം മുതലേ ആരംഭിച്ചു. ഓല മേഞ്ഞ പള്ളിയും സെമിനാരി കെട്ടിടത്തിന്റെ വടക്കുവശത്തു മതിലിനോട് ചേർന്നു കാണുന്ന അഴിയിട്ട ചെറുകെട്ടിടവും അല്ലാതെ മറ്റൊന്നും അന്ന് അവിടെ ഉണ്ടായിരുന്നില്ല. ആലുവായിലെ താമസക്കാലത്ത് ഒരിക്കൽ വടക്കൻ പറവൂർ പള്ളിയിലേക്ക് ക്ഷണിക്കപ്പെട്ട കൊച്ചുപൗലോസ് റമ്പാൻ മടങ്ങിപ്പോരുമ്പോൾ പാരിതോഷികമായി ലഭിച്ച സംഖ്യയിൽ നിന്ന് സ്വന്ത ആവശ്യത്തിന് ഒരു പൈസപോലും എടുക്കാതെ ഗുരുദക്ഷിണയായി ആലുവ പള്ളി പണിക്കു കല്ലു വെട്ടിക്കാൻ കാണിയ്ക്കവെയ്ക്കുകയാണ് ചെയ്തത്. ഇതിവിടെ അനുസ്മരിച്ചത് ആലുവ പള്ളിയും സെമിനാരിയും എങ്ങനെ ഉണ്ടായി എന്ന് ഓർമ്മപ്പെടുത്തുവാനാണ്. പ.



*ആലുവ തൃക്കുന്നത്ത് സെമിനാരി*

പിതാവിനെ മെത്രാപ്പോലിത്ത സ്ഥാനത്തേക്കു തെരഞ്ഞെടുത്ത 1909 ചിങ്ങം 15-ലെ അങ്കമാലി ഭദ്രാസന പള്ളിപ്രതിപുരുഷയോഗം പ. അഹ്ദുള്ള പാത്രിയർക്കീസ് ബാവായ്ക്കു സമർപ്പിച്ച അപേക്ഷയിൽനിന്നും പ.വലിയ തിരുമേനി ആലുവ പള്ളിക്കും സെമിനാരി നിർമ്മാണത്തിനും വഹിച്ച പങ്ക് വ്യക്തമാക്കുന്നതാണ്. "പരേതനായ മാർ കൂറിലോസ് തിരുമേനിയുടെ ശിഷ്യനായ കൊച്ചുപൗലോസ് റമ്പാൻ ദൈവികമായ തീക്ഷ്ണതയോടെ ഒരു ഭിക്ഷക്കാരനെപ്പോലെ പള്ളികളിൽ സഞ്ചരിച്ച് വളരെ പ്രയാസപ്പെട്ടു പണം പിരിച്ചു സെമിനാരി കെട്ടിടത്തിന്റെ പണിമിക്കവാറും പൂർത്തിയാക്കി". അദ്ദേഹം വിശ്വാസ വൈ രാഗ്യമുള്ളവനും, പരിശ്രമശീലനം, ദൈവഭക്തനും, സ്വാഭാ വശുദ്ധിയുള്ളവനുമാകുന്നു. പിതൃസ്വത്തിന്റെ മുഴുവൻ വിഹി തവും വാങ്ങി അത് ആലുവ സെമിനാരിയ്ക്ക് മുതൽക്കൂട്ടിയ തിരുമേനി കല്പിച്ചത് "എന്റെ കുടുംബാംഗങ്ങളും മറ്റും ചില പ്പോൾ ഇവിടെ വന്നു താമസിക്കും. അവരുടെ ഭക്ഷണച്ചെല വിനും മറ്റും ഈ വിഹിതം കൂടിയെതീരൂ" എന്നാണ്. (ആലു വായിലെ വലിയ തിരുമേനി പേജ് 21, 111) തങ്ങളാണ് യഥാർ ത്ഥ അകവാശികൾ എന്ന് വീമ്പിളക്കുന്ന കുടുയേറ്റക്കാരായ വേദവിപരീതികൾ വിരിച്ചതിനുമീതെ കിടക്കുന്നവരും വിത ക്കാത്തിടത്തു നിന്ന് കൊയ്തെടുത്ത് ഉദരപൂരണം നടത്തുന്ന വരുമാണല്ലോ. ഈ സത്യം ഇക്കൂട്ടർ മനസ്സിലാക്കിയി രുന്നെങ്കിൽ !!

'അത്തിവൃക്ഷം തളിർക്കയില്ല മുന്തിരിവള്ളിയിൽ അനുഭവം ഉണ്ടാകയില്ല, ഒലിവു വൃക്ഷത്തിന്റെ പ്രയത്നം നിഷ്ഫലമായ്പ്പോകും; നിലങ്ങൾ ആഹാരം വിളയിക്കില്ല; ആട്ടിൻക്കൂട്ടം തൊഴുത്തിൽ നിന്ന് നശിച്ചുപോകും; ഗോശാലകളിൽ കന്നുകാലി ഉണ്ടായിരിക്കയില്ല. എങ്കിലും ഞാൻ യാഹോവയിൽ ആനന്ദിക്കും' (ഹബക്കൂക്ക് 3:17) ഹബക്കൂക്ക് എന്ന വാക്കിന്റെ അർത്ഥം കെട്ടിപ്പിടിക്കുന്നവൻ അഥവാ മുറുകെ പിടിക്കുന്നവൻ എന്നത്രേ. പ്രതികൂല സാഹചര്യങ്ങൾ ഉണ്ടായ അവസരങ്ങളിലെല്ലാം അടിപതറാതെ, ചഞ്ചലചിത്തനാകാതെ ഹബക്കൂക്കിനെപ്പോലെ യഹോവയെ മുറുകെ പിടിച്ചു മുന്നേറിയ പിതാവ് 1943-ൽ സമുദായക്കേസിൽ മെത്രാൻ കക്ഷികൾക്കനുകൂലമായ വിധിയുണ്ടായപ്പോൾ പ്രതികരിച്ചതെങ്ങനെയെന്ന് അദ്ദേഹത്തിന്റെ ആശ്രിതവത്സലനായിരുന്ന മാത്തുവിന്റെ ഒരു വിശദീകരണത്തിൽ നിന്ന് മനസ്സിലാക്കാവുന്നതാണ്. "........അവർ നമ്മെ അപമാനിക്കാൻ വേണ്ടി കോടതി ചെലവവിനും നമുക്കു വാറണ്ടുവക്കും. വാറണ്ടു വച്ചാൽ നമുക്കു ജയിലിൽ പോകണം. നമ്മുടെ യാമനമസ്ക്കാര പുസ്തകവും, ഒരു സങ്കീർത്തന പുസ്തകവും കൂടെ കൊണ്ടുപോകണം. മാത്തുവും കൂടെ നമ്മുടെ കൂടെ വരണം". (സ്തുതി ചൊവ്വാക്കപ്പെട്ട വി. സഭയുടെ ചരിത്രം)

സത്യവിശ്വാസ സംരക്ഷണത്തെപ്രതി വേണ്ടിവന്നാൽ ജയിൽവാസം പോലും അനുഭവിക്കാൻ ശരീരാത്മ മനസ്സുകളെ ഒരുക്കിയ വിശ്വാസ ധീരനായ പിതാവിന് "വിശ്വാസസംരക്ഷകൻ" എന്ന പേര് എത്രയോ അന്വർത്ഥമായിരിക്കുന്നു.

9-ാം പേജിന്റെ തുടർച്ച മഹാത്മാവ്....

ഞാൻ തയ്യാറാക്കിക്കൊണ്ടുചെല്ലണമെന്നും ചെലവു മുഴുവൻ തിരുമേനി ചെയ്യുമെന്നുമായിരുന്നു കല്പന. കല്പന കഴിഞ്ഞു രണ്ടു മൂന്നു തവണ പിന്നെ ആലുവായിൽ ചെന്നിട്ടും ഞാൻ അതു തയ്യാറാക്കിക്കൊണ്ടു ചെന്നില്ല... അങ്ങനെയിരിക്കെ, അവിടുന്നു അത്യാസന്നമായി കിടന്നസമയത്ത് ഞാൻ തിരുസന്നിധിയിലെത്തി, ആരാണെന്നറിഞ്ഞതോടുകൂടി ബോധംപോലും ചിലപ്പോൾ മാറിയിരുന്ന ആ ഘട്ടത്തിൽ - എന്നോടു ചോദിക്കയാണ്. "അതു ശരിക്കായോ" എന്ന്! പെട്ടെന്ന് എനിക്കുപോലും ഓർമ്മവന്നില്ല. കുപ്പായത്തിന്റെ കാര്യമാണെന്നറിഞ്ഞതോടുകൂടി, ആ സമയത്തുപോലും എന്നെ വാത്സല്യപൂർവ്വം കരുതിയ ആ പ്രിയപിതാവിനെ ഓർത്തു ഞാൻ കരഞ്ഞുപോയി. അടുത്തുതന്നെപോയി അതു ശരിപ്പെടുത്തി അതു തൃക്കൈയിൽ കൊടുത്ത് സമ്മാനമായി വാങ്ങുകയുണ്ടായി. ഇതായിരുന്ന മാർ അത്താനാസ്യോസിന്റെ ആശ്രിതവാത്സല്യം.

സഹൃദയന്മാർക്കു സ്വാഭാവികമായ സരസ സംഭാഷണം കേൾക്കുന്നതും പറയുന്നതും അവിടത്തേക്കു വളരെ സന്തോഷമായിരുന്നു. മുൻകാലങ്ങളിൽ അങ്ങനെയുള്ള സന്ദർഭങ്ങളിൽ തിരുമേനി ഉറച്ചു പൊട്ടിച്ചിരിക്കുമായിരുന്നുവെന്നും അങ്ങനെ ഒരിക്കൽ പൊട്ടിച്ചിരിച്ചപ്പോൾ ആ മുഖഭംഗിയും മറ്റുംകണ്ടിട്ട് ആത്മമിത്രമായിരുന്ന ഒരു മാന്യദേഹം 'തിരുമേനി, ഇങ്ങനെ ചിരിക്കരുത്' എന്നു സ്നേഹപൂർവ്വം ശാസിച്ചതായും, അന്നുമുതലാണ് പൊട്ടിച്ചിരി നിർത്തിയതെന്നും പറയപ്പെടുന്നു. എന്നിട്ടും സന്തോഷവാക്കുകൾ കേൾക്കുമ്പോൾ, വായ്പൊത്തിപ്പിടിച്ചുകൊണ്ട് കുലുങ്ങിക്കുലുങ്ങി 'കുടുകുടെ' ചിരിക്കാതിരിക്കാൻ അദ്ദേഹത്തിനു സാദ്ധ്യമല്ലായിരുന്നു. അവിട്ടുന്നു എപ്പോഴും പറയാറുണ്ടായിരുന്ന ചില പഴഞ്ചൊല്ലുകൾ 'അവനവന്റെ കൈ തലക്ക് കീഴിരിക്കണം", 'വീട്ടുചോറുണ്ടെങ്കിലേ വിരുന്നു ചോറുള്ളൂ', "ചത്തുകിടന്നാലും ഒത്തു (ചമഞ്ഞു) കിടക്കണം' മുതലായവയാണ്. ആലുവ സെമിനാരി എല്ലാ കാര്യത്തിലും സ്വയം പര്യാപ്തമാകുന്നതിലും എല്ലാക്കാര്യവും ഒത്തിണക്കിവെക്കുന്നതിലും, വെയ്പിക്കുന്നതിലും മേൽപ്പറഞ്ഞ മഹദ്വചനങ്ങൾ അദ്ദേഹത്തിന് മാർഗ്ഗദർശകം തന്നെയായിരുന്നു.

സ്വയം ഇത്ര താഴ്ത്തി ജീവിച്ച മഹാത്മാക്കൾ ചുരുക്കമാണ്. അവനവൻ പ്രവർത്തിച്ച നിസ്സാരകാര്യങ്ങൾപോലും സുദീർഘം ചർവ്വിതചർവ്വണം ചെയ്യുന്നതാണ് ഒരുതരക്കാരുടെ സ്വഭാവം. ഒരിക്കൽ എനിക്കു കണ്ണുനിറഞ്ഞ-തിരുമേനി കണ്ണുനീർ തൂകിയ-ഒരനുഭവമുണ്ടായി. കോട്ടയം സിംഹാസനപ്പള്ളിയിൽവെച്ചു തിരുമേനിയെ ഞാൻ കണ്ടു. അടുത്തുതന്നെ ഞാൻ ചില കാര്യങ്ങൾ അറിയാൻ ആലുവായ്ക്കു വരുന്നുണ്ടെന്നു ബോധിപ്പിച്ചു. "എന്തെറിയാനാ" എന്നു തിരുമേനി. "തിരുമേനിയെക്കുറിച്ചു ചില കാര്യങ്ങൾ" എന്നു ഞാൻ ബോധിപ്പിച്ചു. "എന്തിനാ ജീവചരിത്രമെഴുതാനാണോ? സഭയ്ക്കുവേണ്ടി ഞാനെന്തു ചെയ്തിട്ടുണ്ട് മകനേ. സമാധാനത്തിൽ ഇരുന്നു എനിക്കു വല്ലതും ചെയ്യുവാൻ സാധിച്ചിട്ടുണ്ടോ മകനേ! എന്നു ചോദിച്ചപ്പോഴേക്കും കണ്ണുനീർ ആ കവിൾത്തടങ്ങളിൽ കൂടി ഒഴുകി. കണ്ടുനിന്ന എന്റെ കണ്ണുകളും നിറഞ്ഞു. ഇതായിരുന്നു ആ പരിശുദ്ധന്റെ ചിന്താഗതി. എത്രമാത്രം താഴുന്നതിനും അവിടത്തേക്കു യാതൊരു പ്രായസവുമില്ലായിരുന്നു. അതാണ് ആ മഹാത്മാവിന്റെ അതുല്യമായ മാഹാത്മ്യം.അതുപോലെ തന്നെ അധികാരഭ്രമം, ആഡംബരഭ്രമം ഇതു രണ്ടും അവിടത്തെ സ്പർശിച്ചിട്ടില്ലായിരുന്നു. ശെമ്മാശനായിരുന്ന കാലത്തു വലിയ ആഡംബരഭ്രമക്കാരനായിരുന്നുവെന്നു തിരുമേനിതന്നെ കല്പിച്ചിട്ടുണ്ട്." നല്ലാകാരമതിന്നലങ്കരമാണെല്ലാ പദാർത്ഥങ്ങളും" എന്നതുപോലെ വെള്ള, കറുപ്പ്, ചെമപ്പ് ഇതെല്ലാം അവിടേക്കു അലങ്കാരമായിരുന്നു. അവസാനകാലമായപ്പോഴേക്കും അവിടന്നു യഥാർത്ഥ താപസത്വത്തിൽ തന്നെ കഴിഞ്ഞു. ചുവന്ന കുപ്പായം ദുർല്ലഭമായിട്ടേ ധരിച്ചിരുന്നുള്ളു. അതുപോലെതന്നെ സ്വർണ്ണക്കുരിശ്, സ്ലീബാ, വടി എന്നിവയും മരവടി, മരക്കുരിശ്, മരസ്ലീബാ ഇവയെല്ലാം തന്റെ കബറടക്കത്തിനുവേണ്ടി പ്രത്യേകം ഉണ്ടാക്കിയിരുന്നു. ആലുവായിൽ മാർ സേവേറിയോസ് തിരുമേനി റമ്പാനായിരിക്കുമ്പോൾ ഒരിക്കൽ കറുത്ത കുപ്പായവുമിട്ട് കൊച്ചുറമ്പാച്ചന്റെ കയ്യിൽ പിടിച്ചുകൊണ്ട് നടന്നിരുന്ന വലിയ തിരുമേനിയെക്കണ്ട് ഒരപരിചിതൻ ചോദിക്കയുണ്ടായി ഈ വല്യറമ്പാച്ചൻ ഏതാണെന്ന്! സ്വന്ത കബർ പണിയേണ്ട സ്ഥാനവും നേരത്തെ നിശ്ചയിച്ച് അതിനുള്ള കല്ലുകൾപോലും "ചെത്തിച്ചുവെച്ചിരുന്ന കർത്തൃഭക്തനെക്കുറിച്ചോർക്കുമ്പോൾ ആർക്കാണ് ആദരവ് തോന്നാത്തത്. "നിന്റെ കല്യാണവസ്ത്രം ഒരുക്കുന്നതോടൊപ്പം നിന്റെ ശവസംസ്കാരത്തിനുള്ള വസ്ത്രവും ഒരുക്കുക" എന്ന സുറിയാനി ഗീതം പലരോടായി പലപ്പോഴായി എത്രവട്ടമാണുപദേശിച്ചിട്ടുള്ളത്. അവിടുന്ന് അക്ഷരംപ്രതി പാലിച്ചിരുന്നു. കബറടക്കത്തിനുള്ള കാപ്പ മുതലായവയും നേരത്തെതന്നെ തൈപ്പിച്ചു വെച്ചിരുന്നു. അത് ഉപയോഗിച്ചു അവിടുന്നു വി. കുർബ്ബാനയർപ്പിച്ചിട്ടുണ്ട്. കബറടക്കത്തിനു കസേരയിൽ ഇരുത്തുമ്പോൾ മുന്നോട്ടു കുനിയാതിരിക്കാൻ കസേരയോടു ചേർത്ത് ബന്ധിക്കാനുള്ള തുണിപോലും കരുതിയിരുന്ന ആ പരമഭക്തനെ ഓർക്കുമ്പോൾ ആർക്കാണ് ഹൃദയം പൊട്ടാത്തത്! തന്റെ കബറിടം തന്റെ മാതൃകാശ്രേഷ്ഠനായ പ. ചാത്തുരുത്തിൽ തിരുമേനി (പരുമല തിരുമേനി)യുടെ കബറിടംപോലെ മദ്ബഹായോടും ചേർത്തുവേണമെന്നു അവിടന്നു കല്പിക്കയും, കുറച്ചുവർഷങ്ങൾക്കുമുമ്പ് ആ സ്ഥലം കാണിച്ചുകൊടുക്കുകയുമുണ്ടായി! അന്നുമുതൽ ആ സ്ഥലത്ത് ആരും ചവിട്ടാത്ത രീതിയിൽ സെമിനാരിഭാരവാഹികൾ വേണ്ട ക്രമീകരണം ചെയ്തിരുന്നു. 'മകനേ, പെട്ടെന്നുള്ള മരണവും, അരിഷ്ടിച്ചു കിടന്നുള്ള മരണവും ഉണ്ടാകരുതെന്നാണ് എന്റെ പ്രാർത്ഥന. രാണ്ടാഴ്ചയെങ്കിലും എന്റെ ദൈവംതമ്പുരാൻ എനിക്കവസരം നൽകും മകനേ' എന്നാണ് തിരുമേനി ഒരിക്കൽ ബ. കടവിൽ പോൾ റമ്പാച്ചനോടു പറഞ്ഞത്. സർവ്വശക്തൻ അതനുവദിക്കയും ചെയ്തു. തിരുമനസ്സിലേക്കു തന്നെ നാഥന്റെ സന്നിധിയിൽ ഒരെളിയ ദാസനായി വിശ്രമിക്കുവാൻ സാധിക്കുമെന്ന് അദ്ദേഹം പൂർണ്ണമായി വിശ്വസിച്ചിരുന്നു. അതിനാൽ അദ്ദേഹത്തിനു മരണത്തെ ഭയമില്ലായിരുന്നു. സഭയിലെ സുവിശേഷവേലയിൽ തിരുമനസ്സിലേക്കുള്ള ആഗ്രഹം അത്യധികമായിരുന്നു. എന്നാൽ യേനകേന പ്രകാരേണയും മറ്റുള്ളവരിൽ നിന്നു പിടിച്ചെടുക്കണമെന്നുള്ള ഹീനമായ മനഃസ്ഥിതി അവിടത്തെ തീണ്ടിയിട്ടുപോലുമില്ലായിരുന്നു. എറണാകുളം (റോമൻ കത്തോലിക്ക) അതിരൂപതയിൽപെട്ട ഒരു പള്ളിയിലെ കുറെ വീട്ടുകാർ നമ്മുടെ ഒരച്ചനുമായി തിരുസന്നിധിയിലെത്തി. അവർക്കു യാക്കോബായ സഭയിൽ ചേരണംപോലും; പള്ളിയും അവർ വെച്ചുകൊള്ളും. ഇതാണ് വരവിന്റെ ഉദ്ദേ്യശം. വിവരങ്ങളറിഞ്ഞ തിരുമേനി അച്ചനോടു പറഞ്ഞു: "അവർക്കു താല്ക്കാലികമായി ഏതോ വൈരാഗ്യം നിമിത്തം ഇങ്ങനെ ഒരഭിപ്രായം തോന്നിയതാണ്, അവർ സഭയുടെ ഉപദേശം പഠിക്കട്ടെ. ധൃതിയിൽ പാടില്ല. അവർ സാവധാനം ചിന്തിക്കട്ടെ" അവരോടുള്ള ഉപദേശം "മക്കളേ, നിങ്ങളുടെ മെത്രാനച്ചനുമായി എന്തോ അഭിപ്രായവ്യത്യാസങ്ങളുണ്ടായിട്ടുള്ളതാണല്ലോ ഇവിടെ വരാൻ കാരണം. നിങ്ങൾ സാവകാശം ചിന്തിക്കണം. പോയി എറണാകുളം മെത്രാനച്ചനെക്കണ്ടു കാര്യം തീർക്കണം. അതിനുശേഷം സഭയുടെ വിശ്വാസം നിങ്ങൾ പഠിച്ച് ആഗ്രഹം തോന്നുന്നുവെങ്കിൽ സഭയിൽ ചേരണമെങ്കിൽ ആകാം" എന്നായിരുന്നു! എത്ര മഹത്തായ ചിന്താഗതി!

ഭാരതത്തിലാകെ നമുക്കു പള്ളികളും പട്ടക്കാരും ഉണ്ടാകണമെന്ന് തിരുമേനി ആത്മാർത്ഥമായി ആഗ്രഹിച്ചിരുന്നു. റവ. ഫാദർ തോമ്മസ് വർഗ്ഗീസ് (വൈലിപ്പറമ്പിൽ) അഖിലേന്ത്യാപര്യടനം നടത്തിയത് അവിടത്തേക്കു സന്തോഷകരമായിരുന്നു. മാർ പീലക്സീനോസ് തിരുമേനി മംഗലാപുരം, ഹോണോവാർ, ബ്രഹ്മവാർ മുതലായ ഇടവകകളുടെ മേൽനോട്ടം റവ. ഫാ. പി. ജെ. പൗലൂസായിരുന്നപ്പോൾ നടത്തിക്കൊണ്ടിരിക്കവേ ഒരിക്കൽ തിരുമേനി അദ്ദേഹത്തോടു കല്പിക്കയാണ്, "മകനേ, നല്ലകാര്യം. ഇന്ത്യയിൽ പലയിടത്തും നമുക്കു സ്വന്തപള്ളികൾ ഉണ്ടാകണം. ദൈവം എനിക്കായുസ്സുതന്നാൽ നമ്മുടെ മക്കളുടെ അടുക്കലേക്കുള്ള നമ്മുടെ അവസാനകൈ നീട്ടൽ-അഭ്യർത്ഥന- ഇതിനുവേണ്ടിയായിരിക്കും" എന്നായിരുന്നു! മാർ ക്ലീമിസ് തിരുമേനിയും ഞാനുംകൂടി ഉത്തരേന്ത്യൻ പര്യടനത്തിനുപോയപ്പോൾ (ഏ.ഡി. 1952) അവിടന്ന് എത്ര സന്തോഷത്തോടെ ഞങ്ങളെ യാത്രയയച്ചു. ഈ യാത്രയിലാണ് ബോംബെ, പൂനാ ഇടവകകൾ മാർ ക്ലീമിസു തിരുമേനി ഉദ്ഘാടനം ചെയ്തത്. ബോംബെ യ്ക്കു ഒന്നാമതായി നിയമിതനായ റവ. ഫാ. ജേക്കബ് പാറയിൽ എം.എ. യെ വികാരിയായി നിയമിച്ചുള്ള കൽപ്പന വലിയ തിരുമേനിയാണ് കൽപിച്ചു നൽകിയത്. തിരുമേനിയുടെ നിഷ്ക്കളങ്കമായ മുഖത്ത് ഒരു ദിവ്യത തിളങ്ങിയിരുന്നു. ഒരിക്കൽ തൃപ്പൂണിത്തുറ പള്ളിമുറ്റത്തുവെച്ച് കൊച്ചിമഹാരാജാവു തിരുമനസ്സുകൊണ്ട് എഴുന്നെള്ളിയ ഒരു മഹായോഗം നടന്നു. വലിയതിരുമേനിയും, മാർ സേവേറിയോസു തിരുമേനിയും എഴുന്നള്ളിയിരുന്നു. മഹാരാജാവ് ആഗതനായപ്പോൾ തിരുമേനിമാർ എഴുന്നേറ്റു മഹാരാജാവു തിരുമേനിയെ ഉപചരിച്ചു. മഹാരാജാവ് വലിയതിരുമേനി ഇരിക്കാതെ ഇരിക്കയില്ലെന്നായി. തമ്പുരാൻ ഇരിക്കാതെ തിരുമേനിയും ഇരിക്കയില്ല. അവസാനം മഹാരാജാവു തിരുമേനിയുടെ നിർബന്ധം ഹേതുവാൽ തിരുമേനി ഇരിക്കയും പിന്നീടു മഹാരാജാവ് തിരുമനസ്സുകൊണ്ട് ഇരിക്കുകയും ചെയ്തു.

ഇതുപോലെ മറ്റൊരവസരത്തിൽ, വിഷവൈദ്യം മുതലായവയിൽ പ്രവീണനായിരുന്ന തീപ്പെട്ടുപോയ കൊച്ചിമഹാരാജാവിനെ മുഖംകാണിക്കാൻ തൃപ്പൂണിത്തുറ കനകക്കുന്നു കൊട്ടാരത്തിൽ എത്തിയപ്പോഴും, ഈ മാമുനിയെ ഇരുത്തിയശേഷമാണ് ആ രാജർഷി ഇരുന്നത്. തിരുമേനിയേക്കാൾ പ്രായംകൂടിയ മഹാരാജാവു തിരുമേനി, തിരുമേനിയുടെ ദേഹസൗഖ്യത്തിനായി ഒരെണ്ണക്ക് കല്പിച്ചു തൃക്കൈവിളയാടി കരിങ്ങാശ്രപള്ളിയിലേക്കു കൽപ്പിച്ചു കൊടുത്തയക്കുകപോലുമുണ്ടായി! അതേ, മാർ അത്താനാസ്യോസ് കൊട്ടാരത്തിലും കുടിലിലും ബഹുമാന്യനായിരുന്നു.



# സത്യവിശ്വാസ സംരക്ഷകന്‍ പൗലോസ് മോര്‍ അത്താനാസ്യോസ് തിരുമേനി

ഷെവ. കെ.വി. പൗലോസ്



വിനയത്തിന്റെ ഉത്തമമാതൃകയായിരുന്നു അഭിവന്ദ്യ പൗലോസ് മോര്‍ അത്താനാസ്യോസ് വലിയ തിരുമേനി. സ്ഥാനമാനങ്ങള്‍ക്കെല്ലാം അതീതനായി ഭക്തിനിര്‍ഭരവും പ്രാര്‍ത്ഥനാനിരതവുമായ ലളിതജീവിതം നയിച്ച അഭിവന്ദ്യ തിരുമേനി നാനാജാതിമതസ്ഥരുടെയും ആദരവുനേടിയ പുണ്യവാനാണ്. കേസുകള്‍ക്കുവേണ്ടി അദ്ദേഹം ബദ്ധപ്പെടേണ്ടി വന്നു. അതോടൊപ്പം സഭയില്‍ സമാധാനം കൈവരുത്തുന്നതിന് വലിയ തിരുമേനി വളരെയേറെ പരിശ്രമങ്ങള്‍ നടത്തി. പരി. അന്ത്യോഖ്യാ സിംഹാസനത്തോടുള്ള ബന്ധത്തിലൊഴികെ മറ്റെല്ലാ കാര്യങ്ങളിലും വിട്ടുവീഴ്ച ചെയ്യുവാന്‍ അഭിവന്ദ്യ പിതാവ് തയ്യാറായിരുന്നു.

തിരുമനസ്സിലെ തേജസ്സുറ്റ മുഖകാന്തി ആരെയും ഹഠാദാകര്‍ഷിക്കും. ഒട്ടുവളരെ വിശിഷ്ട ഗുണങ്ങളുടെ വിളനിലമായ അദ്ദേഹത്തിന്റെ വ്യക്തിവൈശിഷ്ട്യം അത്ഭുതാദരങ്ങളോടെ കണ്ടറിഞ്ഞിട്ടുള്ളവരും ആരാധനാ മനോഭാവത്തോടെ നോക്കിനിന്നിട്ടുള്ളവരും ഏറെയാണ്. വിനയാന്വിതമായ ഭാഷണം, ഹൃദയഹാരിയായ പെരുമാറ്റം, ആത്മാര്‍ത്ഥത തുളുമ്പുന്ന ഭരണശൈലി, എല്ലാ കാര്യങ്ങളിലും വച്ചു പുലര്‍ത്തുന്ന സുതാര്യത, സ്നേഹാര്‍ദ്രമായ ഹൃദയം ഇവയൊക്കെ തിരുമേനിയുടെ മുഖമുദ്രയാണ്. പ്രലോഭനങ്ങള്‍ക്കടിമപ്പെടാതെ എന്നുമെന്നും സത്യവിശ്വാസം നിലനിറുത്തിയ അദ്ദേഹം സത്യവിശ്വാസസംരക്ഷകനെന്ന അത്യപൂര്‍വ്വ ബഹുമതി വി. സഭയുടെ ദൃശ്യതലവനില്‍ നിന്നു നേടിയെന്നു മാത്രമല്ല ഭക്തജനലക്ഷങ്ങള്‍ അതേറ്റുപാടുകയും ചെയ്യുന്നു.

സത്യമാണ് ലക്ഷ്യം; പ്രാര്‍ത്ഥനയാണ് മാര്‍ഗ്ഗം; സ്നേഹമാണ് ശൈലി ഇതാണ് എക്കാലവും അദ്ദേഹത്തിന്റെ മതം. എത്രയോ, നുറുങ്ങിയ ഹൃദയങ്ങള്‍ക്ക് അദ്ദേഹം ജീവന്‍ നല്‍കി! എത്രയോ പേരുടെ കണ്ണുനീര്‍ തുടച്ചു! എത്രയെത്ര തകര്‍ന്ന കുടുംബങ്ങള്‍ക്ക് അദ്ദേഹം ആശ്വാസദായകനായി! ഓരോരുത്തരുടെ മനസ്സിലുമുണ്ട് കണ്ടറിഞ്ഞതും കേട്ടറിഞ്ഞതുമായ അനുഭവകഥകള്‍; ഒട്ടേറെ. അനന്തരതലമുറകള്‍ക്കായി അത് പകര്‍ന്നുകൊടുക്കുവാന്‍ അവര്‍ വെമ്പുന്നു, തികഞ്ഞ കൃതാര്‍ത്ഥതയോടെ, ഭക്ത്യാദരവുകളോടെ നാടും നഗരവും തിരിച്ചറിഞ്ഞു കഴിഞ്ഞു. ഇവിടെ ഒരു പുണ്യവാന്‍ ജീവിച്ചിരുന്നുവെന്ന്. ഒരു കെടാവിളക്ക് ഇവിടെ പ്രകാശം പരത്തിക്കൊണ്ടിരുന്നുവെന്ന്. നെടുമ്പാശ്ശേരി അന്താരാഷ്ട്ര വിമാനത്താവളം ഈ പുണ്യവാന്റെയും അകപ്പറമ്പിന്റെയും ഖ്യാതി ലോകമെങ്ങും അറിയിച്ചുകൊണ്ടിരിക്കുന്നുമുണ്ടല്ലോ.

തിരുമനസ്സിലെ ഓര്‍മ്മശക്തി അനിതരസാധാരണമായിരുന്നു. ഒരിക്കല്‍ കണ്ടാല്‍ മതി പിന്നീടെപ്പോഴായാലും അദ്ദേഹം ആ വ്യക്തിയെ ഓര്‍മ്മിക്കും. ഓരോരുത്തരുടെയും പേരു ചൊല്ലി വിളിച്ച് കുശലാന്വേഷണം നടത്തുന്ന അഭിവന്ദ്യ തിരുമേനി പലര്‍ക്കും ഒരു അത്ഭുതമായിരുന്നു. കൊച്ചുരാജ്യങ്ങള്‍, തത്ത, പൂച്ച തുടങ്ങിയ ജീവികള്‍ എന്നിവയോടെല്ലാം തിരുമേനിക്ക് അതിരറ്റ വാത്സല്യമായിരുന്നു.

"തിരുമേനിയുടെ ദിനചര്യ പ്രത്യേകമായിരുന്നു. ഉച്ചയ്ക്ക് മാത്രം ഞവരയരി ചോറും, എരിവധികമില്ലാത്ത കറികളും, രാവിലെയും അത്താഴവും പാലും, പഴവും മാത്രം. ശെമ്മാശനായിരുന്നപ്പോഴത്തെ പനി മുതല്‍ വയസ്ക്കര മൂസ്സതിന്റെ നിര്‍ദ്ദേശമനുസരിച്ച് നോമ്പല്ലാത്തപ്പോള്‍ പാല്‍ പതിവായി ഉപയോഗിച്ചിരുന്നു. ഭക്ഷണക്രമം വൈദ്യോപദേശാനുസൃതമായിരുന്നു. സ്ഥിരം വൈദ്യന്‍ വാലയില്‍ ശ്രീ. ചാണ്ടി വൈദ്യരായിരുന്നു. വൈകിട്ട് നമസ്കാരം കഴിഞ്ഞാലുടനെയാണ് പ്രതിദിനസ്നാനം. അത് വെയിലത്ത്വച്ച് ചൂടുപിടിച്ചതോ, ചെറുചൂടുള്ളതോ ആയ വെള്ളമായിരിക്കും. രാത്രി 9 മണിക്ക് സൂത്താറ നമസ്കാരം കഴിഞ്ഞാലുടനെ അവിടുന്ന് ഉറങ്ങുവാന്‍ കിടക്കും. കൃത്യം പാതിരായ്ക്ക് എഴുന്നേറ്റ് പ്രാര്‍ത്ഥന കഴിക്കും. പിന്നെ നാലര മണിയ്ക്കും.

പരി. ഏലിയാസ് തൃതീയന്‍ പാത്രിയര്‍ക്കീസ് ബാവായുടെ വേര്‍പാട് അഭി. അത്താനാസ്യോസ് തിരുമേനിയെ ദുഃഖാകുലനാക്കി. പിതൃനിര്‍വിശേഷമായ സ്നേഹവാത്സല്യങ്ങളോടെ തന്നെ കരുതുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തിരുന്ന പരി. പിതാവിന്റെ വിയോഗം ആകമാന സുറിയാനി സഭയ്ക്കും വിശേഷിച്ച് മലങ്കരസഭയ്ക്കും താങ്ങാനാവാത്ത ദുഃഖഭാരമുളവാക്കി. സമാധാന ദൂതനായിട്ടാണ് പരി. പിതാവ് മലങ്കര സന്ദര്‍ശിച്ചത്. എന്തുവിട്ടുവീഴ്ച ചെയ്തിട്ടായാലും സമാധാനം കൈവരുത്തണമെന്ന് പരി. പിതാവ് ആഗ്രഹിച്ചു. ആയതിന്റെ ആദ്യപടിയായിട്ടാണ് മോര്‍ ദീവന്നാസ്യോസ് ആറാമന്റെ മുടക്ക് തീര്‍ത്തതും ആശ്ലേഷിച്ച് സ്നേഹചുംബനം നല്‍കിയതും കല്പന പുറപ്പെടുവിച്ചതും. സമാധാനം കൈവരുത്തുവാന്‍ ആത്മാര്‍ത്ഥമായി ആഗ്രഹിച്ചിരുന്ന അതിന് എല്ലാ ശ്രമങ്ങളും ചെയ്തിരുന്ന അഭി. അത്താനാസ്യോസ് തിരുമേനി ആ സമാധാനം കൈവന്നില്ലല്ലോ എന്നോര്‍ത്തപ്പോള്‍ സമാധാനത്തിനുവേണ്ടി രക്തസാക്ഷിയായിത്തീര്‍ന്ന പരി. പിതാവിന്റെ ചേതസ്സറ്റ ശരീരംനോക്കിക്കണ്ട് താങ്ങാനാവാത്ത ദുഃഖഭാരത്താല്‍ ഏങ്ങലടിച്ചു കരയുകതന്നെ ചെയ്തു.

പരി. അന്ത്യോഖ്യാ സിംഹാസനത്തില്‍ പരി. ഏലിയാസ് തൃതീയന്‍ പാത്രിയര്‍ക്കീസ് ബാവായുടെ പിന്‍ഗാമിയായി സ്ഥാനമേറ്റത് അദ്ദേഹത്തെപ്പോലെതന്നെ പരിശുദ്ധനും സുപ്രസിദ്ധ വേദശാസ്ത്രനിപുണനും സഭാചരിത്രത്തില്‍ അവഗാഹം നേടിയിട്ടുള്ള വ്യക്തിയും വിശാലഹൃദയനും സമാധാന പ്രേമിയും ആയ മോര്‍ അപ്രേം സേവേറിയോസ് മെത്രാപ്പോലീത്തായായിരുന്നു. ഏ.ഡി. 1933 ല്‍ (1108 മകരം 30-ാം തീയതി) അദ്ദേഹം മോറാന്‍ മോര്‍ ഇഗ്നാത്യോസ് അപ്രേം പ്രഥമന്‍ എന്ന പേരില്‍ പരി. അന്ത്യോഖ്യാസിംഹാസനാധിപനായി ചുമതലയേറ്റെടുത്തു.

തിരുമേനിയെ മലങ്കരമെത്രാപ്പോലീത്താ സ്ഥാനത്തു നിയമിച്ചുകൊണ്ടുള്ള പരി. അപ്രേം പ്രഥമന്‍ പാത്രിയര്‍ക്കീസ് ബാവാ അയച്ചപൊതുകല്പനയില്‍ ഇപ്രകാരമാണ് കല്പിച്ചിട്ടുള്ളത്. മെത്രാപ്പോലീത്താ ട്രസ്റ്റിയും അസോസിയേഷന്‍ എന്നുവിളിയ്ക്കപ്പെടുന്ന സംഘത്തിന്റെ പ്രസിഡന്റുമായി മലങ്കരമെത്രാപ്പോലീത്താ സ്ഥാനത്തേക്ക് പരിപാകതയുള്ള മേല്പ്പട്ടക്കാരനും സാക്ഷ്യം പ്രാപിച്ചവനുമായ അങ്കമാലി കൊച്ചി ഇടവകകളുടെ മാന്യനായ മാര്‍ അത്താനാസ്യോസ് മെത്രാപ്പോലീത്തായെ തെരഞ്ഞെടുത്തതായി എഴുത്തു നമുക്കുകിട്ടി. അദ്ദേഹം ഈ സ്ഥാനത്തിനുയോഗ്യന്‍ തന്നെ എന്നു നമുക്കും അറിയാവുന്നതുകൊണ്ട് തീക്ഷ്ണതയുള്ളവനും സദ്വൃത്തനുമായ ഈ മേല്പട്ടക്കാരന്റെ തിരഞ്ഞെടുപ്പില്‍ നാം സന്തോഷിക്കുന്നു. അതിനായി ഈ സ്ഥാനത്തു അദ്ദേഹത്തെ നാം സ്ഥിരപ്പെടുത്തുകുയും നിയമാനുസരണമായ നിയമന കല്പന നാം അദ്ദേഹത്തിനയയ്ക്കുകയും ചെയ്യുന്നു! (ഏ.ഡി. 1936 തുലാം 3. ഹോംസ്)

1934 ഡിസംബര്‍ 26-ാം തീയതി കാതോലിക്കാ വിഭാഗം കോട്ടയം എം. ഡി. സെമിനാരിയില്‍ മലങ്കര അസോസിയേഷന്‍ വിളിച്ചുകൂട്ടുന്നതിനുവേണ്ടി നോട്ടീസ് അയയ്ക്കുകയും അസോസിയേഷന്‍ യോഗം കൂടുകയും ചെയ്തു. എല്ലാ പള്ളികള്‍ക്കും നോട്ടീസ് അയച്ചതുകൂടാതെ, 2 മലയാളദിനപത്രങ്ങളിലും നോട്ടീസ് പരസ്യം ചെയ്തിരുന്നു. പാത്രിയര്‍ക്കീസ് വിഭാഗം പ്രസ്തുത നോട്ടീസ് പരിഗണിക്കുകയോ, മീറ്റിംഗില്‍ ആളെ അയച്ചു പങ്കെടുക്കുകയോ ചെയ്തില്ല. കാരണം, അന്നത്തെ പാത്രിയര്‍ക്കീസ് ബാവ പ്രസ്തുത മീറ്റിംഗില്‍ പങ്കെടുക്കുന്നതില്‍നിന്നും കാതോലിക്കാ വിഭാഗവുമായി സംസര്‍ഗ്ഗത്തില്‍ ഏര്‍പ്പെടുന്നതില്‍നിന്നും പാത്രിയര്‍ക്കീസ് വിഭാഗത്തെ വിലക്കിയിരുന്നു. എം.ഡി. സെമിനാരിയില്‍ കൂടിയ യോഗം അന്നത്തെ കാതോലിക്കായെ മലങ്കര മെത്രാപ്പോലീത്തായായി തെരഞ്ഞെടുത്തു. കൂടാതെ, സഭയ്ക്കുവേണ്ടി ഒരു ഭരണഘടന പാസ്സാക്കിയെടുക്കുകയും ചെയ്തു. പാത്രിയര്‍ക്കീസ് വിഭാഗം കരിങ്ങാച്ചിറ പള്ളിയില്‍ 1935 ആഗസ്റ്റ് 22-ാം തീയതി അസ്സോസിയേഷന്‍ വിളിച്ചുകൂട്ടി. പ്രസ്തുത മീറ്റിംഗില്‍ കാതോലിക്കാ വിഭാഗത്തിനോ അവരുടേതായ പള്ളികള്‍ക്കോ നോട്ടീസ് അയയ്ക്കുകയോ അറിയിക്കുകയോ ചെയ്തില്ല. കരിങ്ങാച്ചിറ യോഗത്തില്‍ പാത്രിയര്‍ക്കീസ് വിഭാഗം മലങ്കര മെത്രാപ്പോലീത്തായായി പൗലോസ് മോര്‍ അത്താനാസിയോസ് വലിയ തിരുമേനിയേയും ട്രസ്റ്റികളായി വലിയ യൗസേപ്പ് കത്തനാരവര്‍കളെയും മുളന്തുരുത്തി പുല്യാട്ട് തുകലന്‍ ശ്രീ. അവരാ അവര്‍കളേയും തെരഞ്ഞെടുത്തു. കൂട്ടു ട്രസ്റ്റിമാരായിരുന്നവരില്‍ മലങ്കര സഭയുടെ അഭിമാനവും പരി. അന്ത്യോഖ്യാ സിംഹാസനഭക്തനും മികച്ച ഗ്രന്ഥകാരനും മഹാത്മാവുമായ മലങ്കര മല്പാന്‍ കോനാട്ട് വ.ദി.ശ്രീ. മാത്തന്‍ കൊറെപ്പിസ്കോപ്പ 1103 തുലാം 26-ാം തീയതിയും നിസ്വാര്‍ത്ഥനായ സഭാസ്നേഹിയും പരോപകാരിയും 'കോജാ കുര്യന്‍' എന്ന ബഹുമാനപുരസ്സരം വിളിക്കപ്പെട്ട ശ്രീ. സി.ജെ. കുര്യന്‍ 1099 കുംഭം 19-ാം തീയതിയും കര്‍ത്തൃസന്നിധിയിലേക്ക് എടുക്കപ്പെട്ടിരുന്നു. ആ തെരഞ്ഞെടുപ്പ് പരി. പാത്രിയര്‍ക്കീസ് ബാവാ സ്ഥിരീകരിക്കുകയും ചെയ്തു.

മലങ്കരമെത്രാപ്പോലീത്തായായ മോര്‍ അത്താനാസ്യോസ് തിരുമേനി യഥാര്‍ത്ഥ മലങ്കര മെത്രാപ്പോലീത്തായുടെ ഭരണത്തിലിരിക്കേണ്ട സഭാസ്വത്തുക്കള്‍ കാതോലിക്കോസില്‍ നിന്നും വിടര്‍ത്തി കിട്ടുന്നതിനായി 1938 കുംഭത്തില്‍ ഒ.എസ്.111/113 നമ്പരായി കേസ് ഫയല്‍ ചെയ്തു വാദിഭാഗത്ത് കരിങ്ങാച്ചിറ പള്ളിയില്‍ കൂടിയ മലങ്കര അസോസിയേഷന്‍ തെരഞ്ഞെടുത്ത മലങ്കര മെത്രാപ്പോലീത്തായും ട്രസ്റ്റിമാരും ആയിരുന്നു. പ്രതിഭാഗത്ത് എം.ഡി. സെമിനാരിയില്‍ കൂടിയ അസോസിയേഷനില്‍ തെരഞ്ഞെടുക്കപ്പെട്ട കാതോലിക്കാ വിഭാഗത്തിലെ മലങ്കര മെത്രാപ്പോലീത്തായും ട്രസ്റ്റിമാരും ആയിരുന്നു.


പണസംബന്ധമായ ക്ലേശങ്ങള്‍ കഴിവതും പരിഹരിക്കുവാന്‍ മറ്റു മെത്രാപ്പോലീത്തമാരും പ്രത്യേകിച്ച് മിഖായേല്‍ മാര്‍ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായും വി. സഭയ്ക്ക് എന്നും താങ്ങും തണലുമായിരുന്ന ഡോ. പി.റ്റി. തോമസ് പാലാമ്പടവും ശ്രീ. സി.ജെ. കുര്യനും (അക്കരെ) തീവ്രമായി പരിശ്രമിച്ചുകൊണ്ടിരുന്നത് വലിയ തിരുമേനിക്ക് വളരെ ആശ്വാസമേകിയിരുന്നു. ഈ കേസ്സില്‍ കോട്ടയത്തെ സുപ്രസിദ്ധ അഡ്വക്കേറ്റായ അനന്തപത്മനാഭയ്യര്‍ ശക്തിയായി വാദം നടത്തിയെങ്കിലും ജഡ്ജി ബി. കൃഷ്ണയ്യരുടെ 1943 മകരം 5-ാം തീയതിയിലെ വിധി പ്രതികള്‍ക്കനുകൂലമായിരുന്നു. കണ്ടനാടു ഭദ്രാസന മെത്രാപ്പോലീത്തയായിരുന്ന പണ്ഡിതനും കാനോന്‍ നിയമങ്ങളില്‍ അവഗാഹം നേടിയിട്ടുള്ള സുപ്രസിദ്ധ വാഗ്മിയും ഗ്രന്ഥകാരനുമായ ഔഗേന്‍ മോര്‍ തീമോത്തിയോസ് 1942ല്‍ കാതോലിക്കാ ഭാഗത്തേക്ക് (മെത്രാന്‍ കക്ഷി) കൂറുമാറിയത് വലിയ തിരുമേനിയെ അതീവ ദുഃഖത്തിലാഴ്ത്തിയ സംഭവമാണ്. പരി. പാത്രിയര്‍ക്കീസ് ബാവാ മോര്‍ തീമോത്തിയോസിനെ മുടക്കുകയും ആ ഭദ്രാസനത്തിന്റെ ഭരണചുമതല കൂടി വലിയ തിരുമേനിയെ ഏല്പിക്കുകയും ചെയ്തു. മോര്‍ തീമോത്തിയോസിന്റെ കൂറുമാറ്റവും തുടര്‍ന്നുണ്ടായ കേസ്സിലെ പരാജയവും തിരുമേനിക്ക് വലിയ ആഘാതം തന്നെയായി. എന്നാല്‍ ഏതവസരത്തിലും അദ്ദേഹത്തെ സമാശ്വസിപ്പിക്കുവാനും പ്രോത്സാഹിപ്പിക്കുവാനും സിംഹാസനഭക്തരായ സഭാമക്കള്‍ ശ്രദ്ധാലുക്കളായിരുന്നു.

ശേഷം 12-ാം പേജില്‍


## പ. പിതാവിന്റെ വിശ്വസ്ഥരായ അല്‍മായ നേതാക്കള്‍



സി.ജെ. കുര്യന്‍
അക്കര



ഡോ. പി.റ്റി. തോമസ്
പാലാമ്പടം



പുല്യാട്ട്
തുകലന്‍ അവിര



അഡ്വ. കെ.പി. ഏബ്രഹാം
കുളങ്ങര

## ജനഹൃദയങ്ങളില്‍ ജീവിക്കുന്ന വിശുദ്ധന്‍



ബാര്‍ഈത്തോ മഹീറോ
തമ്പു ജോര്‍ജ്ജ് തുകലന്‍
സഭാ സെക്രട്ടറി

യാക്കോബായ സുറിയാനി സഭയിലെ എല്ലാ വിശ്വാസികളുടെയും ഹൃദയങ്ങളില്‍ ജീവി ക്കുന്ന വിശുദ്ധനായ പൗലോസ് മോര്‍ അത്താനാസിയോസ് വലിയ തിരുമേനിയുടെ മെത്രാഭിഷേക ശതാബ്ദി ആഘോഷങ്ങളില്‍ പങ്കെടുക്കുന്ന നമുക്ക് ആ പിതാവിന്റെ മദ്ധ്യസ്ഥതയില്‍ അഭയപ്പെടാം. പ്രാര്‍ത്ഥനകൊണ്ടും കണ്ണുനീരുകൊണ്ടുമാണ് പ. പിതാവ് ഈ സമൂഹത്തെ നയിച്ചത്. ചിലര്‍ രഥങ്ങളിലും കുതിരകളിലും ആശ്രയിച്ചപ്പോള്‍ ഈ പുണ്യപിതാവ് പ്രാര്‍ത്ഥനയിലും നോമ്പിലുമാണ് അഭയപ്പെട്ടത്. എല്ലാം നഷ്ടപ്പെടാവുന്ന പല പ്രതിസന്ധികളിലും പ. പിതാവ് ദൈവത്തെ മുറുകെ പിടിച്ചു. ആ കണ്ണുനീരോടെയുള്ള പ്രാര്‍ത്ഥനയാണ് ഇന്നും പ. സഭയ്ക്ക് താങ്ങും തണലും. ലോകം മുഴുവന്‍ വിശുദ്ധനായിട്ടാണ് പ. പരുമല തിരുമേനിയുടെ ശിഷ്യനായ ഈ പ. പിതാവിനെ കാണുന്നത്. പ. പിതാവിനെ എതിര്‍ത്തവര്‍പോലും ആ ജീവിത വിശുദ്ധിയെ അംഗീകരിച്ചിരുന്നു. പ. അന്ത്യോഖ്യാ സിംഹാസനത്തിന്റെ കാവല്‍ഭടനായിരുന്ന പുണ്യപിതാവ് ഒരിക്കലും ആ പൂര്‍വ്വിക വിശ്വാസത്തില്‍ നിന്ന് വ്യതിചലിച്ചിട്ടില്ല. പ. പിതാവ് ഒരിക്കലും അന്ത്യോഖ്യയിലേക്ക് പോയിട്ടില്ലെങ്കിലും ആ പ. സിംഹാസനത്തോട് എന്നും ബഹുമാനവും കൂറും ഉള്ളവനായിരുന്നു. പ. അന്ത്യോഖ്യാ സിംഹാസനം ഏറ്റവും കരുതിയിരുന്ന ഇടയശ്രേഷ്ഠനായിരുന്നു പ. പിതാവ്. അതിന്റെ പ്രത്യക്ഷ തെളിവാണ് പ. അപ്രേം പ്രഥമന്‍ പാത്രിയര്‍ക്കീസ് ബാവ "വിശ്വാസസംരക്ഷകന്‍" എന്ന അത്യുന്നത ബഹുമതി നല്‍കി ആദരിച്ചത്.

പുണ്യപിതാവിന്റെ ആരാധനകളും കര്‍മ്മാനുഷ്ഠാനങ്ങളും സ്വര്‍ഗീയാനുഭൂതി നല്‍കുന്നതായിരുന്നു. സണ്ടേസ്കൂള്‍ പ്രസ്ഥാനം, വിദ്യാര്‍ത്ഥി പ്രസ്ഥാനം തുടങ്ങി അനേകം സംരംഭങ്ങള്‍ക്ക് പുണ്യപിതാവ് ആരംഭം കുറിച്ചു. സഭാന്തരീക്ഷത്തില്‍ വലിയ പ്രതിസന്ധികള്‍ നിറഞ്ഞതായ കാലഘട്ടത്തില്‍ വി. സഭാനൗകയെ കണ്ണുനീരോടെ പ്രാര്‍ത്ഥിച്ചും ഉപവസിച്ചും അതിലേറെ ദൈവാ ശ്രയത്തില്‍ ശരണപ്പെട്ടും ഏകനായി നയിച്ചു. പ. വലിയ തിരുമേനിയുടെ തൃക്കൈകളാല്‍ നട്ടിട്ടുള്ള പള്ളികളും ഇതരസ്ഥാപനങ്ങളും തഴച്ചു വളര്‍ന്ന് അവയുടെ നിഴലി ല്‍ അനേകര്‍ ആശ്വസിക്കുകയും ദൈവകൃപ പ്രാപിച്ചു വരികയും ചെയ്യുന്നു.

യാക്കോബായ സുറിയാനി സഭയെ 35 വര്‍ഷക്കാലം മേയിച്ചുഭരിച്ച ഈ പുണ്യപിതാവിനെ പ. ഇഗ്നാത്തിയോസ് സാഖാ പ്രഥമന്‍ പാത്രിയര്‍ക്കീസ് ബാവ 2004-ല്‍ വിശുദ്ധനായി പ്രഖ്യാപിക്കുകയും 2009-ല്‍ 5-ാം തുബ്ദേനില്‍ പുണ്യപിതാവിന്റെ നാമം ചേര്‍ക്കുകയും ചെയ്തത് വഴി പ. സഭ അനുഗൃഹീതമായി. പ. പിതാവിന്റെ കബറും പള്ളിയും സത്യവിശ്വാസികള്‍ക്ക് പ്രാര്‍ത്ഥിക്കാനും ആരാധന നടത്തുവാനും തുറന്ന് കിട്ടുന്നതിനായി നമുക്ക് ദൈവസന്നിധിയില്‍ അഭയപ്പെടാം. പ. പിതാവിന്റെ പ്രാര്‍ത്ഥന നമുക്ക് കോട്ടയായിരിക്കട്ടെ.







*മോർ യൂലിയോസ് ബാവാ ആലുവായിലെ ප. വലിയ തിരുമേനി, ප. ഏലിയാസ് തൃതീയൻ പാത്രിയാർക്കീസ് ബാവ, യൂഹാനോൻ മോർ ക്ലിമിസ് ബാവ, കുര്യാക്കോസ് റമ്പാൻ, യേശു ശമുവേൽ റമ്പാൻ, വായ്ത്ര പുന്നൂസ് കോർ എപ്പിസ്കോപ്പ എന്നിവരെ ചിത്രത്തിൽ കാണാം.*

*11-ാം പേജ് സത്യവിശാസ തുടർച്ച...*

കേസ്സിൽ തോറ്റ ആ ഘട്ടത്തെക്കുറിച്ച് മാത്തുവിന്റെ എഴുത്തിൽനിന്നും താഴെ ചേർക്കുന്നു.

“കോട്ടയം ജില്ലാ കോടതിയിൽ കേസ് തോറ്റിരിക്കുന്ന സമയം അപ്പീലിനു യാതൊരു വഴിയുമില്ല തിരുമേനി കല്പിക്കുകയാണ്” മാത്തുവേ, നാമിനി ഒന്നിനും പോകുന്നില്ല. അവരേതായാലും നമ്മെ അപമാനിക്കുവാൻ വേണ്ടി കോടതി ചെലവിനും നമുക്കു വാറണ്ടുവയ്ക്കും. മാത്തു നീ കേൾക്കുന്നുണ്ടോ? വാറണ്ടു വച്ചാൽ നമുക്ക് ജയിലിൽ പോകണം നമ്മുടെ യാമ നമസ്കാര പുസ്തകവും ഒരുപായും സങ്കീർത്തന പുസ്തകവും കൊണ്ടുപോകണം. നീയും കൂടെ വരണം അങ്ങനെ നമുക്കവിടെ പോയിരിക്കാം കേട്ടോ മാത്തൂ”.... അന്നുമുതൽ അപ്പീൽ നൽകുന്നതിനാവശ്യമായ പണം തുടരെ വന്നുകൊണ്ടിരുന്നു.

തിരുവനന്തപുരത്തു ഹൈക്കോർട്ടിൽ അപ്പീൽ ഫയൽ ചെയ്തു. ഈ അപ്പീൽ 1946 -ൽ ബഹു. ചീഫ് ജസ്റ്റീസ് കൃഷ്ണസ്വാമി അയ്യങ്കാർ, ജസ്റ്റീസ് നോക്സ്, ജസ്റ്റിസ് സത്യനേശൻ എന്നിവരുടെ ബഞ്ചിൽ ബഹു. ജസ്റ്റീസുമാരായ ശ്രീ. നോക്സ്, ശ്രീ. സത്യനേശൻ എന്നിവരുടെ ഭൂരിപക്ഷ വിധിയനുസരിച്ച് തിരുമേനിക്കു കേസ്സിൽ വിജയം ലഭിച്ചു. വാദമുഖങ്ങൾ വിദഗ്ധമായി അവതരിപ്പിച്ചു കേസിൽ വിജയം നേടിത്തന്നെ തിരു-കൊച്ചി ഹൈക്കോർട്ടുബാറിലെ പ്രഗല്ഭനായ അഡ്വക്കേറ്റ് ശ്രീ. കെ. പി. ഏബ്രഹാമിന്റെ സേവനങ്ങൾ സഭാചരിത്രത്തിൽ നിത്യസ്മരണാർഹമത്രേ. തിരുവനന്തപുരം ഹൈക്കോർട്ടു വിധിയിന്മേൽ അപ്പോഴേയ്ക്കും ഇൻഡ്യൻ യൂണിയൻ സ്ഥാപനമായിത്തീരുകയാൽ എറണാകുളത്തുള്ള തിരുവിതാംകൂർ -കൊച്ചി സംസ്ഥാന ഹൈക്കോടതിയിൽ എതിർകക്ഷികൾ റിവ്യൂ പെറ്റീഷൻ കൊടുക്കുകയും ചീഫ് ജസ്റ്റീസ് ശ്രീ. കുഞ്ഞുരാമൻ, ജസ്റ്റിസ് ശ്രീ. പി. കെ. സുബ്രഹ്മണ്യ അയ്യർ, ജസ്റ്റീസ് ശ്രീ. ജോസഫ് വിതയത്തിൽ എന്നിവരുടെ ബഞ്ചിൽ വാദം കേട്ടശേഷം റിവ്യൂ പെറ്റീഷൻ തള്ളി വിധി പ്രസ്താവിക്കുകയും ചെയ്തു. സുപ്രീം കോടതിയിൽ അപ്പീലിനുള്ള അപേക്ഷയും ബഹു. ജഡ്ജിമാർ അനുവദിക്കുകയുണ്ടായില്ല. ഇങ്ങനെ താൻ നടത്തി വന്നിരുന്ന സമുദായ കേസ് പരിപൂർണ്ണ വിജയത്തിൽ എത്തിക്കാണുവാൻ കർത്തൃസന്നിധിയിൽ സഭാ കണ്ണുനീർ കാഴ്ച വച്ചുകൊണ്ടിരുന്ന ആ മഹാത്മാവിനെ ദൈവം അനുഗ്രഹിച്ചു.

*8-ാം പേജ് ദിവ്യൗഷധമായ തുടർച്ച...*

എന്റെ കാലിൽ ഡിസം. 1-ാം തീയതിക്കുശേഷം ഒരു വേദന ഇല്ലാ.. എന്നതായിരുന്നു എന്റെ സൗഖ്യത്തെ ഞാൻ തിരിച്ചറിയാൻ വൈകിയത്. ഞാൻ 25-ാം തീയതി വിശുദ്ധ കുർബ്ബാന അർപ്പിച്ചതിനുശേഷം ബഹുമാനപ്പെട്ട വികാരി അച്ചൻ എന്നോടു പറഞ്ഞു അച്ചൻ എന്തെങ്കിലും ഒരു മെസ്സേജ് കൊടുക്കണം. ഞാൻ ഇടദിവസത്തെ കുർബാന ആയിരുന്നതുകൊണ്ടു പ്രസംഗത്തിനായി പ്രാർത്ഥിച്ചു ഒരുങ്ങിയിരുന്നില്ല. എന്നാൽ ഞാൻ വിശുദ്ധ ബൈബിൾ എടുത്തിട്ടു വിശുദ്ധ ത്രോണോസിന്റെ മുൻപിൽ മുട്ടുകൾ മടക്കി. എന്തു മെസ്സേജ് കൊടുക്കും എന്നു ചിന്തിച്ചു പരിശുദ്ധാത്മാവിന്റെ സഹായത്തിനായി ഞാൻ യാചിക്കുമ്പോൾ എന്റെ മനസ്സിൽ ഒരു ദൈവവചനം ഇപ്രകാരം മന്ത്രിച്ചു. നിങ്ങൾ പള്ളികളിലും തെരുകോണുകളിലും പ്രസംഗിപ്പാനായി പോകുമ്പോൾ എന്തുപറയണം എന്നു വിചാരപ്പെടേണ്ട പറയേണ്ടതു പരിശുദ്ധാത്മാവ് ആ നാഴികയിൽ നൽകിക്കൊള്ളും. ഞാൻ വിശ്വാസപൂർവ്വം വചനം എടുത്തുവായിച്ചു. വെളിപാടു 22:1 മുതലുള്ള വാക്യങ്ങളാണു എനിക്കു ലഭിച്ചത് അതിന്റെ വ്യാഖ്യാനവും പരിശുദ്ധാത്മാവ് എനിക്കു പറഞ്ഞുതന്നു.

“വീഥിയുടെ നടുവിൽ ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനത്തിൽനിന്നും പുറപ്പെടുന്നതായി പളുങ്കുപോലെ ശുഭ്രമായ ജീവജലനദിയും അവൻ എന്നെ കാണിച്ചു. നദിക്കു ഇക്കരെയും അക്കരെയും ജീവവൃക്ഷം ഉണ്ട്; അതു പന്ത്രണ്ടുവിധം ഫലം കായിച്ചു മാസംതോറും അതതു ഫലം കൊടുക്കുന്നു; വൃക്ഷത്തിന്റെ ഇല ജാതികളുടെ രോഗശാന്തിക്കു ഉതകുന്നു” Revelation 22:1-2

കുഞ്ഞാട് ക്രിസ്തുവും; പളുങ്കുപോലെ ശുഭ്രമായ ജീവജലനദി പരിശുദ്ധാത്മാവും; പന്ത്രണ്ടുവിധം ഫലം കായിച്ചു മാസംതോറും അതതു ഫലം കൊടുക്കുന്ന നദിക്കു ഇക്കരെയും അക്കരെയും ഉള്ളതായ ജീവവൃക്ഷം പുതിയ നിയമസഭയും പഴയ നിയമസഭയും അതിലെ 12 ഗോത്രപിതാക്കന്മാരും 12 അപ്പോസ്തോലന്മാരും; ജാതികളുടെ രോഗശാന്തിക്ക് ഉതകുന്ന വൃക്ഷത്തിന്റെ ഇല - സഭയിലെ വിശുദ്ധന്മാരെയും ശുദ്ധമതികളെയും കുറിക്കുന്നു.

നിൻവൽസലർ പന്തിരു ശ്ലീഹർ പ്രാർത്ഥന മൂലം
വാഴ്ത്തുക നാഥ കൃപയാലെ പന്തിരു മാസങ്ങൾ
വന്നീടുക നാഥൻ നൽകട്ടെ വിളഭൂമികൾ വിളവും
ഫലമൂലാദികൾ വളരാനായി
വാഴ്വേറും വൃഷ്ടിയുമേകണമേ
നിർദ്ധനരവശർ ഭക്ഷിച്ചു
നിൻസ്തുതികൾ പാടീടാൻ

സഭയുടെ പരിശുദ്ധമായ ഈ ഗാനം ഈ വേദഭാഗങ്ങൾ അടിസ്ഥാനപ്പെടുത്തി ഉള്ളതാണു. ഈ സത്യവും എന്റെ ജീവിതത്തിൽ ഈ വചനഭാഗം വിശുദ്ധനായ വലിയ തിരുമേനിയുടെ മാധ്യസ്ഥ്യ പ്രാർത്ഥന വഴിയായി അത്ഭുത സൗഖ്യമായി അനുഭവപ്പെട്ടതും ഒരു നിമിഷംകൊണ്ടു മിന്നൽപ്പിണർ പോലെ വെളിപ്പെട്ടു കിട്ടി. ഞാൻ എന്റെ അനുഭവവും ഈ വചനവും ഈ ഗാനവും ജനത്തോടു പങ്കുവച്ചു. അവിടെ അന്നു ദൈവാലയത്തിൽ ഉണ്ടായിരുന്ന അനേകർ എന്റെ അടുക്കൽ വന്നു അവരുടെ ജീവിതത്തിൽ സമാനമായ അനുഭവങ്ങൾ ഉണ്ടായിട്ടുള്ളതു പങ്കുവെച്ചതും ദൈവത്തിന്റെ വിശുദ്ധന്റെ മധ്യസ്ഥതയിലൂടെയുള്ള ദൈവനടത്തിപ്പിനെ ഓർത്ത് ദൈവത്തെ മഹത്ത്വപ്പെടുത്തിയതും ഒരു പുതിയ അനുഭവമായിരുന്നു.

പരിശുദ്ധ പിതാവിന്റെ നാമത്തിൽ ഓസ്ട്രേലിയായിൽ ഒരു പുതിയ കോൺഗ്രിഗേഷൻ ആരംഭിച്ച് അവിടെ ബലിയർപ്പിക്കുമ്പോൾ ഓരോ പ്രാവശ്യവും വിശുദ്ധനെ സ്മരിക്കുന്നതിനും വിശുദ്ധന്റെ ജീവിതത്തിലെ ഓരോ ഭാവവും എന്റെ ആത്മീയ ജീവിതത്തിന്റെ മുൻപോട്ടുള്ള ഗമനത്തിനുള്ള ഓരോ ചവിട്ടു പടികളായി കണ്ടുകൊണ്ട് ആ വിശുദ്ധിയുടെ പൂർണ്ണതയിലേക്കു വളരുവാൻ എന്നെ പ്രേരിപ്പിക്കുന്നു.... സ്വയമായി ദൈവത്തിനുവേണ്ടി ഇല്ലാതായി തീരുവാൻ എന്നെ സമർപ്പിക്കുവാൻ എനിക്കു പ്രേരണയാക്കുന്നു....

ഇനിയും അറിയില്ല! അത്രയും വിശുദ്ധനാകണമെങ്കിൽ ഞാൻ ഇനി എത്രയോ ചെറുതാകണം....?

വിശുദ്ധന്റെ മധ്യസ്ഥത നമുക്കെല്ലാവർക്കും പരിശുദ്ധാത്മ അഭിഷേകത്തിനും രോഗസൗഖ്യത്തിനും ഇടയായി തീരട്ടെ.... പരിശുദ്ധ പിതാവേ, ഞങ്ങൾക്കെല്ലാവർക്കും അവിടുന്നു മധ്യസ്ഥനായിരിക്കണമേ.

# ചരിത്രമുറങ്ങുന്ന അകപ്പറമ്പ് പള്ളി



യാക്കോബായ സുറിയാനി സഭയിലെ ഏറ്റവും പുരാതനമായ പള്ളികളിലൊന്നാണ് അകപ്പറമ്പ് മോർ ശാബോർ അഫ്രോത്ത് കത്തീഡ്രൽ പള്ളി. ആയിരത്തിലേറെ വർഷങ്ങൾക്ക് മുമ്പ് അന്ത്യോഖ്യായിൽ നിന്ന് മലങ്കരയിലെത്തിയ സഹോദരന്മാരായ മോർ ശാബോർ, മോർ അഫ്രോത്ത് എന്നീ പിതാക്കന്മാർ സ്ഥാപിച്ച ഈ പള്ളി അന്നുമുതൽ ഇന്നുവരെ പരിശുദ്ധ സഭയുടെ പാരമ്പര്യങ്ങളിൽ അടിയുറച്ചും അന്ത്യോഖ്യാ സിംഹാസനത്തിന്റെ കീഴിൽ ചോദ്യം ചെയ്യപ്പെടാതെയും നിലകൊള്ളുന്നു. സമീപ പ്രദേശങ്ങളിലെ ഏറെ ദേവാലയങ്ങളുടെ തലപള്ളിയായി സ്ഥാനം പിടിച്ചിട്ടുള്ള ഈ പള്ളിയുടെ പ്രശസ്തി വളരെ വലുതാണ്. പേർഷ്യൻ സംസ്കാരത്തിന്റെ ശിൽപ്പ ഭംഗി ഏറെ ദർശിക്കാവുന്ന ഈ ദൈവാലയം അനേകം വൈശിഷ്ട്യങ്ങളാൽ പ്രസിദ്ധമാണ്. പരിശുദ്ധനായി വാഴ്ത്തപ്പെട്ട അത്താനാസിയോസ് വലിയ തിരുമേനിക്കും, സഭയുടെ ഉരുക്ക് മനുഷ്യൻ എന്നറിയപ്പെട്ടിരുന്ന വയലിപറമ്പിൽ ഗീവർഗീസ് മോർ ഗ്രിഗോറിയോസ് തിരുമേനിക്കും, വിശ്വാസസംരക്ഷണ സമിതി പ്രസിഡന്റ് ഏലിയാസ് മോർ അത്താനാസിയോസ് തിരുമേനിക്കും പ്രശസ്തരായ ഒട്ടേറെ വൈദീകർക്കും ഈ ഇടവക ജന്മം നൽകിയിട്ടുണ്ട്. ഏറെക്കാലം ഈ ഇടവക വികാരിയായിരുന്ന പൈനാടത്ത് പൗലോസ് അച്ചന്റെ മകനായ മുൻമന്ത്രി പി.പി. തങ്കച്ചൻ ഈ ഇടവകയുടെ അഭിമാന പുത്രനാണ്. ഇടവക അംഗങ്ങൾക്ക് മാത്രമല്ല ഈ പ്രദേശത്തിനൊട്ടാകെ ആത്മീയ ചൈതന്യം പകരാനും ഭൗതിക വളർച്ചയിൽ സഹായിക്കാനും ഈ ഇടവകയ്ക്ക് സാധിക്കുന്നുണ്ട്. മലങ്കരയുടെ മഹാപരിശുദ്ധനായ ആലുവായിലെ വലിയ തിരുമേനിയെ പ. ഇഗ്നാത്തിയോസ് അബ്ദുള്ളാ ബാവാ ഈ ഇടവകയിൽ വച്ചാണ് മെത്രാപ്പോലിത്ത സ്ഥാനം നൽകിയത്.

## ප.വലിയ തിരുമേനിയുടെ ജീവിതത്തിലെ സുപ്രധാന നാഴികക്കല്ലുകൾ

**സമ്പാദകൻ: ബിജു കുര്യൻ മാത്യു, കളമ്പുകാട്, പുതുപ്പള്ളി**

| | |
|---|---|
| **1869 ജനുവരി 23 :** | അകപ്പറമ്പ് ഇടവകയിൽ നായത്തോട് കരയിൽ തെക്കേക്കര എന്നു കൂടി പേരുള്ള പൈനാടത്ത് കുറ്റിക്കാട്ടിൽ മത്തായിയുടേയും കുഞ്ഞന്നത്തിന്റേയും മൂന്നാമത്തെ പുത്രനായി കഥാനായകൻ ജനിച്ചു. |
| **1879 ഏപ്രിൽ 21 :** | അങ്കമാലി ഭദ്രാസനത്തിന്റെ പ്രഥമ മെത്രപ്പൊലിത്ത ഗീവറുഗീസ് മോർ കൂറിലോസ് (അമ്പാട്ട്) തിരുമേനിയിൽ നിന്ന് ‘കോറൂയോ’ പട്ടം സ്വീകരിച്ചു. |
| **1891 മാർച്ച് 9 :** | കഥാനായകന്റെ പ്രഥമ ഗുരുവായ അമ്പാട്ടു മോർ കൂറിലോസ് തിരുമേനി കാലംചെയ്തു. |
| **1898 നവംബർ 25 :** | ප. പരുമല തിരുമേനി കഥാനായകന് പരുമലപ്പള്ളിയിൽ വച്ച് ‘കശ്ശീശ’ പ്പട്ടം നൽകി. |
| **1898 നവംബർ 28 :** | ප. പരുമല തിരുമേനിയുടെ തൃക്കൈയാൽ പരുമലപ്പള്ളിയിൽ വച്ച് ‘റമ്പാൻ’ സ്ഥാനാഭിഷിക്തനായി. |
| **1902 നവംബർ 2 :** | കഥാനായകന്റെ ഗുരു പ.പരുമല തിരുമേനി കാലം ചെയ്തു. |
| **1910 ജൂൺ 9 :** | അകപ്പറമ്പ് പള്ളിയിൽ വച്ച് ප. അബ്ദുള്ള പാത്രിയർക്കിസ് ബാവ കഥാനായകനെ അങ്കമാലിഭദ്രാസനത്തിനു വേണ്ടി മെത്രാപ്പൊലിത്തയായി വാഴിച്ചു. |
| **1911 ഓഗസ്റ്റ് 19 :** | ප. അബ്ദുള്ള പാത്രിയർക്കിസ് ബാവ മുളന്തുരുത്തി മാർത്തോമൻ പളളിയിൽ വച്ച് നടത്തിയ വി. മൂറോൻ കൂദാശയിൽ സംബന്ധിക്കുവാൻ വലിയ തിരുമേനിക്കു ഭാഗ്യമുണ്ടായി. |
| **1915 ഡിസംബർ 11 :** | ප. അബ്ദുള്ള പാത്രിയർക്കിസ് ബാവ കാലംചെയ്തു. |
| **1918 ജനുവരി 31 :** | ആലുവാ തൃക്കുന്നത്ത് സെമിനാരിയിൽ കൂടിയ പള്ളി പ്രതിപുരുഷയോഗത്തിൽ വെച്ച് മലങ്കര മെത്രപ്പൊലിത്തയായി തെരഞ്ഞെടുക്കപ്പെട്ടു. |
| **1919 സെപ്തംബർ 15 :** | വട്ടിപ്പണക്കേസിൽ തിരുമേനിക്ക് എതിരായി കോടതി വിധി. |
| **1919 സെപ്തംബർ 26 :** | മലങ്കര സിറിയൻ സണ്ടേസ്കൂൾ അസ്സോസിയേഷൻ (M.S.S.A) രൂപീകരണം കഥാനായകന്റെ അദ്ധ്യക്ഷതയിൽ പിറവം പള്ളിയിൽ വച്ച്. |
| **1920 മാർച്ച് 9 :** | അങ്കമാലി, കൊച്ചി ഭദ്രാസനങ്ങൾക്കു പുറമേ കണ്ടനാട്, കോട്ടയം, കൊല്ലം, നിരണം, തുമ്പമൺ എന്നീ ഭദ്രാസനങ്ങളുടേയും മെത്രാപ്പൊലിത്തയായി നിയമിക്കപ്പെട്ടു. |
| **1923 മാർച്ച് 23 :** | തിരുവിതാംകൂർ ഹൈക്കോടതി തിരുമേനിക്ക് അനുകൂലമായി വിധി പ്രസ്താവിച്ചു. |
| **1927 :** | സഭയിൽ പുതിയ മെത്രാപ്പൊലിത്താമാർ വാഴിക്കപ്പെട്ടപ്പോൾ കൂടുതലായി ചുമതലയേറ്റ ഭദ്രാസനങ്ങളുടെ ഭരണത്തിൽ നിന്നും വിടർത്തപ്പെട്ടു. |
| **1928 ജൂലൈയ് 4 :** | റിവ്യൂഹർജിയിൽ തിരുമേനിക്കെതിരായി വിധി പ്രസ്താവിക്കപ്പെട്ടു. |
| **1931 മാർച്ച് 21 :** | ප. ഏലിയാസ് തൃതിയൻ പാത്രിയർക്കീസ് ബാവാ മലങ്കര സന്ദർശനത്തിനായി ആലുവായിലെത്തി. |
| **1932 ഫെബ്രുവരി 13 :** | ප. ഏലിയാസ് തൃതിയൻ പാത്രിയർക്കിസ് ബാവ മഞ്ഞിനിക്കരയിൽ വച്ചു കാലം ചെയ്തു. തിരുമേനിയുടെ പ്രധാന കാർമ്മികത്വത്തിൽ കബറടക്കം നടത്തി. |
| **1935 ഓഗസ്റ്റ് 22 :** | കരിങ്ങാച്ചിറ പള്ളിയിൽവച്ചു നടത്തപ്പെട്ട പള്ളി പ്രതിപുരുഷയോഗത്തിൽവച്ച് തിരുമേനി വീണ്ടും മലങ്കര മെത്രാപ്പൊലിത്തയായി തെരഞ്ഞെടുക്കപ്പെട്ടു. |
| **1938 മാർച്ച് 10 :** | സമുദായസ്വത്ത് ഒഴിപ്പിച്ച് കിട്ടാൻ കോട്ടയം ജില്ലാ കോടതിയിൽ കേസ്സ് ഫയൽ ചെയ്തു. |
| **1939 :** | ക്നാനായ ഭദ്രാസനാധിപൻ മോർ ദീയസ്ക്കോറോസ് മലങ്കര റീത്തിൽ ചേർന്നു. |
| **1941 മാർച്ച് :** | സഭാ സമാധാനത്തിനുവേണ്ടി ആലുവ വട്ടമേശ സമ്മേളനം. |
| **1942 :** | ഔഗേൻ മോർ തീമോത്തിയോസ് മെത്രാപ്പൊലിത്ത കാതോലിക്കാപക്ഷത്തു ചേർന്നു. ആയത് വലിയതിരുമേനിയെ ദുഃഖിപ്പിച്ചു. |
| **1942 ജനുവരി 18 :** | കോട്ടയം കോടതിയിൽനിന്ന് തിരുമേനിക്ക് എതിരായി വിധി പ്രസ്താവിച്ചു. |
| **1944 :** | തിരുവിതാംകൂർ ഹൈക്കോടതിയിൽ അപ്പീൽ ഫയൽ ചെയ്തു. |
| **1946 :** | അങ്കമാലി ഭദ്രാസനസഹായ മെത്രാപ്പൊലിത്തയായി ഗീവറുഗീസ് മോർ ഗ്രീഗോറിയോസ് തിരുമേനിയും, കൊച്ചി ഭദ്രാസനത്തിന് പൗലോസ് മോർ സേവേറിയോസ് തിരുമേനിയും വാഴിക്കപ്പെട്ടു. |
| **1946 ഓഗസ്റ്റ് 8 :** | വലിയ തിരുമേനിക്ക് അനുകൂലമായി തിരുവിതാംകൂർ ഹൈക്കോടതി വിധി പ്രസ്താവിച്ചു. |
| **1950 :** | ചിങ്ങവനം വട്ടമേശ സമ്മേളനം. |
| **1951 ഡിസംബർ 21 :** | വലിയ തിരുമേനിക്കനുകൂലമായി വീണ്ടും ഹൈക്കോടതി വിധി. |
| **1952 ഒക്ടോബർ 19 :** | കണ്ടനാട് ഭദ്രാസനാധിപനായി മോർ പീലക്സീനോസ് തിരുമേനി വാഴിക്കപ്പെട്ടു. |
| **1953 ജനുവരി 25 :** | വലിയ തിരുമേനിയുടെ 84-ാം വയസ്സിൽ വെളുപ്പിന് 3.55 ന് അഭിവന്ദ്യപിതാവ് കാലം ചെയ്തു. |
| **2004 ഓഗസ്റ്റ് 14 :** | വലിയ തിരുമേനിയെ ප. പാത്രിയർക്കീസ് ബാവ വിശുദ്ധനായി പ്രഖ്യാപിച്ചു. |
| **2009 സെപ്റ്റംബർ 18 :** | ප. വലിയ തിരുമേനിയുടെ നാമം അഞ്ചാം തുബ്ദേനിൽ ഓർമ്മിക്കുവാൻ ප. പാത്രിയർക്കീസ് ബാവ കല്പനയായി. |



# ‘മാത്തു, പിള്ളയ്ക്കെന്നാടാ കൊടക്കണെ?’

ഡോ.ഡി. ബാബുപോൾ ബാറിത്തോബ്രീറോ



പണ്ഡിത പ്രകാണ്ഡമായിരുന്ന അപ്രേം പാത്രിയർക്കിസ് ബാവാ ‘വിശ്വാസ സംരക്ഷകൻ‘ എന്ന് വിളിച്ച് സഭാചരിത്രത്തിൽ അടയാളപ്പെടുത്തിയ മഹാമേരുവാണ് എന്റെ തലമുറ ‘വലിയ തിരുമേനി‘ എന്നാക്കുകയും സകലതലമുറകളും ഭാഗ്യവാൻ എന്ന് വാഴ്ത്തുകയും ചെയ്യുന്ന ഭാഗ്യസ്മരണാർഹനായ വിശുദ്ധ അത്താനാസിയോസ്.

വലിയ തിരുമേനി കാലം ചെയ്യുമ്പോൾ എനിക്ക് പന്ത്രണ്ട് വയസ്സ് തികയാൻ മാസങ്ങൾ ബാക്കി ആയിരുന്നു. എങ്കിലും ഓർമ്മകളുടെ പുസ്തകത്തിൽ അനശ്വരഭാവത്തിൽ ആലേഖ്യം ചെയ്ത ശ്ലഥചിത്രങ്ങൾ വായിച്ചു തീരാത്ത മഹാകാവ്യം കണക്കെ ഇപ്പോൾ മനസ്സിൽ തെളിയുന്നുണ്ട്.

വെയിലുറച്ചനേരത്ത് പള്ളിമണി മുഴങ്ങാൻ തുടങ്ങി.നിലയ്ക്കാത്ത നില വിളി പോലെ നീണ്ടുപോയ മണിയൊച്ച കേട്ടവർ ഓടിക്കൂടി.

ഞാൻ തിരുമേനിയെ കണ്ടിട്ടുണ്ടെങ്കിലും തിരുമേനി കാലം ചെയ്യുവോളം എന്നെ കണ്ടിട്ടില്ല.അവിടുത്തെ കാഴ്ചശക്തി നശിച്ചിരുന്നുവല്ലോ അക്കാലത്ത് തന്നെ . എങ്കിലും ഞങ്ങൾ കുട്ടികളെയൊക്കെ അതിരില്ലാത്ത വാത്സല്യത്തോടെ കണ്ടു, സത്യത്തെ അതിജീവിച്ച ആ വിശുദ്ധമനസ്സ്.

യാത്രാസൗകര്യങ്ങൾ കുറവ്.തിരുമേനി മാർക്കൊന്നും സ്വന്തം കാറുമുണ്ടായിരുന്നില്ല. കുറുപ്പംപടിയിലും കോതമംഗലത്തും ഒക്കെ ടാക്സിക്കാറിൽ എത്താം. മറ്റ് പലയിടത്തും മഞ്ചലും പല്ലക്കും വേണ്ടിയിരുന്നു. ജീപ്പ് എന്ന വാഹനം പോലും പ്രചാരത്തിൽ വന്നത് അമ്പതുകളിലാണ് എന്ന് ഓർമ്മിക്കുക. രണ്ടാം ലോകമഹായുദ്ധത്തിൽ ഉപയോഗിച്ച് കണ്ടം ചെയ്തവ ആയിരുന്നുവല്ലോ ജീപ്പ് എന്ന് നാം അറിയുന്ന ജീപീവി എന്ന ജനറൽ പർപ്പസ് വെഹിക്കിൾ.സ്വാഭാവികമായും ഇടവകകളിൽ ഓടിക്കയറി ധൂപം വെച്ച് ഓടിയിറങ്ങുമായിരുന്നില്ല തിരുമേനിമാർ. ശെമ്മാശന്മാരുടെ കല്യാണത്തിന് മദ്ബഹായിൽ ഇരിക്കും എന്നല്ലാതെ അച്ചന്മാർക്ക് ചെയ്യാവുന്ന കൂദാശകൾക്കായി പോവുന്ന സമ്പ്രദായവും ഉണ്ടായിരുന്നില്ല. ആണ്ടിലൊരിക്കലോ മറ്റോ വന്ന് ഒരാഴ്ചയോ പത്തു ദിവസമോ താമസിക്കും. തലപള്ളിയിൽ താമസിക്കുന്നതിനിടെ മറ്റ് ഇടവകകൾ സന്ദർശിക്കുക അസാധാരണമായിരുന്നില്ല. ഇടവകക്കാർ കുടുംബങ്ങളായി വന്ന് കാഴ്ചകൾ സമർപ്പിച്ച് കൈമുത്തും. വട്ടേപ്പം, അച്ചപ്പം,കുഴലപ്പം തുടങ്ങിയ നാടൻ പലഹാരങ്ങളാണ് കാഴ്ച. പള്ളിയിൽ പൊതുവേ പെരുനാളിന്റെ ചേല്! ‘ വികാരിയും ദേശത്തുപട്ടക്കാരും കൈക്കാരന്മാരും കുടിക്കണ്ടെന്നാൽ ‘ എന്ന അവസ്ഥ! കുറുപ്പംപടിയിലും മറ്റും കപ്യാരന്മാർ, മുതൽപിടി, മാസപ്പടി, കുശിനിക്കാർ, വെള്ളം കോരുന്നവർ തുടങ്ങിയ ‘ ഇടവക ജീവികൾ ‘ ആരും വീട്ടിൽ പോകുന്ന പതിവില്ല; തിരുമേനി ഉണ്ടെങ്കിൽ.

ഞങ്ങൾ ചുറ്റുവട്ടത്തുള്ള കുട്ടികൾ പള്ളിപറമ്പിലും പള്ളിമുറ്റത്തെ ആലിൻചുവട്ടിലും ആയിരുന്നു സാധാരണ കളിക്കുക. അന്നൊക്കെ നാല് മണിക്കാണ് സന്ധ്യാപ്രർത്ഥന . പിന്നെ സന്ധ്യാമണി അടിക്കുന്നതിന് തൊട്ടുമുൻപ് വരെ കളിക്കാം.ഗ്രാമത്തിലെ ദിനരാത്രങ്ങൾ പള്ളി മണിയാണ് നിയന്ത്രിച്ചിരുന്നത്. സന്ധ്യാ മണി അടിക്കുന്നതിന് മുൻപ് വീടെത്തിക്കൊളളണം.

ചിലപ്പോൾ കളിനീളും.പെട്ടെന്നാണ് കപ്യാരുപാപ്പൻ മണിയടിക്കുമെന്ന് ഭീക്ഷണിപ്പെടുത്തിയത് ! ‘പാപ്പാ, അല്പ സമയം കൂടെ. കളി നിർത്തിക്കഴിഞ്ഞു. മണി അടിക്കല്ലെ. ഇത്രക്ക് നേരോങ്കോടെ. ദേ കളി നിർത്തീട്ടോ. അടിക്കല്ലെട്ടോ‘ എന്ന് പലതവണ പറഞ്ഞിട്ടുണ്ട് എന്റെ തലമുറ. കപ്യാരുപാപ്പനും വലിയ തിരുമേനിയും ഒരേ പ്രായക്കാരായിരുന്നു. വിഭാര്യനായിരുന്നു കുര്യൻപാപ്പൻ. നാഴികമണിയില്ലാത്ത കാലം. പാപ്പനാണ് നാഴികയുടെ സർവാധികാര്യക്കാർ. പാപ്പൻ പള്ളി മണി അടിക്കുമ്പോഴാണ് സന്ധ്യ. പാപ്പന് ഞങ്ങളെ ഇഷ്ടമായിരുന്നു. പാപ്പൻ അല്പ സ്വല്പം ‘അഡ്ജസ്റ്റ് ‘ചെയ്യും!

വലിയ തിരുമേനി വന്നാൽ പള്ളിയുടെ തെക്കുവശത്ത് കളിക്ക് നിരോധനം വരും . അവിടെയാണല്ലോ തിരുമേനി താമസിക്കുന്നത്. കൈമുത്തിയിട്ടാണ് കളിക്കുക. മാത്തുച്ചേട്ടൻ ഓരോ നാരങ്ങമുട്ടായിതരും. ഞാൻ ചിലപ്പോൾ ഒറ്റയ്ക്ക് ചെല്ലും. ആളും തരവും നോക്കിയിട്ടാണ്. തിരക്കില്ലാത്ത നേരം. കല്ലറയ്ക്കൽ തരകൻ, മരങ്ങാട്ട് അബ്രഹാം സാർ, ഒ. വർക്കി വക്കീൽ തുടങ്ങിയവരും അച്ചന്മാരും ഒന്നും ഇല്ലെങ്കിലേ നടക്കൂ! ചെല്ലുമ്പോൾ മാത്തുച്ചേട്ടന് നല്ല ‘നരമ്പ് ‘ ആവുകയും വേണം. അപ്പോൾ പറയും, ‘ദേമ്പടെ ചീരത്തോട്ടത്തിലച്ചന്റെ മദ്മബഹയിൽ കയറുന്ന പിള്ള ‘ഞാൻ കൈമുത്തും. അംശലിയോ വുദേഹൽസോ, ആബൂൻ ദ് ബശ്മൂയോ, ശ്ലോംലേഖ് മറിയാം ഒക്കെ ചൊല്ലാൻ പറയും ചിലപ്പോൾ. വേറെ ചിലപ്പോൾ ഒന്നും പറയുകയില്ല. ആലോചിച്ചിങ്ങനെ ഇരിക്കും. എങ്കിലും അപ്പോഴും വല്ലതും തരും: ‘മാത്തു പിള്ളയ്ക്കെന്നാടാ കൊട്ക്കണെ? ‘മാത്തുച്ചേട്ടൻ ‘മെനു‘ പറയും. അച്ചപ്പം, അവല് നനച്ചത്, വട്ടേപ്പം അങ്ങനെ എന്തെങ്കിലും. മാത്തുച്ചേട്ടൻ തിരുമേനിയുടെ വലതുകൈയുടെ അടുത്ത് ഒരു പാത്രത്തിൽ എടുത്തവിടെവെക്കും. തിരുമേനി എടുത്തുതരും.

സന്ധ്യാ നമസ്കാരത്തിന് വരുമ്പോൾ കസേരയിൽ ഇരിക്കയില്ല. ഒരു വലിയ കുഷ്യൻ. സാധാരണ കിടക്ക രണ്ടായി മുറിച്ചാൽ ഒരു ചതുരക്കിടക്ക കിട്ടുമല്ലോ. അതുമായി മാത്തുച്ചേട്ടൻ ആണ് ആദ്യ എഴുന്നള്ളുക.! മദ്ബഹായിലേയ്ക്ക് കയറുന്ന പടികൾ തുടങ്ങുന്നിടത്ത്,വടക്കേ ഭിത്തിയോട് ചേർന്ന് ആണ് സ്ഥാനം. തിരുമേനി അവിടെ ഇരിക്കും. പ്രായാധിക്യവും അന്ധതയും കാരണം കുമ്പിടുവാനുള്ള സൗകര്യം തേടി ആയിരുന്നിരിക്കണം. ഈ പരിപാടി ആവിഷ്കരിച്ചത് എന്ന് ഞാൻ ഇപ്പോൾ ഊഹിക്കുന്നു. കുർബാനയ്ക്ക് മദ്ബഹായിൽ ഇരിക്കേണ്ട നേരത്ത് കസേരയിൽ തന്നെ ആയിരുന്നു സ്ഥാനം.

പ. വലിയതിരുമേനിയെ പൗരോഹിത്യ ശ്രേണിയിലേക്ക് ഉയർത്തിയ പ്രധാനാചാര്യന്മാർ



പ. ഇഗ്നാത്തിയോസ് അബ്ദുള്ളാ ദ്വിതീയൻ ബാവ



പ. മോർ ഗീവർഗീസ് ബാവാ ചാത്തുരുത്തിൽ



പുണ്യശ്ലോകനായ അമ്പാട്ട് മോർ കൂറിലോസ് മെത്രാപ്പോലീത്ത

തിരുമേനി മദ്ബഹയിൽ ഉളളപ്പോൾ ഞാൻ ഒരിക്കൽ കുർബ്ബാനയ്ക്ക് മുഖ്യശുശ്രൂഷകനായി കൂടിയിട്ടുണ്ട്. രണ്ട് തിരുമേനി മാർ ഗ്രിഗോറിയോസ് – ആയിരുന്നിരിക്കണം ഓർമ്മ പോരാ. 1946 സെപ്റ്റംബർ 8 ന് മണർകാട് പള്ളിയിൽവച്ച് എന്നെ എന്റെ പിതാവ് കൊച്ചുതിരുമേനിയെ ഏൽപ്പിച്ചതാണ്. തിരുമേനിയും കൊച്ചിയിലെ സേവേറിയോസ് തിരുമേനിയും ചേർന്ന് എന്നെ മിഖായേൽ തിരുമേനിയുടെ മുന്നിൽ നിർത്തി. അങ്ങനെ മൂന്ന് മെത്രാന്മാർ ചേർന്ന് മദ്ബഹായിൽ കയറ്റിയതിന്റെ അനുഗ്രഹമാവണം ഈ പ്രായത്തിലും എന്നെ അവിടെ തളച്ചിടുന്നത്. മദ്ബഹയിൽ മുടങ്ങാതെ അറുപത്തി നാലാം കൊല്ലം! അന്നു തന്നെ മൂന്നാം തുബ്ദേൻ വായിക്കത്തക്കവണ്ണം ശീലിപ്പിച്ചാണ് അച്ചൻ കൊണ്ടുപോയത്. താമസിയാതെ കുർബ്ബാനയ്ക്ക് കൂടാനും തുടങ്ങി. 1950 ൽ കുറുപ്പംപടിയിൽ നാല് ശെമ്മാശ്ശന്മാർ ഉണ്ടാകുന്നത് വരെ മദ്ബഹയിൽ ഞാനായിരുന്നു താരം എന്നു പറയണം! അക്കാലത്താവണം – വലിയതിരുമേനിയുടെ സാന്നിദ്ധ്യത്തിൽ കുർബ്ബാനയ്ക്ക് കൂടുവാൻ ധൈര്യം വന്നത്. പോരെങ്കിൽ പേടിക്കുവാനുള്ള വിവരം ഉണ്ടായിരുന്നതുമില്ല! പേടിക്കണം എന്നറിയാത്തവനുണ്ടോ പേടി! അന്ന് ഒന്നാം തുബ്ദേനിൽ ഞാൻ കൊച്ചുതിരുമേനിയുടെ പേര് വിട്ടുപോയി. കുർബ്ബാന കഴിഞ്ഞ് തന്റെ അനനുകരണീയമായ മന്ദഹാസത്തോടെ ‘നീ എന്നെ വിട്ടുകളഞ്ഞല്ലോടാ‘ എന്ന് പറഞ്ഞ് കവിളിൽ തട്ടിയത് ഓർമ്മയുണ്ട്. വലിയതിരുമേനി എന്തെങ്കിലും ഗുണമോ ദോഷമോ പറഞ്ഞതായി സ്മരണയിലില്ല. എന്നൽ ഒരിക്കൽ – അന്നോ മറ്റോരിക്കലോ –എന്റെ തുബ്ദേൻവായനയുടെ സ്ഫുടതയെക്കുറിച്ച് വലിയതിരുമേനി അച്ചനോട് പറഞ്ഞു; ‘തന്റെ പിള്ളേടെവായന കൊളളാം. ‘പള്ളിക്കകത്തെ അക്ഷരം വിഴുങ്ങികളുടെ വായന അലോസരപ്പെടുത്തുമ്പോൾ ഇപ്പോഴും ഞാനോർക്കാറുണ്ട് ഈ അനുഗ്രഹവചസ്.

വലിയ തിരുമേനി സുന്ദരനായിരുന്നു. അച്ചൻ തിരുമേനിയുടെ കൂടെ താമസിച്ചാണ് ആലുവ സെന്റ് മേരീസിൽ പഠിച്ചത്. അക്കാലത്ത് തിരുമേനി എത്ര സുന്ദരനായിരുന്നു എന്ന് പറഞ്ഞറിയിക്കാവുന്നതല്ല എന്നാണ് അച്ചൻ പറഞ്ഞിട്ടുളളത്. അമ്പത് വയസ്സുള്ള അതിസുമുഖനായ മെത്രാനച്ചൻ ഭക്തിമാർഗ്ഗത്തിൽ അഗ്രേസരനും ആയിരുന്നു. തിരുമേനിയുടെ കുമ്പിടൽ മാതൃകയായിരുന്നുത്രേ. ഒന്നുപോലും വിടാതെ , ഒരു പ്രാവശ്യംപോലും കുറുക്കുവഴി തേടാതെ, ധ്യാനനിഗ്നനായി കുമ്പിടുന്ന വലിയതിരുമേനി കർത്താവിനെ നേരിൽക്കാണുന്നു എന്ന് കണ്ടു നിൽക്കുന്ന ശെമ്മോൻമ്മാരുടെ മനസ്സിൽ തോന്നുമായിരുന്നു എന്നാണ് അച്ചൻ പറഞ്ഞിട്ടുളളത്. ശെമ്മാശന്മാരുടെ പഠനകാര്യവും ശ്രദ്ധിച്ചിരുന്നു. എല്ലാ ദിവസവും ഇല്ല. ഓർക്കാപ്പുറത്ത് ഇയ്ക്കിടെ വരും ക്രോസ് വിസ്താരം . ഇന്ന് എന്തൊക്കെ പഠിച്ചു? നാളത്തേയ്ക്കുളള പുസ്തകമൊക്കെ നോക്കിയോ? പിന്നെ ഉപദേശിക്കും. ‘കത്തോലിക്കരുടെ സ്കൂളാണ്. അവർക്ക് സെമിനാരിയും മറ്റും ഉണ്ട്. പഠിത്തക്കാരാ അച്ചന്മാര്. താൻ നന്നായി പഠിക്കണം .സഭയ്ക്കും എനിക്കും നാണക്കേടുണ്ടണ്ടാക്കരുത്.‘ – ഇതാണ് സാരാംശം. അന്നത്തെ ശെമ്മാശന്മാർ –ആഴകത്തെ കൊച്ചേരിയച്ചനും എന്റെ അച്ചനും –വലിയതിരുമേനിയെ അവതാര പുരുഷനായി ആദരിച്ചവരായിരുന്നു. അവർ നാണക്കേടുണ്ടാക്കിയില്ല. രണ്ടുപേരുടേയും കൈയക്ഷരം നല്ലതായിരുന്നു. അൻ മോണിട്ടറും പ്രസംഗമത്സരത്തിൽ ഒന്നാമനും ആയിരുന്നു. പിൽക്കാലത്ത് അച്ചൻ അങ്കമാലി ഭദ്രാസനത്തിലെ വൈദികരിൽ രണ്ടാമത്തെ ബിരുദധാരിയും ആയത് തിരുമേനി ആധുനിക വിദ്യാഭ്യാസത്തെ അംഗീകരിക്കുകയും ചെയ്തത് കൊണ്ട് കൂടെ ആണ്. വിശ്വാസത്തിലും പാരമ്പര്യങ്ങളിലും ഉറച്ചുനിൽക്കുകയും ഒപ്പം ആധുനികതയുടെ നേർക്ക് വാതിൽ തുറക്കുന്നവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്തവനായ വലിയ തിരുമേനി.

അന്നൊരുനാൾ വെയിലുറച്ചനേരത്ത് പള്ളി മണി മുഴങ്ങാൻ തുടങ്ങി. നിലയ്ക്കാത്ത നിലവിളി പോലെ നീണ്ടുപോയ മണിയൊച്ച കേട്ടവർ ഓടിക്കൂടി. ഇടവകയിലെ വല്യച്ചനും കിടപ്പിലായിരുന്നു. വല്യച്ചനോ വലിയ തിരുമേനിയോ? പള്ളിയിലെത്തിയ ജനം അറിഞ്ഞു. നമ്മുടെ വലിയ തിരുമേനി കാലം ചെയ്തു. ‘പെലാലയ്ക്കാർന്നു (പുലർച്ച). ഏഴരവെളുപ്പിന്,

‘പെലാലയല്ല പാതിരയാ‘ – പന്നന്നെ വന്നു സ്ഥിരീകരണം, വെളുപ്പിന് നാല് മണിക്കോ മറ്റോ (എന്നാണോർമ്മ). അച്ചൻ തലേന്ന് മുതൽ ആലുവായിൽ തന്നെ ആയിരുന്നു. ഞങ്ങളൊക്കെ പിറ്റേന്നാണ് പോയത്. അന്നത്തെ പരിമിതമായ യാത്രാസൗകര്യം ആരേയും തളർത്തിയില്ല. ജനം ഒഴുകി. ആടുകൾ ഇടയനെ തേടുകകയായരുന്നു.

പിറ്റേന്ന് കബറടക്കം. ഒരു ജീപ്പിൽ മൃതദേഹം. ഒരുവശത്ത് അച്ചൻ. മറ്റേ വശത്ത് മങ്ങാട്ടമ്പളളീലച്ചൻ. അംശവസ്ത്രം ധരിച്ച വത്സലവൈദികരുടെ അകമ്പടിയോടെ വലിയതിരുമേനി വീണ്ടും നഗരം കണ്ടു. നഗരം തിരുമേനിയെ അവസാനമായി കണ്ടു. പിൽക്കാലത്ത് അങ്കമാലി ഭദ്രാസനത്തിന്റെ ചരിത്രവഴികൾ ഭേദപ്പെടുത്തിയ രണ്ടുപേരുടെ അകമ്പടിയോടെ ചരിത്രനായകൻ ചരിത്രത്തിലേക്ക് കയറിപ്പോയി. പരുമലത്തിരുമേനിയുടെ ശിഷ്യനായിരുന്ന തിരുമേനിയെ കാണാൻ സതീർത്ഥ്യനും മുപക്ഷത്തെ നേതാവുമായ ഗീവറുഗീസ് ബാവ വന്നു. നിരുദ്ധകണ്ഠനനായ കോഹനൈക്നംശോ ചൊല്ലി. ഇടയ്ക്ക് വിതുമ്പി, അവർക്കിടയിൽ വൈരാഗ്യം ഇല്ലായിരുന്നു. ഇന്നാണെങ്കിൽ ആ രംഗത്തിന്റെ ക്രിസ്തീയചാരുത നശിപ്പിക്കുന്ന കലഹവാദികൾ ഇടപെടുമായിരുന്നുവോ? അന്ന് ഗ്രിഗോറിയോസ് തിരുമേനി ഉള്ള കാലമായിരുന്നു. ഏതായാലും ശരിയും തെറ്റും എന്നതുപോലെ തന്നെ ഔചിത്യവും അനൗചിത്യവും തിരിച്ചറിയുന്നയാളായിരുന്നല്ലോ തിരുമേനി.

ഒരു യുഗം അവസാനിച്ചു. മൃതദേഹം പൊതുദർശനത്തിന് വച്ചതിനു ശേഷം പുറത്തിറങ്ങിയപ്പോൾ കൊച്ചുതിരുമേനി അച്ചനോട് പറഞ്ഞു. ‘ആ സീല് മേടിച്ച് സ്ക്രാച്ച് ചെയ്തേരെ പൗലോസച്ചാ.‘ ക്രാന്തദർശിയായ ഭരണാധികാരിയായിരുന്ന തിരുമേനിക്കറിയാമായിരുന്നു അനേകവർഷങ്ങളായി സ്വന്തം കയ്പടയിൽ കല്പന എഴുതാത്ത തിരുമേനിയുടെ മുദ്രയുടെ വില. സീൽ കൊടുത്ത കോച്ചേരിലച്ചനും ഏറ്റുവാങ്ങിയ അച്ചനും ഏങ്ങിക്കരഞ്ഞു. കോച്ചേരിലച്ചൻ തന്നെയാണ് സ്ക്രാച്ച് ചെയ്തത് എന്നാണ് അച്ചൻ പറഞ്ഞു കേട്ടിട്ടുളളത്. അത് കൊച്ചു തിരുമേനിയെ ഏൽപ്പിച്ചതോടെ വലിയ തിരുമേനിയുടെ ഭരണകാലം പൂർത്തിയായി.

ഞങ്ങൾ മടങ്ങിയെത്തിയപ്പോഴും കുറുപ്പംപടിയിൽ പള്ളിമണി മുഴങ്ങുകയായിരുന്നു. ഫോണില്ലാത്തകാലമല്ലേ? അടക്കം കഴിഞ്ഞ വിവരം മടങ്ങിവരുന്നവർ പറഞ്ഞല്ലേ അറിയൂ? മുപ്പതാം ദിവസമോ മറ്റോ കുറുപ്പംപടിയിൽ അടിയന്തിരം നടത്തി. പതിമൂന്നിന്മേൽ കുർബ്ബാന, ഏതോ ഒരു ത്രോണസിൽ ഞാനും കുർബ്ബാനയ്ക്ക് കൂടി. ‘നമ്മുടെ മേല്പട്ടക്കാരൻ മാർ ഗ്രിഗോറിയോസ്‘ എന്നായി വായന.

വലിയ തിരുമേനി കാലം ചെയ്തു. കാലം എന്ത് ചെയ്താലും മായിക്കാനാവാത്ത ഓർമ്മകൾ ബാക്കിയായി.

വിശ്വാസസംരക്ഷകൻ യാത്രയായി.സംരക്ഷിക്കപ്പെട്ട വിശ്വാസം ബാക്കിയായി.

അമ്പത്തഞ്ച് വർഷങ്ങൾക്കിപ്പുറവും എന്റെ കാതിൽ മുഴങ്ങുന്നുണ്ട് മരണമില്ലാത്ത വാത്സല്യത്തിന്റെ ശബ്ദം: മാത്തൂ, പിളളയ്ക്കെന്നാടാ കൊട്ക്കണേ?





# സഭയുടെ രത്നമായ വലിയ തിരുമേനി



കണ്ടാന്തറ തോമസ് കുര്യൻ കശ്ശീശാ, കുമരകം



## പ. വലിയ തിരുമേനിയുടെ മാതൃ ഭവനം



മലങ്കരയുടെ മെത്രാപ്പോലിത്തയായിരുന്ന ആലുവാ തൃക്കുന്നത്തു സെമിനാരിയിൽ കബറടങ്ങിയിരിക്കുന്ന പൗലോസ് മോർ അത്താനാസിയോസ് തിരുമേനി സഭയിലറിയപ്പെടുന്നത് വലിയ തിരുമേനിയെന്ന മധുരനാമത്തിലാണ്. സമീപകാലത്ത് പരിശുദ്ധ അന്ത്യോഖ്യാ സിംഹാസനത്തിൽ നിന്നും വിശുദ്ധന്മാരായി പ്രഖ്യാപിക്കപ്പെട്ടവരുടെ ഗണത്തിൽ പരിശുദ്ധ പിതാവും ഉൾപ്പെടുന്നു. വലിയ തിരുമേനി കാലം ചെയ്തിട്ട് അമ്പതിലേറെ സംവത്സരങ്ങൾ പിന്നിട്ടുവെങ്കിലും പരിശുദ്ധ പിതാവിന്റെ മെത്രാഭിഷേക ശതാബ്ദിയാഘോ ഷിക്കാൻ തയ്യാറെടുക്കുകയാണ് മലങ്കരയിലെ മക്കൾ.

1869 ജനുവരി 23-ാം തീയതിയായിരുന്നു തിരുമേനിയുടെ ജനനം. പത്താം വയസ്സിൽ ശെമ്മാശപട്ടവും മുപ്പതാം വയസ്സിൽ കശീശാപ്പട്ടവും അതിന്റെ മൂന്നാം നാൾതന്നെ റമ്പാൻ സ്ഥാനവും സ്വീകരിക്കുവാൻ അദ്ദേഹത്തിന് ഭാഗ്യം സിദ്ധിച്ചു. 1910-ൽ മെത്രാപ്പോലിത്തയായി അഭിഷേകം ചെയ്യപ്പെട്ട തിരുമേനി ഏഴുവർഷങ്ങൾക്കുശേഷം മലങ്കര മെത്രാപ്പോലിത്താ പദവിയിലേക്ക് ഉയർത്തപ്പെടുകയുണ്ടായി.

മലങ്കര സഭയുടെ ചരിത്രത്തിലെ നിർണ്ണായകമായ ഒരു കാലഘട്ടത്തിലായിരുന്നു അദ്ദേഹം മലങ്കര മെത്രാപ്പോലീത്തയായി ഭരണച്ചുമതല നിർവ്വഹിച്ചിട്ടുള്ളത്.

74 വർഷത്തെ പൗരോഹിത്യ ജീവിതംകൊണ്ടും അതിൽ 44 വർഷത്തെ പ്രധാനാചാര്യത്വപദവിയെ ആലങ്കരിച്ചുകൊണ്ടും യേശുക്രിസ്തുവിനെ അണിഞ്ഞ പരിശുദ്ധനായ തിരുമേനി 1953 ജനുവരി 25ന് വെളുപ്പിന് 3.55ന് കാലം ചെയ്യുന്നതുവരെ ജീവിതത്തെ ഭൂമിയിൽ പ്രകാശിപ്പിച്ച ഒരു വിളക്ക് ആയിരുന്നു.

വലിയ തിരുമേനിയുടെ വേർപാടിന്റെ ദിവസം മലങ്കര യാക്കോബായ സുറിയാനിസഭയെ എന്നല്ല കേരള ക്രൈസ്തവസഭയെ സന്തപ്തമാക്കിയ വലിയ ദുഃഖദിനമായിരുന്നു. പരിശുദ്ധനായ തിരുമേനി വാനവരുടെകൂടെ സ്വർഗ്ഗീയതയിലേയ്ക്ക് പ്രവേശിച്ചു. ഹൃദയശുദ്ധിയുള്ളവനായിരുന്നു പ. തിരുമേനി. കാപട്യം, കളങ്കം, വ്യാജം, ചതി, അഹങ്കാരം ഇവയ്ക്ക് സ്ഥാനമില്ലാതിരുന്ന മനസ്സായിരുന്നു പരിശുദ്ധ പിതാവിന്റേത്. ഏതു ശിലയേയും അലിയിപ്പിക്കുന്നതായിരുന്നു അദ്ദേഹത്തിന്റെ പ്രാർത്ഥന. അക്ഷരസ്ഫുടതയോടെയുള്ള കീർത്തനം, പാതിരാത്രിയിലും ഉള്ള ദൈവവുമായുള്ള സംസർഗം, വെള്ള അരക്കെട്ടും കെട്ടി കൈത്തലം രണ്ടും നെഞ്ചത്തടക്കിവച്ചുകൊണ്ടുള്ള ഏകാഗ്രമായ ധ്യാനം, യാമംതോറുമുള്ള പ്രാർത്ഥനകൾ, കർണ്ണങ്ങളിൽ പീയൂഷമാരി ചൊരിയുന്ന ഈശോതന്റെ ഉഷപ്പാൽ ലോകം ചൊല്ലൽ എല്ലാം തന്നെ. മഴയും കുളിരുമുള്ള വർഷകാല പാതിരാത്രികളിൽപ്പോലും വൃദ്ധനായ തിരുമേനി പള്ളിയിൽപോയി പ്രാർത്ഥിച്ചിരുന്നു. ഏകനായി പൊട്ടിക്കരഞ്ഞുകൊണ്ടുള്ള അദ്ദേഹത്തിന്റെ പ്രാർത്ഥനയെ സ്വർഗ്ഗം അംഗീകരിച്ചിരുന്നു. വലിയ തിരുമേനിയുടെ പരിശുദ്ധത ചിതറുന്ന സുന്ദരവദനത്തിൽ നിന്നും ഉയർന്ന ആരാധനകളും കുലീനത നിറഞ്ഞ നർമ്മസംഭാഷണങ്ങളും, നിഷ്കളങ്കമായ മൃദുസ്മിതവും ഹൃദ്യമായ അതിഥി സൽക്കാരവും, ലളിതമായ ജീവിതവും ഏവരേയും ആകർഷിച്ചിരുന്നു. സമാധാനപ്രിയനും, ശാന്തനുമായ തിരുമേനി സഭാ സമാധാനത്തിനുവേണ്ടിയുള്ള പ്രാർത്ഥനാ രംഗങ്ങളിൽ പൊട്ടിക്കരയുന്ന കാഴ്ച ആപൂർവ്വമായിരുന്നില്ല.

മലങ്കര സുറിയാനി സഭയുടെ പുരോഗമനവും അടിയുറച്ച വിശ്വാസസ്ഥിരതയും ആയിരുന്നു പരിശുദ്ധ തിരുമേനിയുടെ വ്യക്തിമുദ്ര. മലങ്കരസഭയുടെ ഹൃദയം, സുറിയാനിസഭയുടെ വിലമതിക്കാനാവാത്ത രത്നം, കേരളക്രൈസ്തവ സമൂഹത്തിന്റെ അംഗീകാര പ്രധാന പുരോഹിതൻ ഇവയെല്ലാം ആയിരുന്നു പരിശുദ്ധ തിരുമേനി. ഉദരത്തിനും, മാനത്തിനും, സ്ഥാനത്തിനും, ധനത്തിനും വേണ്ടി വിശ്വാസമൂല്യങ്ങളെ ബലികഴിക്കുന്ന പതിവ് തിരുമേനി സ്വീകരിച്ചിരുന്നില്ല. തിരുമേനി അഭിലഷിച്ചിരുന്ന സമാധാനം മൂല്യങ്ങൾ ബലികഴിച്ചുകൊണ്ടുള്ളതായിരുന്നില്ല. അന്ത്യോഖ്യാ സിംഹാസനവുമായുള്ള ബന്ധം വേർപെടുത്തിയുള്ള സമാധാനം ശാശ്വതസമാധാന മല്ലായെന്ന് അദ്ദേഹം ഉറച്ച് വിശ്വാസിച്ചിരുന്നു. ഞാൻ പരിശുദ്ധ പാത്രിയർക്കീസിനെ - സഭയുടെ തലവനെ - സ്വീകരിക്കുന്നത് മണിമേടയ്ക്ക് വേണ്ടിയല്ല, വയറിനുവേണ്ടിയല്ല, സത്യവിശ്വാസത്തിനുവേണ്ടി മാത്രമാണ് എന്നുപറഞ്ഞ വിശ്വാസസംരക്ഷകനായ തിരുമേനിക്ക് സഭയേയും, സഭാതലവനേയും വിശ്വാസത്തേയും കുറിച്ച് അഗാധമായ പാണ്ഡിത്യമുണ്ടായിരുന്നു. സഭാസമാധാനത്തിനുവേണ്ടി കണ്ണുനീരോടെ പ്രാർത്ഥിച്ചിരുന്ന ഇദ്ദേഹം പൂർവ്വികവിശ്വാസങ്ങളെ സന്ദർഭത്തിനൊത്ത് അമ്മാനമാടാൻ അനുവദിച്ചിരുന്നില്ല.

തിരുമേനിയുടെ അതിഥി സൽക്കാരം ഏറെ പ്രസിദ്ധമായിരുന്നു. ആരെങ്കിലും തിരുമേനിയെ കാണാൻവന്നാൽ എന്റെ മോനേ, വല്ലതും കഴിച്ചോ എന്ന് ചോദിച്ച് വേണ്ടവർക്ക് ഭക്ഷണം നൽകിയിരുന്നു. ആത്മീയ ഭക്ഷണവും, ലൗകിക ഭക്ഷണവും നൽകി തന്റെ മക്കളെ അദ്ദേഹം തൃപ്തിപ്പെടുത്തുമായിരുന്നു. സംഭാഷണചതുരനായിരുന്ന തിരുമേനി ധനികനെന്നോ, ദരിദ്രനെന്നോ, പണ്ഡിതനെന്നോ, പാമരനെന്നോ കരുതാതെ ഏവരോടും ആത്മാർത്ഥമായും നിഷ്കളങ്കമായും സംസാരിച്ചിരുന്നു.

## പ. വലിയ തിരുമേനിയുടെ നാമം തുബ്ദേനിൽ ചേർത്തുകൊണ്ടുള്ള പ. പാത്രിയർക്കീസ് ബാവായുടെ കല്പന

**SYRIAN ORTHODOX PATRIARCHATE**
OF ANTIOCH & ALL THE EAST
BAB TOUMA, P.O, BOX 22260
DAMASCUS - SYRIA

باب توما - ص.ب ٢٢٢٦٠
دمشق - سورية

**BY THE GRACE OF GOD**
**Ignatius Zakka I Iwas**
Patriarch of Antioch and All the East
Supreme Head of the Universal Syrian Orthodox Church

**No. E 152/09** **18 - September - 2009**

Apostolic Benediction to our beloved Brother - in - Christ, His Beatitude Catholicos Mor Baselios Thomas - I and their Graces all our beloved Metropolitans in charge of our Malankara Syrian Churches in India and Abroad.

Inquiring your welfare we inform you the following. During the visit of our beloved Brother - in - Christ His Beatitude Catholicos Mor Baselios Thomas -I to us on 22nd August -2009, we were informed about the request of our Holy Regional Episcopal Synod of India, held from 25th to 27 th May - 2009, for our sanction, to include the name of Saint Athanasius Paulose of Aluva,in the fifth Thubden of the Order of the Holy Qurbono, in all our Malankara Syrian Churches. Earlier, through our Apostolie bull No. E 218/04, dated 19-August -2004, we had declared Mor Athanasius Paulose - also know as 'Valiya Thirumeni' a saint and had permitted you to recite the 'Kukliyon' for the saints - 'Sadiko' whenever you remember him and beseech his intercession. Now we are pleased to sanction the request of our holy regional synod and hereby permit you to include the name of Mor Athanasius Paulose in the Fifth Thubden (diuftheke), after the names of Mor Gregorios Abdul Jaleel and Mor Osthatheos Sleeba, in all our Malankara Syrian Churches all over the world. Accordingly, His Beatitude may inform all our diocesan churches in India, Australia and New Zealand, and the others by the respective Metropolitans. We extend our Apostolic blessings to you. May the grace of God be with you all.

മലങ്കര സഭാനൗക വ്യവഹാരാദികളാകുന്ന കഠിനമായ കാറ്റിലും കോളിലും അകപ്പെട്ട് നട്ടംതിരിയുന്ന ഒരു ദുർഘടഘട്ടത്തിൽ ഒരു യഥാർത്ഥ അമരക്കാരനായിരുന്ന് പരിശുദ്ധാത്മാവ് യുക്തമെന്നും സത്യമെന്നും പഠിപ്പിച്ചവയെ മുറുകെപ്പിടിച്ച് ക്ലേശങ്ങൾ സഹിച്ച് സഭാനൗകയെ ശരിയായ ദിശയിലൂടെ അദ്ദേഹം നയിച്ചുവന്നു. പരിശുദ്ധ പിതാവ് സ്ഥാപിച്ച മലങ്കരയിലെ സണ്ടേസ്കൂൾ അസോസിയേഷൻ, മലങ്കര വൈദിക സംഘം, മർത്തമറിയം സമാജം തുടങ്ങി അനേകം പ്രസ്ഥാനങ്ങൾ ഇതിന് ഉദാഹരണങ്ങളാണ്.

പരിശുദ്ധ എപ്പിസ്കോപ്പൽ തീരുമാനവും ശ്രേഷ്ഠ കാതോലിക്കാ ബാവാ തിരുമനസ്സിന്റെ കൽപനയിലൂടെയും പരിശുദ്ധ വലിയതിരുമേനിയുടെ മെത്രാഭിഷേക ശതാബ്ദി ആഘോഷത്തിൽ പങ്കെടുക്കാൻ ഒരുങ്ങുന്ന സഭാമക്കൾ ഒരു കാര്യം ചിന്തിക്കേണ്ടിയിരിക്കുന്നു. തിരുമേനിയുടെ അപദാനങ്ങളെ പ്രകീർത്തിച്ചതുകൊണ്ടോ, സമ്മേളനത്തിൽ പങ്കെടുത്തതുകൊണ്ടോ, മാത്രമായില്ല. തിരുമേനി ഏതൊരു വിശ്വാസത്തിനുവേണ്ടി പോരാടിയോ ആ വിശ്വാസം നിലനിർത്തുവാൻ നാം സന്നദ്ധരായിരിക്കണം. യേശുക്രിസ്തുവിൽ പൂർണ്ണമായി വിശ്വസിച്ച് സഭയുടെ ദൃശ്യതലവനായ പ. ഇഗ്നാത്തിയോസ് പാത്രിയർക്കീസ് ബാവാ തിരുമനസ്സിന്റെ അജപാലനം അംഗീകരിച്ച് മുന്നോട്ട് പ്രയാണം തുടരാം. ആയതിന് വിശ്വാസസംരക്ഷകനായ പരിശുദ്ധ വലിയ തിരുമേനിയുടെ മദ്ധ്യസ്ഥത നമുക്ക് തുണയാകട്ടെ.

*(കടപ്പാട്: സഭാചന്ദ്രിക 1953 ഫെബ്രുവരി)*



# വലിയ തിരുമേനിയുടെ ശൽമൂസാ

പിതാവും പുത്രനും വിശുദ്ധ റൂഹായുമായ സത്യമുള്ള ത്രീയേക ദൈവത്തിന്റെ തിരുനാമത്തിൽ ക്രിസ്താബ്ദം 1910ന് കൊല്ലം ആയിരത്തി എൺപത്തിയഞ്ചാമാണ്ട് ഇടവം 25-ാം തീയതി അന്ത്യോഖ്യായുടെ ശ്ലീഹായ്ക്കടുത്ത സിംഹാസത്തിന്മേൽ വാഴുന്ന കിഴക്കൊക്കയിന്മേൽ അധികാരപ്പെട്ടിരിക്കുന്ന രണ്ടാമത്തെ അബ്ദുള്ള എന്ന് പ്രത്യേക തിരുനാമമുള്ള നിതാന്ത വന്ദ്യ ദിവ്യ മഹിമ ശ്രീ പരിശുദ്ധനായ മോറാൻ മോർ ഇഗ്നാത്തിയോസ് പാത്രിയർക്കീസ് ബാവാ തിരുമനസിലെ തിരുസന്നിധിയിൽ അങ്കമാലി അകപ്പറമ്പ് പള്ളിയിടവകക്കാരനായ ആലങ്ങാട് താലൂക്ക് കോതകുളങ്ങര പ്രവൃത്തിയിൽ നായത്തോട് കരയിൽ തെക്കേക്കര എന്നുകൂടി പേരുള്ള പൈനാടത്ത് നസ്രാണി മത്തായിയുടെ മകനും ആലുവാ കരയിൽ തൃക്കുന്നത്ത് സുറിയാനി സെമിനാരിയിൽ സ്ഥിരതാമസക്കാരനുമായ സന്ന്യാസവൃത്തി നാല്പത്തിരണ്ടു വയസ്സുള്ള പൌലോസ് ദയറോയോ (റമ്പാൻ) സ്വന്തമനസ്സോടും പൂർണ്ണസമ്മതത്തോടും തൃപ്തിയോടും കൂടി എഴുതിവയ്ക്കുന്ന ശൽമൂസൊ (ഉഭയസമ്മത) പത്രം

1. കാലം ചെയ്ത വിശുദ്ധൻ മാർ പത്രോസ് പാത്രിയർക്കീസ് ബാവാ തിരുമനസ്സുകൊണ്ട് മുമ്പ് മലയാളത്തിൽ എഴുന്നെള്ളിയപ്പോൾ മലങ്കരയുള്ള പള്ളികളെല്ലാം ഭരിപ്പാൻ ഒരു മെത്രാപ്പോലിത്ത മാത്രം മതിയാകില്ലെന്ന് കണ്ടിട്ട് ഇവിടെയുള്ള പള്ളികളെ ഏഴു ഡിവിഷനായി വിഭാഗിച്ചു ഏഴു മെത്രാന്മാരെ നിയമിക്കുകയും സ്ഥാനത്തിനു മുമ്പായി അവരെ കൊണ്ട് ശൽമൂസൊ എഴുതി രജിസ്ട്രാക്കുകയും ചെയ്തിട്ടുള്ള പതിവനുസരിച്ചും, അടുത്തകാലത്ത് ഉർശ്ലേമിൽ വച്ച് വാഴിക്കപ്പെട്ട മെത്രാപ്പോലിത്താമാർ തുർക്കി ദേശത്തിൽ വച്ച് വാഴിക്കപ്പെട്ടതുകൊണ്ട് മുൻകൂട്ടി ശൽമൂസൊ എഴുതി രജിസ്ട്രാക്കുന്നതിന് സാധിച്ചില്ലെങ്കിലും മലയാളത്ത് എത്തിയതിന്റെ ശേഷം ശൽമൂസൊ രജിസ്ട്രാക്കിയാൽ മതിയെന്ന് ദയവായി കൽപ്പിച്ചതിനെ അവർ സമ്മതിച്ചു പോന്നിരിക്കുന്നതനുസരിച്ചും, ഇപ്പോൾ അയോഗ്യനും, പാപിയുമാകിലും പള്ളിക്കാരുടെ അപേക്ഷപ്രകാരം പരിശുദ്ധ തിരുമേനിയാൽ മെത്രാൻ സ്ഥാനത്തിലേക്ക് ക്ഷണിക്കപ്പെട്ടിരിക്കുന്ന ഞാൻ ഈ ശൽമൂസൊ എഴുതി രജിസ്ട്രാക്കി തിരുമുമ്പാകെ സമർപ്പിക്കുന്നതാകുന്നു.

2. ഈ രജിസ്ട്രർ ശൽമൂസൊയ്ക്കു പുറമെ മെത്രാൻ സ്ഥാനസമയത്ത് വിശുദ്ധ മദ്ബഹായുടെ മുമ്പാകെയും ജീവനുള്ള ദൈവത്തിന്റെയും പരിശുദ്ധ മാലാഖമാരുടെയും മുമ്പാകെയും ദൈവമാതാവിന്റെയും സകല പരിശുദ്ധന്മാരുടെയും മുമ്പാകെയും വിശുദ്ധ സ്ലീബായുടെ മുമ്പാകെയും വിശുദ്ധ ഏവൻഗേലിയോന്റെ മുമ്പാകെയും തിരുമേനിയുടെയും പട്ടക്കാരുടെയും ജനങ്ങളുടെയും മുമ്പാകെയും ഭയഭക്തിയോടെ നിന്നുകൊണ്ട് സത്യ ഹൃദയത്തോടെ പരസ്യമായി വായിച്ച് ഒപ്പിട്ടു തരേണ്ടതായ ശൽമൂസൊ എഴുതി വച്ചുകൊള്ളാവുന്നതും ഇതിലെയും അതിലെയും വ്യവസ്ഥകൾക്ക് എതിരായി യാതൊന്നും ഒരിക്കലും ഞാൻ പ്രവർത്തിക്കുന്നത് അല്ലാത്തതുമാകുന്നു.

3. അന്ത്യോഖ്യയുടെ ശ്ലീഹായ്ക്കടുത്ത സിംഹാസനത്തിന്മേൽ വാഴുന്ന മോറാൻ മോർ ഇഗ്നാത്തിയോസ് പാത്രിയാർക്കീസ് ബാവാ തിരുമനസ്സിലേക്ക് മേൽപറഞ്ഞ പ്രകാരം കിഴക്കൊക്കയിന്മേൽ അധികാരമുള്ളതും ഈ മലങ്കര സുറിയാനി സഭ കിഴക്കെ വിഭാഗത്തിൽ ഉൾപ്പെട്ടതും ഈ സഭയിന്മേലും സ്വത്തുക്കളിന്മേലും തിരുമേനിക്ക് ആത്മീകമായും ലൗകികമായും ഉള്ള സർവ്വ അധികാരങ്ങളും ഉള്ളതും ആ അധികാരത്തിനു ഞാൻ മരണപര്യന്തം കീഴ്പ്പെട്ടിരിക്കുന്നതുമാകുന്നു.

4. തിരുമനസുകൊണ്ട് പ്രധാന മേലധികാരം വഹിക്കുന്നതായ യാക്കോബായ സുറിയാനി സഭയുടെ വിശ്വാസാചാര നടപടികളും പരിശുദ്ധ പിതാക്കന്മാരുടെ മൂന്നു പൊതു സുന്നഹദോസുകളുടെ കാനോനാകളും സഭാ ഭരണത്തിന് ഉപയുക്തങ്ങളായി തിരുമേനിയാലും തിരുമേനിയുടെ പിൻഗാമികളാലും നിയമിക്കപ്പെടുന്ന സകല നിയമങ്ങളും ഞാൻ പൂർണ്ണമായി അനുസരിച്ച് നടന്നു കൊള്ളുന്നതാകുന്നു.

5. യാക്കോബായ സുറിയാനി സഭയുടെ വിശ്വാസാചാര നടപടികൾക്കൊ തിരുമേനിയുടെയോ തിരുമേനിയുടെ പിൻഗാമികളുടേയോ കല്പനക്കോ, തിരുമേനിക്കോ പിൻഗാമികൾക്കോ സഭയുടെ മേലുള്ള ആത്മീക ലൌകീക അധികാരങ്ങൾക്കോ എതിരായി ഞാൻ നിന്നാൽ ആ സമയത്തു തന്നെ എന്റെ സ്ഥാനത്തു നിന്ന് ഞാൻ ഒഴിഞ്ഞു പോകുന്നതാകുന്നു.

6. വിശുദ്ധ അന്ത്യോഖ്യാ പാത്രിയർക്കീസിനാൽ മാത്രം കൂദാശ ചെയ്യപ്പെടുന്നതായ വിശുദ്ധ മൂറോൻ എന്നു പറയുന്ന വിശുദ്ധതൈലം തൃക്കയ്യിൽ നിന്നും വാങ്ങി എന്നെ അധികാരപ്പെടുത്തുന്ന പള്ളികളിലെ ആവശ്യങ്ങൾക്കു കൊടുത്തു കൊള്ളാവുന്നതും, അതു തീരുമ്പോൾ പിന്നെയും സിംഹാസനത്തിങ്കൽ നിന്നു തന്നെ വാങ്ങി ഉപയോഗിച്ചു കൊള്ളാവുന്നതും തിരുമേനി കല്പിച്ചു തരുന്നതായ അധികാരങ്ങളെ കവിഞ്ഞു ഞാൻ യാതൊന്നും പ്രവർത്തിക്കുന്നതല്ലാത്തതുമാകുന്നു.

7. തിരുമേനിക്കോ തിരുമേനിയുടെ പിൻഗാമികൾക്കോ എതിരാളിയായി ഞാൻ നില്ക്കുകയോ എനിക്കു ലഭിച്ചിട്ടുള്ള അധികാരങ്ങളെ കവിഞ്ഞ് പ്രവർത്തിക്കുകയോ ചെയ്താൽ എന്നെ മുടക്കി സ്ഥാനഭ്രഷ്ടനാക്കുവാൻ തിരുമേനിക്കും പിൻഗാമികൾക്കും അധികാരമുള്ളതാകുന്നു.

8. എന്റെ കുറ്റങ്ങൾ നിമിത്തം തിരുമേനിയോ പിൻഗാമികളോ എന്നെ മുടക്കി സ്ഥാനഭ്രഷ്ടനാക്കിയാൽ അതിനെ അനുസരിക്കുകയല്ലാതെ ധിക്കരിപ്പാനോ എതിർവാദം ചെയ്യുവാനോ എനിക്ക് അവകാശം ഇല്ലാത്തതും എന്നെ അധികാരപ്പെടുത്തുന്ന ഇടവകയിലോ ഇടവകകളിലോ അല്ലാതെ മറ്റു ഇടവകയിലോ ഇടവകകളിലോ പ്രവേശിച്ച് ഞാൻ യാതൊരധികാരവും നടത്തുന്നതല്ലാത്തതും ഇപ്പോൾ തിരുമേനി എന്നെ അധികാരപ്പെടുത്തുന്ന ഇടവകയിൽ നിന്നോ ഇടവകകളിൽ നിന്നോ എന്നെ നീക്കി തിരുമേനിക്ക് ഇഷ്ടമുള്ള സ്ഥലത്ത് എന്നെ നിയമിക്കുന്ന പക്ഷം അതനുസരിച്ച് നടന്നുകൊള്ളാവുന്നതും ആകുന്നു.

9. ഈ രജിസ്ട്രർ ശൽമൂസൊയിലും സ്ഥാനസമയത്ത് ഒപ്പിട്ടുവയ്ക്കുന്ന ശൽമൂസൊയിലും പറഞ്ഞിട്ടുള്ളതും അല്ലാത്തതുമായ മേല്പട്ട സ്ഥാനത്തിനു അടുത്ത സകല വ്യവസ്ഥകളെയും ഞാൻ എന്റെ ജീവപര്യന്തം അനുസരിച്ചു നടന്നുകൊള്ളാവുന്നതും വിപരീതമായി പ്രവർത്തിച്ചാൽ സ്ഥാനഭ്രംശനത്തിനും സകല ശാപങ്ങൾക്കും മതസംബന്ധമായ ശിക്ഷകൾക്കും ഞാൻ അർഹനായിത്തീരുമെന്ന് പൂർണ്ണമായി വിശ്വസിച്ചിരിക്കുന്നതും ആകുന്നു. ഇത് എന്റെ പൂർണ്ണസമ്മതത്തോടെ ഞാൻ ഒപ്പിട്ട് തിരുമുമ്പാകെ സമർപ്പിച്ചിരിക്കുന്നതിനാൽ ഇപ്രകാരമെല്ലാം അനുവർത്തിക്കുന്നതിനും ദൈവകോപത്തിനും തിരുമേനിയുടെ അനിഷ്ടങ്ങൾക്കും പാത്രവാനായി തീരാതിരിക്കുന്നതിനും വേണ്ടി ദൈവത്തെ പ്രാർത്ഥിക്കുന്നു. തിരുമേനിയുടെ പ്രാർത്ഥന എനിക്കു കോട്ടയും കാവലുമായും ഇരിപ്പാൻ അപേക്ഷിക്കുന്നു.

എന്ന്,

പൌലോസ് ദയറോയോ (റമ്പാൻ) (ഒപ്പ്)

സാക്ഷി

1. മൂവ്വാറ്റുപുഴ രാമമംഗലം മേമുറി കരയിൽ പാമ്പാക്കുട വലിയപള്ളി വികാരി മലങ്കരയുടെ കോനാട്ട് കോര മാത്തൻ മല്പാൻ (ഒപ്പ്)

2. മേക്കാവ് കരയിൽ ചക്കരപ്പറമ്പിൽ അരീക്കൽ തരിയത് വർക്കി കത്തനാര് (ഒപ്പ്)

കണ്ടത്തി വീട്ടിൽ മാധവൻ കൈപ്പട (ഒപ്പ്)

സബ്ബ് രജിസ്ട്രാർ കെ. സുബ്ബയ്യൻ (ഒപ്പ്)

ആലങ്ങാട് സബ്ബ് ഡിസ്ട്രിക്റ്റിൽ ചെങ്ങമനാട് പ്രവർത്തിയിൽ മേക്കാവ് കരയിൽ അകപ്പറമ്പ് വലിയ പള്ളിയിൽ വച്ച് താഴെ കയ്യൊപ്പിട്ടിരിക്കുന്ന ആളാൽ 1085 ഇടവം 25നു പകൽ 4.30നു ഹാജരാക്കപ്പെട്ടു.

തെക്കേക്കര എന്നു കൂടി പേരുള്ള പൈനാടത്ത് മത്തായി മകൻ പൌലോസ് ദയറോയോ (റമ്പാൻ) (ഒപ്പ്)

1085 എടവം 25ന് സബ്ബ് രജിസ്ട്രാർ വേല 1-ാം ഗുമസ്തൻ (ഒപ്പ്)

ടിയിൽ വച്ച് താഴെ കൈയൊപ്പിട്ടിരിക്കുന്ന ആൾ എഴുതി കൊടുത്തതിനെ സമ്മതിച്ചിരിക്കുന്നു.

തെക്കേക്കര എന്നുകൂടി പേരുള്ള പൈനാടത്ത് മത്തായി മകൻ പൌലോസ് ദയറോയോ (റമ്പാൻ) (ഒപ്പ്)

നസ്രാണി സന്ന്യാസവൃത്തി ആലുവ മത്തായിയുടെ മകൻ പൌലോസ് ദയറോയോ റമ്പാനെ ഞാൻ നേരിട്ടറിയും

1085 എടവം 25ന് സബ്ബ് രജിസ്ട്രാർ വേല 1-ാം ഗുമസ്തൻ അനന്തകൃഷ്ണയ്യർ (ഒപ്പ്)

3-ാം പുസ്തകം 1-ാം വാല്യം 95 മുതൽ 98 വരെ വശങ്ങളിൽ 43-ാം നമ്പറായി രജിസ്ട്രർ ചെയതു.


1085 എടവം 26ന് ആലങ്ങാട് സബ്ബ് രജിസ്ട്രാർ കെ. സുബ്ബയ്യൻ (ഒപ്പ്)

അധികൃതൻ ഇട്ടീര ചെറിയതിന് ഇടവം 26ന് തിര്യെ കൊടുത്തു.

## സത്യവിശ്വാസ പ്രഭാപൂരം പരത്തുന്ന തൃക്കുന്നത്തെ കട്ടിലും കബറും

**സഭാവക്താവ് ഫാ. വർഗീസ് കല്ലാപ്പാറ**





സത്യവിശ്വാസ തീക്ഷ്ണത ജീവിത വ്രതമാക്കിയ പരിശുദ്ധന്മാരുടെ ശ്രേണിയിലെത്തിയ മഹാസിദ്ധനാണ് പ. പൗലോസ് മോർ അത്താനാസിയോസ് വലിയ തിരുമേനി.

അങ്കമാലി ഭദ്രാസന മെത്രാപ്പോലിത്ത എന്ന പോലെതന്നെ കോട്ടയം കൊച്ചി ഭദ്രാസനങ്ങളും അദ്ദേഹത്തിന്റെ പരിലാളനം ഏറ്റ് അനുഗൃഹീതമായത് മലങ്കര മെത്രാപ്പോലിത്താസ്ഥാനത്തേക്ക് ഉയർത്തി സഭയെ രക്ഷിക്കാൻ മാത്രമായിരുന്നു.

"ആലുവായിലെ സിദ്ധൻ" എന്ന് വിളിച്ചാദരിച്ചത് ആലുവായിലെ മുസ്ലീം സമുദായക്കാരാണ്. ഇന്നും ആലുവായിലെ അക്രൈസ്തവർ ആദരിക്കുന്നത് അവരുടെ പിതാവായിട്ടാണ്. ഇവർ തന്നെയാണ് പള്ളിയും കബർ മുറിയും തുറന്ന് ആരാധന നടത്തണമെന്ന് ഗവൺമെന്റിനോട് അഭ്യർത്ഥിച്ച് മെമ്മോറാണ്ടം കൊടുത്തത്.

പരിശുദ്ധ പിതാവിന്റെ മുറിയോടു ചേർന്നുള്ള കൊച്ചുമുറിയിൽ പത്തുകൊല്ലം താമസിച്ചപ്പോൾ ഉണ്ടായ അനുഭവങ്ങൾ അനവധിയാണ്. മഹാസിദ്ധന്റെ മുറിയുടെ ജനൽ പാളികൾ എന്നും തുറന്നു കിടക്കുമായിരുന്നു. ഈ മഹാപാപിയുടെ മുറിയുടെ തൊട്ടടുത്ത ജനലിനോടു ചേർന്നാണ് പരിശുദ്ധന്റെ പാവനമായ കട്ടിലും കിടന്നിരുന്നത്. തൃക്കുന്നത്തു സെമിനാരിയും പള്ളിയും കബർ മുറിയും സെമിറ്ററിയും അനുബന്ധ സ്ഥാപനങ്ങളും സ്വത്തുക്കളും കൈവശം വച്ചിരിക്കുന്നവർ പിതാവിനെ മറക്കുമ്പോൾ സ്വത്തുക്കളെയാണ് ആശ്രയിക്കുന്നത്.

അനേക വിശ്വാസ അനുഭവ സാക്ഷ്യങ്ങൾ എനിക്ക് ഈ തൃക്കുന്നത്തുനിന്നും വിളിച്ചുപറയുവാനുണ്ട്. എന്നെ ഞാനാക്കിയതും സഭയ്ക്കുവേണ്ടി എല്ലാം മറക്കാനും മരണം വരെ ഈ സത്യവിശ്വാസ പോർക്കളത്തിൽ പടവാളുമേന്തി അജയ്യനായി നില്ക്കാൻ ശക്തനാ ക്കുന്നതും ആലുവാ തൃക്കുന്നത്തെ പരിശുദ്ധ പിതാക്കന്മാരുടെ കബർ മുറിയും പള്ളിയും പ. വലിയ തിരുമേനിയുടെ വിശ്വാസ ജീവിത യാത്രയ്ക്ക് ആക്കം വർദ്ധിപ്പിക്കുന്ന കട്ടിലുമാണ്.

ഒരു രാത്രിയിൽ എന്റെ മുറിയിലെ ബഡ്ലാംബിൽ നിന്നും ഷോക്കടിച്ചതുമൂലം മരണവെപ്രാളം കൂട്ടിയപ്പോൾ പ. വലിയ തിരുമേനിയുടെ കട്ടിലിൽ ഒരു വെളിച്ചം ഉണ്ടായതും കറന്റ് പോയതും ഒപ്പമായിരുന്നു. അതോടെ ഞാൻ വീണ്ടും ജീവിച്ചു.

1958-ലെ സമാധാന കപടപ്രഖ്യാപനത്തെ തുടർന്ന് മൂന്നുനാൾ താമസിച്ച് അധികാരം സ്ഥാപിക്കാനെത്തിയ അന്നത്തെ കാതോലിക്ക ഗീവർഗീസ് രണ്ടാമൻ കിടക്കാനായി ചോദിച്ചു വാങ്ങിയത് പ. വലിയ തിരുമേനിയുടെ പാവനമായ മുറിയാണ്. അവിടെ പ. വലിയ തിരുമേനിയുടെ കട്ടിലിൽ തന്നെ കിടക്കണമെന്ന ശാഠ്യം മലങ്കരയുടെ ഉരുക്കു മനുഷ്യനായ വയലിപ്പറമ്പിൽ ഗീവർഗീസ് മോർ ഗ്രിഗോറിയോസ് എന്ന എന്റെ ഗുരു അനുവദിച്ചു. പക്ഷേ, അർദ്ധരാത്രിയോടെ ഒരു ദീനശബ്ദം കേട്ട് ഞെട്ടി ഉണർന്ന എന്നെ അങ്ങോട്ടു നയിച്ചു. വാതിൽ തുറന്നുനോക്കിയപ്പോൾ പ. തിരുമേനിയുടെ കട്ടിലിൽ എഴുന്നേറ്റിരുന്ന് വിറച്ചു വിതുമ്പുന്ന ദേവലോകം കാതോലിക്കയെയാണ്. രണ്ടാം നിലയിലുള്ള വയലിപ്പറമ്പിൽ തിരുമേനിയെ ഞാൻ ഉണർത്തികൊണ്ടുവന്ന് കാഴ്ച കാണിച്ചു. ഇനി ഞാനിവിടെക്കിടക്കില്ലെന്ന് പറഞ്ഞ കാതോലിക്കാ ആദ്യം രണ്ടാം നിലയിലൊരുക്കിയിരുന്ന സപ്രമഞ്ചത്തിലേക്ക് മാറി. അടുത്ത ദിവസം രാവിലെ തന്നെ ദേവലോകത്തേക്കു ഓടിയ കാതോലിക്ക പിന്നെ തൃക്കുന്നത്ത് വന്നിട്ടില്ല. പ. വലിയ തിരുമേനിയുടെ കട്ടിലിൽ അതിനുമുമ്പും പിന്നീടും ആരും കിടന്നിട്ടില്ല.

പ. വലിയ തിരുമേനിയുടെ തിളങ്ങുന്ന മുഖതേജസ് ആദ്യമായി ദർശിക്കുന്നത് 1948-ൽ എന്റെ എട്ടാമത്തെ വയസിൽ എനിക്കു ജന്മം നൽകിയ താമരച്ചാൽ സെന്റ് മേരീസ് വലിയ പള്ളിയിൽ വച്ചാണ്. അന്നാണ് എന്റെ ദൈവിക-വൈദിക ശുശ്രൂഷയ്ക്കുള്ള തീരുമാനം ഉണ്ടായത്. ഭക്തി ജീവിതത്തിന്റെ തേരോട്ടം അവിടെനിന്ന് ആരംഭിച്ചത് എഴുപതിന്റെ പടവിലും മുടങ്ങാതെ നില്ക്കുമ്പോൾ ഒരേഒരു പ്രതിജ്ഞ മാത്രമേ ഉള്ളൂ. "തൃക്കുന്നത്തെ കബറും കട്ടിലും പള്ളിയുമാണേ കട്ടായം സത്യവിശ്വാസം ഞങ്ങൾ വെടിയില്ല, സത്യവിശ്വാസ സംരക്ഷണത്തിനായി ഞങ്ങളും കുടുംബവും മരണം വരെ പോരാടും, നിങ്ങളോ"?





# പ. അന്ത്യോഖ്യാ പാത്രിയർക്കീസായിരുന്ന ഇഗ്നാത്തിയോസ് അബ്ദുള്ള രണ്ടാമൻ ബാവ അഭിവന്ദ്യ പൌലോസ് മാർ അത്താനാസിയോസിനു (വലിയ തിരുമേനി) മെത്രാൻ സ്ഥാനാഭിഷേകത്തിനോടനുബന്ധിച്ച് നൽകിയ 'സുസ്താത്തിക്കോൻ' (അധികാരപത്രം) - ന്റെ മലയാള പരിഭാഷ

സർവ്വശക്തനും സാരാംശ സംപൂർണ്ണനും അനാദ്യന്തനുമായ നിത്യ ന്റെ തിരുനാമത്തിൽ തനിക്കു സ്തുതി

യാക്കോബായ സുറിയാനി ജനത്തിന്മേൽ (അധികാരപ്പെട്ട) അന്ത്യോഖ്യായുടെയും കിഴക്കൊക്കെയുടെയും ശ്ലൈഹിക സിംഹാസനത്തിലെ ബലഹീനനായ അബ്ദേദാലോഹൊ രണ്ടാമൻ എന്ന ഇഗ്നാത്യോസ് പാത്രിയർക്കീസ്

(മുദ്ര)

ദൈവവചനമനുസരിച്ച് മഹാ പ്രധാനാചാര്യ പദവിയിൽ ദൈവരാജ്യത്തിന്റെ താക്കോലുകൾ കൈകളിൽ വഹിച്ചുകൊണ്ടിരിക്കുന്ന ആചാര്യത്വത്തിന്റെ അധികാരിയ്ക്ക് ഇടയന്മാർക്കു വേണ്ട ബോധജ്ഞാനവും ഉപദേഷ്ടാക്കൾക്കുവേണ്ട പരിജ്ഞാനവും പ്രദാനം ചെയ്തുകൊണ്ടിരിക്കുന്ന സകലത്തിന്റെയും മൂലഹേതുക തിരുനാമത്തിൽ നല്കപ്പെടുന്നതായ സുസ്താത്തിക്കോൻ (അധികാരപത്രം)

(മുദ്ര)

കൊട്ടക്കാവ് അതായത് അങ്കമാലി മെത്രാസനത്തിലുള്ള അനുഗൃഹീതരും വാഴ്ത്തപ്പെട്ടവരുമായ സ്നേഹവാത്സല്യഭാജനങ്ങളും നമ്മുടെ ആത്മീയ മക്കളുമായ പട്ടക്കാരുടെയും ശെമ്മാശന്മാരുടെയും നേതാക്കന്മാരുടെയും കൈസ്ഥാനക്കാരുടെയും വാഴ്ത്തപ്പെട്ട ജനം മുഴുവന്റെയും നിറുകകളിൽ ദൈവിക കൃപയും സ്വർഗ്ഗീയ വാഴ്വുകളും ഇറങ്ങി വന്നാവസിക്കുമാറാകട്ടെ. പ്രസ്തുത മെത്രാസനത്തിലെ തലപ്പള്ളി അങ്കമാലിയിലുള്ള ദൈവമാതാവ് മർത്തമറിയാമിന്റെ ദേവാലയമാകുന്നു. അതിനു ചുറ്റുമുള്ള പള്ളികളും ഈ മെത്രാസനത്തിൽപെടുന്നു. അവ ഏവയെന്നാൽ, മാർശാബോർ മാർ അഫ്രോത്തുമാരുടെ അകപ്പറമ്പു പള്ളി, മാർ തോമാശ്ലീഹായുടെ വടക്കൻ പറവൂർ പള്ളി, മർത്തമറിയാമിന്റെ കുറുപ്പംപടി പള്ളി, മർത്തമറിയാമിന്റെ പള്ളിക്കര പള്ളി, മാർ തോമായുടെ കോതമംഗലം ചെറിയ പള്ളി, മർത്തമറിയാമിന്റെ കോതമംഗലം വലിയപള്ളി, മാർ ഗീവറുഗീസ് സഹദായുടെ കുന്നക്കുരുടി പള്ളി, മർത്തമറിയാമിന്റെ റാക്കാട് പള്ളി, മർത്തമറിയാമിന്റെ മാറാടി പള്ളി, മാർ പത്രോസിന്റെയും പൗലൂസിന്റെയും കടാതി പള്ളി, മാർ ഗീവറുഗീസു സഹദായുടെ കോട്ടപ്പടി പള്ളി, മാർ കൗമായുടെ വേങ്ങൂർ പള്ളി, മർത്തമറിയാമിന്റെ കാരക്കുന്നം പള്ളി, മർത്തമറിയാമിന്റെ പോത്താനിക്കാട് പള്ളി, മാർ സ്തേഫാനോസിന്റെ ചേലാട് ബസ് അനിയ പള്ളി, മാർ കുര്യാക്കോസിന്റെ ചേലാട് തൃക്കുന്നം പള്ളി, മാർ ഗീവറുഗീസ്സു സഹദായുടെ മഞ്ഞപ്ര പള്ളി, മാർ പത്രോസിന്റെയും പൗലൂസിന്റെയും പീച്ചാനിക്കാട് കിഴക്കെപ്പള്ളി, മാർ ഗീവറുഗീസ് സഹദായുടെ പീച്ചാനിക്കാട് താബോർ പള്ളി, ദൈവമാതാവ് മർത്തമറിയാമിന്റെ ആഴകത്ത് ഹെർമ്മോൻ പള്ളി, മാർ ബഹനാമിന്റെ പൊയ്ക്കാട്ടുശ്ശേരി പള്ളി, മാർ സ്തേഫാനോസിന്റെ പെരുമ്പടന്ന പള്ളി, ദൈവമാതാവ് മർത്തമറിയാമിന്റെ താമരച്ചാൽ പള്ളി, മാർ പത്രോസിന്റെയും പൗലൂസിന്റെയും കിഴക്കമ്പലം പള്ളി, മാർ ഗീവറുഗീസ് സഹദായുടെ തൃക്കളത്തൂർ പള്ളി, മർത്തമറിയാമിന്റെ നെല്ലിമോളത്ത് സെഹിയോൻ പള്ളി, മർത്തമറിയാമിന്റെ തുരുത്തിപ്പിള്ളി പള്ളി, മാർ ബഹനാമിന്റെ വെങ്ങോല പള്ളി, മാർ യാക്കോബ് ശ്ലീഹായുടെ അല്ലപ്ര പള്ളി, മാർ ഗീവറുഗീസ് സഹദായുടെ ചെറുതോട്ടുകുന്നേൽ പള്ളി, മർത്തമറിയാമിന്റെ കാക്കനാട് പള്ളി, മാർ തോമാശ്ലീഹായുടെ പെരുമ്പാവൂർ ബേഥേൽ സുലോക്കോ പള്ളി, മാർ തോമാ ശ്ലീഹായുടെ മഴുവന്നൂർ പള്ളി, അങ്കമാലി ഭദ്രാസന മെത്രാപ്പോലീത്തായുടെ ആസ്ഥാനമായ മർത്തമറിയാമിന്റെ ആലുവാ പള്ളിയും പൊതുസിമ്മനാരിയും. ഇവയുടെ മേൽ കർത്താവിന്റെ കാരുണ്യം വന്നു വസിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ മർത്തമറിയാമിന്റെയും സകല പരിശുദ്ധന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനയാൽ തന്നെ, ആമീൻ.

നിങ്ങളുടെ യഥാർത്ഥ സ്നേഹത്തോട് ഇതിനാൽ നാം അറിയിക്കുന്നത് ദൈവമായ കർത്താവ് സകല നന്മകളാലും നിങ്ങളെ അറിയിക്കുന്നതാകുന്നു. ഈ അനുഗ്രഹവചനങ്ങൾ എഴുതുന്നതിന്റെ കാരണം, സത്യ ഇടയനും നമ്മുടെ മതത്തിന്റെ പ്രധാനാചാര്യനുമായ നമ്മുടെ കർത്താവേശുമിശിഹായുടെ അനുഗൃഹീത ആട്ടിൻ കൂട്ടത്തിലുള്ള പരമാർത്ഥികളായ കുഞ്ഞാടുകളും സ്നേഹിക്കപ്പെട്ട വാത്സല്യമക്കളുമായ നിങ്ങളെ ഉചിതവും യോഗ്യവുമായ നിലയിൽ സന്ദർശിക്കുവാൻ സമുക്കുള്ള ആഗ്രഹമാകുന്നു. തന്റെ ഭയങ്കരവും ഉന്നതവുമായ സിംഹാസനത്തിൽ മുമ്പാകെ നമുക്കും നിങ്ങൾക്കും മുഖപ്രസന്നത നല്കുവാനായി തന്റെ കരുണയോട് നാം അപേക്ഷിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

വീണ്ടും ആത്മീയ വാത്സല്യമക്കളേ! നാം നിങ്ങളോട് അറിയിക്കുന്നത് - നാം ഇൻഡ്യയിൽ അഥവാ മലങ്കരയിൽ വന്നപ്പോൾ നിങ്ങളുടെ മെത്രാസന ഇടവകയുടെ മെത്രാപ്പോലിത്താ കാലം ചെയ്തിട്ട് നാളുകൾ ഏറെ ആയി എന്നും, നിങ്ങളുടെ ഭദ്രാസനത്തെ വൈധവ്യത്തിൽ തുടരുവാൻ വിടുന്നത് ന്യായമല്ല എന്നും, നിങ്ങൾക്കു ഒരു ഇടയൻ അത്യന്താപേക്ഷിതമായിരിക്കുന്നു എന്നും നാം കണ്ടു. ആകയാൽ വിശുദ്ധിയുള്ളവനും പരിജ്ഞാനമുള്ളവനും ദൈവാത്മാവുള്ളവനും സത്യവിശ്വാസം പഠിപ്പിക്കുകയും പ്രസംഗിക്കുകയും ചെയ്യുന്നവനും ആയ ഒരു മെത്രാപ്പോലിത്തായ്ക്കു പട്ടം കൊടുക്കണമെന്നും നാം നിരൂപിച്ചു.

## പൗലോസ് മോർ അത്താനാസ്യോസ് മെത്രാപ്പോലീത്ത

**പൈനാടത്ത് കുറ്റിക്കാട്ടിൽ കൊച്ച് പൗലോസ് എന്ന ബാലനെ അമ്പാട്ട് മാർ കൂറിലോസ് തിരുമേനി തന്റെ കൂടെ താമസിപ്പിക്കുകയും സുറിയാനി പഠിപ്പിക്കുകയും ചെയ്തു. ഗുരുവിന്റെ സ്നേഹവാത്സല്യങ്ങൾക്ക് പാത്രീഭൂതനായ കൊച്ചുപൗലോസിന് തിരുമേനി 1879ൽ 10-ാമത്തെ വയസ്സിൽ പൗരോഹിത്യത്തിന്റെ പ്രഥമ പടിയായ ശെമ്മാശപട്ടം കൊടുത്ത് അനുഗ്രഹിക്കുകയും ചെയ്തു. ഒരു ദിവസം തിരുമേനി തന്റെ മസ്നപ്സ (ശിരോവസ്ത്രം) കൊച്ച് ശെമ്മാശന്റെ തലയിൽ അണിയിച്ചിട്ട് മാളികയുടെ വരാന്തയിൽ കൂടി നടത്തുകയുണ്ടായി. ആ സമയം അമ്പാട്ട് തിരുമേനി വരാന്തയുടെ എതിർവശത്തുള്ള ചാര്പടിയിൽ കിടന്നുകൊണ്ട് ശെമ്മാശന്റെ നടത്തം നോക്കി ചിരിക്കുമായിരുന്നു. തന്റെ പിൻഗാമിയായി പൗലോസ് ശെമ്മാശനെ തിരുമേനി മനസ്സാൽ നിശ്ചയിച്ചിരുന്നു എന്ന് ഇതിൽനിന്ന് നമുക്കു ഗ്രഹിക്കാം. നിർഭാഗ്യശാൽ അമ്പാട്ട് തിരുമേനി കൊല്ലവർഷം 1066 കുംഭം 25-ാം തീയതി ദിവംഗതനായി. അങ്കമാലി പള്ളിയിൽ കബറടക്കി. തന്റെ ഗുരുവും ആത്മീയ പിതാവുമായിരുന്ന തിരുമേനിയുടെ ദേഹവിയോഗം ശെമ്മാശനെ വല്ലാതെ പിടിച്ചുലച്ചു. പിന്നീട് കൊച്ച് പൗലോസ് ശെമ്മാശൻ പരിശുദ്ധ ചാത്തുരത്തിൽ തിരുമേനിയുടെ ശിഷ്യത്വം സ്വീകരിച്ച് പരുമല സെമിനാരിയിൽ പഠനം തുടർന്നു. 1891ൽ എം.ഡി. സെമിനാരിയിൽവച്ച് പരിശുദ്ധ ചാത്തുരുത്തിൽ തിരുമേനി കശീശാപട്ടവും പിന്നീട് റമ്പാൻ സ്ഥാനവും നൽകി അനുഗ്രഹിച്ചു. ചാത്തുരുത്തിൽ തിരുമേനിയുടെ പ്രാർത്ഥന, നോമ്പ്, കൃത്യനിഷ്ഠ, ജീവിതവിശുദ്ധി എന്നിവ കണ്ട് വളർന്ന കൊച്ചു പൗലോസ് റമ്പാച്ചനെ തിരുമേനി പ്രത്യേകം ശ്രദ്ധിക്കുകയും പരുമല പള്ളിയുടെ പണികൾ പൂർത്തീകരിക്കുന്നതിന് ചുമതലപ്പെടുത്തുകയും ചെയ്തു. ചാത്തുരുത്തിൽ തിരുമേനി മെത്രാന്മാർ മാത്രം ഉപയോഗിക്കുന്ന ശീലമുടിയും പത്രസീനും പട്ടംകൊട പുസ്തകവും റമ്പാച്ചന് സമ്മാനമായി കൊടുത്തതും ഭാവിയിൽ റമ്പാച്ചൻ ഒരു മെത്രാപ്പോലീത്തായവണം എന്ന ആഗ്രഹത്തോടെയാണ്. മാതാ, പിതാ, ഗുരു, ദൈവം എന്ന തത്വം കൃത്യമായി പാലിക്കുന്നത് റമ്പാച്ചന്റെ സ്വഭാവമായിരുന്നു.**

**1909 ചിങ്ങം 15-ാം തീയതി അങ്കമാലി ഭദ്രാസന ഇടവകയുടെ പള്ളിപ്രതിപുരുഷയോഗം ആലുവ സെമിനാരിയിൽ കൂടുകയും കൊച്ചുപൗലോസ് റമ്പാച്ചനെ അങ്കമാലി ഭദ്രാസന ഇടവക മെത്രാപ്പോലിത്ത സ്ഥാനത്തിനു തിരഞ്ഞെടുക്കുകയും ചെയ്തു. വി. അബ്ദുള്ളാ പാത്രിയർക്കീസിനു അവർ സമർപ്പിച്ച "അപേക്ഷയിൽ റമ്പാച്ചനെക്കുറിച്ചു പറയുന്ന ചില ഭാഗങ്ങൾ ഹൃദയ സ്പർശകമാണ്. പരേതനായ മോർ കൂറിലോസ് മെത്രാപ്പോലിത്തായുടെ ശിഷ്യനായ കൊച്ചു പൗലോസ് റമ്പാൻ ദൈവീകമായ തീക്ഷ്ണതയോടെ ഭിഷക്കാരനെപ്പോലെ പള്ളികളിൽ സഞ്ചരിച്ചു വളരെ പ്രയാസപ്പെട്ട് പണം പിരിച്ച് സെമിനാരി കെട്ടിടത്തിന്റെ പണി മിക്കവാറും പൂർത്തിയാക്കി. അദ്ദേഹം വിശ്വാസ വൈരാഗ്യമുള്ളവനും പരിശ്രമശീലനും ദൈവഭക്തനും സ്വഭാവ വിശുദ്ധിയും ഉള്ളവനുമാകുന്നു എന്നത്രേ".**

**വന്ദ്യ പൗലോസ് റമ്പാനിൽ വിളങ്ങിക്കണ്ട സ്വഭാവവിശേഷങ്ങൾ മനസ്സിലാക്കിയ സഭാതലവനായ പ. അബ്ദുള്ള പാത്രിയർ ക്കീസ് ബാവാ അദ്ദേഹത്തെ പൗലോസ് മോർ അത്താനാസ്യോസ് എന്ന നാമത്തിൽ ചരിത്ര പ്രസിദ്ധമായ അകപ്പറമ്പ് പള്ളിയിൽ വച്ച് 1910 ജൂൺ 9-ന് (1085 ഇടവം 27-ാം തിയതി) അങ്കമാലി ഭദ്രാസനത്തിന്റെ മെത്രാപ്പോലിത്തയായി വാഴിച്ചു.**

നല്ലതും തികവുള്ളതുമായ സകല ദാനവും ഉന്നതങ്ങളിൽ പ്രകാശത്തിന്റെ പിതാവിൽ നിന്നുമല്ലയോ ഇറങ്ങുന്നത്? നമ്മുടെ താത്പര്യവും ധൃതിയും പ്രകാരമല്ല; പിന്നെയോ, സർവ്വശക്തനായ ദൈവത്തിന്റെ അനുഗ്രഹം വഴിയായി, നിങ്ങളുടെ മെത്രാസനത്തിന്റെ മാന്യതയ്ക്കു ചേരുന്നവിധം നിങ്ങളുടെ പരിശുദ്ധ പള്ളികളെ യോഗ്യമാംവണ്ണം ക്രമീകരിക്കുന്നതിന് ആത്മീയ ദൃഷ്ടികൊണ്ട് നാം കണ്ടത് അങ്കമാലി പള്ളിയിൽ നിന്നു തെക്കേക്കര എന്നു കൂടി പേരുള്ള പൈനാടത്ത് മത്തായിയുടെ മകനും നമ്മുടെ ആത്മീയ പുത്രനുമായ പൗലൂസ് റമ്പാനെയാണ്. ഇയ്യാളിൽ ദൈവാത്മാവുണ്ട്. ആത്മീയ അറിവുള്ള ഒരുപദേഷ്ടാവാണ് ഇയ്യാൾ. സകലത്തേയും ദൈവികമാക്കിത്തീർക്കുന്ന ദിവ്യത്വം മൂലം ദൈവകൃപ ലഭിച്ചവരിൽ വച്ച് ദിവ്യദാനത്തിനു അർഹതയുള്ളവനായ ഇയ്യാൾ തീർച്ചയായും ദൈവശക്തിയാലത്രെ സ്ഥാനവും പദവിയും പ്രാപിക്കുന്നത്. നാം ഇയ്യാളെ തിരഞ്ഞെടുക്കുകയും മിശിഹാകാലം 1910 ഇയോർ മാസം 27-ാം തീയതി നമ്മുടെ കർത്താവിന്റെ സ്വർഗ്ഗാരോഹണ ദിനത്തിൽ ഇയ്യാൾക്കു മെത്രാപ്പോലീത്താപട്ടം നൽകുകയും 'അത്താനാസ്യോസ്' എന്നു പേർ വിളിക്കുകയും ചെയ്തിരിക്കുന്നു. പട്ടം കൊടുക്കൽ ശുശ്രൂഷയിൽ കൈവെപ്പിന്റെ സമയത്ത് നമ്മുടെ ഈ ആത്മീയ പുത്രന്റെമേൽ ദൈവാത്മാവ് പരസ്യമായി ഇറങ്ങി വസിക്കുകയും, നാമും, വൈദികരും ജനങ്ങളും '- ഓക്സിയോസ്, ഓക്സിയോസ്, ഓക്സിയോസ് - പിതാവായ മാർ അത്താനാസ്യോസ് പൗലൂസ് മെത്രാപ്പോലിത്താ മലങ്കരയിലെ പള്ളികൾക്ക് ഇടയനും പ്രധാനാചാര്യനും ആത്മീയ പിതാവുമായിരിപ്പാൻ യോഗ്യനും അർഹനുമാകുന്നു' എന്ന് ഉച്ചൈസ്തരം ഉത്ഘോഷിക്കുകയും ചെയ്തു. നിങ്ങളുടെ അനുഗ്രഹിക്കപ്പെട്ട മെത്രാസനത്തിലെ പള്ളികൾക്കു മെത്രാപ്പോലിത്തായും സത്യഇടയനുമായിരിപ്പാൻ നാം ഇദ്ദേഹത്തെ തിരഞ്ഞെടുത്തിരിക്കുന്നു. ദൈവത്തിന്റെയും പിതാക്കന്മാരുടെയും കല്പനകളെ അനുസരിപ്പാൻ ഇദ്ദേഹം നിങ്ങളെ ഉണർത്തുകയും ഉത്ബോധിപ്പിക്കുകയും ഉപദേശിക്കുകയും നിങ്ങൾക്കിടയിൽ സ്നേഹവും ഐകമത്യവും വിതയ്ക്കുകയും നിങ്ങൾക്കുവേണ്ടി സദാ പ്രാർത്ഥിക്കുകയും നിങ്ങളുടെ നടപ്പ് നേർവഴികളിൽ കൂടി തടസ്സം കൂടാതെ ആയിരിപ്പാൻ വാഞ്ചിക്കുകയും ചെയ്യും. ഒരു ഇടയൻ പിതാവിനു തുല്യനും മക്കളുടെ നന്മയിൽ സദാ തൽപരനും ഒരിക്കലും അവർക്കു ദുഃഖമുണ്ടാകുവാൻ ഇഷ്ടപ്പെടാത്തവനും ആകുന്നു. 'മകൻ അപ്പനോട് അപ്പം ചോദിച്ചാൽ അവനു കല്ല് കൊടുക്കുമോ? മീൻ ചോദിച്ചാൽ പാമ്പിനെ കൊടുക്കുമോ? മുട്ട ചോദിച്ചാൽ തേളിനെ കൊടുക്കുമോ? ഒരിക്കലുമില്ല. ആത്മീയ പിതാവും ഇപ്രകാരമാകുന്നു. തന്റെ മക്കൾ സ്വർഗ്ഗസ്ഥപിതാവിന്റെ മക്കളായിരിപ്പാനും താനും അവരും ഒരുമിച്ച് സ്വർഗ്ഗരാജ്യത്തിൽ സന്തോഷിപ്പാനും അവൻ ആഗ്രഹിക്കുന്നു.' എന്നിപ്രകാരം വിശുദ്ധ ഏവൻഗേലിയോനിൽ പറഞ്ഞിട്ടുള്ളത് നിങ്ങൾ കേട്ടിട്ടില്ലയോ?

നമ്മുടെ ആത്മീയ പുത്രൻ അത്താനാസ്യോസ് മെത്രാപ്പോലിത്താ ദൈവത്തിന്റെ ആത്മാവ് ഉള്ളവനും ആത്മീയ കാര്യങ്ങളിൽ പരിജ്ഞാനമുള്ള ഗുരു ശ്രേഷ്ഠനും ആണെന്ന് നാം കണ്ടിരിക്കുന്നു. മേൽ പറഞ്ഞിട്ടുള്ള പള്ളികൾ ഉൾപ്പെടുന്ന നിങ്ങളുടെ മെത്രാസനത്തിന്മേൽ യഥാർത്ഥ ഇടയനായി ഇദ്ദേഹത്തെ നാം തിരഞ്ഞെടുത്തിരിക്കുന്നു. കെട്ടുവാനും അഴിക്കുവാനും പ്രമാണങ്ങളും വിധികളും നോക്കി ന്യായം വിധിക്കുവാനും, ആത്മീയ നിയമങ്ങൾ ക്രോഡീകരിക്കുവാനും, പള്ളികളെയും മദ്ബഹാകളെയും തബ്ലൈത്താകളേയും കൂദാശ ചെയ്യുവാനും, പട്ടക്കാരെയും ശെമ്മാശന്മാരെയും റമ്പാന്മാരെയും കോറെപ്പിസ്ക്കോപ്പാമാരെയും മുഖപക്ഷം കൂടാതെ പട്ടം കെട്ടുവാനും പരിശുദ്ധാത്മാവിൽ നിന്നുള്ള അധികാരം നാം ഇദ്ദേഹത്തിനു നല്കിയിരിക്കുന്നു. ഇദ്ദേഹം പട്ടം കൊടുക്കലിനോ കൈവെപ്പിനോ പ്രതിഫലം പറ്റുകയോ, പട്ടം കൊടുക്കുവാൻ തത്രപ്പെട്ട് കൈനീട്ടുകയോ കാനോൻ അനുസരിച്ച് മുപ്പതു വയസ്സിൽ താഴെയുള്ള അവിവാഹിതനു ജനത്തിനു വേണ്ടി പട്ടം കൊടുക്കയോ ചെയ്തു കൂടാത്തതാകുന്നു.

വീണ്ടും പള്ളികളിന്മേലും അവയുടെ വസ്തുവകകളിന്മേലും തോട്ടങ്ങളുടെമേലും നേർച്ച ദശാംശങ്ങളിന്മേലും ഇദ്ദേഹത്തിനു നാം അധികാരം നല്കിയിരിക്കുന്നു. ഇദ്ദേഹത്തിന്റെ കല്പനയനുസരിച്ച് അവയെല്ലാം ശേഖരിക്കപ്പെടുകയും വിതരണം ചെയ്യപ്പെടുകയും വേണം. വസ്തുവകകളിൽ നിന്നും തോട്ടങ്ങളിൽ നിന്നുമുള്ള ആദായവും നേർച്ചദശാംശങ്ങളും പള്ളിയുടെ മുതൽകൂട്ടത്തിൽപെടുത്തി ആണ്ടറുതിയിൽ കണക്കു കേൾപ്പിക്കാൻ വേണ്ടി നേരസ്ഥരായ കൈക്കാരന്മാരെ ഇദ്ദേഹം നിശ്ചയിക്കുകയും സത്യസന്ധതയില്ലാതെയും കൈസ്ഥാനക്കണക്കുകൾ നൽകാതെയും മറുതലിച്ചു നിൽക്കുന്നവനെ പുറംതള്ളി അവനുപകരം പള്ളിയുടെ മുതൽ നാനാവിധപ്പെടുത്താത്ത നേരസ്ഥനായ മറ്റൊരാളെ ഇദ്ദേഹം നിശ്ചയിക്കുകയും വേണം. ഇദ്ദേഹം തള്ളിക്കളയുന്നവൻ തള്ളപ്പെട്ടവനും ഇദ്ദേഹം കൈക്കൊള്ളുന്നവൻ സ്വീകാര്യനുമായിരിക്കും. ഇദ്ദേഹത്തിന്റെ വായിൽ നമ്മുടെ നാവ് നാം വെച്ചിരിക്കുന്നു. ആകയാൽ, കോറെപ്പിസ്കോപ്പയൊ, പട്ടക്കാരനൊ, കൈക്കാരനൊ, പ്രമാണിയൊ, അൽമായക്കാരനൊ, പുരുഷന്മാരൊ, സ്ത്രീകളൊ യൗവ്വനക്കാരനൊ, ബാല്യക്കാരൊ, അവിവാഹിതരൊ,

*ശേഷം 17-ാം പേജിൽ സുസ്താത്തിക്കോൻ...*





# പ. വലിയ തിരുമേനി സ്വർഗ്ഗീയ ശോഭ പരത്തിയ ദിവ്യജ്യോതിസ്സ്

അലക്സാണ്ടർ കാരയ്ക്കാട് സഭാവർക്കിംഗ് കമ്മിറ്റിയംഗം (എഡിറ്റർ, യാക്കൂബ്യൻ)



"ഇറങ്ങിയവൻ സകലത്തേയും നിറയ്ക്കേണ്ടതിന് സ്വർഗ്ഗാധി സ്വർഗ്ഗത്തിനും മീതെ കയറിയവനും ആകുന്നു. അവൻ ചിലരെ അപ്പോസ്തോലന്മാരായും ചിലരെ പ്രവാചകന്മാരായും ചിലരെ സുവിശേഷകന്മാരായും ചിലരെ ഇടയന്മാരായും ഉപദേഷ്ടാക്കന്മാരായും നിയമിച്ചിരിക്കുന്നു'' (എഫേ: 4:7-11). ശുശ്രൂഷകരെ ദൈവമാണ് നിയോഗിച്ചിരിക്കുന്നതെന്ന യാഥാർത്ഥ്യം സഭാവിശ്വാസികളും നിയോഗിക്കപ്പെട്ടവരും തിരിച്ചറിയണം. യേശുക്രിസ്തുവിന്റെ വലിയ നിയോഗവും അനുഗ്രഹവുമാണ് മേൽശുശ്രൂഷകർ. ദൈവിക ശുശ്രൂഷ ചെയ്യുന്നവന്റെ പ്രാർത്ഥനാജീവിതം, ജീവിതസാക്ഷ്യം, ആരാധനാജീവിതം വ്യക്തിബന്ധങ്ങൾ, ജനത്തെ നയിക്കുന്ന ശൈലി ഇവയെല്ലാം ശുശ്രൂഷയുടെ മേന്മയും മഹത്ത്വവും വിളിച്ചറിയിക്കുന്നതാണ്. അതിനു മകുടോദാഹരണമാണ് ആലുവായിലെ വലിയ തിരുമേനി.

ദൈവനിയോഗത്താലും സ്വകർമ്മത്താലും വിശുദ്ധിയിലേക്കുയർന്ന ദിവ്യജ്യോതിസ്സാണ് വലിയ തിരുമേനി. തർക്കങ്ങളുടേയും കേസ്സുകളുടേയും നടുവിൽ സഭാനൗകയെ ക്ലേശങ്ങളേറെ സഹിച്ച് വിശ്വാസ സംരക്ഷണത്തിനായി കുരിശുമല കയറിയ വലിയ തിരുമേനിയുടെ സ്നേഹവും നിഷ്ക്കളങ്കതയും ലാളിത്യവും സംശുദ്ധമായ വ്യക്തിത്വവും അദ്ധ്യാത്മിക ചൈതന്യവും ജീവിതവിശുദ്ധിയും നിർമ്മലമായ ഹൃദയവും പ്രാർത്ഥനയിലും ഉപവാസത്തിലും പവിത്രീകൃതമായ മനസ്സും വിശുദ്ധിയുടെ നിറകുടമാക്കാൻ സഹായിച്ചു. മലങ്കരസഭയെ പ്രതിസന്ധികളിൽ അസാമാന്യമായ ഭരണനിപുണതകുറവിലും മുന്നോട്ടു നയിക്കാൻ സഹായിച്ചു.

ദൈവസ്നേഹത്തിന്റെ സാന്നിദ്ധ്യമായി ജീവിതവിശുദ്ധിയും ദൈവഭക്തിയും സമ്മേളിച്ച ഈ സന്യാസിവര്യൻ ജീവിച്ചിരിക്കുമ്പോഴും കാലം ചെയ്തതിനുശേഷവും അനേകരുടെ ആശ്വാസമായിരുന്നു. സുറിയാനി പാരമ്പര്യത്തിൽ വിശുദ്ധ പദവി പ്രഖ്യാപനം സാധാരണമല്ലെങ്കിലും വേദപുസ്തപരമായി വിശുദ്ധർ എന്ന സംബോധന സർവ്വസാധാരണമാണ്. ഏക മഹാപരിശുദ്ധനായ ദൈവമായ കർത്താവ് കുരിശിൽ മരിച്ചത് മനുഷ്യരെ ദൈവികരും വിശുദ്ധരുമാക്കാനായിരുന്നെങ്കിൽ ആ ഉദ്ദേശ്യത്തോടെ ജീവനും ജീവിതവും ഉഴിഞ്ഞുവെച്ച പിതാക്കന്മാരെ വിശുദ്ധരായി പ്രഖ്യാപിക്കുന്നതിൽ തെറ്റില്ല. തപസ്വിയുടെ ദിവ്യതേജസ്സ് പ്രാപിച്ച സർവ്വസംഗ പരിത്യാഗിയായ ആ പരമഭക്തന്റെ നാമം തുബ്ദേനിലും ചേർക്കപ്പെട്ടു. വിശുദ്ധരും വിമർശനത്തിന്റെ മുൾമുനയിൽ നില്ക്കേണ്ടിവന്നിട്ടുണ്ട്. ക്രിസ്തുവിനുപോലും അതിൽനിന്ന് ഒഴിഞ്ഞുനില്ക്കാൻ കഴിഞ്ഞിട്ടില്ല. സുകൃതജീവിതംകൊണ്ടും നോമ്പിലും നമസ്കാരത്തിലും നിഷ്ഠപുലർത്തി സ്വർഗ്ഗീയ നിർവൃതിയിൽ ജീവിതത്തെ വിശുദ്ധിയുടേയും വിശ്വാസത്തിന്റേയും കൊടുമുടിയിൽ എത്തിച്ച പരിശുദ്ധ വലിയ തിരുമേനിയുടെ പുണ്യനാമവും പവിത്രസ്മരണയും വെണ്മയിലും വിശുദ്ധിയിലും വിളങ്ങിനില്ക്കുന്നു. മരണത്തിലൂടെ വിണ്ണിലേക്ക് പറന്നുയർന്ന ദിവ്യാത്മാവിന്റെ പ്രഭയും പരിമളവും തൃക്കുന്നത്ത് മാത്രമല്ല ഒതുങ്ങി നില്ക്കുന്നത്. അനുഭവിച്ച പീഡനങ്ങളും അനുഷ്ഠിച്ച വ്രതാനുഷ്ഠാനങ്ങളും സത്യവിശ്വാസ സംരക്ഷണത്തിനുവേണ്ടി ഏല്ക്കേണ്ടിവന്ന കഠിനയാതനകളും കഷ്ടനഷ്ടങ്ങളും പരിഹാസവും പീഡനങ്ങളും ഒരു സഹദായുടെ സ്ഥാനത്തേക്ക് അദ്ദേഹത്തെ ഉയർത്തി.

അന്ത്യോഖ്യാ സിംഹാസനത്തോടും പ. അന്ത്യോഖ്യാ പാത്രിയർക്കീസന്മാരോടുമുള്ള അചഞ്ചലമായ വിശ്വാസവും ബന്ധവും കൂറും പ. സിംഹാസനത്തിനുവേണ്ടി രക്തസാക്ഷിയാകാൻ പ്രേരണ നല്കി. അസാമാന്യ ഭരണാധികാരിയായിരുന്നില്ലെങ്കിലും പരമഭക്തനും നിഷ്കളങ്കനുമായിരുന്നു തിരുമേനി. പുത്തൻ തലമുറയെ വിദ്യാർത്ഥി പ്രസ്ഥാനം വഴിയും സൺഡേസ്കൂൾവഴിയും വിശ്വാസത്തിലേക്കും ദൈവഭക്തിയിലേക്കും നയിക്കാൻ ഉത്സാഹിച്ച തിരുമേനി മരുഭൂമിയിൽനിന്ന് കനാൻ ദേശത്തേക്ക് ഇസ്രായേൽ മക്കളെ നയിച്ച മോശയെപ്പോലെ ഇടുങ്ങിയതും കല്ലും മുള്ളും വറ്റിവരണ്ടതുമായ പാതകളിലൂടെ സത്യത്തിന്റെ പാതയിലൂടെ സ്തുതിചൊവ്വാക്കപ്പെട്ട വിശ്വാസം ജനങ്ങളിലേക്ക് പകർന്നു നല്കി നയിച്ചു. നീതിന്യായ വ്യവസ്ഥയെ ബഹുമാനിക്കുകയും അനുസരിക്കുകയും ചെയ്ത തിരുമേനിക്കെതിരെ വിധി ഉണ്ടായപ്പോൾ എതിർത്തുനില്ക്കാതെ വിധി നടത്തിപ്പിനു കാത്തുനില്ക്കാതെ കിടപ്പറ ഉപേക്ഷിച്ച് എതിർ ഭാഗത്തിനു താക്കോൽ കൈമാറി പഴയ സിമ്മിനാരി വിട്ടു ഇറങ്ങിപ്പോകുകയാണുണ്ടായത്. ഹൃദയസ്പർശിയും അതിപവിത്രവുമായ ആരാധനയും കർമ്മാനുഷ്ഠാനങ്ങളും വർണ്ണനാതീതമായ വിശുദ്ധിയും പ്രാർത്ഥനാ ജീവിതവും സ്വർഗ്ഗശോഭ പരത്തി. ശുശ്രൂഷകളിലെ മധുരിമയും മനോഹാരിതയും ഭക്തിയും അറിവും അനുഭവവും ആഭിജാത്യവും അത്യഗാധ വേദശാസ്ത്ര-ദൈവശാസ്ത്ര-സുറിയാനി പാണ്ഡിത്യവും ലളിതവും കളങ്കരഹിതമായ പെരുമാറ്റവും തിരുമേനിയെ വലിയവനാക്കി.

വിശുദ്ധിയെ സ്വാംശീകരിച്ച പിതാവ് അണികളെ വിശുദ്ധിയുടെ പാതയിലൂടെ അത്ഭുതദ്യുതി വിതറി. അനേകർക്ക് പ്രകാശം ചൊരിഞ്ഞു. വിശ്വാസ ദാർഢ്യവും വ്രതാനുഷ്ഠാനങ്ങളും ദൈവികത്വവും പരിശുദ്ധാത്മ നിറവും ത്യാഗമനഃസ്ഥിതിയും ലാളിത്യവും വിനയവും വിശുദ്ധന്റെ പദവിയെലെത്തിച്ച തിരുമേനി നല്ലപോർ പൊരുതി, വിശ്വാസം കാത്തു, ഓട്ടം തികച്ചും, നീതിയുടെ കിരീടത്തിനു യോഗ്യനായി. ദൈവേഷ്ടവും ദൈവജനഹിതവും ഒരുപോലെ സ്വാംശീകരിച്ച പിതാവ് കപടമില്ലാത്ത യിസ്രായേല്യനെപ്പോലെ താഴേക്ക് നോക്കി സഭാശുശ്രൂഷ നടത്താതെ ഉയരങ്ങളിലേക്ക് ദൃഷ്ടി ഉയർത്തി ശക്തിപ്രാപിച്ച് സഭയുടെ ഭിത്തിയെ ശിലമേൽ നിർത്തി ബലവത്താക്കി. കരുതലും കരുണയും അലിവും ആർദ്രതയും അറിവും നിറവുള്ള ഈ മല്പാൻ സുറിയാനിക്കാരുടെ തൂണും കിരീടവുമായി മരിച്ചാലും ജീവിക്കുന്ന ദൈവപുരുഷനായി മാറി. സത്യത്തിനും സത്തയ്ക്കുംവേണ്ടി അറിയോസിന്റെ ശീശ്മക്കെതിരെ പോരാടിയ നാലാം നൂറ്റാണ്ടിലെ വലിയ മാർ അത്താനാസ്യോസിന്റെ പിൻഗാമിയായി 20-ാം നൂറ്റാണ്ടിലുണ്ടായ മറ്റൊരു ശീശ്മക്കെതിരെ പൊരുതിയ മറ്റൊരു വലിയ മാർ അത്താനാസ്യോസാണ് വലിയ തിരുമേനി. ആഡംഭരവും അധികാരപ്രമത്തതയുമില്ലാതെ വ്യക്തിജീവിതത്തിൽ അന്തസ്സും ആഭിജാത്യവും പുലർത്തി തിളക്കമാർന്ന ജീവിതത്തിലൂടെ മലങ്കര സഭയിൽ സുഗന്ധവും സുശോഭയും പരത്തിയ ദിവ്യനക്ഷത്രമായി പരിലസിച്ചു. പ്രതിസന്ധികളെ കണ്ണീരോടെ പ്രാർത്ഥനയോടെ നേരിട്ടു. വാക്കിലും നടപ്പിലും പ്രവൃത്തിയിലും പരമഭക്തിയുടെ പരിശുദ്ധി നിറഞ്ഞുനിന്നിരുന്നു. അസാധാരണ സിദ്ധികളുണ്ടായിരുന്ന തിരുമേനി കഷ്ടപ്പാടിന്റെ കയ്പും കാടിയും കുരിശും വഹിച്ച് കപടമില്ലാത്ത യിസ്രായേല്യനായി ദൈവജനത്തെ തൃക്കൈവാഴ്ത്തി അനുഗ്രഹിക്കുമ്പോഴും ദൈവജനം അദ്ദേഹത്തെ ഭയവും ഭക്തിയും ആദരവും സ്നേഹവും കൊണ്ട് പൊതിഞ്ഞിരുന്നു. സഭയ്ക്കും സമൂഹത്തിനും അഭിമാനവും ആഹ്ലാദവുമായി പൗരോഹിത്യ നൽവരണങ്ങളുടെ പരിപൂർണ്ണത അന്ത്യോഖ്യാ സിംഹാസനത്തിൽ നിന്നാണെന്ന് ഉറച്ച് വിശ്വസിക്കുകയും പഠിപ്പിക്കുകയും അതിനുവേണ്ടി പ്രവർത്തിക്കുകയും തിളക്കമാർന്ന ജീവിതത്തിലൂടെ ഉദയസൂര്യന്റെ ഉജ്ജ്വലശോഭ പരത്തിക്കൊണ്ട് ദൈവസന്നിധിയിൽ സഭാമക്കൾക്കുവേണ്ടി പക്ഷപാതം ചെയ്തുകൊണ്ടിരിക്കുന്നു. ആ മഹാപരിശുദ്ധന്റെ മദ്ധ്യസ്ഥതയിൽ നമുക്ക് അഭയം തേടാം.

---

*16-ാം പേജിന്റെ തുടർച്ച സുസ്താത്തിക്കോൻ...*

വിവാഹിതരൊ, ആരുമായിക്കൊള്ളട്ടെ ഇദ്ദേഹം ശപിച്ചാൽ ശപിക്കപ്പെട്ടവനായിരിക്കും. പരിശുദ്ധാത്മാവിനാൽ ഇദ്ദേഹത്തിനു ഭരമേല്പിക്കപ്പെട്ടിരിക്കുന്ന മെത്രാസന അതിരുവിട്ട് ഈ ശുശ്രൂഷകൾ ഒന്നും നിർവ്വഹിപ്പാൻ ദൈവത്തിങ്കൽ നിന്നും അധികാരമില്ലാത്തതാകുന്നു. ഇദ്ദേഹം അഹങ്കരിച്ച് പിതാക്കന്മാരുടെ നിയമങ്ങളെയും സത്യവിശ്വാ സത്തെയും ലംഘിച്ചാൽ ഇദ്ദേഹം ശപിക്കപ്പെട്ടവനും തള്ളപ്പെട്ടവനുമായിരിക്കും. സ്ഥാനമേറ്റ സമയത്ത് ഇദ്ദേഹം സ്വയം അർപ്പിച്ച ശൽമൂസൊയിൽ (സമ്മതപത്രത്തിൽ) എഴുതിയിട്ടുള്ളതും ലൗകികമായ റജിസ്റ്റർ ഉടമ്പടിയിൽ എഴുതിയിട്ടുള്ളതും മേൽപ്രകാരം ഇദ്ദേഹം വിധിക്കപ്പെട്ട് തള്ളപ്പെടുമെന്നാകുന്നു. ഇദ്ദേഹം വാഗ്ദത്തം ലംഘിക്കുകയില്ലെന്നു നാം ദൈവത്തിൽ പ്രത്യാശിക്കുന്നു.

പരിശുദ്ധ മൂന്നു സുന്നഹദോസുകളുടെ നിയമങ്ങൾ അനുസരിച്ച് സഭാപരമായ എല്ലാ പതിവുകളും (വിഹിതങ്ങളും) നിങ്ങളിൽ നിന്നും എടുക്കുവാനും കൈപ്പറ്റുവാനും നാം ഇദ്ദേഹത്തെ അനുവദിച്ചിട്ടുണ്ട്. അതായത് നേർച്ച, ദശാംശം, മാമോദീസ, കുർബ്ബാന, വിവാഹം, വിവാഹനിശ്ചയം, ശവസംസ്കാരം, ഭവനസന്ദർശനവും വാഴ്ത്തലും എന്നിവയ്ക്കുള്ള ഈ അവകാശങ്ങൾ തന്നെ. വഴിവിട്ടുള്ള വിവാഹനിശ്ചയമോ ശുശ്രൂഷയൊ ഇദ്ദേഹത്തിന്റെ കല്പന കൂടാതെ നടത്തുവാൻ ഒരു പട്ടക്കാരനും അധികാരമില്ലാത്തതാകുന്നു. പാത്രിയർക്കീസിന്റെ കല്പന അനുസരിപ്പാൻ നാം ഇദ്ദേഹത്തോടെ ആജ്ഞാപിച്ചിട്ടുണ്ട്. നിങ്ങളുടെ കുഞ്ഞുങ്ങളുടെ വിദ്യാഭ്യാസ കാര്യത്തിൽ അത്യന്തം താത്പര്യമെടുക്കണമെന്നും പള്ളികളിന്മേൽ ഭാരവും കടപ്പാടുകളും ഉണ്ടാക്കരുതെന്നും, പഠിപ്പിക്കുകയും ഉപദേശിക്കുകയും പ്രബോധിപ്പിക്കുകയും ചെയ്തുകൊണ്ടിരിക്കണമെന്നും, നമ്മുടെ പരിശുദ്ധസഭയുടെ നിയമവും പാരമ്പര്യവുമനുസരിച്ച് പാത്രിയർക്കീസിനുള്ള റീശീസ വർഷംതോറും ശേഖരിച്ച് നിങ്ങളുടെയും നിങ്ങളുടെ പരേതരുടെയും സ്മരണയ്ക്കായി സിംഹാസനത്തിങ്കൽ എത്തിയ്ക്കണമെന്നും ഇദ്ദേഹത്തോട് നാം കൽപ്പിച്ചിട്ടുണ്ട്.

നമ്മുടെ ആത്മീയ പുത്രനും നിങ്ങളുടെ ആത്മീയ പിതാവുമായ അത്താനാസ്യോസ് മെത്രാപ്പോലീത്ത നിങ്ങളെ സന്ദർശിക്കുമ്പോൾ സന്തോഷത്തോടും ഉല്ലാസത്തോടും കൂടി ഊശാനക്കൊമ്പുകൾ വഹിച്ചുകൊണ്ട് ഇദ്ദേഹത്തെ എതിരേറ്റ് അഭിവാദ്യം ചെയ്യുവിൻ. ഇദ്ദേഹം നാം നട്ടിരിക്കുന്ന ഒരു എളിയ നടുതലയാകുന്നു. നിങ്ങൾ ഇദ്ദേഹത്തിന്റെ ആത്മീയ കല്പനകളെ അനുസരിച്ചു കൊള്ളണം. ഇദ്ദേഹത്തെ കൈക്കൊള്ളുന്നവൻ നമ്മെ കൈക്കൊള്ളുന്നു. ഇദ്ദേഹത്തെ ആക്ഷേപിക്കുന്നവൻ നമ്മെ അക്ഷേപിക്കുന്നു. ഇദ്ദേഹത്തെ ദ്വേഷിക്കുന്നവൻ നമ്മെ ദ്വേഷിക്കുന്നു. നമ്മെ ദ്വേഷിക്കുന്നവനാകട്ടെ നമ്മുടെ സഭയുടെ തലവനായ കർത്താവേശുമിശിഹായെയാകുന്നു ദ്വേഷിക്കുന്നത്. നിങ്ങൾക്ക് ഒരിക്കലും ഇപ്രകാരം ഭവിക്കാതിരിക്കട്ടെ. നിങ്ങൾ പിതാക്കന്മാരുടെ കല്പനകൾ അനുസരിക്കുന്നവരും, സത്യവിശ്വാസത്തിൽ നിന്ന് വലത്തോട്ടോ, ഇടത്തോട്ടോ വ്യതിചലിക്കാത്തവരുമാകുന്നുവല്ലോ? നിങ്ങളുടെ ജ്ഞാനത്തിന് ഇതു മതി.

വീണ്ടും, സർവ്വശക്തനും കാരുണ്യവാനുമായ ദൈവം തമ്പുരാനോട് നാം അപേക്ഷിക്കുന്നു. കരുണാ ദൃഷ്ടിയോടെ നോക്കി നിങ്ങളോടും നിങ്ങളുടെ സന്താനങ്ങളോടും നിരപ്പായിരിപ്പാനും, നിങ്ങളുടെ പ്രാർത്ഥനകളും, യാചനകളും, നോമ്പുകളും, ദാനധർമ്മങ്ങളും, വഴിപാടുകളും, നേർച്ചകളും ദശാംശങ്ങളും റീശീസകളും (ആദ്യഫലങ്ങളും) കൈക്കൊള്ളുവാനും, നിങ്ങൾക്കു കടങ്ങളുടെ പരിഹാരവും പാപങ്ങളുടെ മോചനവും നല്കുവാനും, ആത്മാക്കളുടെ രക്ഷയ്ക്കായി നിങ്ങളുടെ വലതുകരം ഗ്രഹിച്ച് നിങ്ങളെ സഹായിക്കുവാനും തുണയ്ക്കുവാനും, നിങ്ങളുടെ ഹൃദയങ്ങളിലും നിങ്ങളുടെ മദ്ധ്യേയും സ്നേഹത്തിന്റെ വിത്ത് വിതയ്ക്കുവാനും, നിങ്ങളുടെ ശത്രുവിന്റെ ശക്തി ഹനിച്ചു കളയുവാനും, തന്റെ കരുണയുടെ വാതിൽ നിങ്ങളുടെ മുമ്പാകെ തുറന്നു തരുവാനും, തന്റെ ആഗ്രഹങ്ങളും, കൃപകളും നല്കി നിങ്ങളേയും നിങ്ങളുടെ ഭവനങ്ങളേയും നിങ്ങളുടെ മക്കളേയും, നിങ്ങളുടെ കൈവശമുള്ള സകലത്തേയും, സ്ഥലങ്ങളേയും, വിളവുകളേയും, ആദായങ്ങളേയും, മുന്തിരിത്തോപ്പുകളേയും വയലുകളേയും, നിങ്ങളുടെ സകലവിധ സമ്പാദ്യ ങ്ങളേയും വാഴ്ത്തുവാനും, നിങ്ങൾക്കു ശാന്തമായ ജീവിത വും സന്തോഷമുള്ള മാസങ്ങളും ഐശ്വര്യമുള്ള സംവത്സര ങ്ങളും പ്രദാനം ചെയ്യുവാനും വേണ്ടി നാം തന്റെ ദയവിനോട് യാചിക്കുന്നു. നിങ്ങളിൽ നിന്നു സകല ശിക്ഷകളേയും കോപവടികളേയും തടുത്ത് നിങ്ങളുടെ ആയുഷ്ക്കാലം മുഴുവനും തന്റെ സത്യവാഗ്ദാനപ്രകാരം നിങ്ങളോടു കൂടെയും നിങ്ങളുടെ മദ്ധ്യത്തിലും സ്ഥിതിചെയ്തുകൊണ്ട് തന്റെ ഉന്നതവും ബലമുള്ളതുമായ ഭുജത്താൽ നിങ്ങളുടെ വൃദ്ധന്മാരെ താങ്ങുകയും യുവാക്കളെ കാക്കുകയും പൈതങ്ങളെ വളർത്തുകയും കരുണയുടെ മറകൊണ്ട് നിങ്ങളുടെ സ്ത്രീകളെ സംരക്ഷിക്കുകയും, നിങ്ങളുടെ മരിച്ചുപോയവരുടെ ആത്മാക്കളെ ആശ്വസിപ്പിക്കുകയും അവർക്ക് തന്റെ മണവറ നൽകി പിതാവായ അബ്രഹാമിന്റെയും ഇസഹാക്കിന്റെയും യാക്കോബിന്റെയും മടിയിൽ സകല നീതിമാന്മാരോടും പുണ്യവാന്മാരോടുംകൂടി പന്തിക്കിരുത്തുകയും 'എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരേ! ലോകാരംഭത്തിനു മുമ്പായി നിങ്ങൾക്കുവേണ്ടി ഒരുക്കിയിരിക്കുന്ന രാജ്യത്തിൽ പ്രവേശിച്ച് അതിനെ അവകാശിച്ചു കൊള്ളുവിൻ' എന്നു വലതു ഭാഗത്തുള്ളവരോട് അരുളിച്ചെയ്യുന്ന സന്തോഷശബ്ദം നിങ്ങളെ കേൾപ്പിക്കുകയും ചെയ്യുമാറാകട്ടെ.

ആയതു നിത്യകന്യകയും പരിശുദ്ധ ദൈവമാതാവുമായ മറിയാമിന്റെയും ഇൻഡ്യയുടെയും കാവൽക്കാരനും സുവിശേഷകനുമായ മാർ തോമാശ്ലീഹായുടെയും സകല പരിശുദ്ധന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനയാൽ തന്നെ.

മശിഹാക്കാലം ഒരായിരത്തി തൊള്ളായിരത്തി പത്ത് ഈലൂൽ മാസം ഇരുപത്തിരണ്ടാം തീയതി ആലുവ സിമ്മനാരിയിൽവച്ച് ഈ സുസ്താത്തിക്കോൻ എഴുതപ്പെട്ടു.

അന്ത്യോഖ്യായുടെ ശ്ലീഹായ്ക്കടുത്ത സിംഹാ
സനത്തിലെ ബലഹീനനായ അബ്ദേദാലോഹൊ
രണ്ടാമൻ ഇഗ്നാത്യോസ് പാത്രിയർക്കീസ്
ക്രിസ്താബ്ദം 1911 ഈലൂൽ മാസം 22-ാം തീയതി
സ്വന്തം കൈപ്പട-(സുറിയാനി)

കണ്ടനാട് ഇടവകയുടെ മെത്രാപ്പോലീത്തയായ ഞാൻ സാക്ഷ്യപ്പെടുത്തിയിരിക്കുന്നു. സ്വന്തം കൈപ്പട (സുറിയാനി) (മുദ്ര)

തിരുവല്ല കോടിയാട്ട് കുര്യാക്കോസ് കോറെപ്പിസ്കോപ്പ - തിരുവല്ല പള്ളികളുടെ വികാരി

സ്വന്തം കൈപ്പട - മലയാളം ഒപ്പ് (സുറിയാനി)

1087 കന്നി 20-ാം തീയതി ആലങ്ങാട് സബ് ഡിസ്ട്രിക്റ്റിൽ ആലുവ പ്രവൃത്തിയിൽ ആലുവ കരയിൽ തൃക്കുന്നത്ത് സിമ്മനാരിപ്പള്ളിയൽവച്ച് എന്റെ മുമ്പാകെ വച്ച് ടി സിമ്മനാരിപ്പള്ളിയിൽ എഴുന്നെള്ളിയിരിക്കും അന്ത്യോഖ്യായുടെ ശ്ലീഹായ്ക്കടുത്ത സിംഹാസനത്തിന്മേൽ വാഴുന്ന മോറാൻ മാർ ഇഗ്നാത്യോസ് പാത്രിയർക്കീസു ബാവായാൽ ഇതിൽ ഒപ്പിടപ്പെട്ടിരിക്കുന്നു. മേല്പടി ഇഗ്നാത്യോസ് പാത്രിയർക്കീസിനെ ഞാൻ നേരിട്ട് അറിയും. ഇതിൽ വെട്ടു തിരുത്തുകൾ യാതൊന്നുമില്ല.

ആലങ്ങാടു സബ് രജിസ്റ്ററാഫീസ്
രജിസ്റ്റർ ആഫീസ്
ഒപ്പും മുദ്രയും

മേൽപേരു രേഖപ്പെടുത്തിയിരിക്കുന്ന സർവ്വശ്രേഷ്ഠ മഹാപുരോഹിതൻ പരിശുദ്ധമാർ ഇഗ്നാത്തിയോസ് പാത്രിയർക്കീസിന്റെ ശുശ്രൂഷയിൽ സദാ ഏർപ്പെട്ടിരിക്കുന്ന ആളും, അന്ത്യോഖ്യായുടെ പത്രോസിന്റെ സിംഹാസനമായ മാർ ഹാനനീയായുടെ ദയറായിലെ ദയറാക്കാരനുമായ മർദ്ദീൻകാരൻ കോറൊയുടെ വംശത്തിൽപെട്ട മരിച്ച മൽക്കെയുടെ മകൻ ബലഹീനനായ ഈലിയാ എന്ന ഒരുവന്റെ കൈകളാൽ ഈ അധികാരപത്രം എഴുതപ്പെട്ടു. ക്രിസ്താബ്ദം 1911 ഈലൂൽ 22 ഇൻഡ്യയിലെ മലങ്കരയിൽ ആലുവ സിമ്മനാരിയിൽവച്ച് യേശുവിന്റെ സ്നേഹത്തിൽ ഇവനുവേണ്ടി പ്രാർത്ഥിക്കേണേ

***ഈ സുസ്താത്തിക്കോൻ വിവർത്തനം ചെയ്തത് കരിങ്ങാച്ചിറ കറുത്തേടത്ത് റവ. ഫാ. പി.പി. ജോസഫ് (നടാപ്പുഴ) ആകുന്നു.***

# PIZ TRAINING COLLEGE

MALERUZ, VADAYAMPADY P.O, ERNAKULAM - 682308
Ph: 0484 - 2763850, 2765607
B.Ed, Social science, Physical Science, Natural Sciece, Mathematics, Malayalam & English

# BASELIOUS PAULOSE II CATHOLICOS COLLEGE

BASELIOUS MOUNT, MULAKULAM (N) P.O PIRAVAM
Ph: 0485 - 2243474
BA (English with Joumalism), Bachelor of Business Administration (BBA), Bachelor of Computer Application (BCA), B.Sc (Electronics with Computer Hardware), M.Sc (Computer Scince), M.Sc (Electronics)

# BASELIOUS POULOSE SECONS COLLEGE

PIRAMADOM, (N) PIRAMADOM P.O ERNAKULAM - 686667
Ph: 0485 - 227444
B.Com (Computer Application BA (Communicative English), B.Com (Tourism), M.Com (Finance, M.Com (e-commerce)

# ST GREGORIOUS DENTAL COLLEGE

CHELAD P.O, KOTHAMANGALAM, ERNAKULAM DIST. PIN 686681
Ph: 0485 - 2572530, 2572529

# ST. THOMAS ARTS & SCIENCE COLLEGE

PUTHENCRUZ, ERNAKULAM DIST. PIN 686310
Ph: 0484 - 2733552, 6525189
B.Com (Computer Application)



# പരിശുദ്ധനായ വലിയ തിരുമേനി ആലുവായിൽ നിന്നും പുറപ്പെടുവിച്ച അന്ത്യകൽപ്പന

ദൈവകൃപയാൽ മലങ്കരയുടേയും പ്രത്യേകാൽ അങ്കമാലി ഭദ്രാസന ഇടവകയുടേയും പൗലോസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായിൽ നിന്നും

നമ്മുടെ ................. പള്ളിയിലെ വികാരിയും ദേശത്ത് പട്ടക്കാരും, കൈക്കാരും ശേഷം ജനങ്ങളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്

പ്രിയ മക്കളെ,


നമ്മുടെ കർത്താവായ .യേശുമിശിഹായുടെ വാത്സല്യ ശിക്ഷ്യനായ ഇൻഡ്യായുടെ അപ്പോസ്തലനായ പരിശുദ്ധ മാർതോമാ ശ്ലീഹായാൽ മലങ്കര വന്ന് വിശുദ്ധ സഭ സ്ഥാപിച്ചതിന്റെ 19-ാം ശതാബ്ദി അടുത്ത നാളുകളിൽ പൂർത്തിയാകുന്നതിനെ നാം സ്മരിച്ചിരിക്കുന്നതാണല്ലോ. ഇൻഡ്യാ രാഷ്ട്രീയമായി സ്വാതന്ത്ര്യം പ്രാപിച്ചശേഷം ഏതാണ്ട് 5 സംവത്സരം കഴിഞ്ഞിരുന്ന ഇക്കാലത്ത് നമ്മുടെ അപ്പോസ്തലിക സഭയുടെ വളർച്ചയുടെ സാദ്ധ്യതകൾ നാം പരിപൂർണ്ണ പ്രത്യാശയോടു കൂടി ധരിച്ചുകഴിഞ്ഞിട്ടുമുണ്ട്. നമുക്ക് ലഭ്യമായിരിക്കുന്ന അവസരം യഥോചിതം വേണ്ട പദ്ധതികളിലും മാർഗ്ഗങ്ങളിലും കൂടി പ്രയോജനപ്പെടുത്തുവാൻ നാം അതിയായി അകാംക്ഷിക്കുന്നു. എന്നാൽ അതിനുള്ള നമ്മുടെ വൃദ്ധതയുടെ കഴിവുകൾ വളരെ പരിമിതമായിരിക്കുന്ന വിവരം നിങ്ങളെ അറിയിക്കുന്നതോടൊപ്പം തന്നെ സഭാമക്കളായ നിങ്ങൾക്കു ഓരോരുത്തർക്കുമുള്ള കർത്തവ്യങ്ങളെയും കഴിവുകളേയും പറ്റി നിങ്ങൾ സ്ത്രീ പുരുഷ ഭേദമെന്യേ ചിന്തിക്കേണ്ടതാണെന്ന് നാം ആദ്യാമായി അനുസ്മരിപ്പിക്കുകയും ചെയ്തുകൊള്ളുന്നു.

നമ്മുടെ വൃദ്ധതയിൽ നിന്നുള്ള ക്ഷീണവും ശരീരാസ്വാസ്ഥ്യവും പൂർവ്വാധികം വർദ്ധിച്ചിരിക്കുന്നു. ഇന്ന് നമ്മുടെ 85-ാം ജന്മദിനമാണ്. കഴിഞ്ഞ 84 സംവത്സരങ്ങൾക്കുള്ളിൽ നാം നേരിട്ടു കാണുകയും അറിയിക്കുകയും, ഇടപെടുകയും ചെയ്തിട്ടുള്ള നമ്മുടെ പൂർവ്വീകരും സമകാലീനരുമായിരുന്ന അനേകരും അഹലോകം പിരിഞ്ഞു കഴിഞ്ഞു. ദൈവനിയോഗത്താൽ നാം ഇന്നുവരെ എത്തിയിരുന്നു. സഭാ സേവനത്തിനു വേണ്ടി നമ്മുടെ 10-ാമത്തെ വയസ്സിൽ കോറുയോ പട്ടവും, 30-ാമത്തെ വയസ്സിൽ കശ്ശീശാ പട്ടവും ദയറോയൂറോയും 41ാംമത്തെ വയസ്സിൽ മെത്രാൻ സ്ഥാനവും 1093-മാണ്ടു തുടങ്ങി മലങ്കര മെത്രാപ്പോലീത്ത സ്ഥാനവും നമ്മെ ഭരമേൽപ്പിക്കുവാൻ ദൈവവിളി തിരുവിഷ്ടമായി. ഈ ഓരോ പദവിയിലും സ്ഥാല്തതും സ്വാശ്രയമോ സ്വേച്ഛയോ നമ്മിൽ പ്രബലപ്പെടാതെ ദൈവനടത്തിപ്പിന് വിധേയമായി വർത്തിക്കണമെന്നുള്ള ലക്ഷ്യം വെച്ചു നാം ആത്മാർത്ഥമായി പെരുമാറിയിരുന്നുവെന്ന് വരികിലും മനുഷ്യ സഹജമായ പല കുറവുകളും നമ്മിൽ വന്നുപോയിട്ടുണ്ടെന്നുള്ളത് വിസ്മരിക്കാവുന്നതല്ല. ദൈവം തിരുവിഷ്ടമായി നമ്മെ ഏൽപ്പിച്ചിട്ടുള്ള താലന്ത് നമ്മുടെ സഭാമക്കളായ നിങ്ങളാണെന്ന് നാം വിശ്വസിക്കുന്നു. നിങ്ങളെപ്പറ്റി ദൈവതിരുമുമ്പാകെ കണക്കു പറയേണ്ടതായ അവസരത്തിൽ നിങ്ങൾ പ്രായഭേദമെന്യേ സ്ത്രീപുരുഷ വ്യത്യാസമോ കൂടാതെ ഒന്നിനും മുപ്പതായും, അറുപതായും, നൂറായും ഫലം പുറപ്പെടുവിച്ച് കാണുമാറാകണമെന്നുമാണ് നാം ഇപ്പോൾ പ്രാർത്ഥിക്കുന്നത്. മനുഷ്യയുസ്സ് സാധാരണ 70 എന്നും, പ്രയാസത്തോടു കൂടി 80 എന്നും സങ്കീർത്തനക്കാരൻ പറയുമ്പോൾ നമ്മുടെ വൃദ്ധതയിൽ നാം സംതൃപ്തനാകുകയും അതു നിമിത്തം നാം കാരുണ്യവാനായ സർവ്വശക്തനെ മഹത്വപ്പെടുത്തുകയും ചെയ്യുന്നു.

നമ്മുടെ തിരുസഭയുടെ വളർച്ചയ്ക്ക് സഭാമക്കളായ ഓരോ വ്യക്തിയും ആത്മീയമായി വളരേണ്ടത് അനുവാര്യമാകുന്നു. വ്യക്തികൾ ദൈവിക വെളിച്ചം പ്രവാശിപ്പിക്കേണ്ടതും ആ പ്രകാശത്താൽ അന്യർ പ്രകാശം പ്രാപിപ്പാനുള്ളതുമാകുന്നു. ദീപത്തിൽ നിന്ന് ദീപം കൊളുത്താമെന്നല്ലാതെ അന്ധകാരത്തിൽ നിന്ന് പ്രകാശം ഉദിക്കുവാൻ സാദ്ധ്യമല്ലല്ലോ.

ആകയാൽ നാം പലപ്പോഴായി പ്രയംഗങ്ങളാലും സംഭാഷണങ്ങളാലും കല്പനകളാലും മുമ്പ് നിങ്ങളെ പ്രബോധിപ്പിച്ചിട്ടുള്ളതിനെ തുടർന്നും അവർത്തിച്ചും ഉറപ്പിച്ചും ഈ അവസരത്തിൽ നിങ്ങൾക്കു നൽകുന്ന സന്ദേശം ഇതാകുന്നു. നമ്മുടെ വി. സഭയുടെ വിശ്വാസാചാരങ്ങളും കൂദാശകളും കുറ്റമറ്റവയും നിത്യരക്ഷയ്ക്ക് ഉപയുക്തമായ മാർഗ്ഗങ്ങളും ആകുന്നു. അവയെ നിങ്ങൾ മുറുകെ പിടിക്കുകയും അചഞ്ചലമായി ഉറച്ചു നിൽക്കുകയും ചെയ്യണം. പ്രവൃത്തി കൂടാത്ത വിശ്വാസം ചത്തതാകുന്നു എന്നറിയുകയും നിങ്ങളുടെ സത്യവിശ്വാസം എല്ലായ്പ്പോഴും ജീവിതത്തിൽ പ്രായോഗികമാക്കുകയും ചെയ്യേണ്ടതും അത്യാവശ്യമാകുന്നു.

ശിരസ്സു കൂടാത്ത ശരീരത്തിന് ജീവനുണ്ടാകയില്ലല്ലോ. മശിഹാ മണവാളനും തലയും, തിരുസഭ മണവാട്ടിയും ശരീരവുമത്രേ. നമ്മുടെ ദൃശ്യമായ ക്രിസ്തീയ സഭയുടെ ദൃശ്യമായ തലയായിരിക്കുന്നത് പ. പത്രോസ് അപ്പോസ്തോലന്റെ പിൻഗാമിയായി വി. അന്ത്യോഖ്യാ സിംഹാസനത്തിൽ വാണരുളുന്ന വി. പാത്രിയർക്കീസ് ബാവാ തിരുമനസ്സുകൊണ്ടു മാത്രമാണ്. ശ്ലൈഹികവും, കാതോലികവുമാ.യ ഏക വിശുദ്ധ സയഭ നമ്മുടെതു തന്നെ. ശിരസ്സാകുന്ന സഭാ തലവനെ നിരാകരിച്ചുകൊണ്ട് ശരീരമാകുന്ന തലയിൽ അംഗത്വം പാലിക്കുന്നതിന് പ്രകൃതിയോ, നിയമമോ, സ്വഭാവ നീതിയോ അനുവദിക്കുന്നതല്ല. ഇതു നമ്മുടെ ഒരു വിശ്വാസ സത്യം തന്നെ ആകുന്നു. ഇതിനെ പരിരക്ഷിക്കുന്നതിന് നമ്മുടെ ഭരണകാലവും ആയുസ്സിന്റെ നല്ല ഭാഗവും ചെലവിടേണ്ടതായി വന്നിട്ടുണ്ട്. അങ്ങനെയുള്ള നീതിയുടെ പോരാട്ടത്തിൽ ഇന്നുവരെ ദൈവകൃപ നമ്മുടം കൂടെയുണ്ടായിരുന്നുവെന്ന് നിങ്ങൾ



ഓർത്തുകൊള്ളണം. ആ സംരംഭം ഇന്ന് ഇന്ത്യയുടെ ബഹുമാനപ്പെട്ട സുപ്രീം കോടതി മുമ്പാകെയിരിക്കുകയാണല്ലോ. അവിടെയും സത്യം തന്നെ പ്രത്യക്ഷമാകുമെന്ന് നമുക്ക് സമാശ്വസിക്കാം. തെറ്റിപ്പോയിരിക്കുന്ന നമ്മുടെ സഹോദരങ്ങൾക്ക് പിതാവായ ദൈവം നേർവഴി വെളിപ്പെടുത്തിക്കൊടുക്കുമെന്നും സഭയിൽ പുനരൈക്യം ഉണ്ടാകുമെന്നും നമുക്ക് പ്രത്യാശിക്കാം.

പൈതൽ നടക്കേണ്ടുന്ന വഴിയിൽ അവനെ അഭ്യസിപ്പിക്കണമെന്നും, ദൈവഭയം ജ്ഞാനത്തിന്റെ ആരംഭമാകുന്നുവെന്നും, വിശ്വസിച്ചുകൊണ്ട് നമ്മുടെ ഇടവകകളിൽ നടത്തിക്കൊണ്ടിരുന്ന സണ്ടേസ്കൂൾ പ്രവർത്തനങ്ങളിൽ നിങ്ങൾ സദാ ജാഗരൂഢരായി തുടരണമെന്ന് നാം പ്രത്യേകം പ്രബോധിപ്പിക്കുന്നു.

നമ്മുടെ യുവജനങ്ങളുടെ ഉപരിവിദ്യാഭ്യാസത്തിന് ഇതകുന്ന ഒരു കോളേജിന്റെ അഭാവം പരിഹരിക്കുന്നതിന് നമ്മുടെ ഇടവകയിൽപ്പെട്ട കോതമംഗലത്ത് ഒരു ഒന്നാം ഗ്രേഡ് കോളേജ് അനുവദിച്ചു കിട്ടുന്നതിനു വേണ്ടി രണ്ടു കൊല്ലം മുമ്പ് നാം തിരുവിതാകൂർ സർവ്വകലാശാലയിൽ ഒരപേക്ഷ സമർപ്പിച്ച പ്രകാരം ഈയിടെ യൂണിവേഴ്സിറ്റി സിന്റിക്കേറ്റ് അനുവദിച്ചിട്ടുള്ളതായി നമുക്ക് അറിവു കിട്ടിയിട്ടുണ്ട്. അതിലേക്കു വേണ്ട 50 ഏക്കർ സ്ഥലം തിരു-കൊച്ചി ഗവൺമെന്റ് അനുവദിച്ചു തന്നിട്ടുമുണ്ട്. ഈ കാര്യങ്ങൾ നമ്മുടെ വൃദ്ധതയിലെ പരിശ്രമഫലമാണ്. അത് പൂർണ്ണമായി നിറവേറ്റുന്നതിന് നമ്മുടെ ഇടവകയിലും അയൽ ഇടവകയിലും ഉള്ള എല്ലാ പള്ളിക്കാരും വ്യക്തികളും സൗഹാർദ്ദമായും, ശുഷ്കാന്തിയോടു കൂടിയും ഒത്തൊരുമിച്ച് സഹകരിച്ച് പരിശ്രമിക്കണമെന്ന് നാം പ്രത്യേകം ആഗ്രഹിക്കുകയും അഭ്യർത്ഥിക്കുകയും ആജ്ഞാപിക്കുകയും ചെയ്യുന്നു.

പ്രിയരെ, ഇക്കാലം ലോകചരിത്രത്തിൽ ഒരു വിപ്ലവഘട്ടമാണ്. ലോകസമാധാനം ഒരു തുലാസിലെന്നപോലെ തൂങ്ങി ആടുന്നു. സമത്വത്തിന്റേയും, സ്വാതന്ത്ര്യത്തിന്റേയും പേരിൽ കമ്മ്യൂണിസം തുടങ്ങിയ വിപ്ലവദർശപൂർണ്ണങ്ങളായ പ്രസ്താനങ്ങൾ മുഖേന ഭരണകൂടങ്ങൾ തന്നെ ചോദ്യം ചെയ്യപ്പെടുന്നവയായി തീർന്നിരിക്കുന്നു. ഉള്ളവനും ഇല്ലാത്തവനും തമ്മിലും, തൊഴിലാളിയും മുതലാളിയും തമ്മിലും, സമത്വസ്വാതന്ത്ര്യവാദങ്ങളും മത്സരങ്ങളും കളിയാടുന്നു. ഈ സ്വാതന്ത്ര്യവാദം കുടുംബങ്ങളിൽ ഛിദ്രം ജനിപ്പിക്കുന്നു. ക്രിസ്തു നാഥൻ കല്പിച്ചരുളിയിട്ടുള്ള സ്നേഹ സന്ദേശം ഇക്കൂട്ടർ മറന്നു കളയുന്നു. നല്ല അയൽക്കാർ ആരെന്നും ചെറിയവരോട് പെരുമാറേണ്ടത് എങ്ങനെയാണെന്നും ഉപമകൾ വഴി മിശിഹാ തമ്പുരാൻ കല്പിച്ചിട്ടുള്ളതിനെ നിങ്ങൾ ഈ കാലഘട്ടത്തിൽ പ്രത്യേകം സ്മരിക്കണം. ദൈവമായ കർത്താവിനെയും നിങ്ങളുടെ അയൽക്കാരനേയും പൂർണ്ണമായി സ്നേഹിക്കണമെന്നുള്ളതാണല്ലോ എല്ലാ കല്പനകളുടെയും സാരം. സ്നേഹവും ത്യാഗവും എത്ര അഗാദവും നിഷ്ക്കയളങ്കവുമായിരിക്കണമെന്ന് യേശുക്രിസ്തു തന്റെ ക്രൂശുമരണമാകുന്ന പ്രവൃത്തികൊണ്ടു തന്നെ നമുക്ക് കാണിച്ചു തന്നിരിക്കുന്നു. ക്രിസ്തീയ സ്നേഹം കൊണ്ടല്ലാതെ ലോകത്തിൽ സമാധാനം നിലനിർത്തുവാൻ സാധിക്കുന്നതല്ല. നിർവ്യാജമായ പരസ്പര സ്നേഹം നിറഞ്ഞ ആത്മാവോടു കൂടി നിങ്ങൾ ജീവിക്കണം. ആ സ്നേഹജീവിതം നിങ്ങൾക്കും അയൽവാസികൾക്കും സന്തുഷ്ടിയും സമാധാനവും കൈവരുത്തുന്നതാകുന്നു. അങ്ങനെ ഭൂലോകത്ത് എല്ലായിടത്തും ക്രിസ്തുമാർഗ്ഗം അറിയപ്പെടുകയും ചെയ്യട്ടെ!

വാത്സല്യമുള്ളവരെ, നമ്മുടെ കുടുംബങ്ങളെ നിങ്ങൾ സ്നേഹത്തോടെ പരിപാലിക്കണം. കുടുംബാംഗങ്ങൾ ഒരുമിച്ചു കൂടി, കല്പിക്കപ്പെട്ടിരിക്കുന്ന പ്രാർത്ഥനകൾ ദിവസവും നടത്തുകയും, സഭ നിശ്ചയിച്ചിട്ടുള്ള നൊയമ്പുകൾ നിർവിഘ്നം ആചരിക്കുകയും ചെയ്തുകൊള്ളണം. കുടുംബനിയന്ത്രണത്തിലും, പൈതങ്ങളെ അഭ്യസിപ്പിക്കുന്നതിലും, സ്ത്രീകൾക്കുള്ള പ്രത്യേക ചുമതലയും സൗകര്യങ്ങളും ഓർത്ത് എല്ലാ സ്ത്രീകളും പെരുമാറണം. സ്ത്രീ കുടുംബത്തിന്റെ ഉറവും, ഉപ്പുമാണെന്ന് പ്രത്യേകം ധരിച്ചിരിക്കണം. കൊത്തിനെ നഗരത്തിലെ കല്യാണവിരുന്നിൽ നമ്മുടെ കർത്താവിന്റെ അമ്മ വഹിച്ച സ്ഥാനം നിമിത്തം വിരുന്നുകാർക്കും വീട്ടുകാർക്കും ലഭിച്ച സമൃദ്ധിയും സന്തോഷവും നിങ്ങൾക്കും മാതൃകയായിരിക്കട്ടെ. മനുഷ്യൻ വിയർപ്പോടു കൂടി അപ്പം ഭക്ഷിക്കണമെന്നുള്ളത് ദൈവകല്പനയാകുന്നു. യാതൊരു തൊഴിലും ഹീനമല്ല. സേവനവും സ്നേഹവും മുൻ മുൻനിർത്തി ആത്മാർത്ഥമായി അദ്ധ്വാനിക്കുന്ന ഏവനും, തൊഴിൽ എന്തുതന്നെയായിരുന്നാലും തന്റെ തൊഴിലിന്റെ മാഹാത്മ്യവും ശ്രേഷ്ഠതയും അനുഭവബോധ്യമാകുന്നതാണ്.

നമ്മുടെ പട്ടക്കാർ തിരുസഭയിലെ വേലക്കാരും കാവൽക്കാരുമാണെന്നറിയണം. അവരുടെ സമ്പാദ്യം കർത്താവിന്റെ തിരുസഭാംഗങ്ങളുടെ പുഷ്ടിമ ആയിരിക്കട്ടെ. വൈദീക വിദ്യാഭ്യാസത്തിന് അടുത്തകാലത്ത് നമ്മുടെ ഈ ആലുവാ സെമിനാരിയിൽ നമ്മുടെ സഹായകനായ സഹോദരൻ ഗീവർഗീസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ നേതൃത്വത്തിൽ ഒരദ്ധ്യയനശാല, വിഭഗ്ദ്ധതയും പരിപാകതയുമുള്ള മല്പാന്മാരെ നിയമിച്ച് നാം ആരംഭിച്ചിട്ടുണ്ട്. ദൈവവിളിയുള്ള വിദ്യാർത്ഥികൾ അതിൽ ധാരാളമായി വന്നുകൂടുമാറാകട്ടെ. മലങ്കര സഭയ്ക്ക് ഒരു ഭരണഘടനയുണ്ടാക്കുന്നതിനുള്ള നടപടികൾ ആലോചനയിലിക്കുകയാണ്. അതെല്ലാം തയ്യാറാകുമ്പോൾ സഭാവികസനത്തിനുള്ള പദ്ധതികൾ അതിൽ ഉൾപ്പെടുമെന്നു പ്രതീക്ഷിക്കാം.

മനുഷ്യ, നീ മണ്ണാകുന്നു. നീ മണ്ണിലേക്കു തിരികെ ചേരും എന്ന കർത്തൃവചനം എല്ലാ മനുഷ്യനിലും നിവൃത്തിയാകേണ്ടതാകുന്നു. മരണം, ഉയർപ്പ്, ന്യായവിധി എന്നിവയെപ്പറ്റിയുള്ള ചിന്ത നമുക്ക് എപ്പോഴും വേണ്ടതാണല്ലോ. അവസാന ന്യായവിധിയുടെ നാളിൽ കൊള്ളാം ഉത്തമനും വിശ്വസ്തനുമായ ദാസാ..... ഒരുക്കപ്പെട്ടിരിക്കുന്ന സൗഭാഗ്യങ്ങളിലേക്ക് പ്രവേശിച്ചു കൊൾക എന്ന നമ്മുടെ സ്രഷ്ടാവിന്റെ ആനന്ദകരമായ സന്തോഷശബ്ദം കേൾപ്പാൻ നാമും നിങ്ങളും സദാ ഒരുങ്ങിയിരിക്കുന്നവരായിരിക്കണം. നമ്മുടെ ബലഹീനതയ്ക്കുവേണ്ടി നിങ്ങൾ പ്രത്യേകം പ്രാർത്ഥിക്കുകയും ചെയ്‌വീൻ.

വാത്സല്യ മക്കളെ, വിശുദ്ധരായ അബ്രഹാം ഇസ്ഹാക്ക്, യാക്കോബ് തുടങ്ങിയ നമ്മുടെ പൂർവ്വിക പിതാക്കന്മാരും, സർവ്വ ഗുരുജനങ്ങളും, പ്രേഷിത സംഘവും, സകല പരിശുദ്ധന്മാരും, ശുദ്ധിമതികളും, പ്രത്യേകാൽ മാർ തോമ്മാ ശ്ലീഹായും, മാർ ഗീവർഗ്ഗീസ് സഹദായും, തീയ്ക്കടുത്ത മാർ ഇഗ്നാത്തിയോസും, ദൈവമാതാവായ വിശുദ്ധ കന്യകാമറിയമും മരിച്ചപോയവരും ജീവനുള്ളവരും വരുവാനിരിക്കുന്നവരുമായ ഏവരുമുൾപ്പെടുന്ന നമ്മുടെ വി. സഭയെക്കുറിച്ച് അഭിവാഞ്ഛയുള്ളവരാണെന്ന് നാം വിശ്വസിക്കണം. ദൈവമായ കർത്താവ് തന്റെ തിരുരക്തത്താൽ വീണ്ടെടുത്തിട്ടുള്ള സഭയുടെ രക്ഷയ്ക്കും, നിലനില്പിനും, വളർച്ചക്കും, അവരെല്ലാവരുടേയും മദ്ധ്യസ്ഥപ്രാർത്ഥന കോട്ടയായിരിക്കട്ടെ! നമ്മുടെ സഹോദരന്മാരും, വാത്സല്യമുള്ളവരുമേ നിങ്ങൾ എല്ലാവരും, എന്നാളും, നമുക്കുവേണ്ടി പ്രാർത്ഥിപ്പിൻ. കർത്താവായ യേശുമിശിഹാ തന്റെ വലത്തു തൃക്കൈ നീട്ടി നിങ്ങളെ ഓരോരുത്തരേയും, നിങ്ങളുടെ കുടുംബങ്ങളേയും, നിങ്ങൾക്കുള്ള സർവ്വത്തേയും അനുഗ്രഹിക്കുമാറാകട്ടെ! വിശുദ്ധിയും മഹത്വവുമുള്ള ത്രിയേക സത്യദൈവമാകുന്ന പിതാവിന്റെ സ്നേഹവും, പുത്രന്റെ കൃപയും, പരിശുദ്ധ റൂഹായുടെ സംബന്ധവും സഹവാസവും നിങ്ങളെല്ലാവരോടുംകൂടെ സദാ ഉണ്ടായിരിക്കട്ടെ!

ആകാശങ്ങളിലിരിക്കുന്ന ഞങ്ങളുടെ ബാവാ...... നന്മനിറഞ്ഞ മറിയമേ.......

## വിശ്വാസസംരക്ഷകൻ ഓഫീസ് മാനേജേഴ്സ്



ബിജു. റ്റി. ഏലിയാസ്



ചിന്നമ്മ വർഗീസ്





# പ. പിതാവ് കാലം ചെയ്ത ദിവസം അക്കാലത്തെ കേരളത്തിലെ പ്രമുഖ മാദ്ധ്യമങ്ങളായ പൗരധ്വനിയും, കേരളഭൂഷണവും എഴുതിയ എഡിറ്റോറിയൽ

## കേരളഭൂഷണം

മലങ്കര സഭാനൗക വ്യവഹാരാദികളാകുന്ന കഠിനമായ കാറ്റിലും കോളിലും അകപ്പെട്ട് നട്ടംതിരിയുന്ന ഒരു ദുർഘടഘട്ടത്തിൽ, ആദർശങ്ങളിൽ നിന്ന് അല്പംപോലും വ്യതിചലിക്കാതെ താൻ യുക്തമെന്നും സത്യമെന്നും കരുതിയിരുന്നതിനെ മുറുകെ പിടിച്ചും ഏതു ക്ലേശവും സഹിച്ചും അതിനെ സമർത്ഥമായി നിയന്ത്രിക്കയും ഒരു സഭാമേലദ്ധ്യക്ഷനെന്ന നിലയിൽ മാതൃകാപരമായ ജീവിതം നയിക്കുകയും ചെയ്തു. സമുദായാംഗങ്ങളുടെ നിസ്സീമവും നിഷ്കളങ്കവുമായ സ്നേഹബഹുമാനാദരവുകളാർജ്ജിച്ചിരുന്ന പൗലോസ് മോർ അത്താനാസിയോസ് മെത്രാപ്പൊലിത്ത തിരുമനസ്സിലെ ദേഹവിയോഗം സഭാസ്നേഹികളെയെല്ലാം ദുഃഖനിമഗ്നരാക്കിയ ഒരു അത്യാഹിതമാണ്. ഒരു തികഞ്ഞ ദൈവഭക്തൻ, സാത്വികൻ, ലളിത ജീവിതപ്രേമി, സുറിയാനി ഭാഷാപണ്ഡിതൻ തുടങ്ങി വിവിധ നിലകളിൽ സർവ്വദാ സമാദരണീയനായിരുന്ന തിരുമേനി സ്ഥാനത്തിനൊത്ത കാര്യശേഷിയും സേവനസന്നദ്ധതയും പ്രദർശിപ്പിച്ചിരുന്നു. ത്യാഗമോഹനവും ഭക്തിനിർഭരവുമായ തിരുമേനിയുടെ പെരുമാറ്റങ്ങൾ പ്രതിപക്ഷീയരുടെപോലും സ്നേഹബഹുമാനങ്ങളാർജ്ജിക്കുവാൻ പര്യാപ്തമായിരുന്നെന്നു പറഞ്ഞാൽ അതിന് അതിശയോക്തി ലവലേശമില്ല. അഹങ്കാരമോ ഔദ്ധത്യമോ തിരുമേനിയെ തീണ്ടിയിരുന്നില്ല. വളരെ ചെറുപ്പം മുതൽ തന്നെ പ്രദർശിപ്പിച്ചു പോന്ന പ്രശംസാർഹമായ പ്രതിഭാവിലാസവും സ്വഭാവവൈശിഷ്ട്യവുമാണ് മോർ കൂറിലോസ് തിരുമേനിയെ ഈ “കൊച്ചു പൗലോസിന് ”പട്ടം നൽകുന്നതിന് പ്രേരിപ്പിച്ചതെന്നുള്ളത് പരക്കെ അറിവുള്ള ഒരു പരമാർത്ഥമാണ്. തന്റെ “ആടുകളുടെ” സംരക്ഷണത്തിനും പുരോഗതിക്കും വേണ്ടി സ്വജീവിതമർപ്പിച്ചിരുന്ന “ ഒരു നല്ല ഇടയനായിരുന്നു ” തിരുമേനി. അവിചാരിതമായി സുറിയാനി സഭയിൽ കടന്നുകൂടിയ വ്യവഹാരപ്പിശാചിനെ ആട്ടിയോടിച്ച് ദുർവഹമായൊരു ഭാരം തന്നിലും സഭയിലും നിന്നൊഴിവാക്കുന്നതിൽ തിരുമേനിക്ക് അത്യധികമായ ആകാംക്ഷയുണ്ടായിരുന്നു. സമാധാനസ്ഥാപന ശ്രമങ്ങളിലൊന്നിലും വൈമനസ്യമോ വിദ്വേഷമോ പ്രദർശിപ്പിക്കാതെ സമചിത്തതയോടും ശാന്തതയോടും എല്ലാ ദുർഘടപ്രശ്നങ്ങളേയും തിരുമേനി കൈകാര്യം ചെയ്തിരുന്നതു അക്കാരണത്താലായിരുന്നു എങ്കിലും മലങ്കര സഭയിൽ സമാധാനം പുനഃസ്ഥാപിച്ചു കൺകുളിർക്കെ കാണുവാനുള്ള മഹാഭാഗ്യം തിരുമേനിക്ക് ലഭിച്ചില്ല. തന്റെ വിശ്വാസങ്ങളിലും ആദർശങ്ങളിലും ഉറച്ചുനിന്നുകൊണ്ട് ഏത് പ്രതിബന്ധങ്ങളേയും സധൈര്യം നേരിടണമെന്നു സഭാകാര്യസംബന്ധമായി ചെയ്തിരുന്ന ദൃഢനിശ്ചയം പ്രാവർത്തികമാക്കുന്നതിൽ തിരുമേനി സദാ സൂക്ഷ്മവാനായിരുന്നു. വിശ്വാസദാർഢ്യം. അതിനെതിരായി പ്രവർത്തിക്കുവാൻ തിരുമേനിയെ അനുവദിച്ചിരുന്നില്ല. തിരുമേനിയുടെ സാന്നിദ്ധ്യവും നിയന്ത്രണവും അനുപേക്ഷണീയമായിരുന്ന ഒരു ഘട്ടത്തിലാണ് ഈ ദേഹവിയോഗമുണ്ടായതെന്നോർക്കുമ്പോൾ മലങ്കരസഭയ്ക്ക് അതൊരു തീരാനഷ്ടമാണെന്ന് നിർവ്വിശങ്കം പറയാവുന്നതാണ്.

## പൗരധ്വനി

കഴിഞ്ഞ 35 വർഷക്കാലം മലങ്കര യാക്കോബായ സഭയിലെ മലങ്കര മെത്രപ്പൊലിത്തായായി സഭാഭരണം നടത്തി സമുദായാംഗങ്ങളുടെ ഏവരുടേയും അകളങ്കവും നിസ്സീമവുമായ ഭക്തിബഹുമാനാദരങ്ങൾക്കു പാത്രീഭൂതനായി തീർന്നിരുന്ന മോർ അത്താനാസ്യോസ് മെത്രാപ്പൊലിത്താ തിരുമേനി ദിവംഗതനായി എന്നുള്ള സങ്കടവാർത്ത യാക്കോബായ സമുദായാംഗങ്ങളെ മാത്രമല്ല കേരള ക്രൈസ്തവരെ ആകമാനം സന്താപസാഗരത്തിൽ ആമഗ്നരാക്കിയിട്ടുണ്ട്. നിഷ്കളങ്കമായ ഈശ്വരഭക്തിയും അപഞ്ചലമായ വിശ്വാസസ്ഥിതിരതയും, തിരുമനസ്സിലെ വിശിഷ്ട ഗുണങ്ങളിൽ അദ്വിതീയങ്ങളായിരുന്നു. ബാല്യം മുതൽ തിരുമേനിയിൽ നൈസർഗ്ഗികമായി തിളങ്ങിവിളങ്ങിയിരുന്ന വിനയം, ഈശ്വരഭക്തി മുതലായ ഗുണവിശേഷങ്ങളാണ്. അന്നു അങ്കമാലി ഇടവകയുടെ മെത്രാപ്പൊലിത്തായായിരുന്ന പുണ്യശ്ലോകനായ മോർ കൂറിലോസ് തിരുമേനിയുടെ പ്രത്യേക ശ്രദ്ധയെ ആകർഷിക്കുകയും ബാലനായിരുന്ന “കൊച്ചു പൗലൂസിന്” പട്ടം കൊടുക്കണമെന്ന് തിരുമേനിക്ക് ആഗ്രഹമുണ്ടാകുവാൻ കാരണമായിത്തീരുകയും ചെയ്തത്. ഒരു തികഞ്ഞ ഈശ്വരഭക്തനും ഒന്നാന്തരം സുറിയാനി പണ്ഡിതനുമാണ്. സർവ്വസമ്മതമായിരുന്ന മോർ കൂറിലോസ്

തിരുമേനിയുടെ പാദാന്തികത്തിൽ പത്തുവർഷക്കാലം സുറിയാനീഭാഷാഭ്യസനം നടത്തുവാൻ ഭാഗ്യം സിദ്ധിച്ചത് കാലം ചെയ്ത തിരുമേനിയുടെ ചിത്ത സംസ്ക്കാരത്തിനും ഭക്തിപരിപോഷണത്തിനും വളരെയധികം സഹായീഭവിച്ചിരിക്കണമെന്നുള്ളതിനു സംശയമില്ല. മലങ്കര യാക്കോബായ സഭയിൽ ഉണ്ടായിട്ടുള്ള വൈദികമേലദ്ധ്യക്ഷന്മാരിൽ ഏറ്റവും ഈശ്വരഭക്തന്മാരെന്ന് സർവ്വസമ്മതന്മാരുമായ സുപ്രസിദ്ധന്മാരുമായ മോർ കൂറിലോസ്, പരുമല മോർഗ്രീഗോറിയോസ് എന്നീ തിരുമേനിമാരിൽ നിന്ന് യഥാക്രമം ശെമ്മാശുപട്ടവും, കശീശാപട്ടവും ലഭിക്കാൻ ഇടയായതും കേരളക്കരയിൽവച്ചു തന്നെ അന്ത്യോഖ്യാപാത്രിയർക്കീസിൽ നിന്നു നേരിട്ടു മെത്രാൻപട്ടം ഏൽക്കുന്നതിനു സാധിച്ചതും തിരുമനസ്സിലെ ഭാഗ്യാതിരേകത്തിനും ഈശ്വരാനുഗ്രഹത്തിനും മതിയായ തെളിവുകളാകുന്നു. മെത്രാൻസ്ഥാനമേറ്റ് ഏഴുവർഷം കഴിഞ്ഞപ്പോൾ താൻ പിതൃനിർവ്വിശേഷം സ്നേഹിക്കുകയും ആദരിക്കുകയും ചെയ്തിരുന്ന തന്റെ വന്ദ്യഗുരുഭൂതൻ ദേഹവിയോഗം ചെയ്യുകയും അദ്ദേഹത്തിന്റെ ചവിട്ടടികളെ ഭക്തിയോടും നിഷ്ഠയോടുകൂടി അനുഗമിക്കുവാൻ ഈശ്വരനിയോഗം മൂലം തിരുമേനി മലങ്കര മെത്രപ്പൊലിത്തയായി തെരഞ്ഞെടുക്കപ്പെടുകയും ചെയ്തു. ആ മഹനീയസ്ഥാനം മോർ അത്താനാസ്യോസ് തിരുമേനി എത്ര സ്തുത്യാർഹമായ രീതിയിലും അനന്യസാധാരണമായ മനോധീരതയോടുകൂടിയും നിർവ്വഹിച്ചു എന്നുള്ളതിനു സഭാചരിത്രം തന്നെ സാക്ഷ്യം വഹിക്കുന്നതാണ്. തിരുമേനി മലങ്കര മെത്രപ്പൊലിത്തയായി സ്ഥാനം വഹിച്ചിരുന്ന കാലഘട്ടം സഭയിലെ അന്തച്ഛിദ്രങ്ങളുടേയും വ്യവഹാരങ്ങളുടേയും കാലമായിരുന്നു എന്നതുപരമാർത്ഥം തന്നെ, എന്നാൽ അപ്രകാരം അത്യന്തം വിഷമകരമായ ഒരു ഘട്ടത്തിൽ തിരുമേനി പ്രദർശിപ്പിച്ച അചഞ്ചലമായ വിശ്വാസസ്ഥിരതയും അസുലഭമായ മനോധീരതയും ശത്രുക്കളുടെപോലും അകമഴിഞ്ഞ അഭിനന്ദനത്തിനു പാത്രീഭവിക്കതന്നെ ചെയ്യും. ബാല്യം മുതൽ തന്നിൽ ദൃഢരൂഢമായിരുന്ന അന്ത്യോഖ്യാസിംഹാസനത്തോടുള്ള ഭക്തിവിശ്വാസങ്ങൾ അവസാന നിമിഷംവരെ തിരുമനസ്സിലെ നിഷ്കളങ്കമായ ഹൃദയത്തിൽ ഒരു അജയ്യകോട്ടയായി നിലനിന്നിരുന്നു. സമുദായാംഗങ്ങളോടും അന്യ ജനങ്ങളോടുമുള്ള തിരുമനസ്സിലെ സ്നേഹമസൃണവും അനുകമ്പാപൂർവ്വവുമായ പെരുമാറ്റവും അത്യന്തം ലളിതമായ ജീവിതരീതിയും ബഹുമാനഹൃദയങ്ങളിൽ തിരുമേനിക്കു സ്ഥിര പ്രതിഷ്ഠ നൽകി. വടക്കൻ ഇടവകളിൽ പലയിടത്തും പലപ്പോഴും തലപൊക്കിയിട്ടുള്ള ഛിദ്രവാസനകളെയും ശിഥിലീകരണശ്രമങ്ങളെയും എല്ലാം വിജയകരമായി അഭിമുഖീകരിക്കുവാനും സമുദായാംഗങ്ങളെ പൂർവ്വിക വിശ്വാസത്തിൽ നിന്നു അണുമാത്രപോലും വ്യതിചലിക്കാതെ ദൃഢമായി യോജിപ്പിച്ച് നിലനിർത്തുവാനും സാധിച്ചത് തിരുമനസ്സിലെ അന്യാദൃശമായ വ്യക്തിപ്രഭാവം ഒന്നുമാത്രമാണെന്നുള്ളത് സുവിദിതമാകുന്നു. സഭയിലെ അന്തച്ഛിദ്രങ്ങളും വ്യവഹാരങ്ങളും തിരുമേനിയെ വളരെയധികം അസ്വസ്തനാക്കിക്കൊണ്ടിരുന്നു എന്നും സഭയിൽ സമാധാനം പുനഃസ്ഥാപിതമായി കാണുവാൻ തിരുമനസ്സിലേക്കു അതിരറ്റ അഭിവാഞ്ഛയുണ്ടായിരുന്നു എന്നുമുള്ള പരമാർത്ഥം തിരുമേനിയെ നേരിട്ട് പരിചയമുള്ളവർക്കെല്ലാം ഉത്തമബോദ്ധ്യമുള്ളതാകുന്നു. എന്നാൽ പൂർവ്വിക വിശ്വാസത്തിൽ നിന്ന് തെല്ലിടപോലും വ്യതിചലിക്കുവാൻ അദ്ദേഹം സന്നദ്ധനായിരുന്നില്ല. ഒരു കാലത്ത് തിരുമേനി നേരിട്ടു ഭരണം നടത്തിവന്ന അങ്കമാലി, കൊച്ചി, കണ്ടനാട് എന്നീ ഇടവകകളുടെ എല്ലാം ഭരണച്ചുമതല സർവ്വഥാ അർഹരും യഥാർത്ഥ ഈശ്വരഭക്തരും അഭ്യസ്തവിദ്യരും സമർത്ഥന്മാരുമായ മെത്രപ്പൊലിത്തന്മാരെ ഏൽപ്പിച്ചശേഷമാണ് തിരുമേനി ലോകരംഗത്തു നിന്നു തിരോധാനം ചെയ്യുന്നതെന്നുള്ളത് ഒരു വിധത്തിൽ സമാശ്വാസപ്രദമാണെങ്കിലും തിരുമേനിയുടെ ദേഹവിയോഗം കേരള ക്രൈസ്തവസഭയ്ക്ക് പൊതുവേയും മലങ്കര യാക്കോബായ സമുദായത്തിന് പ്രത്യേകിച്ചും അചരിഹാര്യമായ ഒരു നഷ്ടംതന്നെയാകുന്നു. കേരളത്തിലെ ഗണനീയമായ ഒരു ക്രൈസ്തവസഭാ വിഭാഗത്തിനു അതിന്റെ അത്യന്തം വിപൽക്കരമായ ഒരു ഘട്ടത്തിൽ സുധീരമായ നേതൃത്വം നൽകുവാനും സമുദായാംഗങ്ങളായ ആബാലവൃദ്ധം ജനങ്ങളുടെ ഹൃദയംഗമമായ ഭക്തിബഹുമാനാദരങ്ങൾക്ക് പാത്രീഭവിക്കയും ചെയ്തിരുന്ന നിഷ്കളങ്ക ചിത്തനും പരമസാത്വികനുമായ ഈ അഭിവന്ദ്യ മഹാപുരോഹിതന്റെ ദേഹവിയോഗത്തിൽ പൗരധ്വനിക്കുള്ള അത്യഗാധമായ ഖേദത്തെ ഇവിടെ രേഖപ്പെടുത്തുകയും തിരുമനസ്സിലെ ദേഹവിയോഗം മൂലം സന്തപ്തചിത്തരായിരിക്കുന്ന മലങ്കര യാക്കോബായ സമുദായാംഗങ്ങളോട് ഞങ്ങൾക്കുള്ള ഹൃദയപൂർവ്വമായ അനുശോചനം പ്രകടിപ്പിക്കയും ചെയ്തുകൊള്ളുന്നു.

# വലിയ തിരുമേനിയുടെ ഒരു ദിവസം

ഞാർത്താങ്കൽ കോരുതു കത്തനാർ (സഭാ ചന്ദ്രികയോട് കടപ്പാട്)

വെളുപ്പിന് നാലരമണിക്ക് തിരുമേനിയുടെ ദിവസം ആരംഭിക്കുകയായി. അലാറം കേട്ടുണരുന്ന ശെമ്മാശൻ തിരുമേനിക്ക് പ്രാർത്ഥനക്കായി മുറിയിൽ നിന്നും പള്ളിയിലേക്ക് പോകുവാൻ ആവശ്യമായ സഹായം എല്ലാം ചെയ്തുകൊടുത്തു. ശെമ്മാശന്റെ വലതുകൈയ്യിൽ പിടിച്ചുകൊണ്ടാണ് തിരുമേനി നടക്കുന്നത്. ശുശ്രൂഷകൻ മാത്തു ഒരു വിളക്ക് കാണിച്ചുകൊണ്ട് മുമ്പിൽ നടക്കും. (അന്ന് വൈദ്യുതി ഇല്ലായിരുന്നു) മഴക്കാലത്തും ഈ പതിവിന് മാറ്റം ഒന്നും ഇല്ല. പ്രത്യേകമായി ഉണ്ടാക്കിച്ചിട്ടുള്ള വലിയ കാലോടുകൂടിയതും സാമാന്യം വലിപ്പമുള്ളതുമായ ഒരു ഓലക്കുട ശെമ്മാശ്ശൻ ചൂടിക്കുന്നുണ്ടാകുമെന്ന് മാത്രം.

പള്ളിയകത്ത് നമസ്ക്കാരമേശയുടെ സമീപത്ത് താഴെ ഒരു പുൽപ്പായത്തടുക്കിൽ കാലുകൾ പിന്നോക്കം മടക്കിവെച്ചിരുന്ന് പ്രാർത്ഥന തുടങ്ങും. ഇപ്രകാരം ഇരുന്ന് പ്രാർത്ഥിപ്പാൻ പ്രയാസമായി വന്നപ്പോൾ ഹൈക്കലായുടെ പാർശ്വത്തിൽ തെക്കുഭാഗത്തുള്ള മുറിയിൽ ഒരുക്കിയിരിക്കുന്ന കട്ടിലിൽ കിടന്നുകൊണ്ട് പ്രാർത്ഥിക്കുകയായിരുന്നു പതിവ് ‘ഇത്രയും പ്രായമുള്ള തിരുമേനി ഈ മഴയത്തു പ്രയാസപ്പെട്ട് പള്ളിയകത്ത് പോയിത്തന്നെ പ്രാർത്ഥിക്കണമോ? മുറിക്കകത്തിരുന്ന് പ്രാർത്ഥിച്ചാലും ദൈവം കേൾക്കുകയില്ലേ? ശെമ്മാശ്ശന്മാരും മറ്റും ഉള്ളിൽ ഇങ്ങനെ പറഞ്ഞ് പോകാറുണ്ട്. ‘ആര് എന്ത് ചിന്തിച്ചാലും കഴിയുന്നിടത്തോളം കാലം, പ്രാർത്ഥിക്കുന്നത് പള്ളിയിൽത്തന്നെ വേണം’ എന്നത് തിരുമേനിക്ക് നിർബന്ധമായിരുന്നു.

പ്രാർത്ഥന കഴിഞ്ഞ് മുറിയിൽ വന്നാലുടൻ തത്സമയത്തേക്കുള്ള യാമ പ്രാർത്ഥനയും മോർ പീലക്സിനോസ് ബാവായുടെ ബോവൂസയും ശെമ്മാശ്ശനെക്കൊണ്ട് വായിപ്പിച്ച്, തിരുമേനി അത്കേട്ട് ധ്യാനനിരതനാകുമായിരുന്നു.

പിന്നീടു പ്രഭാതചര്യകളാണ്. പ്രിയങ്കരനായ ശുശ്രൂഷകൻ മാത്തുവാണ് അതിനെല്ലാം ഉറ്റ സഹായി. അതിന് കുറച്ച് സമയമെടുക്കും.

രാവിലെ 8.30 നാണ് പ്രാതൽ. മുറിക്കകത്ത് താഴെ പായ്ത്തടുക്കിൽ ഒരു കുഷ്യനിട്ട് അതിലിരുന്നാണ് ഭക്ഷണം കഴിക്കുക. തത്സമയത്തായിരിക്കും അടുക്കളക്കാര്യങ്ങളുടെ വിവരങ്ങൾ മാത്തുവിനോട് തിരക്കുക. ആ കൂട്ടത്തിൽ ഭക്ഷണ ചെലവുകൾ അധികരിക്കാതെ നിയന്ത്രിച്ചുകൊള്ളണമെന്ന നിർദേശം നൽകുകയും പതിവാണ്.

സെമിനാരിക്കെട്ടിടത്തിന്റെ പടിഞ്ഞാറ് ഭാഗത്തുള്ള പോർട്ടിക്കോയിൽ ഉയരം കുറഞ്ഞ ഒരു കട്ടിലിൽ കിടന്നാണ് തിരുമേനി പകൽ സമയം മിക്കവാറും ചെലവഴിച്ച് കൊണ്ടിരുന്നത്. (അന്ന്സെമിനാരി കെട്ടിടം ഒറ്റനിലയായിരുന്നു.

കൃത്യം ഒൻപതുമണിക്ക് ശെമ്മാശ്ശന് വരും. മൂന്നാം മണി നരത്തെ പ്രാർത്ഥനയും യാമ പ്രാർത്ഥനയും, തുടർന്ന് ക്രമപ്രകാരം ഏഴ് സങ്കീർത്തനവും ശെമ്മാശ്ശനെക്കൊണ്ട് വായിപ്പിക്കും; തിരുമേനി ധ്യാനപൂർവ്വം അത് കേട്ട് കിടക്കും. അതിനുശേഷമാണ് പത്രവായന, മലയാളമനോരമ തുടങ്ങിയ പത്രങ്ങൾ ശെമ്മാശൻ വായിച്ചുകേൾപ്പിക്കും. പത്രവാർത്തകളൊന്നും വിട്ടുകളയാടെ വിയിക്കണമെന്നത് നിർബന്ധമായിരുന്നു.

പന്ത്രണ്ടു മണിക്ക് മദ്ധ്യാഹ്ന പ്രാർത്ഥന, നോമ്പുകാലത്ത് അത് പള്ളിയിൽ വച്ചേ നടത്താറുള്ളൂ.അതു കഴിഞ്ഞ് ഉച്ചഭക്ഷണം മുൻ പറഞ്ഞതുപോലെ താഴെ തടുക്കിൽ ഇരുന്നു തന്നെയാണ് ഭക്ഷണം കഴിച്ചിരുന്നത്. കണ്ണുകൾക്ക് കാഴ്ടക്കുറവുണ്ടായിരുന്നതിനാൽ മാത്തു തന്നെയാണ് സ്പൂണിലൂടെ ഭക്ഷണം കൊടുത്തുകൊണ്ടിരുന്നത്

ഉച്ചഭക്ഷണം കഴിഞ്ഞ് കുറച്ചു സമയം കിടന്ന് വിശ്രമിക്കുക പതിവാണ്. എന്നാൽ മൂന്നുമണിക്ക് തന്നെ ഒമ്പതാം മണിനേരത്തെ പ്രാർത്ഥനയും യാമപ്രാർത്ഥനയും നടത്തണമെന്നത് നിർബന്ധമായിരുന്നു. മൂന്നാം മണി നേരത്തേതുപോലെ ശെമ്മാശ്ശൻ വന്ന് പ്രാർത്ഥന ചെല്ലി കേൾപ്പിക്കുകയാണ് പതിവ് കൂട്ടത്തിൽ സങ്കീർത്തനവായനയും നടക്കും.

അഞ്ചു മണി സെമിനാരിയിലെ വലിയ മണി മുഴങ്ങുന്ന സമയമാണത്. അന്തേവാസികളെല്ലാം പ്രാർത്ഥനക്ക് ഒരുങ്ങും.പ്രഭാതത്തിലെന്നപൊലെതന്നെ പള്ളിയിൽപോയി സന്ധ്യാപ്രാർത്ഥന നടത്തണമെന്നത് നിർബന്ധമാണ്. സെമിനാരിയിലെ അച്ചൻമാരും ശെമ്മാശൻമാരും അതിൽ സംബന്ധിച്ചേ മതിയാകൂ.

പ്രാർത്ഥന കഴിഞ്ഞ് വന്ന് ലഘുവായ രീതിയിലുള്ള അത്താഴം കഴിക്കും പാൽ, പഴം തുടങ്ങിയവയാണ് സാധാരണ കഴിക്കാറുള്ളത്.

രാത്രി ഒമ്പതുമണിക്ക് സൂത്താറ പ്രാർത്ഥന ശെമ്മാശൻ വായിക്കും. തിരുമേനി അതുകേട്ട് ധ്യാനിക്കും ആ പ്രാർത്ഥന കഴിഞ്ഞാൽ അധിക താമസം കൂടാതെ ഉറങ്ങാൻ തുടങ്ങും.

പാതിരാ പ്രാർത്ഥനയാണ് അടുത്തത്. പന്ത്രണ്ടുമണിക്ക് അലാറം മുഴങ്ങും. മുറിയിൽ താഴെ കിടക്കുന്ന ശെമ്മാശ്ശൻ ഉടൻ എഴുന്നേൽക്കും.തിരുമേനി മുകം കഴുകി ശെമ്മാശ്ശൻ ചെല്ലുന്ന പ്രാർത്ഥനയിൽ ലയിച്ച് ഉദ്ദേശം നാല്പതു മിനിറ്റ് അങ്ങനെ രാത്രിയുടെ ഏകാന്തതയിൽ പ്രാർത്ഥനയിൽ കഴിക്കും. പാതിരാത്രി നമസ്ക്കാരത്തൊടൊപ്പം ഭരണകർത്താക്കൾക്കാവശ്യമായ ജനരജ്ഞന, വിവേകം, ആത്മശക്തി, ദൈവനടത്തിപ്പ് എന്നിവയെല്ലാം അവർക്ക് ലഭിക്കുവാൻ പ്രത്യേക പ്രാർത്ഥന ചെല്ലുമായിരുന്നു. അതിനെത്തുടർന്ന് മാർ അപ്രേമിന്റെ മെമ്രാ രീതിയിൽ പ്രത്യേകം തയ്യാറാക്കപ്പെട്ടിട്ടുള്ള ഒരനുതാപഗീതവും ചെല്ലുക പതിവായിരുന്നു.

ഇങ്ങനെയുള്ള നിരന്തരമായ പ്രാർത്ഥനാ ജീവിതത്തിൽ നിന്നും ലഭിച്ചുകൊണ്ടിരുന്ന ആത്മിയ ചൈതന്യവും ശക്തിയുമാണ് തിരുമേനിയെ ഒരു ‘വലിയ തിരുമേനി’യാക്കിയത് എന്നതിന് സംശയമില്ല. എത്ര സുപ്രധാന വിഷയങ്ങളെപ്പറ്റിയുള്ള ആലോചനകൾക്കിടയിലായാലും പ്രാർത്ഥനക്ക് സമയമായിയെന്ന് ശെമ്മാശ്ശൻ അറിയിച്ചാൽ ഉടനെ മക്കളെ നമുക്ക് പോയി പ്രാർത്ഥിക്കാം ആലോചന അതിനു ശേഷം തുടരാം. എന്ന് കല്പിച്ച് പ്രാർത്ഥനക്ക് തയ്യാറാകും. പ്രാർത്ഥനയിലുള്ള ഈ സാധാരണ നിഷ്ഠ, അദ്ദേഹത്തിന്റെ ഒരു പ്രത്യേക സ്വഭാവമായിരുന്നു. ജീവിതത്തിൽ പ്രാർത്ഥനക്ക് തിരുമേനി നൽകി വന്നിരുന്ന പ്രാധാന്യം ഏവർക്കും എന്നും ഒരു ഉത്തമ മാതൃകതന്നെയാണ്.

ആലുവായിലെ മോർ അത്താനാസ്യോസ് തിരുമേനി ഒരു ‘വലിയ തിരുമേനി’ തന്നെയായിരുന്നു വെഞ്ചാമരംപോലെ തിളങ്ങുന്ന താടിമീശയും ദീർഘമായ നാസികയും വാർദ്ധക്യംമൂലം കാഴ്ചക്ക് മങ്ങലുണ്ടെങ്കിലും ദിവ്യത്വം തിളങ്ങുന്ന നയനങ്ങളും വിശാലമായ നെറ്റിത്തടവും എല്ലാം ഒത്തിണങ്ങുന്ന ആ മുഖകമലം കണ്ടിട്ടുള്ളവരുടെ ഹൃദയത്തിൽ ആ ദിവ്യരൂപം ഇപ്പോഴും പച്ചപിടിച്ച്നിൽക്കുന്നുണ്ടാവും. മനുഷ്യമനസ്സുകളിൽ ചലനം സൃഷ്ടിക്കുവാൻ പോരുന്നതായ -തിരുമേനിയുടെ ശുശ്രൂഷകളിൽ സംബന്ധിച്ചിടത്തോളം കാതുകളിൽ ഉച്ചാരണ ശുദ്ധിയുള്ള വായനകളുടേയും കീർത്തനങ്ങളുടേയും ശബ്ദമാധുരി ഇപ്പോഴും മാറ്റൊലിക്കൊള്ളഉന്നുണ്ടാവും. തിരുമേനിയുടെ ദിവ്യരാധാനകളിൽ പങ്കുകൊണ്ടിട്ടുള്ളവർ സ്വർഗ്ഗീയാനുഭൂതിയിൽ ആമഗ്നരായിത്തീരുന്ന അനുഭവം ആസ്വദിച്ചതായി അവകാശപ്പെടുമായിരുന്നു.


വന്ദ്യതിരുമേനി സെമിനാരിപ്പള്ളിയിൽ വി.കുർബാന അർപ്പിക്കുന്ന ദിവസം നിർണ്ണയമായാൽ തലേന്നു സെമിനാരി മുഴുവനും ഓഫീസ് മുതൽ അടുക്കളവരെയുള്ള അന്തേവാസികൾക്കെല്ലാം തത്സംബന്ധമായ തങ്ങളുടെ ചുമതലകളെപ്പറ്റിയുള്ള ജാഗ്രത മനസ്സിൽ ഉദിക്കുകയുണ്ടായി. കൃത്യവിലോപമുണ്ടായാൽ തിരുമേനിയിൽ നിന്നും കേൾക്കേണ്ടി വരുന്ന ശാസനകളുടേയും ശകാരത്തിന്റേയും ഭയം ഓർമ്മയിൽ ഓടിയെത്തും. എന്നാൽ സ്നേഹവൃതമായ ഈ കോപവും ശകാരങ്ങളും തിരുമേനിയോടുള്ള ഭക്ത്യാദരവുകൾ മനസ്സിൽ വർദ്ധിപ്പിക്കുകയേ ചെയ്യാറുള്ളൂ. തിരുമേനി വി. ബലി അർപ്പിക്കുന്നതിന്റെ തലേ രാത്രി ഒമ്പതു മണിക്കുള്ള ശയന പ്രാർത്ഥനയ്ക്കു ശേഷം വായ് ശുദ്ധമാക്കി ഉറങ്ങാൻ തുടങ്ങും. വി. ബലിയർപ്പണം കഴിയുന്നതു വരെ പരിപൂർണ്ണ വിശുദ്ധിയോടെ ഓരോ നിമിഷവും വിനിയോഗിച്ച് വന്നിരുന്നു.

വി. കുർബാനയർപ്പിക്കുമ്പോൾ തിരുമേനി പലപ്പോഴും നിരുദ്ധകണ്ഠനായിത്തീരുകയും കണ്ണീർ കണങ്ങൾ പൊഴിക്കുകയും ചെയ്യുമായിരുന്നു. ജീവൻ സ്ഫുരിക്കുന്ന ആ പ്രാർത്ഥനയുടെ ദിവ്യവീചികൾ കേൾവിക്കാരുടെ ഹൃദയങ്ങളിൽ ഭക്തിയുടേയും, ആദരവിന്റേയും ദൈവസാക്ഷാൽക്കാരത്തിന്റേയുംഅലകളുയർത്താൻ മതിയായവയായിരുന്നു. ദ്രുതഗതി

*ശേഷം 22-ാം പേജിൽ  വലിയ തിരുമേനി*







# ജീവിത വിശുദ്ധിയുടെ പ്രതീകം

## ക്നാനായ ഭദ്രാസന ഇടവകയുടെ കാലം ചെയ്ത എബ്രഹാം മോർ ക്ലീമിസ് വലിയ മെത്രപ്പൊലിത്തായാൽ എഴുതപ്പെട്ടത്

ആലുവ തൃക്കുന്നത്തു സെമിനാരി – അതെ ആ ആശ്രമം – അവിടെ ഭാഗ്യമോടെ ജീവിച്ചുപോന്ന യോഗീവര്യനായ വലിയ തിരുമേനിയുടെ മഹനീയ സാന്നിദ്ധ്യംകൊണ്ട് ആരേയും ആവേശം കൊള്ളിക്കുന്ന ഒരു അപൂർവ്വ ദൃശ്യമായിരുന്നു. അവിടം സന്ദർശിച്ച് പുണ്യശ്ലോകനായ തിരുമേനിയെ കാണുവാനോ, തിരുമേനിയിൽ നിന്ന് കേൾക്കുവാനോ ലഭിക്കുന്ന അവസരം മലങ്കരസഭാമക്കൾക്ക് ഒരു സായൂജ്യം തന്നെയായിരുന്നു. ഒരു കാലത്ത് മലങ്കര സുറിയാനി സഭ, തിരുമേനിയേയും തിരുമേനി, വി. സഭയേയും മുഴുവനായി ഉൾക്കൊണ്ടിരുന്നുവെന്നു പറയാം. തിരുമേനിയുടെ പാണ്ഡിത്യമോ, പ്രസംഗധോരണിയൊ ബുദ്ധി സാമർത്ഥ്യമോ ഇവ മാത്രമല്ലായിരുന്നു അതിന് കാരണം. അതിലെല്ലാമുപരിയായി തിരുമേനിയിൽ ജനം ദർശിച്ച ദിവ്യത്വം, തിരുമേനിയിൽ ഉളവായ വിശ്വാസസ്ഥിരത, തിരുമേനിയിൽ ഉൾക്കൊണ്ടിരുന്ന നിഷ്ക്കളങ്കത, തിരുമേനിയുടെ ഉദാത്തമായ അന്ത്യോക്യാസിംഹാസനഭക്തി, തിരുമേനിയുടെ ആരാധനകളിലെ സ്വർഗ്ഗീയാനുഭൂതി, തിരുമുഖശോഭ, സംസാര സ്ഫുടത – ഇവയെല്ലാം തിരുമേനിക്ക് ജനഹൃദയങ്ങളിൽ സ്ഥിര പ്രതിഷ്ഠ നേടിക്കൊടുത്ത സ്വഭാവ സവിശേഷളായിരുന്നു. തിരുമേനിയെ അടുത്തറിയുന്നവർ ആരും ഒരിക്കലും വിസ്മരിക്കുവാനാത്തവിധത്തിലുള്ള ഒരു ബന്ധത്തിൽ വരുമായിരുന്നു.

ഞാൻ റാന്നി സ്വദേശിയാണ്. പരിശുദ്ധനായ ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് ബാവ ഞാൻ വിദ്യാർത്ഥിയായിരിക്കെതന്നെ അ.ഉ. 1932 ൽ ബലഹീനനായ എനിക്ക് 'കോറൂയോ' പട്ടം തന്നു. ഞാൻ തേർഡ്ഫാറം വരെ റാന്നിയിലാണ് പഠിച്ചത്. അവിടെ ഹൈസ്ക്കുൾ ഇല്ലായിരുന്നു. കടുത്ത അന്ത്യോഖ്യാഭക്തനായിരുന്ന എന്റെ പിതാവ് ഉപരി പഠനത്തിനായി എന്നെ ആലുവ തൃക്കുന്നത് സെമിനാരിയിൽ താമസിച്ച് ആലുവ സെന്റ് മേരീസ് ഹൈസ്കൂളിൽ പഠിക്കുവാനുള്ള ക്രമീകരണങ്ങൾ ചെയ്തു. എന്റെ പിതാവിന്റെ പ്രധാന ലക്ഷ്യം, എന്നെ വിദ്യാഭ്യാസം ചെയ്യിക്കുന്നതിനോടൊപ്പം അഭിവന്ദ്യനായ വലിയ തിരുമേനിയുടെ അരമനയിൽ താമസിച്ചു നേരായ വിശ്വാസവും ഭക്തി ജീവിതവും തിരുമേനിയിൽ നിന്നും വേണ്ട വിധം മനസ്സിലാക്കി പഠിക്കണമെന്നതിനും കൂടിയായിരുന്നു.

മൂന്നുവർഷം ഞാൻ ആലുവ സെമിനാരിയിൽ താമസിച്ച് പഠിച്ചു. അക്കാലത്ത് എനിക്ക് വന്ദ്യ തിരുമേനിയിൽ നിന്ന് അസുലഭമായ ഒട്ടനേകം അനുഭവങ്ങളാണുണ്ടായിട്ടുള്ളത്. തിരുമേനിയുടെ കൂടെയുള്ള എന്റെ മൂന്നു വർഷത്തെ താമസം എനിക്കു ലഭിച്ച ഒരു മഹാഭാഗ്യമായി ഞാൻ ഇന്നും വിശ്വസിച്ചു പോരുന്നു. കൊച്ചു 'ശെമ്മാശ്ശൻ' എന്നു വിളിക്കപ്പെട്ടു പോന്ന എന്റെ നേർക്ക് വന്ദ്യതിരുമേനിക്ക് അതിരറ്റ വാത്സ്യല്യമാണുണ്ടായിരുന്നത്. പിതൃനിർവ്വിശേഷമായ കൊച്ചു "ശെമ്മാശ്ശാ'' എന്ന ആ വിളി കേൾക്കുവാൻ ഞാൻ പലപ്പോഴും കാതോർത്ത് ഇരിക്കുമായിരുന്നു.

പ്രാർത്ഥനയിൽ ഇത്രമാത്രം തീക്ഷണതയുള്ള മറ്റൊരു പ്രധാനാചാര്യനെ കാണുവാൻ സാദ്ധ്യമല്ല. അവിടത്തെ പ്രാർത്ഥനകൾ ഭക്തിനിർഭരവും ഹൃദയം നൊന്തുകൊണ്ടുള്ളതുമായിരുന്നു. കോതമംഗലം ബ: ഇട്ടീരമൽപ്പാനച്ചന്റെ കീഴിൽ അനേകം ശെമ്മാശ്ശന്മാർ സെമിനാരിയിൽ സുറിയാനി പഠിച്ചിരുന്നു. അവിടെ താമസിച്ച് വൈദികപഠനം നടത്തിയിട്ടുളളവരെയെല്ലാം തന്നെ സുറിയാനി സഭയുടെ വിശ്വാസാചാരങ്ങളോടും അന്ത്യോഖ്യാ സിംഹാസനത്തോടും പരിശുദ്ധ യാക്കോബായ സഭയോടും വലിയ തിരുമേനിയോടും നിഷ്ക്കളങ്കത കൂറ് പുലർത്തി അകമഴിഞ്ഞ ഭക്തി ജീവിതം ജീവിതകാലം മുഴുവൻ നിലനിർത്തിപ്പോന്നവരായിരുന്നു. ബലഹീനനായ എനിക്കും ആ ഭാഗ്യം കുറെയൊക്കെ അനുഭവിക്കുവാനുള്ള അവസരം ആലുവായിലെ താമസക്കാലത്ത് ലഭിച്ചുവെന്നതു പ്രസ്താവയോഗ്യമാണ്.

ആലുവ സെന്റ് മേരീസ് ഹൈസ്ക്കൂളിലെ വിദ്യാഭ്യാസം പൂർത്തിയാക്കി ഞാൻ അഭിവന്ദ്യ തിരുമേനിയോട് യാത്ര പറഞ്ഞു പോന്നപ്പോൾ തിരുമേനി കല്പിച്ചത് "താനൊരു മെത്രാൻ ആകും" എന്നാണ്.

പിന്നീട് എന്നെ മെത്രാൻ സ്ഥാനത്തേക്ക് തെരഞ്ഞെടുത്തപ്പോൾ ഈ പഴയകാര്യങ്ങൾ അനുസ്മരിപ്പിച്ചുകൊണ്ടു വന്ദ്യ തിരുമേനി ഒരു ആശീർവാദ കല്പന സസ്നേഹം അയച്ചിരുന്നതും ഞാൻ ഇന്നും ഓർക്കുന്നു.

ബലഹീനനായ എനിക്ക് മെത്രാൻ സ്ഥാനം കല്പിച്ചു നൽകിയ പരിശുദ്ധ ഇഗ്നാത്തിയോസ് അപ്രേം പ്രഥമൻ പാത്രിയർക്കിസ് ബാവ വന്ദ്യനായ വലിയ തിരുമേനിയോട് അങ്ങേയറ്റം താൽപര്യവും ബഹുമാനവുമുള്ള ഒരു പിതാവായിരുന്നു. ആലുവായിലെ എന്റെ താമസകാലത്തെപ്പറ്റിയെല്ലാം പരി. പിതാവ് എന്നോട്, കല്പിച്ചു ചോദിക്കുകയുണ്ടായി. 1951 ൽ ഞാൻ മെത്രാൻ സ്ഥാനമേറ്റ് മലങ്കരയിലേക്ക് തിരുച്ചുവന്നപ്പോൾ ആദ്യമായി ആലുവ സെമിനാരിയിൽ എത്തി അഭിവന്ദ്യനായ തിരുമേനിയെ സന്ദർശിച്ച് അനുഗ്രഹം പ്രാപിച്ചതിനുശേഷമാണ് ചിങ്ങവനത്ത് വന്നെത്തിയത്. ക്നാനായ ഭദ്രാസനം എനിക്ക് നൽകിയ അതിവിപുലമായ സ്വീകരണ സമ്മേളനത്തിൽ അഭിവന്ദ്യ വലിയ തിരുമേനിയാണ് അദ്ധ്യക്ഷത വഹിച്ചത്. പ്രവചനരൂപത്തിൽ അന്ന് വന്ദ്യ പിതാവ് കല്പിച്ചരുളിയ വാക്കുകൾ ക്നാനായ ഭദ്രാസനം ഇന്നും നന്ദിപൂർവ്വം അനുസ്മരിക്കുന്നു.

ആലുവായിലെ താമസക്കാലത്ത് മറക്കാനാവാത്ത പല അനുഭവങ്ങളും പഠിക്കുവാൻ എനിക്ക് സാധിച്ചിട്ടുണ്ട്. ക്രൈസ്തവരുംഅക്രൈസ്ത്രവരുമായി അനേകം സന്ദർശകർ സെമിനാരിയാൽ സദാ വന്നുപോകുമായിരുന്നു. ആരുമായും എന്തിനെപ്പറ്റിയെങ്കിലും സംസാരിച്ചുകൊണ്ടിരിക്കുമ്പോഴാണെങ്കിലും യാമപ്രാർത്തനകൾക്ക് മണിയടിച്ചാലുടൻ സംസാരം നിർത്തി പ്രാർത്ഥനക്ക് ഒരുങ്ങുന്ന കാഴ്ചൊ ഇന്നെന്നപോലെ എന്റെ ഓർമ്മയിൽ നിലനിൽക്കുന്നു.

ഒരിക്കൽ അഭിവന്ദ്യനായ പുത്തൻകാവ് പീലക്സിനോസ് തിരുമേനി (ഓർത്തഡോക്സ് മെത്രാൻ) ആലുവ സെമിനാരിയിൽ വന്ന സംഭവം ഓർക്കുന്നു. ആ തിരുമേനി വരുന്നവിവരം നേരകത്തെ അറിയിച്ചിരുന്നു. വലിയ തിരുമേനി എന്നെ വിളിച്ച് ആ തിരുമേനിയെപ്പറ്റിയുള്ള വിവരങ്ങൾ ചോദിച്ചു. ഞാൻ നല്ല അഭിപ്രായമാണ് പറഞ്ഞത്. പക്ഷേ തിരുമേനിയിൽ നിന്നും ഒരു പ്രതികരണവുമുണ്ടായില്ല. നിശ്ചിത സമയത്തു തന്നെ അദ്ദേഹം വന്നു. വിശാലമായ സെമിനാരി ഹാളിന്റെ മദ്ധ്യത്തിൽ ഒരുക്കിയിട്ടിരുന്ന സ്ഥാനത്ത് അദ്ദേഹമിരുന്നു. സമീപത്തു തന്നെ വലിയ തിരുമേനിയും ഇരുന്നു. സഭാ വിഭാഗങ്ങൽ തമ്മിൽ യോജിക്കുന്നതിനെപ്പറ്റി മാർ പീലക്സിനോസ് തിരുമേനി ദീർഘമായി സംസാരിച്ചു. വളരെ ആകർഷകവും, ബോദ്ധ്യം വരുത്തുന്ന രൂപത്തിലുളളതുമായിരുന്നു സംസാരം.

അന്നവിടെ സന്നിഹിതരായിരുന്ന പ്രമുഖരും പ്രശസ്തരുമായിരുന്നവരെല്ലാം വലിയ തിരുമേനിയുടെ മറുപടി കേൾക്കുവാൻ ശ്രദ്ധാലുക്കളായിരുന്നു.

തിരുമേനി ഒറ്റ വാക്യത്തിൽ തന്റെ സംഭാഷണമാവസാനിപ്പിച്ചു. ഞാൻ ഈ മലങ്കര യാക്കോബായ സഭയിലെ ഒരു മെത്രപ്പൊലിത്താ മാത്രമാണെന്നും, പരമോന്നതമായ പരിശുദ്ധ അന്ത്യോഖ്യാ സിംഹാസനത്തോട് എന്തെങ്കിലും വാദിക്കുന്നതിന് ഞാൻ ഒരുകാലത്തും ശക്തനല്ലെന്നും, പരി. സിംഹാസനത്തിൽ നിന്നുള്ള അപ്പോസ്തോലിക കല്പനകൾ അനുസരിക്കുന്നവൻ മാത്രമാണെന്നും തന്നോട് പറഞ്ഞ കാര്യങ്ങളെല്ലാം അവിടെ അറിയിച്ച് അനുവാദകല്പന കിട്ടിയാൽ താൻ അതു അനുസരിച്ചു കൊള്ളാമെന്നുമായിരുന്നു മറുപടി.

വിഭവ സമൃദ്ധമായ ഒരു കാപ്പി സൽക്കാരവും നടക്കുകയുണ്ടായി. അതിഥി യാത്ര പറഞ്ഞു സ്ഥലം വിട്ടു. വലിയ തിരുമേനി പ്രാർത്ഥിക്കുവാൻ പള്ളിയിലേക്കും പോയി.

വന്ദ്യതിരുമേനിയുടെ കൂടെ ചിലപ്പോഴൊക്കെ പള്ളിസന്ദർശനത്തിന് ഞാനും പോകുമായിരുന്നു. ആ സന്ദർഭങ്ങളിലൊക്കെ വി. സഭയിലെ ശുശ്രൂഷകളുടെ മഹത്തരമായ ഭക്തി എന്നിൽ അവശേഷിച്ചിട്ടുണ്ട്. യഥാർത്ഥത്തിൽ എന്റെ പിതാവിന്റെ ഹിതമനുസരിച്ച് തന്നെ ആലുവ സെമിനാരിവാസം എന്നെ ഒരു ഉറച്ച അന്ത്യോഖ്യാ ഭക്തനാക്കിത്തീർത്തു എന്നു തുറന്നു പറയുവാൻ എനിക്കൊരു മടിയുമില്ല. ഞാനതു പലപ്പോഴും പ്രസംഗങ്ങളിൽ എടുത്തു പറയാറുമുണ്ട്. വന്ദ്യതിരുമേനി പ്രസംഗത്തിലും, സംസാരത്തിലും മറ്റും പലപ്പോഴും പറയാറുണ്ട്, ''മക്കളേ, ഞാൻ ഈ അന്ത്യോഖ്യാ വിശ്വാസത്തിൽ ജനിച്ചു വളർന്നവനാണ്, അതിൽത്തന്നെ ഞാൻ മരിക്കുകയും ചെയ്യും''

മലങ്കര മെത്രപ്പൊലിത്തയായി നിയോഗിക്കപ്പെട്ടതു മുതൽ തിരുമേനിക്ക് സമുദായ കേസുകാര്യങ്ങളിൽ പ്രമുഖമായ പങ്കു വഹിക്കേണ്ടതായി വന്നു. അതങ്ങു നീണ്ടു പോകുകയും ചെയ്തു. ഒരിക്കൽ കേസിന്റെ ആവശ്യത്തിന് പണത്തിന്റെ ബുദ്ധിമുട്ട് തിരുമേനിയെ വല്ലാതെ വിഷമിപ്പിച്ചു. ഏതായാലും കോട്ടയത്തുകാർ എന്തെങ്കിലും തരുമെന്ന പ്രതീക്ഷയിൽ മുന്നറിയിപ്പ് നൽകി ഒരു ദിവസം കോട്ടയം സിംഹാസനപ്പളളിയിൽ എഴുന്നളളി തിരുമേനി വരുന്നുവെന്നറിഞ്ഞ് വളരെയധികം ആളുകൾ അന്ന് പളളിയിൽ വന്നിട്ടുണ്ടായിരുന്നു. വി. കുർബാന മദ്ധ്യേ നടത്തിയ പ്രസംഗത്തിനിടയിൽ തിരുമേനി പണത്തെപ്പറ്റി സൂചിപ്പിച്ചത്, ഇത്ര മാത്രമാണ്. ''മക്കളേ നമ്മുടെ സമുദായകേസിന് കുരെ പണം വേണം'' തിരുമേനിയുടെ കണ്ണുകൾ നനഞ്ഞു; തൊണ്ടയിടറി പ്രസംഗമവസാനിച്ചു. എന്തുണ്ടായിയെന്നോ? തിരുമേനി പ്രതീക്ഷിച്ചതിലും ഉപരിയായ തുകയാണ് അന്ന് അവിടെനിന്നും തിരുമേനിക്ക് ലഭിച്ചത്. തിരുമേനിയുടെ അനുഗ്രഹാശിസ്സുകൾ ആ ഭക്തരുടെ മേൽ വർഷിച്ച് തിരുമേനി മടങ്ങിപ്പോന്നു.

ഇങ്ങനെ എണ്ണിയാലൊടുങ്ങാത്ത അനുഭവങ്ങളും സംഭവങ്ങളും അഭിവന്ദ്യനായ വലിയ തിരുമേനിയെപ്പറ്റി പറയുവാൻ സാധിക്കും. വിസ്താര ഭയത്താൽ ചുരുക്കുന്നു.

## പരിശുദ്ധനായ വലിയ തിരുമേനി വിശുദ്ധിയുടെ പരിമളം

മനോജ് മാത്യു, ആര്യാടൻപാക്കൽ ചെങ്ങളം



മലങ്കരയിലെ വിശ്വാസ സമൂഹം കണ്ട ഏറ്റവും വലിയ മാതൃക പുരുഷനായിരുന്ന പ. പൗലോസ് മോർ അത്താനാസിയോസ് വലിയ തിരുമേനിയുടെ മെത്രാ ഭിഷേക ശതാബ്ദി ആഘോഷിക്കുന്ന ഈ അവസരത്തിൽ സഭയേയും അതിന്റെ പിതാക്കന്മാരേയും പറ്റി ചിന്തിക്കുന്നത് ഉചിതമായിരിക്കും.

പ്രത്യേകമായ ഒരു ഉദ്ദേശ്യത്തോടുകൂടി വിളിച്ച് വേർതിരിക്കപ്പെട്ടിരിക്കുന്ന വിശുദ്ധന്മാരുടെ സമൂഹത്തിനാണ് സഭ അഥവാ എക്ലീസിയ എന്നുപറയുന്നത്. എന്താണ് ഈ പ്രത്യേകമായ ഉദ്ദേശ്യം എന്ന് ശ്ലീഹന്മാരിൽ തലവനായ വി. പത്രോസ് തന്റെ ലേഖനത്തിൽ വ്യക്ത മാക്കുന്നുണ്ട്. "അന്ധകാരത്തിൽ നിന്നും തന്റെ അത്ഭുത പ്രകാശത്തിലേക്ക് നിങ്ങളെ വിളിച്ചിരിക്കുന്നവന്റെ സൽഗുണങ്ങളെ ഘോഷിക്ക (1പത്രോ. 2: 9) എന്നതാണ് ഈ പ്രത്യേക ഉദ്ദേശം. അന്ധകാരത്തിൽ നിന്നും തന്റെ അത്ഭുത പ്രകാശത്തിലേക്ക് വിളിച്ചിരിക്കുന്നവൻ ലോകത്തിന്റെ വെളിച്ചമായ യേശുക്രിസ്തു ആകുന്നു. അവന്റെ സൽഗുണങ്ങളെ ഘോഷിക്കുകയാണ് സഭയുടെ ചുമതല.

വിളിയും വേർതിരിവും സഭയിൽ അംഗമാകുന്നതിന്റെ പിമ്പിലുണ്ട്. അന്ധകാരത്തിൽ നിന്നുള്ള വിളിയും ജാതികളിൽ നിന്നുള്ള വേർതിരിവും ആണ്, അതിൽ അന്തർലീനമായിരിക്കുന്നത്. വേർപാടിന്റെ അനുഭവം എന്നത് വിശുദ്ധിയുടെ അനുഭവമാണ്. പഴയനിയമത്തിൽ ആദ്യഫലവും ദശാംശവും വേർതിരിച്ചിരുന്നതിലും വിശുദ്ധിയുടെ അനുഭവമാണ് ആദ്യഫലങ്ങളുടെ കാര്യത്തിൽപോലും ഉദ്ദേശിച്ചിരുന്നത്. വി. പൗലോസ് ശ്ലീഹ തന്റെ ലേഖനങ്ങളുടെ മുഖവുരകളിൽ 'വിളിക്കപ്പെട്ടവരും വേർതിരിക്കപ്പെട്ടവരുമായ വിശുദ്ധന്മാർക്ക്' എന്ന് ക്രിസ്ത്യാനികളെ അഭിസംബോധന ചെയ്തിരുന്നു. അപ്രകാരം, വിളിച്ച് വേർതിരിച്ച് പ്രത്യേക ദൗത്യം നിർവഹിക്കുന്ന വിശുദ്ധന്മാരുടെ കൂട്ടമാണ് പുതിയ നിയമത്തിൽ സഭ എന്നതുകൊണ്ട് അർത്ഥമാക്കിയിരിക്കുന്നത്.

ക്രിസ്തീയ വിശ്വാസം സ്വീകരിക്കുകയും നിലനിർത്തുകയും അതിനുവേണ്ടി ജീവനെ കൊടുക്കുകയും ചെയ്ത എല്ലാ സഭാപിതാക്കന്മാരേയും സഭ അർഹമായ വിധത്തിൽ അനുസ്മരിക്കുന്നുണ്ട്. എബ്രായ ലേഖനത്തിൽ (13:7) നാം വായിക്കുന്നത് "നിങ്ങളെ ദൈവവചനം പറഞ്ഞ് നടത്തിയവരെ ഓർത്തു കൊൾവിൻ. അവരുടെ ജീവിതാവസാനം ഓർത്ത് വിശ്വാസം അനുകരിപ്പീൻ' എന്നത്രേ. മലങ്കരയിലെ സത്യ വിശ്വാസികൾക്ക് പീഡനങ്ങൾ ഏൽക്കേണ്ടിവന്ന സമയത്ത് മലങ്കര മെത്രാപ്പോലിത്തയായി സഭാനൗകയെ നയിക്കുകയും കാറ്റിലും ഓളങ്ങളിലും മുങ്ങാതെ ലക്ഷ്യസ്ഥാന ത്ത് സഭയെ എത്തിക്കുകയും ജീവിത വിശുദ്ധികൊണ്ട് മാതൃകയാകുകയും ചെയ്ത ആലൂവായിലെ പ. വലിയ തിരുമേനിയുടെ ഓർമ്മ നമുക്ക് അനുഗ്രഹപ്രദമാകട്ടെ. ജീവിതാവസാനം വരെ പ. പിതാവിന്റെ വിശ്വാസം അനുകരിപ്പാൻ ഈ സന്ദർഭത്തിൽ നമുക്ക് ദൃഢപ്രതിജ്ഞയെടുക്കാം.

*20-ാം പേജിന്റെ വലിയ തിരുമേനി തുടർച്ച...*

തിരുമേനിയുടെ ശുശ്രൂഷകളിൽ കാണുകയില്ല. എന്നാൽ അനാവശ്യമായ 'നീട്ടലുകൾ' തിരുമേനി ഇഷ്ടപ്പെട്ടിരുന്നില്ല.'യഹോവയ്ക്കു ഒരു ആലയം കണ്ടെത്തുന്നതുവരെ ഞാൻ എന്റെ കണ്ണുകൾക്ക് ഉറക്കവും കൺപോളകൾക്ക് മയക്കവും കൊടുക്കുകയില്ല' എന്ന സങ്കീർത്തനഭാഗം ഉദ്ധരിച്ചുകൊണ്ടുള്ള തിരുമേനിയുടെ പ്രസംഗം തന്റെ ആത്മിയ മക്കൾക്ക് ഉത്തേജനവും പ്രോത്സാഹനവും നൽകിയിരുന്നു. പട്ടം കൊട ശുശ്രൂഷ നിർവഹിക്കുന്ന സന്ദർഭങ്ങളിൽ അതിനുവേണ്ടി തിരുമേനി നടത്തുന്ന ഒരുക്കങ്ങളും, പ്രാർത്ഥനകളും കാണുന്നവരുടെ ഹൃദയങ്ങൾ ആ ശുശ്രൂഷക്ക് അദ്ദേഹം നൽകുന്ന പ്രാധാന്യം മഹത്ത്വം എത്രമാത്രമെന്ന് വിസ്മയപൂർവ്വം ചിന്തിച്ചുപോകും. പളളികളിൽ ഉണ്ടാകാറുള്ള വഴക്കുകളും പ്രശ്നങ്ങളും മറ്റും തീർക്കുവാൻ തിരുമേനിയുടെ സാന്നിദ്ധ്യവും വചനശക്തിയും മതിയായവയായിരുന്നു. കല്പനയ്ക്ക് എതിര് നിൽക്കുവാൻ ജനം ഭയപ്പെട്ടിരുന്നു. മുഖം നോക്കാതെ, വലുപ്പചെറുപ്പം പരിഗണിക്കാതെ, ഉള്ളത് തുറന്ന് പറയണതായിരുന്നു അവിടത്തെ സ്വഭാവം. സന്ദർശകരായി വരുന്നവരിൽ ഭക്ഷണം വേണ്ടവർക്കെല്ലാം ഭക്ഷണം കൊടുക്കുവാൻ കുശിനിക്കാർക്കു നിർദ്ദേശം നൽകും.ചിലപ്പോൾ ഒരു നേരത്തേക്ക് രണ്ടു മൂന്നു പ്രവശ്യം ഭക്ഷണം തയ്യാറാക്കുവാൻ കുശിനിക്കാർ നിർബന്ധിതരാകും. അപ്പോൾ അവർക്കുണ്ടാകുന്ന പിറുപിറുപ്പ് തിരുമേനി അറിയാതിരിക്കുകയില്ല. എന്നാൽ ആ പിതൃഹൃദയത്തിൽ മക്കളുടെ നേർക്കുള്ള സ്നേഹത്തിനും പരിഗണനക്കും ഒരു ഭംഗവും വരാറില്ല. സന്ദർശകരോട് കുടുംബകാര്യങ്ങൾ, കുടുംബാംഗങ്ങളുടെ വിശേഷങ്ങൾ ഏർപ്പെടുന്ന ജോലികളുടെ സ്വഭാവം, ആരോഗ്യസ്ഥിതി തുടങ്ങിയവ ഒരു പിതാവ് മക്കളോടെന്നപ്പോലെ വാത്സല്യപൂർവ്വം തിരക്കുമായിരുന്നു. ആവർ തിരിച്ചുപോകുമ്പോൾ തിരുമേനിയുടെ സ്നേഹാന്വേഷണങ്ങളുടെ കുളിർമ ഹൃദയങ്ങളിൽ സന്തോഷവീചികൾ ഉയർത്തുമായിരുന്നു. അവ മറക്കാനാവാത്ത അനുഭവമായി നിലകൊള്ളുകയും ചെയ്യുമായിരുന്നു. പുറത്തുനിന്നും വരുന്നവർ സെമിനാരി ഗെറ്റ് കടക്കുമ്പോഴേ ഹൃദയം തുടിച്ചു തുടങ്ങുമെന്ന് പലപ്പോഴും പറയാറുണ്ട്. വലിയ തിരുമേനിയുടെ സാന്നിദ്ധ്യം പ്രചോദിപ്പിക്കുന്ന ദിവ്യസ്വാധിനശക്തി അത്രയ്ക്കുണ്ട്

കൃത്യനിഷ്ഠ തിരുമേനിയുടെ ജീവിതവ്രതമായിരുന്നു. കല്പനകൾ യഥാസമയം അയയ്ക്കുക, കത്തുകൾക്ക് ഉടനെ മറുപടി അയക്കുക, പണമിടപാടുകളിൽ കാർക്കശ്യം പാലിക്കുക, സഹായമർഹിക്കുന്നവരോട് ദയാവായ്പ് കാണിക്കുക, പ്രത്യേകിച്ച് അന്തേവാസികളായ ശുശ്രൂഷകരോട് ഹൃദയം കവരുന്ന സ്നേഹവാത്സല്യങ്ങൾ പ്രകടമാക്കുക ഇതെല്ലാം മറക്കാനാവാത്ത സ്മരണകളാണ്.

ആലുവ പട്ടണത്തിൽ ഓരോരോ കാര്യത്തിന് വരുന്നവർക്ക് അന്നുതന്നെ തിരിച്ച് പോകുവാൻ തരപ്പെടാതെ വന്നാൽ (വാഹന സൗകര്യം കുറവായിരുന്ന കാലം) രാത്രിസമയം കഴിച്ച് കൂട്ടുവാൻ അവർ സെമിനാരിയിൽ വന്നെത്താറുണ്ട്. അങ്ങനെവരുന്നവർക്ക് കിടന്നുറങ്ങുവാൻവേണ്ടി പായും തലയിണയും പ്രത്യേകം കരുതിവെക്കുമായിരുന്നു. സെക്രട്ടറി അച്ചനോ ശെമ്മാശ്ശനോ അതെടുത്ത് കൊടുത്ത് വരുന്നവരെ തിരുമേനിയുടെ മുറിക്കടുത്തുള്ള ഹാളിൽ കിടത്തുകയാണ് പതിവ്. തിരുമേനിയുടെയും മറ്റും മധുരമായ പാതിരാഗാനം അവർക്ക് സ്വർഗ്ഗീയാനുഭൂതി വളർത്തിയിരുന്നതായി അവരിൽ പലരും പറയുമായിരുന്നു. ആ മധുരസ്മരണകൾ അയവിറക്കുന്നവർ പലരും ഇന്നും കാണും.

# HOTEL Kabani International

Muvattupuzha



Near Pvt. Bus Stand,Thodupuzha road,

Ph:0485-2834050,2831933

- ★ A/C FAMILY RESTAURANT
- ★ A/C / Non A/C SUITE ROOM
- ★ A/C CONFERENCE HALL (300Pax)
- ★ MINI CONFERENCE HALL (100Pax)
- ★ ROOF GARDEN
- ★ EXECUTIVE BAR
- ★ (OUR SPECIALITY) COCKTAIL





# Beyond bricks and walls, it's a beautiful trance.

**Olivekalista**
Kakkanad
COCHIN

Talk to us: 9747001110, 9605044400

REAL ESTATE ■ INFORMATION TECHNOLOGY ■ HOSPITALITY ■ PHARMACEUTICALS

**MUMBAI (Head Office)** ● **Cochin** (Corp. Office) Tel.: +91 0484 2332190/2332890/3297359 e-mail: mktg@olivebuilder.com
**Branches:** Trivandrum ● USA ● AUS ● UK ● Canada ● Scotland ● Dubai ● Bahrain ● Qatar ● Saudi Arabia ● Muscat ● Kuwait